# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോഴിക്കോട് ജില്ലാ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

ജില്ലാ പഞ്ചായത്ത് & ജില്ലാ കുടുംബശ്രീ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dpkkd.ksad@kerala.gov.in

ഫോൺ : 0495-23700

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/ഡി.പി/കെ.കെ.ഡി/500/2023

ജില്ലാ പഞ്ചായത്ത് & ജില്ലാ കുടുംബശ്രീ
ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 30/12/2023
ഇ-മെയിൽ: dpkkd.ksad@kerala.gov.in
ഫോൺ: 0495-23700

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോഴിക്കോട് ജില്ലാ പഞ്ചായത്ത്

സർ,

വിഷയം : കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2.സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് (ഉപരിപത്രം സഹിതം)
3.കാര്യാലയപ്രതി

നമ്പർ: കെ.എസ്.എ/ഡി.പി/കെ.കെ.ഡി/500/2023 തീയ്യതി: 30/12/2023

## കോഴിക്കോട് ജില്ലയിലെ കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-03-2023 മുതൽ 22-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 56 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. രതീഷ് കുമാർ.പി.എം | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 01-04-2022 | 31-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-08-2023 | 23-12-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ. പ്രബോധ്കുമാർ. ഇ.എം, ഓഡിറ്റ് ഓഫീസർ
2. ശ്രീ. ഷിപിൻപീറ്റർ. സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3. ശ്രീമതി. അഖില. വി, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ഷീജ ശശി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. ടി. അഹമ്മദ് കബീർ | സെക്രട്ടറി | 01-04-2022 | 21-01-2023 |
| ശ്രീ. ചന്ദ്രൻ. സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-01-2023 | 06-03-2023 |
| ശ്രീ. ജെ. മുഹമ്മദ് ഷാഫി | സെക്രട്ടറി | 06-03-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ടി. അഹമ്മദ് കബീർ | സെക്രട്ടറി | 01-04-2022 | 21-01-2023 |
| ശ്രീ. ചന്ദ്രൻ. സി | സെക്രട്ടറി- ഇൻ-ചാർജ്ജ് | 21-01-2023 | 06-03-2023 |
| ശ്രീ. ജെ. മുഹമ്മദ് ഷാഫി | സെക്രട്ടറി | 06-03-2023 | 31-03-2023 |
| ശ്രീ. ചന്ദ്രൻ. സി | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ. ഷൈജു. ടി. കെ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ആയിഷ. ടി. പി | ജില്ലാ സോയിൽ കൺസർവേഷൻ ഓഫീസർ | 01-04-2022 | 18-07-2022 |
| ശ്രീ. അബ്ദുസമദ്. കെ. പി | ജില്ലാ സോയിൽ കൺസർവേഷൻ ഓഫീസർ | 19-07-2022 | 04-03-2023 |
| ശ്രീമതി. ആയിഷ. ടി. പി | ജില്ലാ സോയിൽ കൺസർവേഷൻ ഓഫീസർ | 04-03-2023 | 31-03-2023 |
| ശ്രീ. ഷാജി. കെ. പി | ജില്ലാ പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. രശ്മി. ആർ | ഡെപ്യൂട്ടി ഡയറക്ടർ, ഡയറീസ് | 01-04-2022 | 31-03-2023 |
| ഡോ. ഷാജി. കെ | ഡെപ്യൂട്ടി ഡയറക്ടർ-ഇൻ-ചാർജ്, മൃഗസംരക്ഷണം | 01-04-2022 | 25-12-2022 |
| ഡോ. എ.ജെ. ജോയ് | ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം | 26-12-2022 | 31-03-2023 |
| ഡോ. പ്രീത. എ | സൂപ്രണ്ട്, ജില്ലാ ആയുർവേദ ആശുപത്രി | 01-04-2022 | 03-12-2022 |
| ഡോ. ജെസ്സി. പി.സി | സൂപ്രണ്ട്, ജില്ലാ ആയുർവേദ ആശുപത്രി-അഡിഷണൽ ചാർജ് | 03-12-2022 | 31-03-2023 |
| ശ്രീ. അബ്ദുൾ ബാരി. യു | ജില്ലാ ഓഫീസർ, വനിതാ ശിശു വികസനം | 01-04-2022 | 12-01-2023 |
| ശ്രീമതി. സബീന ബീഗം | ജില്ലാ ഓഫീസർ, വനിതാ ശിശു വികസനം | 12-01-2023 | 31-03-2023 |
| ശ്രീ. രാധാകുമാർ. ആർ | പ്രൊജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം | 01-04-2022 | 16-04-2022 |
| ശ്രീ. ടോമി. ജെ | പ്രൊജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം | 17-04-2022 | 23-05-2022 |
| ശ്രീ. വിമൽ രാജ്. കെ. കെ | പ്രൊജക്ട് ഡയറക്ടർ, ദാരിദ്ര്യ | 23-05-2022 | 31-03-2023 |

| | | | |
|---|---|---|---|
| | ലഘൂകരണ വിഭാഗം | | |
| ശ്രീ. ശശികുമാർ. വി | സൂപ്രണ്ട്-അഡി.ചാർജ്, GIFD, വടകര | 01-04-2022 | 11-07-2022 |
| ശ്രീ. ശശികുമാർ. വി | സൂപ്രണ്ട്, GIFD വടകര | 11-07-2022 | 31-03-2023 |
| ശ്രീ. രഞ്ജിത്ത് . സി | സൂപ്രണ്ട്, GIFD, മലാപറമ്പ് | 01-04-2022 | 31-03-2023 |
| ശ്രീ. മിനി. വി. പി | ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം | 01-04-2022 | 31-05-2022 |
| ശ്രീ. ജോസ്. ആർ. കെ | ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം- ഇൻ -ചാർജ്ജ് | 01-06-2022 | 05-06-2022 |
| ശ്രീ. മനോജ്കുമാർ. സി | ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം | 06-06-2022 | 31-03-2023 |
| ശ്രീ. ബെന്നി പി തോമസ് | ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ | 01-04-2022 | 30-04-2022 |
| ശ്രീ. മെഹറൂഫ്. എം.കെ | ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ | 01-05-2022 | 31-03-2023 |
| ഡോ. കെ.എം.മൻസൂർ | ജില്ലാ മെഡിക്കൽ ഓഫീസർ, ISM | 01-04-2022 | 31-03-2023 |
| ഡോ. ഉമ്മർ ഫാറൂഖ് | ജില്ലാ മെഡിക്കൽ ഓഫീസർ, അലോപ്പതി | 01-04-2022 | 31-12-2022 |
| ഡോ. പിയൂഷ്. എം | ജില്ലാ മെഡിക്കൽ ഓഫീസർ, അലോപ്പതി | 01-01-2023 | 28-02-2023 |
| ഡോ. ദിനേഷ്കുമാർ. എ. പി | ജില്ലാ മെഡിക്കൽ ഓഫീസർ, അലോപ്പതി | 01-03-2023 | 31-03-2023 |
| ഡോ. അലി. കെ. വി | സൂപ്രണ്ട്, ജില്ലാ ആശുപത്രി, വടകര | 01-04-2022 | 18-05-2022 |
| ഡോ. അബ്ദുൾ അസീസ്. എം. കെ | സൂപ്രണ്ട്, ജില്ലാ ആശുപത്രി, വടകര | 18-05-2022 | 04-08-2022 |
| ഡോ.സരള നായർ | സൂപ്രണ്ട്, ജില്ലാ ആശുപത്രി, വടകര | 04-08-2022 | 31-03-2023 |
| ഡോ. ശ്രീലേഖ .ടി.വൈ | സൂപ്രണ്ട്, ജില്ലാ ഹോമിയോ ആശുപത്രി | 01-04-2022 | 27-12-2022 |
| ഡോ. ഹന്ന യാസ്മിൻ വയലിൽ | സൂപ്രണ്ട്, ജില്ലാ ഹോമിയോ ആശുപത്രി | 27-12-2022 | 31-03-2023 |
| ഡോ. സിബി. കെ. ചാക്കോ | അസിസ്റ്റന്റ് ഡയറക്ടർ, റീജിയണൽ പൗൾട്രി ഫാം | 01-04-2022 | 31-03-2023 |
| ശ്രീമതി. അനിത. പി | അസി. ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, കോക്കോനട്ട് | 01-04-2022 | 24-04-2022 |

| | | | |
|---|---|---|---|
| | നഴ്സറി, തിക്കോടി | | |
| ശ്രീമതി. സ്മിത നന്ദിനി | അസി. ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, കോക്കോനട്ട് നഴ്സറി, തിക്കോടി | 25-04-2022 | 22-05-2022 |
| ശ്രീമതി. അനിത. പി | അസി. ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, കോക്കോനട്ട് നഴ്സറി, തിക്കോടി | 23-05-2022 | 31-03-2023 |
| ശ്രീ. സായിറാം ഹരിദാസ് | സൂപ്രണ്ട്, ജില്ലാകൃഷിത്തോട്ടം, കൂത്താളി | 01-04-2022 | 30-11-2022 |
| ശ്രീ. പ്രകാശ് .പി | സൂപ്രണ്ട്, ജില്ലാകൃഷിത്തോട്ടം, കൂത്താളി | 30-11-2022 | 13-03-2023 |
| ശ്രീ. രമ്യാബായ്. എം. ആർ | സൂപ്രണ്ട്, ജില്ലാകൃഷിത്തോട്ടം, കൂത്താളി | 13-03-2023 | 31-03-2023 |
| ശ്രുമതി. നസീമ. കെ. കെ | അസി. ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, -അഡി.ചാർജ്, സ്റ്റേറ്റ് സീഡ് ഫാം പേരാമ്പ്ര | 01-04-2022 | 30-04-2022 |
| ശ്രീ. അബ്ദുൾ മജീദ് പി. സി | അസി. ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, -അഡി.ചാർജ്, സ്റ്റേറ്റ് സീഡ് ഫാം പേരാമ്പ്ര | 01-05-2022 | 10-11-2022 |
| ശ്രീ. പ്രകാശ് .പി | സീനിയർ അഗ്രികൾച്ചർ ഓഫീസർ | 11-11-2022 | 31-03-2023 |
| ശ്രീമതി. നജ്മ ഉബൈദുള്ള | ജില്ലാ ഓഫീസർ, വനിതാ വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. സുലേഖാബി. കെ | സീനിയർ അഗ്രികൾച്ചർ ഓഫീസർ | 01-04-2022 | 03-04-2022 |
| ശ്രീമതി. ആരണ്യ. വി. കെ | സീനിയർ അഗ്രികൾച്ചർ ഓഫീസർ-ഇൻ-ചാർജ് | 04-04-2022 | 19-06-2022 |
| ശ്രീമതി. സുലേഖാബി. കെ | സീനിയർ അഗ്രികൾച്ചർ ഓഫീസർ | 20-06-2022 | 28-10-2022 |
| ശ്രീമതി. ആരണ്യ. വി. കെ | സീനിയർ അഗ്രികൾച്ചർ ഓഫീസർ-ഇൻ-ചാർജ് | 29-10-2022 | 01-11-2022 |
| ശ്രീമതി. റൈഹാന. കെ. സി | സീനിയർ അഗ്രികൾച്ചർ ഓഫീസർ | 01-11-2022 | 27-12-2022 |
| ശ്രീമതി. സുലേഖാബി. കെ | സീനിയർ അഗ്രികൾച്ചർ ഓഫീസർ | 27-12-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി. മീന. ടി. ഡി | ഡെപ്യൂട്ടി ഡയറക്ടർ, കൃഷി (ജലവിനിയോഗം) | 01-04-2022 | 23-12-2022 |
| ശ്രീമതി. രജനി മുരളീധരൻ | ഡെപ്യൂട്ടി ഡയറക്ടർ, കൃഷി (ജലവിനിയോഗം)-ഇൻ-ചാർജ് | 24-12-2022 | 31-12-2022 |
| ശ്രീമതി. മീന. ടി.ഡി | ഡെപ്യൂട്ടി ഡയറക്ടർ, കൃഷി (ജലവിനിയോഗം) | 01-01-2023 | 31-03-2023 |
| ശ്രീമതി. ഷിബി. കെ | ജില്ലാ ഖാദി ഗ്രാമ വ്യവസായ പ്രൊജക്ട് ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. രഞ്ജിനി. പി. കെ | ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് | 01-04-2022 | 30-06-2022 |
| ശ്രീ. അബ്ദുൾ മജീദ് പോത്തുരാൻ | ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് | 01-07-2022 | 05-09-2022 |
| ശ്രീ. സുധീർ കിഷൻ. സി. കെ | ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് | 06-09-2022 | 31-03-2023 |
| ശ്രീ. അബ്ദുൾ വഹാബ്. വി.എസ് | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൃഷി | 01-04-2022 | 31-03-2023 |
| ശ്രീ. രാജീവ് .കെ | ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം | 01-04-2022 | 31-05-2022 |
| ശ്രീ. എം. കെ ബൽരാജ് | ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം | 01-06-2022 | 31-07-2022 |
| ശ്രീ. ആനന്ദകുമാർ. കെ. ടി | ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം | 01-08-2022 | 31-03-2023 |
| ശ്രീ. രഞ്ജിനി. പി.കെ | ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് | 01-04-2022 | 30-06-2022 |
| ശ്രീ. അബ്ദുൾ മജീദ് പോത്തുരാൻ | ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് | 01-07-2022 | 05-09-2022 |
| ശ്രീ. സുധീർ കിഷൻ. സി. കെ | ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് | 06-09-2022 | 31-03-2023 |
| ശ്രീ. അഷറഫ് കാവിൽ | ജില്ലാ സാമൂഹ്യനീതി ഓഫീസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കുകളോടൊപ്പം അവശ്യ രേഖകൾ ഉൾപ്പെടുത്തിയില്ല | 1-1-1 |
| 3 | ആസ്തികൾ ഫിക്സഡ് അസറ്റ് ഹെഡിലേക്ക് മാറ്റിയില്ല | 1-1-2 |
| 4 | നിർമ്മൽ പുരസ്കാര ഗ്രാന്റ് വിനിയോഗിച്ചില്ല | 1-1-3 |
| 5 | കാലഹരണപ്പെട്ട ഡപ്പോസിറ്റുകൾ മുതൽക്കൂട്ടിയില്ല | 1-1-4 |
| 6 | ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം - രേഖകൾ ഹാജരാക്കിയില്ല | 1-1-5 |
| 7 | ഇ.എം.ഡി, ടെൻഡർ ഫീ എന്നിവയിലെ വരവ് വാർഷിക കണക്കുകളിൽ പ്രതിഫലിക്കുന്നില്ല | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | വാർഷിക ധനകാര്യപത്രിക | 1-3 |
| 10 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 11 | ഫണ്ട് വിനിയോഗം | 1-5 |
| 12 | പദ്ധതി അവലോകനം. | 1-6 |
| 13 | ക്യാഷ് പരിശോധന | 1-7 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 16 | സോളാർ വൈദ്യുതി നിലയം സ്ഥാപിക്കൽ - കെ.എസ്.ഇ.ബി യിൽ 2020-21 വർഷത്തിൽ നിക്ഷേപിച്ച തുകയ്ക്ക് പ്രവൃത്തി ആരംഭിക്കാതെ 2021-22 വർഷത്തിലും അധികപ്രവൃത്തിക്ക് തുക നിക്ഷേപിച്ചു. അടച്ച 2.276 കോടി രൂപ തിരികെ ഈടാക്കിയില്ല. | 1-10 |
| 17 | ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള സ്കൂളുകളിൽ 3.5 കോടി ചെലവഴിച്ച് സോളാർപാനൽ സ്ഥാപിച്ചിട്ടും വൈദ്യുതചാർജ്ജിനത്തിൽ വൻതുക അടച്ചുവരുന്നു. | 1-11 |
| 18 | ജില്ലാ പഞ്ചായത്ത് അധികാര പരിധിയിൽ ഉൾപെടാത്ത മെഡിക്കൽ കോളേജ് ആശുപത്രിയ്ക്ക് വാഹനം വാങ്ങി നൽകി | 1-12 |
| 19 | കയാക്കിംഗ്-DTPC യ്ക്ക് വിഹിതം നൽകൽ - അപാകങ്ങൾ | 1-13 |
| 20 | ഒരേ ചെലവിന് 2 പ്രൊജക്ടുകളിൽ നിന്നും തുക ചെലവഴിച്ചു | 1-14 |
| 21 | ചെലവ് രേഖകൾ - ലഭ്യമലല്ല | 1-15 |
| 22 | 1,67,72,321/- രൂപയുടെ കാലഹരണപ്പെട്ട ഡപ്പോസിറ്റുകൾ തനത് ഫണ്ടിൽ മുതൽ കൂട്ടിയില്ല. | 1-16 |
| 23 | നെൽവയലുകളും ജലസേചന സൗകര്യങ്ങളും പഠനറിപ്പോർട്ട്-ആവശ്യകത വ്യക്തമല്ല. | 1-17 |
| 24 | കതിരണി തരിശുരഹിത ജില്ല- കൃഷിയോഗ്യമാക്കിയ ഭൂമിയിൽ പൂർണ്ണമായും കൃഷി ചെയ്യുന്നില്ല മറ്റ് അപാകങ്ങളും | 1-18 |
| 25 | ജില്ലാ പഞ്ചായത്തിനു കീഴിലുള്ള ഫാമുകളിൽ ടൂറിസം പ്രോത്സാഹിപ്പിക്കാതെ സ്വകാര്യഫാമുകൾക്ക് ധനസഹായം നൽകി. | 1-19 |

| | | |
|---|---|---|
| 26 | നെൽകൃഷി കൂലിചെലവ് - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-20 |
| 27 | സ്കൂളുകളിൽ വാട്ടർ പ്യൂരിഫയർ വാങ്ങിയതിലെ അപാകങ്ങൾ. | 1-21 |
| 28 | തുടർ വിദ്യാഭ്യാസ പദ്ധതി-ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത കാര്യങ്ങൾക്ക് തുക ചെലവഴിച്ചു. | 1-22 |
| 29 | എഡ്യുകെയർ-സമഗ്ര വിദ്യാഭ്യാസ പദ്ധതി-അപാകങ്ങൾ | 1-23 |
| 30 | സമഗ്ര ശിക്ഷ കേരളം - പദ്ധതി അടങ്കൽ നിർണയിച്ചതും വിനിയോഗവിവരവും സംബന്ധിച്ച അപാകങ്ങൾ | 1-24 |
| 31 | സാക്ഷരതാ മിഷൻ ലൈബ്രറിയിലേക്ക് ഫർണിച്ചർ വാങ്ങിയത് സംബന്ധിച്ച്. | 1-25 |
| 32 | അശാസ്ത്രീയമായ മണ്ണ് ഖനനത്തെ തുടർന്ന് സംരക്ഷണഭിത്തി നിർമ്മിക്കേണ്ടി വന്നു - ഉത്തരവാദികളുടെ നഷ്ടോത്തരവാദിത്തത്തിൽ മതിൽ നിർമ്മിച്ചില്ല- 40.68 ലക്ഷം രൂപയുടെ അധിക ചെലവ് | 1-26 |
| 33 | ചെറുവണ്ണൂർ- നല്ലളം വ്യവസായ എസ്റ്റേറ്റ് - 2015 വർഷത്തിൽ ശിലാസ്ഥാപനം നടത്തിയ കാന്റീൻ കെട്ടിടം 2023 വർഷത്തിലും പ്രവർത്തനമാരംഭിച്ചില്ല. | 1-27 |
| 34 | വയോജന ഫെസ്റ്റ് - പദ്ധതി മാർഗ്ഗരേഖയുടെ ലംഘനം | 1-28 |
| 35 | ആരോഗ്യ വകുപ്പിന്റെ ചുമതലയിൽപെട്ട പദ്ധതി ജില്ലാപഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കി. | 1-29 |
| 36 | സ്കൂളുകളിൽ നാപ്കിൻ വെൻഡിംഗ് മെഷീൻ & ഇൻസിനറേറ്റർ സ്ഥാപിക്കൽ – പദ്ധതി നടപ്പാക്കിയതിലേയും, വാങ്ങൽ നടപടിക്രമങ്ങളിലേയും അപാകതകൾ. | 1-30 |
| 37 | ക്രാഡിൽ മാതൃകാ അങ്കണവാടി നിർമ്മാണത്തിന് തുക കൈമാറിയത് സംബന്ധിച്ച് | 1-31 |
| 38 | ഗ്രാമപഞ്ചായത്ത് തലത്തിൽ നടപ്പാക്കേണ്ട പദ്ധതിക്ക് ജില്ലാ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു. | 1-32 |
| 39 | ജില്ലാ ആയുർവ്വേദ ആശുപത്രിയിൽ ഡിജിറ്റൽ എക്സ്റേ യൂണിറ്റ് സ്ഥാപിക്കൽ പദ്ധതി നടപ്പാക്കിയതിലെ അപാകങ്ങൾ | 1-33 |
| 40 | ജില്ലാ ആയുർവേദ ആശുപത്രി -സിദ്ധ മരുന്നുകൾക്ക് IMPCOPS നൽകുന്ന വിലകിഴിവ് ലഭിച്ചിട്ടില്ല. | 1-34 |
| 41 | ഫിസിയോ തെറാപ്പി ഉപകരണം വാങ്ങിയത് - നിർദ്ദിഷ്ട സ്പെസിഫിക്കേഷനിലുള്ളതാണെന്ന് ഉറപ്പ് വരുത്തിയില്ല. | 1-35 |
| 42 | എച്ച്.ഐ.വി. രോഗബാധിതർക്ക് പോഷകാഹാര വിതരണം - നഗര പ്രദേശ പരിധിയിൽ താമസിക്കുന്ന ഗുണഭോക്താക്കളെ ബന്ധപ്പെട്ട നഗരസഭകൾക്ക് കൈമാറിയില്ല. | 1-36 |
| 43 | എനേബ്ലിംഗ് കോഴിക്കോട് - സി.ഡി.എം.സി. പദ്ധതി – പഞ്ചവൽസര പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചില്ല | 1-37 |
| 44 | പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ ആയുർവ്വേദ മെഡിക്കൽ ക്യാമ്പ് - പഞ്ചവൽസര പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചില്ല | 1-38 |
| 45 | കൺസ്യൂമബിൾസ് & സർജ്ജിക്കൽസ് വിൽപ്പന നടത്താൻ അംഗീകാരം ഇല്ലാത്ത സ്ഥാപനത്തിൽ നിന്ന് വാങ്ങി. | 1-39 |
| 46 | ഒസ്യത്തായി ലഭിച്ച ഭൂമി ജില്ലാ ആശുപത്രിയുടെ ആസ്തിയായി ചേർക്കുന്നതിന് ജില്ലാ പഞ്ചായത്ത് നടപടി സ്വീകരിച്ചില്ല | 1-40 |

| | | |
|---|---|---|
| 47 | ജെൻഡർ റിസോഴ്സ് സെന്റർ - ഫർണിച്ചർ വാങ്ങി 9 മാസത്തിനു ശേഷവും ഓഫീസ് സജ്ജമാക്കിയില്ല | 1-41 |
| 48 | മൃഗാശുപത്രി സെയിൽസ് ഔട്ട് ലെറ്റ് കെട്ടിടം - പ്രവൃത്തി പൂർത്തീകരിച്ച് 12 വർഷം കഴിഞ്ഞിട്ടും നിർമ്മാണം ക്രമവൽകരിച്ചില്ല. | 1-42 |
| 49 | കുത്താളി കൃഷി ഫാമിൽ കെട്ടിട നിർമ്മാണ പെർമിറ്റില്ലാതെ അനധികൃതമായി കെട്ടിടങ്ങൾ നിർമ്മിച്ചു. | 1-43 |
| 50 | കുത്താളി ഹൈടെക് ഡയറി ഫാമിലെ ഉരുക്കളെ ഇൻഷ്വർ ചെയ്തില്ല. | 1-44 |
| 51 | പ്രവൃത്തി പൂർത്തീകരിച്ച ശീതസംഭരണി 2 വർഷമായിട്ടും ഉപയോഗപ്പെടുത്തിയില്ല – വൈദ്യുതി ചാർജ്ജിനത്തിൽ 25,100/- രൂപയുടെ അധിക ചെലവ് | 1-45 |
| 52 | ജില്ലാ കൃഷിത്തോട്ടം, കുത്താളി _ വാർഷിക ചെലവുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ | 1-46 |
| 53 | കോഴി വളർത്തുകേന്ദ്രത്തിന് ഇൻഷ്വറൻസ് പരിരക്ഷയില്ല- പക്ഷിപ്പനിമൂലം ഫാം ഉൽപന്നങ്ങൾ നശിപ്പിച്ചയിനത്തിൽ 23.92 ലക്ഷം രൂപയുടെ നഷ്ടം. | 1-47 |
| 54 | കരുതൽ കൈകളിൽ കുഞ്ഞിക്കോഴി - അനുകരണീയമായ പദ്ധതി | 1-48 |
| 55 | പകൽവീട് സായംപ്രഭ ഹോം ആക്കിമാറ്റൽ പദ്ധതി - അപാകങ്ങൾ | 1-49 |
| 56 | കുഴൽ കിണർ നിർമ്മാണത്തിന് ഭൂജലവകുപ്പിന് അനുവദിച്ച തുകയിൽ നിന്നും ലഭ്യമാകേണ്ട മിച്ചം പണം - രേഖ ലഭ്യമായിട്ടില്ല | 1-50 |
| 57 | ലൈഫ്, പി.എം.എ.വൈ ഭവനനിർമ്മാണം - ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ - ഫലപ്രാപ്തി മോണിറ്റർ ചെയ്യുന്നില്ല. | 1-51 |
| 58 | ഖാദി യൂണിറ്റുകൾക്ക് തറി വാങ്ങൽ-പ്രവർത്തനം ആരംഭിച്ചില്ല | 1-52 |
| 59 | കുടുംബശ്രീ - പദ്ധതികൾ നിർവഹണ ഉദ്യോഗസ്ഥൻ നടപ്പിലാക്കിയില്ല. | 1-53 |
| 60 | പ്രവാസി സംരംഭകർക്ക് ധനസഹായം-പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ | 1-54 |
| 61 | ഫാഷൻ ഡിസൈനിംഗ് സെന്റർ മലാപ്പറമ്പ് - അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തതയും മറ്റ് അപാകങ്ങളും. | 1-55 |
| 62 | ജില്ലാ ഹോമിയോ ആശുപത്രി -പണം മുൻകൂർ അടച്ചെങ്കിലും ഒന്നരവർഷത്തിനു ശേഷവും ഹോംകോയിൽ നിന്ന് മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല. | 1-56 |
| 63 | ലേലം - നടപടികൾ പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമല്ല | 1-57 |
| 64 | ക്ഷീര വികസന വകുപ്പ്- ഡെപ്യൂട്ടി ഡയറക്ടർ നടപ്പിലാക്കിയ പദ്ധതികളിലെ പൊതു അപാകങ്ങൾ | 1-58 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ഒരേ ചെലവിന് 2 പ്രൊജക്ടുകളിൽ നിന്നും തുക ചെലവഴിച്ചു | 3-1 |
| 2 | എഡ്യൂകെയർ -സമഗ്ര വിദ്യാഭ്യാസ പദ്ധതി അപാകങ്ങൾ | 3-2 |
| 3 | പ്രവാസി സംരംഭങ്ങൾക്ക് ധനസഹായം- പദ്ധതി നിർവഹണത്തിലെ അപാകതകൾ | 3-3 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ /വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | (എ)ചാർജ്ജ് നടപടികളുടെ വിവരം | 4-7 |
| 8 | (ബി) സർചാർജ്ജ് നടപടികളുടെ വിവരം | 4-7 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വിവരം | 4-8 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധം | |
| 4 | അനുബന്ധം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് നിയമം 1994ലെ വകുപ്പ്.215 (4) , കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 25.07.2023തീയ്യതിയിലെ കോഴിക്കോട് ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 3/1 നമ്പർ യോഗതീരുമാന പ്രകാരം തയ്യാറാക്കി 29.07.2023 തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീത് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റഡിച്ചർ സ്റ്റേറ്റ്മെന്റ് അക്കൗണ്ട് എന്നിവയും, 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.
2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C&AG നൽകിയിട്ടുള്ള പഞ്ചായത്തി രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഒരു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.
3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ 2022-23 വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സീനിയർ ഡപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ്

കോഴിക്കോട്

തീയ്യതി.31.12.2023

### 1-1-1 വാർഷിക കണക്കുകളോടൊപ്പം അവശ്യ രേഖകൾ ഉൾപ്പെടുത്തിയില്ല

വാർഷിക കണക്കിനോടൊപ്പം അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. [കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം.62 (2) (ഇ, എഫ്)].

### 1-1-2 ആസ്തികൾ ഫിക്സഡ് അസറ്റ് ഹെഡിലേക്ക് മാറ്റിയില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ-ബി-11 [B-11 Fixed Assets] ഷെഡ്യൂൾ ബി--11(a) [B-11(a) Capital Work In Progress] എന്നിവയിലെ തുകകൾ ചേർന്ന് തുകയായിരിക്കണം ഷെഡ്യൂൾ-ബി-3 [B-3 Capital Contribution] പ്രകാരമുള്ള തുക. ഷെഡ്യൂൾ-ബി-11, ഷെഡ്യൂൾ ബി-11(a) എന്നിവ കൂട്ടിയാൽ ലഭിക്കുന്ന തുക 1,06,23,32,392/- രൂപയാണ്. [99,00,85,759 + 7,22,46,633]. വാർഷിക കണക്കിൽ ഷെഡ്യൂൾ-ബി-3 പ്രകാരം രേഖപ്പെടുത്തിയ തുക 1,09,14,54,605/- രൂപയാണ്. 2,91,22,213/- രൂപയുടെ വ്യത്യാസം കാണുന്നു. തനത് ഫണ്ട്/ മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള ആസ്തികൾ ഫിക്സഡ് അസറ്റിലേക്ക് ഉൾപ്പെടുത്താത്തതും ആസ്തി രജിസ്റ്റർ കാലികമാക്കാത്തതുമാണ് ഇതിന് കാരണം.

### 1-1-3 നിർമ്മൽ പുരസ്കാര ഗ്രാന്റ് വിനിയോഗിച്ചില്ല

സമ്പൂർണ്ണ ശുചിത്വ യജ്ഞം പരിപാടി പ്രോൽസാഹിപ്പിക്കുന്നതിനും പദ്ധതി നടത്തിപ്പ് കാര്യക്ഷമവും മൽസരാധിഷ്ഠിതമാക്കുന്നതിനും വേണ്ടിയാണ് ത്രിതല പഞ്ചായത്തുകൾക്ക് കേന്ദ്ര സർക്കാർ നിർമ്മൽ ഗ്രാമ പുരസ്കാർ അവാർഡ് ഏർപ്പെടുത്തി നൽകുന്നത്. ഷെഡ്യൂൾ-ബി-4 പ്രകാരം ശുചിത്വ മിഷനിൽ നിന്നും ലഭിച്ച തുകയിൽ 14,22,039/- രൂപ നിലവിലും ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. 12.04.2006 ലെ (പി)177/06/ധനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മറ്റ് ഏജൻസികളിൽ നിന്നും ലഭ്യമാകുന്ന ഫണ്ടുകൾ വിനിയോഗിക്കാതിരുന്നാൽ ആയത് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തന്നെ തിരിച്ചടച്ചില്ല

## 1-1-4 കാലഹരണപ്പെട്ട ഡപ്പോസിറ്റുകൾ മുതൽക്കൂട്ടിയില്ല

ഷെഡ്യൂൾ B-7 (ഡെപ്പോസിറ്റ് റിസീവ്ഡ്) പ്രകാരമുള്ള കാലഹരണപ്പെട്ട ഡപ്പോസിറ്റുകൾ (1,94,83,546/- രൂപ) തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാതെ നീക്കിയിരിപ്പുണ്ട്.

## 1-1-5 ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം - രേഖകൾ ഹാജരാക്കിയില്ല

ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിംഗ് സ്റ്റോക്ക് 55,530/-രൂപ രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ കൃത്യത ഉറപ്പാക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല

## 1-1-6 ഇ.എം.ഡി, ടെൻഡർ ഫീ എന്നിവയിലെ വരവ് വാർഷിക കണക്കുകളിൽ പ്രതിഫലിക്കുന്നില്ല

മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിൽ ആരംഭിച്ച ബാങ്ക് അക്കൗണ്ടിൽ ലഭിക്കുന്ന തുക സംബന്ധിച്ചുള്ള വിവരങ്ങൾ ജില്ലാ പഞ്ചായത്തിന്റെ വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല. എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിൽ എരഞ്ഞിപ്പാലം എസ്.ബി.ഐ. ബ്രാഞ്ചിലുള്ള ബാങ്ക് അക്കൗണ്ടിൽ (നം.67274621508) 2022 ഏപ്രിൽ 1 ന് 1,83,79,938/- രൂപ മുന്നിരിപ്പും, 2023 മാർച്ച് 31 ന് പ്രസ്തുത അക്കൗണ്ടിൽ 1,80,02,183/- രൂപ നീക്കിയിരിപ്പുണ്ട്.

## 1-2 ബജറ്റ്

കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് തയ്യാറാക്കിയതിന്റെയും അംഗീകരിച്ചതിന്റെയും വിശദാംശങ്ങൾ താഴെ പറയുന്നു.

| | |
|---|---|
| 2022-23 വർഷത്തെ ബജറ്റ് ജില്ലാ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച തീരുമാനം നമ്പർ/ തിയ്യതി | 02/32/22, തിയ്യതി- 25.03.2022 |
| 2022-23 വർഷത്തെ പുതുക്കിയ ബജറ്റ് ജില്ലാ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച തീരുമാനം നമ്പർ/ തിയ്യതി | 01/20/23, തിയ്യതി- 22.03.2023 |

പുതുക്കിയ ബജറ്റ് പ്രകാരമുള്ള വിവരങ്ങൾ താഴെ പറയുന്നു. (രൂപയിൽ)

| | |
|---|---|
| മുൻബാക്കി | 6,86,02,935 |
| തൻവർഷ വരവ് | 1,465,123,372 |
| ആകെ വരവ് | 1,533,726,307 |
| ചെലവ് | 1,426,509,534 |
| നീക്കിബാക്കി | 107,216,773 |

## 1-3 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 15.05.2023 | 29.07.2023 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുൻബാക്കി | 68,602,935 |
| വരവ് | 1,348,876,484 |

| | |
|---|---|
| ആകെ | 1,417,479,419 |
| ചെലവ് | 1,262,432,548 |
| നീക്കിയിരിപ്പ് | 155,046,871 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | അലോട്ട്മെന്റ് തുക | വരവ് | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | | 32,80,28,535 | 32,80,28,535 | 24,65,00,663 | 8,15,27,872 |
| വികസന ഫണ്ട് എസ്.സി.പി | | 14,87,59,465 | 14,87,59,465 | 12,38,05,725 | 2,49,53,740 |
| വികസന ഫണ്ട് ടി.എസ്.പി | | 82,38,000 | 82,38,000 | 75,07,326 | 7,30,674 |
| M.G (Road) | | 54,55,61,000 | 54,55,61,000 | 41,33,01,254 | 13,22,59,741 |
| M.G (Non Road) | | 13,42,53,000 | 13,42,53,000 | 11,11,42,643 | 2,31,10,357 |
| C.F.C ഗ്രാന്റ് (Basic) | | 6,88,67,935 | 6,88,67,935 | 6,29,33,817 | 59,34,118 |
| C.F.Cഗ്രാന്റ് (Tied) | | 11,41,42,599 | 11,41,42,599 | 8,44,82,000 | 2,96,60,599 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 41,83,001 | 21,395 | 21,395 | 41,83,001 |
| | ഗ്രാമപഞ്ചായത്ത് | 36,26,360 | 4,329,031 | 30,79,031 | 48,76,360 |
| | മുനിസിപ്പൽ കോർപ്പറേഷൻ | 1,85,50,805 | 0 | 59,838 | 1,84,90,967 |
| | ബി ഫണ്ട് | 11,20,011 | 11,20,011 | 11,20,011 | 0 |
| | ജനറൽ പർപ്പസ് ഗ്രാന്റ് | 4,81,86,000 | 4,81,86,000 | 1,88,23,774 | 2,93,62,226 |

## 1-6 പദ്ധതി അവലോകനം.

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പിലാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പിലാക്കിയത് (എണ്ണം) | നടപ്പിലാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 890 | 409 | 155 | 326 | 45.95 |

2022-23 വർഷം ആകെ 890 പ്രോജക്ടുകൾക്കാണ് ഡി.പി.സി. അംഗീകാരം ലഭിച്ചിട്ടുള്ളത്. 63.37 % മാണ് പ്രോജക്ടുകളുടെ നിർവ്വഹണം. സുലേഖ ചെലവ് പത്രിക പ്രകാരം പ്രോജക്ടുകൾക്കുള്ള ആകെ വകയിരുത്തൽ 2,181,115,905/- രൂപയാണ്. ഇതിൽ 1,011,836,303/- രൂപ ചെലവഴിച്ചിട്ടുണ്ട്. വകയിരുത്തിയതിന്റെ 46.39% മാത്രമാണ് ചെലവ്.

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന എല്ലാ മാസങ്ങളിലും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.

## 1-8 ആഭ്യന്തര നിയന്ത്രണം

സംയുക്ത പദ്ധതികളിൽ മറ്റ് തദ്ദേശ സ്ഥാപനങ്ങൾക്ക് ജില്ലാപഞ്ചായത്ത് കൈമാറുന്ന തുകയുടെ യഥാസമയത്തുള്ള വിനിയോഗം ഉറപ്പുവരുത്തുകയോ ആയതിനുള്ള അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുകയോ ചെയ്യുന്നില്ല. ജില്ലാപഞ്ചായത്തിനു കീഴിലുള്ള വിവിധ ഫാമുകളിൽ നിന്നും രശീതി പ്രകാരം പിരിച്ചെടുക്കുന്ന വരവുകളുടെയും അവയുടെ ഒടുക്കിന്റെയും കൃത്യത ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം നിലവിലില്ല. ദൈനംദിന പിരിവ് തുക ഫാമുകൾ നേരിട്ട് ജില്ലാപഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കുകയാണ് ചെയ്യുന്നത്. വരവിന്റെ കൃത്യത മനസ്സിലാക്കുന്നതിനുള്ള വാടക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്വയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഓരോ നിർവ്വഹണോദ്യോഗസ്ഥനും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്. ജില്ലാപഞ്ചായത്ത് കെട്ടിടത്തിലും ജില്ലാപഞ്ചായത്തിന് കീഴിലുള്ള സ്കൂളുകളിലും സ്ഥാപിച്ച സോളാർ പ്ലാന്റിൽ നിന്നും ഉൽപാദിപ്പിക്കപ്പെടുന്ന വൈദ്യുതിയുടെ അളവ്, കെ.എസ്.ഇ.ബി യ്ക്ക് കൈമാറുന്ന മിച്ച വൈദ്യുതി, തദ്ദേശ സ്ഥാപനത്തിന് ഈയിനത്തിൽ കെ.എസ്.ഇ.ബി യിൽ നിന്ന് ലഭിക്കുന്ന തുക എന്നിവ നിരീക്ഷിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. ഇത സംബന്ധിച്ച രജിസ്റ്ററുകൾ ജില്ലാപഞ്ചായത്തോ സ്കൂൾ അധികൃതരോ

സൂക്ഷിക്കുന്നില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനം കുറ്റമറ്റമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് നടത്തിയ വിഭാഗം | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | ഓഡിറ്റ് റിപ്പോർട്ട് നം./തീയ്യതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10-04-2023 മുതൽ 24-04-2023 വരെ, 3-05-2023 മുതൽ 27-05-2023 വരെ | 2020-21 മുതൽ 2022-23 വരെ | SAudit-I/AMG-I/(HQ)III/II/C-3/8A-10 /2023-24/42 Dt.04.08.2023 |
| പെർഫോമൻസ് ഓഡിറ്റ് | 1-12-2022 മുതൽ 20-12-2022 വരെ | 2021-22 | 117/എ1/2022/റീ.പെ.ഓ.വി/കെ.കെ.ഡി തിയ്യതി.24.1.2023 |

## 1-10 സോളാർ വൈദ്യുതി നിലയം സ്ഥാപിക്കൽ - കെ.എസ്.ഇ.ബി യിൽ 2020-21 വർഷത്തിൽ നിക്ഷേപിച്ച തുകയ്ക്ക് പ്രവൃത്തി ആരംഭിക്കാതെ 2021-22 വർഷത്തിലും അധികപ്രവൃത്തിക്ക് തുക നിക്ഷേപിച്ചു. അടച്ച 2.276 കോടി രൂപ തിരികെ ഈടാക്കിയില്ല.

2020-21 സാമ്പത്തിക വർഷത്തിൽ കൈമാറിക്കിട്ടിയ 12 സ്ഥാപനങ്ങളിലും ജില്ലാപഞ്ചായത്ത് കെട്ടിടത്തിലും 8 സ്കൂളുകളിലും ശൃംഖലാബന്ധിത സോളാർ വൈദ്യുതി നിലയം സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി രണ്ട് പ്രൊജക്ടുകൾ ജില്ലാ പഞ്ചായത്ത് ആവിഷ്കരിക്കുകയും പ്രവൃത്തി നടത്തുന്നതിനായി 1,52,55,057 രൂപ 29.03.2021 ന് പ്രൊജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് ആയ കെ.എസ്.ഇ.ബി യിൽ നിക്ഷേപിക്കുകയും ചെയ്തു. 2021-22 വർഷത്തിലും ജില്ലാ പഞ്ചായത്ത് പരിധിയിലുള്ള 10 സ്കൂളുകളിൽ സോളാർപ്ലാന്റ് സ്ഥാപിക്കുന്നതിനായി പ്രൊജക്ട് ആവിഷ്കരിച്ച് 75,00,000 രൂപ 31.03.2022 ന് കെ.എസ്.ഇ.ബിയിൽ നിക്ഷേപിച്ചു. എന്നാൽ തുക കൈമാറി നാളിതുവരെ പ്രവൃത്തി ആരംഭിക്കുകയോ തുക തിരികെ ഈടാക്കുകയോ ചെയ്തിട്ടില്ല. പ്രൊജക്ടിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | 1 | 2 | 3 |
|---|---|---|---|
| പ്രൊജക്ട് നമ്പർ, പേര് | S0109/21 (2020-21) കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽസോളാർ പാനൽ സ്ഥാപിക്കൽ | SO112/21 (2020-21) ജില്ലാ പഞ്ചായത്ത് സ്കൂളുകളിൽ സോളാർ പാനൽ സ്ഥാപിക്കൽ | SO840/22 (2021-22) ജില്ലാ പഞ്ചായത്ത് സ്കൂളുകളിൽ സോളാർ പാനൽ സ്ഥാപിക്കൽ |
| വകയിരുത്തിയ തുക | 96,55,057/- (വികസനഫണ്ട്) | 56,00,000/-(വികസനഫണ്ട്) | 75,00,000/-(വികസനഫണ്ട്) |
| ചെലവ് തുക, ബിൽ നമ്പർ തിയ്യതി | BRN 20160152000401431839/ 29.3.21- 96,55,057 | BRN 20160152000401431837/ 29.3.21- 56,00,000 | ബിൽ നമ്പർ-1475/2021-22 തി.30.03.2022- 75,00,000 |
| ഫയൽ നമ്പർ | പി.ഇ.2-391/2020(A) | പി.ഇ.2-391/2020(A) | പി.ഇ2-558/2022 |
| നിർവഹണം | സെക്രട്ടറി | സെക്രട്ടറി | സെക്രട്ടറി |

പ്രൊജക്ട് നിർവഹണത്തിനായുള്ള പ്രാരംഭ നടപടികളുടെ നാൾവഴികൾക്ക് അനുബന്ധം 4 കാണുക.

പ്രൊജക്ട് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ കൊടുക്കുന്നു.

1. പദ്ധതിക്കായി ഇതുവരെ അടച്ച 2,27,55,057 രൂപ തിരികെ നൽകാൻ 11.7.2022 ന് കെ.എസ്.ഇ.ബി യ്ക്ക് കത്ത് നൽകിയിട്ടും നാളിതുവരെ തുക തിരികെ ലഭിച്ചില്ല. 21.6.2022 ലെ 61/22(13 ) ഭരണസമിതി തീരുമാന പ്രകാരം നിയമാനുസൃത പലിശയടക്കമുള്ള തുക ഈടാക്കാൻ കത്തയക്കാനാണ് തീരുമാനിച്ചതെങ്കിലും കെ.എസ്.ഇ.ബി യ്ക്ക് അയച്ച കത്തിൽ പലിശയുടെ വിവരം ഉൾപ്പെടുത്തിയിട്ടില്ല. 15 മാസത്തിനു ശേഷവും ജില്ലാപഞ്ചായത്ത് ഇക്കാര്യത്തിൽ ഓർമ്മക്കുറിപ്പ് അയക്കുകയോ തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തില്ല.

2. 2020-21 ലെ പ്രവർത്തിക്കായി 17.2.2021 ന് കരാർ വെച്ച് തുക 29.3.2021 നു കൈമാറിയതിനു ശേഷം 8 മാസം കഴിഞ്ഞാണ് 15.11.2021 നാണ് കെ.എസ്.ഇ.ബി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നത്. 2020-21 പദ്ധതിയുടെ ടെണ്ടർ നടപടികൾ ജില്ലാപഞ്ചായത്തിനെ അറിയിക്കുന്നത് 6 മാസം കഴിഞ്ഞ് 3.6.2022 ലാണ്. കരാർ വ്യവസ്ഥ പ്രകാരം പ്രവൃത്തി 8 മാസത്തിനകം പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ തുക കൈമാറി 8 മാസത്തിനു ശേഷമാണ് കെ.എസ്.ഇ.ബി ടെണ്ടർ നടപടികൾ പോലും ആരംഭിക്കുന്നത്. ടെണ്ടർ നടപടികൾക്ക് കാലതാമസം നേരിട്ടതിന്റെ കാരണം വ്യക്തമല്ല. കരാർ ലംഘനത്തിന് കെ.എസ്.ഇ.ബി ക്കെതിരെ നിയമ നടപടി സ്വീകരിച്ചില്ല.

3. 2020-21 വർഷത്തിൽ ഒന്നരക്കോടിയിലധികം തുക കൈമാറിയതിനു ശേഷം പദ്ധതി ഒരു പുരോഗതിയും കൈവരിച്ചില്ലെങ്കിലും, ഫണ്ട് ചെലവഴിക്കുക എന്ന ലക്ഷ്യത്തിൽ 2021-22 ൽ വീണ്ടും ഇതേ പദ്ധതി രൂപീകരിക്കുകയും 75,00,000 രൂപ വീണ്ടും ഡെപ്പോസിറ്റ്

ചെയ്യുകയും ചെയ്തത് ശരിയായ നടപടിയല്ല. സ.ഉ.(കൈ)84/2022 ത.സ്വ.ഭ.വ തി.19.4.2022 പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ 12.2.5.(ഡി) (lv) പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ വേണ്ട തുടർ പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപന സെക്രട്ടറി സ്വീകരിക്കേണ്ടതും ഡെപ്പോസിറ്റ് വർക്കുകളുടെ നിർവഹണ പുരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തി ബന്ധപ്പെട്ട ഏജൻസികൾക്ക് ആവശ്യമായ നിർദ്ദേശം നൽകേണ്ടതുമാണ്. തുക കൈമാറിയതിനു ശേഷം പദ്ധതിയുടെ പുരോഗതി ജില്ലാ പഞ്ചായത്ത് നിരീക്ഷിക്കുന്നില്ല എന്നു മാത്രമല്ല , പദ്ധതി സമയബന്ധിതമായി നടപ്പാക്കാത്ത നിർവഹണ ഏജൻസിക്കു തന്നെ തുടർ വർഷങ്ങളിലും ഡെപ്പോസിറ്റ് പ്രവൃത്തിയ്ക്കായി തുക നൽകി.

4. ഘടകസ്ഥാപനങ്ങളിലും 18 സ്കൂളുകളിലും സോളാർ റൂഫ് ടോപ്പ് സ്ഥാപിക്കുന്നതിനായി യൂണിറ്റ് ചെലവ് , ആകെ ചെലവ് എന്നിവ തയ്യാറാക്കി നൽകാൻ ജില്ലാപഞ്ചായത്ത് ഇൻകെല്ലിനും (30.7.2022 ലെ പി.ഇ2-1765/2020 ) , അനർട്ടിനും (7.7.2022 ലെ പി.ഇ2-1765/2020 ) കത്ത് നൽകിയിട്ടുണ്ട്. മേൽ 2 പ്രൊജക്ടിലും കെ.എസ്.ഇ.ബി യെ പ്രൊജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി എന്ന നിലയ്ക്കാണ് പ്രവൃത്തി ഏൽപ്പിച്ചിരിക്കുന്നത്. പ്രവൃത്തിയുടെ നടത്തിപ്പിനായി കെ.എസ്.ഇ.ബി അധികതുക ആവശ്യപ്പെടുന്ന സമയത്ത് മാത്രമാണ് സോളാർ റൂഫ് ടോപ്പ് സ്ഥാപിക്കുന്നതിനുള്ള വർക്ക് സ്റ്റഡിയ്ക്കായി വിവിധ ഏജൻസികളെ ജില്ലാപഞ്ചായത്ത് സമീപിക്കുന്നത്. പദ്ധതി രൂപീകരിക്കുന്നതിന് മുൻപ് തന്നെ വിവിധ ഏജൻസികളുമായി ബന്ധപ്പെട്ട് പ്രവൃത്തി നടത്തുന്നതിനുള്ള സാധ്യത ആരാഞ്ഞില്ല.

മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 39/2022-23 തിയ്യതി 29 . 11 .2023 യ്ക്ക് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതും കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് ചെയ്ത തുക പലിശയടക്കം തിരികെ ഈടാക്കാൻ അടിയന്തിര നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-11 ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള സ്കൂളുകളിൽ 3.5 കോടി ചെലവഴിച്ച് സോളാർപാനൽ സ്ഥാപിച്ചിട്ടും വൈദ്യുതചാർജ്ജിനത്തിൽ വൻതുക അടച്ചുവരുന്നു.

ജില്ലാ പഞ്ചായത്തിനു കീഴിലുള്ള സ്കൂളുകളിലെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനായി 2022-23 വർഷം 16,99,683/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| പദ്ധതി നമ്പർ | S0524/23 |
| പദ്ധതി പേര് | സ്കൂളുകളുടെ ആവർത്തനചെലവുകൾ |
| വകയിരുത്തിയ തുക | 17,00,000/- (മെയിന്റയിൻസ് ഗ്രാന്റ്) |
| ചെലവ് തുക | 16,99,683/- |
| ബിൽ നം, തിയ്യതി | 347/22-23, തി.7.11.2022- 170596 |
| | 348/22-23 തി.7.11.2022- 40008 |
| | 570/22-23 തി.28.12.2022- 64290 |
| | 572/22-23 തി. 28.12.2022-212270 |
| | 652/22-23 തി. 11.1.2023- 121163 |
| | 653/22-23 തി. 11.1.2023- 53210 |
| | 1430/22-23തി.21.3.2023 – 244632 |
| | 1606/22-23 തി. 26.3.2023 – 205583 |
| | 1607/22-23 തി. 26.3.2023- 457506 |
| | 1673/22-23 തി. 27.3.2023 – 37493 |
| | 794/22-23 തി. 6.2.2023 -92482 |
| ആകെ ചെലവ് | 16,99,233 |

| | |
|---|---|
| നിർവ്വഹണം | ജില്ലാ പഞ്ചായത്ത് സെക്രട്ടറി |
| ഫയൽ നമ്പർ | പി.ഇ.2-1905/22 |

ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള 43 ഹയർ സെക്കന്ററി സ്കൂളുകളിലും ജില്ലാ പഞ്ചായത്ത് കെട്ടിടത്തിലും ശൃംഖലാബന്ധിത സൗരോർജ്ജ വൈദ്യുത പദ്ധതി 2019-20 വർഷത്തിൽ "ക്ഷേമ പവർ ആന്റ് ഇൻഫ്രാസ്ട്രക്ച്ചർ" എന്ന കമ്പനി കമ്മീഷൻ ചെയ്തിരുന്നു. ജില്ലാ പഞ്ചായത്തും കെ.എസ്.ഇ.ബിയുമായുള്ള കരാർ പ്രകാരം സ്കൂളിലെ സോളാർ പദ്ധതി പ്രകാരമുള്ള കൺസ്യൂമർ നമ്പറിൽ ഉപയോഗം കഴിച്ചുള്ള വൈദ്യുതി , അതത് സ്ഥാപനങ്ങൾ കെ.എസ്.ഇ.ബി യ്ക്ക് കൈമാറേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കെ.എസ്.ഇ.ബി യിൽ നിന്നും ഈയിനത്തിൽ ലഭിക്കുന്ന തുക ജില്ലപഞ്ചായത്തിന്റെ തനത്ഫണ്ടിലേക്ക് കൈമാറേണ്ടതാണെന്ന് അതത് സ്കൂളുകളെ ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിരുന്നു. 2020-21 മുതൽ 2022-23 വരെയുള്ള വർഷങ്ങളിൽ സ്കൂളിന്റെ വൈദ്യുതിചാർജ്ജ് അടച്ചതിന്റെയും അധിക വൈദ്യുതിയ്ക്ക് ലഭിച്ച തുക സ്കൂൾ ജില്ല പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറിയതിന്റെയും വിശദാംശം അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്.

പ്രൊജക്റ്റ്, ബന്ധപ്പെട്ട ഫയലുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്കൂളുകൾ മിച്ചം വരുന്ന വൈദ്യുതിയുടെ തുക ജില്ലാ പഞ്ചായത്തിൽ അടച്ചതിന്റെ രജിസ്റ്റർ കാലികമായി സൂക്ഷിക്കുന്നില്ല. 43 സ്കൂളുകളിലും ജില്ലാ പഞ്ചായത്ത് കെട്ടിടത്തിലും പദ്ധതി കമ്മീഷൻ ചെയ്തിട്ടുണ്ടെങ്കിലും നാമമാത്രമായ സ്കൂളുകളാണ് മിച്ച വൈദ്യുതയിനത്തിൽ ജില്ലാപഞ്ചായത്തിന് തുക കൈമാറുന്നത്. 2021-22 വർഷത്തിൽ 15 സ്കൂളുകൾക്കും 2022-23 വർഷത്തിൽ 29 സ്കൂളുകൾക്കും വൈദ്യുതചാർജ്ജ് ജില്ലാ പഞ്ചായത്തിൽ നിന്നും KSEB യിലേക്ക് അടച്ചിട്ടുണ്ട്. 2020-21 വർഷം മുതൽ 2022-23 വർഷം വരെ 14 സ്കൂളുകളാണ് ജില്ലാപഞ്ചായത്തിന് തുക കൈമാറിയത്. ഇതിൽ തന്നെ GHSS പയിമ്പ്ര, GHSS ആവളകുട്ടോത്ത് എന്നിവ 2020-21 വർഷത്തിൽ മിച്ച വൈദ്യുതിയിനത്തിലുള്ള തുക ജില്ലാപഞ്ചായത്തിൽ അടച്ചെങ്കിലും തുടർവർഷങ്ങളിൽ ഈയിനത്തിൽ വരവില്ല. (അനുബന്ധം 3 കാണുക). ശേഷിക്കുന്ന സ്കൂളുകളിൽ സോളാർപാനൽ വഴി വൈദ്യുതിയുൽപാദനം നടക്കുന്നുണ്ടോയെന്നും മിച്ച വൈദ്യുതിയുൽപാദനത്തിന് KSEB സ്കൂളുകൾക്ക് തുക കൈമാറിയിട്ടുണ്ടോ എന്നും ഫയലിൽ നിന്നും വ്യക്തമാകുന്നില്ല.

2. GVHSS മേപ്പയൂരിനായി 2021-22, 2022-23 വർഷങ്ങളിൽ ആകെ 2,91,623 രൂപ വൈദ്യുതചാർജ്ജ് അടച്ചിട്ടുണ്ട്. (അനുബന്ധത്തിലെ ക്രമനമ്പർ 1 കാണുക ). എന്നാൽ മിച്ച വൈദ്യുതചാർജ്ജിനത്തിൽ പ്രസ്തുത സ്കൂൾ നാളിതുവരെ തുക ജില്ലാപഞ്ചായത്തിന് കൈമാറിയിട്ടില്ല. സ്കൂളുകൾ അടയ്ക്കുന്ന തുക ജില്ലാപഞ്ചായത്ത് തനതുഫണ്ടിൽ വരവ് വയ്ക്കുകയും സ്കൂളുകൾ കെ.എസ്.ഇ.ബി ബിൽ ഹാജരാക്കുന്ന മുറയ്ക്ക് വൈദ്യുത ബില്ലിന്റെ തുക റീക്കുപ്പ് ചെയ്യുകയും അല്ലാതെ പദ്ധതിയുടെ പുരോഗതി ജില്ലാ പഞ്ചായത്തോ സ്കൂളുകളോ മോണിറ്റർ ചെയ്യുന്നില്ല. സോളാർ പാനൽ സ്ഥാപിച്ച "ക്ഷേമപവർ ആന്റ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി" സ്കൂളുകൾക്ക് കൈമാറിയ ഡോക്യുമെന്റ് പ്രകാരം ആഴ്ചയിലൊരിക്കൽ സോളാർ മോഡ്യൂൾ വൃത്തിയാക്കാൻ നിർദ്ദേശിക്കുന്നുണ്ട്. സോളാർ മൊഡ്യൂളിൽ പൊടികൾ, പൂപ്പൽ, മറ്റ് അഴുക്കുകൾ എന്നിവ അടിഞ്ഞുകൂടുമ്പോൾ ആയത് സോളാർ സെല്ലുകൾ സൂര്യപ്രകാശം ആഗിരണം ചെയ്യുന്നത് തടയുമെന്നും സോളാർ മൊഡ്യൂൾ ,വൈദ്യുതി ഉല്പാദിപ്പിക്കുകയില്ല എന്നും തുണികൊണ്ടോ വാട്ടർ ഹോസ് കൊണ്ടോ വൃത്തിയാക്കേണ്ടതുണ്ടെന്നും രേഖപ്പെടുത്തിയിരിക്കുന്നു. കൃത്യമായ ഇടവേളകളിൽ സോളാർ മൊഡ്യൂൾ വൃത്തിയാക്കുന്നുണ്ടോ എന്ന് വ്യക്തമല്ല. 2019-20 വർഷം കമ്മീഷൻ ചെയ്ത പദ്ധതിയ്ക്ക് 5 വർഷ ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് കരാർ നിലവിലുണ്ട്. നിരന്തര ശ്രദ്ധ വേണ്ട സോളാർ സംവിധാനം വഴി ഡി.പി.ആറിൽ നിർദ്ദേശിക്കും പ്രകാരമുള്ള അളവിൽ വൈദ്യുതി ഉല്പാദിപ്പിക്കപ്പെടുന്നുണ്ടോയെന്ന് ജില്ലാ പഞ്ചായത്തോ സ്കൂളുകളോ പരിശോധന വിധേയമാക്കിയിട്ടില്ല. സോളാർ പാനലിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ അളവും പ്രതീക്ഷിക്കുന്ന വൈദ്യുതിയുടെ അളവും താരതമ്യം ചെയ്താൽ മാത്രമേ പാനലിന്റെ ഓപ്പറേഷനും മെയിന്റനൻസും യഥാസമയം നടപ്പാക്കാൻ കഴിയുകയുള്ളൂ. എന്നാൽ അത്തൊരമൊരു നടപടി ഉണ്ടായില്ല.

3. സോളാർ വൈദ്യുതി ഉൽപാദനം നിരീക്ഷിക്കുന്നതിനായി "ക്ഷേമപവർ ആന്റ് ഇൻഫ്രാസ്ട്രക്ച്ചർ" എന്ന കമ്പനി സ്ഥാപിച്ച സ്കൂളുകൾക്കും ജില്ലാപഞ്ചായത്തിനും ഓരോ സിം കാർഡ് കൈമാറിയിട്ടുണ്ട്. ഡാറ്റാ റീ ചാർജ്ജ് ചെയ്ത സിം ഉപയോഗിക്കുമ്പോൾ ഓരോ ദിവസവും പ്ലാന്റിൽ ഉൽപാദിപ്പിച്ച വൈദ്യുതിയുടെ "ഡെയ്‌ലി യീൽഡ് റിപ്പോർട്ട്" സ്ഥാപനത്തിലെ കമ്പ്യൂട്ടറിൽ ഇ-മെയിലായി ലഭ്യമാകുന്നു. ഓരോ സ്ഥാപനത്തിൽ സ്ഥാപിച്ച സോളാർ ജനറേഷൻ മീറ്ററിലും അതത് ദിവസം ഉല്പാദിപ്പിക്കുന്ന വൈദ്യുതി വിവരം മാനുവലായും ലഭ്യമാണ്. ഉല്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിയുടെ വിവരം ലഭിക്കുന്നതിന് ഓരോ സ്കൂളിലും /ജില്ലാ പഞ്ചായത്തിലും ഒരു മോണിറ്ററിംഗ് സിസ്റ്റം (PV Monitoring System) സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ നിന്നുള്ള വിവരങ്ങൾ താരതമ്യം ചെയ്താൽ തന്നെ സോളാർ മോഡ്യൂളിനും മറ്റും തകരാർ സംഭവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാകുന്നതാണ്. എന്നാൽ അത്തരത്തിലുള്ള യാതൊരു പ്രവർത്തനവും സ്കൂളുകളോ ജില്ലാപഞ്ചായത്തോ നടപ്പിലാക്കുന്നില്ല. പദ്ധതി സംബന്ധിച്ച് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയോ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പോ മോണിറ്ററിംഗ് നടത്തിയതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. ഓരോ സ്കൂളിലും ഉൽപാദിപ്പിക്കപ്പെടുന്ന വൈദ്യുതിയുടെ അളവ് , വൈദ്യുതി ബില്ലിൽ നിന്നും കുറവ് ചെയ്ത തുക, അധിക ഉല്പാദനത്തിൽ നിന്നുള്ള വരവ് എന്നിവ സംബന്ധിച്ച വിവരം ജില്ലാ പഞ്ചായത്ത് സൂക്ഷിക്കുന്നില്ല. ഇതിനായി സ്കൂളുകൾ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോയെന്ന് വ്യക്തമല്ല.

അപാകങ്ങൾക്ക് വിശദാംശം 14.12.2023 നകം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (49/2022-23, തീയ്യതി. 6.12.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. 3.5 കോടി രൂപ ചെലവഴിച്ച് സ്ഥാപിച്ച സോളാർ പാനലുകളുടെ പ്രവർത്തനം സ്കൂളുകൾ ദൈനംദിനം മോണിറ്റർ ചെയ്യേണ്ടതും ആയതിന് സ്കൂൾ തലത്തിൽ ഡെയ്‌ലി യീൽഡ് രജിസ്റ്റർ പരിപാലിക്കാവുന്നതും ആയത് ജില്ലാ പഞ്ചായത്ത് കൃത്യമായ ഇളവേളകളിൽ മോണിറ്റർ ചെയ്യേണ്ടതുമാണ്. സോളാർ പാനലുകൾ പൊടിയും പൂപ്പലും അടിഞ്ഞുകൂടാതെ വൈദ്യുതി ഉല്പാദിപ്പിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. സ്കൂളുകളിലും ജില്ലാപഞ്ചായത്തിലും സ്ഥാപിച്ച സോളാർ പാനലിന്റെ പ്രവർത്തനക്ഷമത റിപ്പോർട്ട് ചെയ്യേണ്ടതാണ്. വിഷയം ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയിൽപെടുത്തുന്നു

## 1-12 ജില്ലാ പഞ്ചായത്ത് അധികാര പരിധിയിൽ ഉൾപ്പെടാത്ത മെഡിക്കൽ കോളേജ് ആശുപത്രിയ്ക്ക് വാഹനം വാങ്ങി നൽകി

പദ്ധതി നമ്പർ, പേര് : S0056/23, കോവിഡ് പ്രതിരോധം - മെഡിക്കൽ കോളേജിന് വേയ്സ്റ്റ് ഡിസ്പോസൽ പിക്കപ്പ് വാൻ.

വകയിരുത്തിയ തുക : 8,00,000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്, ടൈഡ്)

ചെലവ് തുക, ബിൽ നം, തിയ്യതി : 8,00,000/-, 221/22-23, തി.22.09.2022

നിർവ്വഹണം : ജില്ലാ പഞ്ചായത്ത് സെക്രട്ടറി

ഫയൽ നമ്പർ : പി.ഇ.2-1693/21

കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയുടെ ഹൗസ് കീപ്പിംഗ് വിഭാഗത്തിന്റെ കീഴിൽ വരുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി ഒരു പിക്കപ്പ് വാൻ വാങ്ങി നൽകുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. 16.01.2021 ന് ചേർന്ന മെഡിക്കൽ കോളേജ് ആശുപത്രി ഹോസ്പിറ്റൽ ഡെലവപ്പ്മെന്റ് സൊസൈറ്റിയുടെ യോഗത്തിൽ മാലിന്യം നീക്കം ചെയ്യുന്നതിനായി പുതിയ വാഹനം അത്യാവശ്യമാണെന്ന് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജില്ലാപഞ്ചായത്ത് മുഖേന വാഹനം ലഭ്യമാക്കി തരാമെന്ന് ഉറപ്പ് നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് കമ്മിറ്റി സെക്രട്ടറി 22.02.2021 ന് HDS/MCH/1594/20 നമ്പർ കത്തിലൂടെ വാഹനം വാങ്ങുന്നതിനുള്ള അപേക്ഷ ജില്ലാ പഞ്ചായത്തിന് നൽകി. ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 28.05.2021 ലെ യോഗത്തിൽ മേൽ അപേക്ഷ പരിഗണിച്ച് സർക്കാരിന്റെ അനുമതിയ്ക്കായി അപേക്ഷിച്ചു. [തീരുമാനം നം.1/38/21(5)]. തുടർന്ന് എൽ.എസ്.ജി.ഡി.അഡി.ചീഫ് സെക്രട്ടറി 14.06.2021 ലെ 111/DC1/ 2021/LSGD നമ്പർ കത്ത് മുഖേനെ മെഡിക്കൽ കോളേജിലെ ബയോമെഡിക്കൽ വേസ്റ്റ് ഐ.എം.എ മുഖേനയും മറ്റു മാലിന്യങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം മുഖേനയും നീക്കം ചെയ്യുന്നതിനാൽ പ്രത്യേകം വാഹനം അനുവദിക്കേണ്ടതിന്റെ ആവശ്യകതയുണ്ടോ എന്നത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാൻ ജില്ലാപഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടു. ജില്ലാപഞ്ചായത്ത് സെക്രട്ടറി അഡി. ചീഫ് സെക്രട്ടറിയ്ക്ക് സമർപ്പിച്ച റിപ്പോർട്ടിൽ മെഡിക്കൽ കോളേജിൽ വാഹനം വാങ്ങി നൽകുന്നത് കോവിഡ് മാലിന്യങ്ങൾ ഫസ്റ്റ്ലൈൻ ട്രീറ്റ്മെന്റ് സെന്ററിൽ നിന്നും കൊണ്ട് വരിക, ഭക്ഷണ മാലിന്യങ്ങൾ ബയോഗ്യാസ് പ്ലാന്റിലേക്ക് കൊണ്ട് പോകുക, ബയോ മാലിന്യവും കോവിഡ് മാലിന്യവും മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററിലേയ്ക്ക് കൊണ്ട് പോവുക, ജനറൽ മാലിന്യം ഇൻസിനേറ്ററിൽ എത്തിക്കുക എന്നീ കാര്യങ്ങൾക്കാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.01.2022 ലെ കത്തും, ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 27.04.2021 ലെ കത്തും പരിഗണിച്ച് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി മേൽ വിഷയം 10.02.2022 ലെ യോഗത്തിൽ പരിഗണിക്കുകയും ആശുപത്രിയുടെ അടിയന്തിരാവശ്യം കണക്കിലെടുത്ത് കോർഡിനേഷൻ കമ്മിറ്റിയുടെ 4.47 തീരുമാനം അടിസ്ഥാനമാക്കി ടെണ്ടർ മുഖേന പോപ്പുലർ മെഗാ മോട്ടേഴ്സ് ഇന്ത്യ എന്ന സ്ഥാപനത്തിൽ നിന്നും വാഹനം വാങ്ങി മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ടിന് കൈമാറുകയും ചെയ്തു. [TATA Arctic White Intra V30 - BS VIHIGHDECKLB] പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 173(1), പട്ടിക.5 പ്രകാരം ജില്ലാ ആശുപത്രികളുടെ നിയന്ത്രണം ജില്ലാപഞ്ചായത്തുകളുടെ മേഖല അടിസ്ഥാനത്തിലുള്ള ചുമതലയാണ്. സംസ്ഥാന മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മെഡിക്കൽ കോളേജ്, അനുബന്ധ സ്ഥാപനങ്ങൾ തുടങ്ങിയവ ജില്ലാപഞ്ചായത്തിന്റെ അധികാര പരിധിയിൽപെട്ട സ്ഥാപനമല്ല. കൈമാറികിട്ടാത്ത സ്ഥാപനത്തിന്റെ പദ്ധതിയ്ക്കായി തുക ചെലവഴിച്ചത് ശരിയായ നടപടിയല്ല.
2. 08.08.2012 ലെ (പി) 442/2012/ധനം നമ്പർ ഉത്തരവ് പ്രകാരം ധനകാര്യ വകുപ്പിന്റെ അഭിപ്രായം കൂടി കണക്കിലെടുത്തുള്ള സർക്കാർ അനുമതി ലഭ്യമായതിനു ശേഷം മാത്രമേ ഏതൊരു വാഹനവും വാങ്ങുവാൻ പാടുള്ളൂ. (2013 ലെ സ്റ്റോർ പർച്ചേയ്സ് മാന്വവൽ ഖണ്ഡിക. 19. ). എന്നാൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ലഭ്യമാക്കിയല്ല വാഹനം വാങ്ങിയത്.
3. സ്റ്റോർ പർച്ചേയ്സ് മാന്വൽ ഖണ്ഡിക. 19.3 പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25,000/- രൂപയ്ക്ക് മുകളിൽ വരുന്ന വാങ്ങലുകൾ നിർബന്ധമായും ' ജെം ' മുഖേന സമാഹരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. (24.06.2019 ലെ (പി) 07/2019/ എസ്.പി.ഡി. നമ്പർ ഉത്തരവ് കാണുക). എന്നാൽ മേൽ നിർദ്ദേശം പാലിക്കാതെയാണ് ടെണ്ടർ മുഖേനെ പോപ്പുലർ 'മെഗാ മോട്ടോഴ്സ് ഇന്ത്യ' എന്ന സ്ഥാപനത്തിൽ നിന്നും വാഹനം വാങ്ങിയത്.
4. കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ ഭൂപരിധിയിൽ പെടുന്നതാണ് മെഡിക്കൽ കോളേജ് ആശുപത്രി. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 326 പ്രകാരം നഗരസഭ പരിധിയിലെ മാലിന്യ ശേഖരണവും കൈകാര്യം ചെയ്യലും നഗരസഭയിൽ നിക്ഷിപ്തമായതും അനിവാര്യവുമായ ചുമതലയാണ്. കൂടാതെ 1986 ലെ പരിസ്ഥിതി (സംരക്ഷണ) നിയമത്തിൻ കീഴിൽ രൂപപ്പെടുത്തിയിട്ടുള്ള ചട്ടങ്ങൾ പ്രകാരം നഗരസഭയാണ് മാലിന്യം കൈകാര്യം ചെയ്യേണ്ടത്. മേൽ നിയമ വ്യവസ്ഥകൾ നിലനിൽക്കെയാണ് ജില്ലാ പഞ്ചായത്ത് ഭരണസമിതി മെഡിക്കൽ കോളേജിലെ ബയോമെഡിക്കൽ വേസ്റ്റ് നീക്കം ചെയ്യുന്നതിന് വാഹനം വാങ്ങുന്നതിനായി സർക്കാരിലേക്കും, വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിക്കും അപേക്ഷ നൽകിയത്. സർക്കാരിൽ നിന്നും അനുവദിച്ച ഫണ്ടുകൾ ജില്ലാ പഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നതിന് പകരം നിയമപരമായി അധികാര പരിധിയിൽപെടാത്ത സ്ഥാപനത്തിനായാണ് ചെലവഴിച്ചത്.
5. കോഴിക്കോട് മെഡിക്കൽ കോളേജ്, ഡെന്റൽ കോളേജ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചെസ്റ്റ് ഡിസീസ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെറ്റേർണൽ & ചൈൽഡ് ഹെൽത്ത് എന്നിവിടങ്ങളിലായി സാമാന്യം നല്ല സാമ്പത്തിക സ്ഥിതിയുള്ള 4 ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് സൊസൈറ്റികൾ നിലവിലിരിക്കെ ആയതിന്റെ ഫണ്ടോ, സംസ്ഥാന സർക്കാർ പദ്ധതി പ്രവർത്തനങ്ങൾക്കും, അടിസ്ഥാന സൗകര്യങ്ങൾക്കും മെഡിക്കൽ എഡ്യുക്കേഷൻ വകുപ്പിന് അനുവദിക്കുന്ന ഫണ്ടോ ഉപയോഗിച്ച് വാഹനം വാങ്ങാതെ ഹോസ്പിറ്റൽ

ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ സെക്രട്ടറി ജില്ലാ പഞ്ചായത്തിനോട് വേസ്റ്റ് ഡിസ്പോസൽ വാഹനത്തിനായി അപേക്ഷിച്ചതിന്റെ കാരണം വ്യക്തമല്ല.

6. മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പിന്റെ ആസ്തികളുടെ ഉത്തരവാദിത്ത്വവും, ഉടമസ്ഥതയും വകുപ്പ് ഡയറക്ടർക്കാണ് സർക്കാർ നൽകിയിട്ടുള്ളത്. എന്നാൽ വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പരിശോധിച്ചതിൽ നിന്ന് ഉടമസ്ഥാവകാശം മെഡിക്കൽ കോളേജ് സൂപ്രണ്ടിനാണ്.

7. കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 339 പ്രകാരം മാലിന്യം നീക്കം ചെയ്യുന്നതിന് യാതൊരാളും അതിൽ ഉള്ള വസ്തുക്കൾ വെളിയിൽ പോകുന്നതോ ദുർഗ്ഗന്ധമോ തടയുന്നതിന് മതിയായ മൂടി ഇല്ലാതെ ഏതെങ്കിലും വണ്ടിയോ ഉപയോഗിക്കാൻ പാടില്ലാത്തതാണെന്നും ഏതെങ്കിലും മാലിന്യം ഏതെങ്കിലും പൊതു സ്ഥലത്ത് വെക്കുകയോ നിക്ഷേപിക്കുകയോ ചെയ്യാൻ പാടില്ലാത്തതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ശരിയായ വിധത്തിൽ മൂടിയുള്ള വാഹനം മാത്രമെ ഖരമാലിന്യങ്ങൾ നീക്കം ചെയ്യാനായി ഉപയോഗിക്കാവൂ എന്ന് 2016 ലെ സോളിഡ് വെയ്സ്റ്റ് മാനേജ്മെന്റ് ചട്ടങ്ങളിലും നിഷ്കർഷിച്ചിട്ടുണ്ട്. ഖരമാലിന്യങ്ങൾ നീക്കം ചെയ്യുമ്പോൾ അവ പൊതുജനങ്ങൾക്ക് ദൃശ്യമാകരുതെന്നും മേൽ ചട്ടം നിഷ്കർഷിക്കുന്നു. കൂടാതെ വാഹനങ്ങളിൽ ജി.പി.എസ് സംവിധാനം, മലിനീകരണ നിയന്ത്രണ ബോർഡിന്റെ എൻ.ഒ.സി എന്നിവയും നിർബന്ധമാണ്. എന്നാൽ മേൽ വ്യവസ്ഥകൾ പാലിച്ച് ശരിയായ വിധത്തിൽ മൂടിയുള്ള വാഹനമാണ് വാങ്ങിയത് എന്നത് ഫയലുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമല്ല.

അപാകങ്ങൾക്ക് മറുപടി നൽകുന്നതിനും, വാഹനം കൈമാറിയതിന്റെയും സ്റ്റോക്കിലെടുത്തതിന്റെയും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാനുമാവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണകുറിപ്പ് നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയെങ്കിലും (24/2022-23, തീയ്യതി.13.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-13 കയാക്കിംഗ്-DTPC യ്ക്ക് വിഹിതം നൽകൽ - അപാകങ്ങൾ

പ്രൊജക്ട് നമ്പർ, പേര് : S0611/23 കയാക്കിംഗ് -ഡി.ടി.പി.സി യ്ക്ക് വിഹിതം നൽകൽ

വകയിരുത്തിയ തുക : 500000/- (തനത്ഫണ്ട്)

ചെലവ് തുക, ബിൽ നം, തിയ്യതി : 500000/- 401/24.11.2022

നിർവഹണം : സെക്രട്ടറി

ഫയൽ നമ്പർ : പി.ഇ.2-3033/2022

കോഴിക്കോട് ജില്ലാ പഞ്ചായത്തും ജില്ലാ ഭരണകൂടവും ഡി.ടി.പി.സി യും സംയുക്തമായി മലബാർ റിവർ ഫെസ്റ്റ് എന്ന പേരിൽ നടപ്പിലാക്കുന്ന അന്താരാഷ്ട്ര വൈറ്റ് വാട്ടർ കയാക്കിംഗ് മത്സരത്തിന് 22.5.2022 ലെ മലബാർ റിവർ ഫെസ്റ്റിവലിന്റെ ആലോചനായോഗതീരുമാനം, 21.6.2022 ലെ 60/22(1) ഭരണസമിതി തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്ത് വിഹിതമായി 2022-23 വാർഷിക പദ്ധതിയിൽ 5,00,000/- രൂപ ഡി.ടി.പി.സിയുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

1) പൊജക്ട് ഫോറം പ്രകാരം 21.6.2022 ലെ 60/22(1) നമ്പർ ഭരണാനുമതിയുടെ അടിസ്ഥാനത്തിലാണ് പ്രൊജക്ട് തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ 21.06.2022 ലെ ഭരണസമിതി മിനുട്ട്സ് പരിശോധിച്ചതിൽ പ്രസ്തുത പ്രൊജക്ടിന് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടില്ല എന്ന് കാണുന്നു.

2) സ.ഉ(കൈ) 84/2022/ത.സ്വ.ഭ.വ തി. 19.04.2022 പതിനാലാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.7.5(5) പ്രകാരമുള്ള വ്യവസ്ഥ പാലിച്ചുകൊണ്ട് പദ്ധതികൾക്ക് ഡി.പി.സി അംഗീകാരം ലഭ്യമാക്കേണ്ടതാണ്. മാർഗ്ഗരേഖയിൽ പരാമർശിക്കപ്പെടാത്ത പ്രൊജക്ടുകളിൽ സർക്കാർ അനുമതി ലഭ്യമാക്കേണ്ടതുണ്ട്. മേൽ ഉത്തരവിലെ ഖണ്ഡിക നമ്പർ 8.11, 8.15 എന്നിവയിലെ നിബന്ധനകൾക്കനുസൃതമായല്ല പദ്ധതി ആവിഷ്കരിച്ചത്. സർക്കാറിന്റെ മുൻകൂർ അനുമതി ലഭ്യമാക്കാതെ ഡി.പി.സി അംഗീകാരം ലഭ്യമാക്കി പദ്ധതി നടപ്പിലാക്കിയതിന് മറുപടി നൽകേണ്ടതാണ്.

2) പ്രൊജക്ട്ഫയലിലെ ഓഫീസ് കുറിപ്പിൽ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കാൻ നിർദ്ദേശിച്ചെങ്കിലും തുടർനടപടികളുടെ വിവരം ലഭ്യമല്ല. 19.9.2022 ലെ 1273/DTPC/KKD/22 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ഡി.ടി.പി.സി യ്ക്ക് തുക കൈമാറുകയാണ് ചെയ്തത്.

4) പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ 3.8.1(3) പ്രകാരം പ്രൊജക്ട് അംഗീകരിക്കുന്ന ഉദ്യോഗസ്ഥനും നിർവഹണം നടത്തുന്ന ഉദ്യോഗസ്ഥനും ഒരാളാകാൻ പാടില്ല. എന്നാൽ ഈ പ്രൊജക്ടിൽ നിർവഹണം നടത്തുന്നതും അംഗീകരിക്കുന്നതും ഒരേ ഉദ്യോഗസ്ഥനാണ്.

മേൽ അപാകങ്ങൾക്കുള്ള മറുപടി 30.09.2023 നകം ഈ കാര്യാലയത്തിൽ ലഭ്യമാക്കാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി (നമ്പർ 13 തിയ്യതി 19.09.2023) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതും പദ്ധതിയ്ക്ക് വികേന്ദ്രീകൃതാസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

## 1-14 ഒരേ ചെലവിന് 2 പ്രൊജക്ടുകളിൽ നിന്നും തുക ചെലവഴിച്ചു

2022-23 വർഷത്തിൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി മീറ്റിംഗ് ഹാളിലേയ്ക്കും ഓഡിറ്റോറിയത്തിലേയ്ക്കും പ്രൊജക്ടർ, ലാപ്ടോപ്പ്, വാട്ടർ പ്യൂരിഫൈയർ എന്നിവ വാങ്ങുന്നതിനായി പ്രൊജക്ട് നമ്പർ S0055/23 നടപ്പിലാക്കുകയും ജില്ലാ

പഞ്ചായത്ത് ഓഫീസിലേയ്ക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ, കമ്പ്യൂട്ടർ, പ്രിന്റർ, ലാപ്ടോപ്പ് എന്നിവ വാങ്ങുന്നതിനായി പ്രൊജക്ട് നമ്പർ S0058/23 നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. 2 പ്രൊജക്ടിലും സാധനങ്ങൾ വാങ്ങിയത് ജെം പോർട്ടൽ മുഖേനയാണ്. പ്രൊജക്ട് പ്രകാരം വാങ്ങിയ സാധനങ്ങളും ചെലവഴിച്ച തുകയുടെയും വിശദാംശം താഴെ കൊടുക്കുന്നു.

| | | | |
|---|---|---|---|
| പ്രൊജക്ട് നമ്പർ 58/23- ജില്ലാ പഞ്ചായത്ത് ഓഫീസിലേയ്ക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ, കമ്പ്യൂട്ടർ ,പ്രിന്റർ, ലാപ്ടോപ്പ് എന്നിവ വാങ്ങൽ | | | |
| അടങ്കൽ തുക – 1,41,122 /- (തനത്ഫണ്ട്), ചെലവ് തുക – 77,225 (ബിൽ നമ്പർ 137/22-23 Dt.5.9.2022) | | | |
| ക്രമ നം | ഇനം | ചെലവു തുക | ഇൻവോയ്സ് നമ്പർ |
| 1 | ലാപ്ടോപ്പ് Acer I5 | 56,355 | RJE00801/22-23 Dt.30.7.2022 |
| 2 | കമ്പ്യൂട്ടർ SDD | 4,800 | RJE00803/22-23 Dt.30.7.2022 |
| 3 | DDR4 -4GB ലാപ്ടോപ്പ് Ram | 2,870 | RJE00804/22-23 Dt.30.7.2022 |
| 4 | Brother Printer HL | 13,200 | RJE00805/22-23 Dt.30.7.2022 |
| ആകെ | | 77,225 | |

| | | | |
|---|---|---|---|
| പ്രൊജക്ട് നമ്പർ 55/23- ജില്ലാ പഞ്ചായത്ത് മീറ്റിംഗ് ഹാളിലേയ്ക്കും ഓഡിറ്റോറിയത്തിലേയ്ക്കും പ്രൊജക്ടർ, ലാപ്ടോപ്പ്, വാട്ടർ പ്യൂരിഫയർ എന്നിവ വാങ്ങൽ | | | |
| അടങ്കൽ തുക – 1,82,000/- (തനത്ഫണ്ട്), ചെലവ് - 97,225/-, | | | |
| (1) ബിൽ നമ്പർ - 149/2022-23, തീയ്യതി - 12.09.2022 – 53,263/-<br>(2) ബിൽ നമ്പർ,- 50/2022-23തീയ്യതി - 01.08.2022 – 43,962/- | | | |
| ക്രമ നം | ഇനം | ചെലവു തുക | ഇൻവോയ്സ് നമ്പർ |
| 1 | പ്രൊജക്ടർ | 47,526 | EBS/384/22-23 Dt.6.6.2022 |
| 2 | സ്ക്രീൻ | 5,737 | EBS/383/22-23 Dt.6.6.2022 |

| | | | |
|---|---|---|---|
| 3 | ലാപ്ടോപ്പ് Acer I3 | 37,192 | RJE00800/22-23 Dt.30.7.2022 |
| 4 | കമ്പ്യൂട്ടർ SDD | 3,900 | RJE00802/22-23 Dt.30.7.2022 |
| 5 | DDR4 -4GB ലാപ്ടോപ്പ് Ram | 2,870 | RJE00804/22-23 Dt.30.7.2022 |
| ആകെ | | 97,225 | |

1. പട്ടിക-1 ക്രമ നമ്പർ 3 പ്രകാരം ലാപ്ടോപ്പ് RAM വാങ്ങിയ വകയിൽ RJ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന് ഇൻവോയ്സ് RJE00804/22-23 Dt.30.7.2022 പ്രകാരം 2,870/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ പട്ടിക – 2 ലെ ക്രമനമ്പർ 5 പ്രകാരം അതേ ഇൻവോയ്സിന് വീണ്ടും 2,870/- രൂപ അനുവദിച്ചതായി കാണുന്നു. തുക നൽകിയതിൽ ഇരട്ടിപ്പ് ഉണ്ടായിട്ടുണ്ട്. മാത്രമല്ല പട്ടിക 2 പ്രകാരമുള്ള പ്രൊജക്ടിൽ വാങ്ങിയ Ram സ്റ്റോക്കിലെടുത്തതിന്റെ രേഖപ്പെടുത്തലുകൾ ഇൻവോയ്സിലില്ല.
2. 2 പ്രൊജക്ടുകളും ജെം പോർട്ടൽ മുഖേനയാണ് നടപ്പിലാക്കിയത്. 2 പ്രൊജക്ടുകളുടെയും കംപാരിസൺ സ്റ്റേറ്റ്മെന്റ് , സപ്ലൈ ഓർഡർ, പ്രൊഫോർമ ഇൻവോയ്സ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. സ്ഥാപനങ്ങൾ ലഭ്യമാക്കിയ ഇൻവോയ്സിൽ സ്പെസിഫിക്കേഷൻ രേഖപ്പെടുത്താത്തതിനാൽ ഓർഡർ ചെയ്തിട്ടുള്ള ഉപകരണങ്ങൾ തന്നെയാണോ ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമല്ല. ഇൻവോയ്സ് പ്രകാരം വാങ്ങിയ ഉപകരണങ്ങൾ സ്പെസിഫിക്കേഷൻ പ്രകാരമുള്ളതാണെന്ന് ടെക്നിക്കൽ കമ്മിറ്റി ഉറപ്പുവരുത്തിയതായും കാണുന്നില്ല.

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറിയ്ക്ക് (21/2022-23, 17 .10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 2870/- രൂപ തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ചെലവ് രേഖകൾ - ലഭ്യമല്ല

2022-23 സാമ്പത്തിക വർഷത്തെ പദ്ധതി രൂപീകരണ, നിർവ്വഹണ മോണിറ്ററിങ് ചെലവുകൾക്കായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രൊജക്ട് നമ്പർ 484/23 പ്രകാരം വിവിധ ബില്ലുകളിലായി ആകെ 3,20,526 രൂപ ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി പ്രകാരം മേൽ തുക ജനകീയാസൂത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന റിസോഴ്സ്പേഴ്സൺന്റെ ഹോണറേറിയം, ടെണ്ടർ പത്രപരസ്യം, വിവിധ യോഗങ്ങൾ, വികസന സെമിനാർ, വയോജനദിനാഘോഷം എന്നിവയ്ക്കാണ് തുക ചെലവഴിച്ചിരിക്കുന്നത്. ഇതിൽ 43,100/- (ബിൽ നമ്പർ- 791/6.2.2023) രൂപയുടെ ചെലവ് രേഖകൾ ഫയലിൽ ലഭ്യമല്ല .ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പി6/2827/22 Dt.29.01.2023 നടപടിക്രമം പ്രകാരമാണ് തുക ചെലവഴിച്ചത്. ക്രമനമ്പർ 9 പ്രകാരം ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (20/2023, തിയ്യതി. 17.10.2023) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ 43,100/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-16 1,67,72,321/- രൂപയുടെ കാലഹരണപ്പെട്ട ഡപ്പോസിറ്റുകൾ തനത് ഫണ്ടിൽ മുതൽ കൂട്ടിയില്ല.

കേരള ഫിനാൻഷ്യൽ കോഡ്, ആർട്ടിക്കൾ 282, 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ടസ്) ചട്ടങ്ങളിലെ ചട്ടം.79 എന്നിവ പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ കാലാവധി കഴിഞ്ഞതും തിരികെ കൈപ്പറ്റാത്തതുമായ ഡപ്പോസിറ്റുകൾ നിശ്ചിത കാലയളവിനു ശേഷം പഞ്ചായത്ത് അക്കൗണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. (3 വർഷത്തിലധികമായ ഡപ്പോസിറ്റുകൾ) ലാപ്സായതായി കണക്കാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. എന്നാൽ ജില്ലാ പഞ്ചായത്തിന്റെ ഡപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2015-16 മുതൽ 2019-20 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ഡപ്പോസിറ്റ് തുക 1,67,72,321/- കാലഹരണപ്പെട്ടിട്ടും പഞ്ചായത്ത് തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. ഡപ്പോസിറ്റുകളുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സാമ്പത്തിക വർഷം | തുക |
|---|---|
| 2015-16 | 44,835 |
| 2016-17 | 5,50,324 |
| 2017-18 | 9,27,926 |
| 2018-19 | 1,41,27,450 |

| | |
|---|---|
| 2019-20 | 11,21,786 |
| ആകെ | 1,67,72,321 |

കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുക പഞ്ചായത്ത് തനത് ഫണ്ടിലേക്ക് മുതൽ കൂട്ടി തടസ്സവാദം ഒഴിവാക്കേണ്ടതുമാണ്.

## 1-17 നെൽവയലുകളും ജലസേചന സൗകര്യങ്ങളും പഠനറിപ്പോർട്ട്-ആവശ്യകത വ്യക്തമല്ല.

| | |
|---|---|
| പദ്ധതി പേര്, നം | കോഴിക്കോട് ജില്ലയിലെ നെൽവയലുകളും ജലസേചന സൗകര്യങ്ങളും സമഗ്രപഠനം , S0498/23 |
| നിർവ്വഹണം | ഡെപ്യൂട്ടി ഡയറക്ടർ, കൃഷി (ജലവിഭവം) |
| ആകെ അടങ്കൽ തുക | 20,06,000/- രൂപ (വികസനഫണ്ട്-ജനറൽ) |
| 2021-22 വർഷ ചെലവ് | 12,06,000/- രൂപ |
| 2022-23 വർഷ ചെലവ് | 5,00,000/- രൂപ (BRN-22160152027301539828/28.3.2023) |
| ആകെ ചെലവ് തുക | 17,06,000/- രൂപ |

കോഴിക്കോട് ജില്ലയിലെ മുഴുവൻ നെൽവയലുകൾ, അവയുടെ ജലസേചന സൗകര്യങ്ങൾ, തരിശ് വയലുകൾ എന്നിവയുടെ ഡാറ്റാ മാപ്പിംഗ് തുടങ്ങിയവ ഉൾപ്പെടുന്ന ഒരു സമഗ്രപഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് 2021-22 സാമ്പത്തിക വർഷം ജില്ലാ പഞ്ചായത്ത് സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡവലപ്പ്മെന്റ് & മാനേജ്മെന്റ് കുന്ദമംഗലം (CWRDM) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി നടപ്പിലാക്കിയിരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ 12,06,000/- രൂപയും, 2022-23 വർഷത്തിൽ 5,00,000/- രൂപയും മേൽ ഏജൻസിക്ക് കൈമാറിയിട്ടുണ്ട്. സമഗ്ര പഠനത്തിന്റെ അന്തിമ കരട് റിപ്പോർട്ട് (Final Draft Report) CWRDM മാർച്ച് 2023 ന് ജില്ലാ പഞ്ചായത്തിന് കൈമാറി. അന്തിമ റിപ്പോർട്ട് ഡിസംബർ 2023 ലും ലഭിച്ചിട്ടില്ല. അന്തിമ കരട് റിപ്പോർട്ട്, പ്രൊജക്ട് ഫയൽ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. പഠനറിപ്പോർട്ട് ശുപാർശയ്ക്കു മുൻപ് തന്നെ പദ്ധതി നടപ്പാക്കി – പഠനറിപ്പോർട്ടിന് പ്രസക്തി ഇല്ലാതായി

കൃഷി ഭൂമിയുടെയും തരിശുഭൂമിയുടെയും നിലവിലെ വ്യാപ്തി, കഴിഞ്ഞ പത്ത് വർഷങ്ങളായിട്ടുള്ള ഭൂവിനിയോഗങ്ങളിലെ മാറ്റങ്ങൾ , നിലം തരിശായി കിടക്കുന്നതിലെ കാരണങ്ങളും തരിശുഭൂമിയെ കൃഷി ഭൂമിയാക്കുന്നതിനുള്ള തടസ്സങ്ങളും തിരിച്ചറിയുക, നെല്ലിന്റെ ഉല്പാദനക്ഷമത വർധിപ്പിക്കുന്നതിനായി കാര്യക്ഷമമായ ജലവിനിയോഗത്തിന് ആവശ്യമായ ശുപാർശകൾ നടത്തുക എന്നിവയാണ് പഠന റിപ്പോർട്ടിന്റെ ലക്ഷ്യം. അന്തിമ കരട് റിപ്പോർട്ടിൽ ഓരോ പാടശേഖരവും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പരിഹാരങ്ങളും അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

ഡെപ്യൂട്ടി ഡയറക്ടർ (കൃഷി), CWRDM എക്സിക്യൂട്ടീവ് ഡയറക്ടറുമായി 06.12.2021 ന് ഒപ്പുവച്ച ധാരണാപത്രം പ്രകാരം മാർച്ച് 2022 നകം ഫൈനൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ അന്തിമ റിപ്പോർട്ട് ഡിസംബർ 2023 വരെയും ലഭ്യമായിട്ടില്ല. തരിശു നിലങ്ങൾ കണ്ടെത്തി കൃഷി യോഗ്യമാക്കുന്നതിന് 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ ജില്ലാ പഞ്ചായത്ത് "കതിരണി തരിശ് രഹിത ജില്ല" എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് (പദ്ധതി നമ്പർ- S0099/22, പദ്ധതി നമ്പർ S00553/23). തരിശുഭൂമി സംബന്ധിച്ചുള്ള കൃഷി ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് മേൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയത്. ജില്ലയിലെ തരിശ് ഭൂമിയെ സംബന്ധിച്ചുള്ള സ്ഥിതി വിവരം നിലവിൽ ലഭ്യമായിരിക്കെ പ്രത്യേക പഠനറിപ്പോർട്ടിന്റെ ആവശ്യകത സംബന്ധിച്ച് 2021-22 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുകയും ചെലവ് തടസ്സപ്പെടുത്തുകയും ചെയ്തിരുന്നു. രണ്ട് വർഷങ്ങളിലുമായി ആകെ 1,04,51,082/- (48,44,266 + 56,06,816) രൂപ ചെലവഴിച്ച് തരിശുഭൂമി കൃഷിയോഗ്യമാക്കുന്ന പ്രവൃത്തി നടന്നിട്ടുണ്ട്. ജില്ലയിലെ കൃഷിഭൂമികളും തരിശുഭൂമികളും Map ചെയ്യുന്നതിനും തരിശുഭൂമിയെ കൃഷിഭൂമിയാക്കുന്നതിനുള്ള പഠനത്തിനുമായി തയ്യാറാക്കിയ, സമഗ്രറിപ്പോർട്ട് അടിസ്ഥാനപ്പെടുത്തിയായിരിക്കണം "കതിരണി തരിശ് രഹിത ജില്ല" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടിയിരുന്നത്. എന്നാൽ സമഗ്രറിപ്പോർട്ട് ലഭിക്കുന്നതിനു മുൻപ് തന്നെ നാളിതുവരെ 1.04 കോടി രൂപ തരിശ്ഭൂമി കൃഷിയോഗ്യമാക്കുന്നതിന് ചെലവഴിച്ചു. കരട് സമഗ്രറിപ്പോർട്ടിൽ, ജില്ലയിലെ ഓരോ പാടശേഖരവും അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളെക്കുറിച്ച് വിശദമാക്കുകയും അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലയിലെ തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിന് 2021-22 സാമ്പത്തിക വർഷം മുതൽ തുടർച്ചയായി "കതിരണി തരിശുരഹിത ജില്ല" എന്ന പദ്ധതി ജില്ലാപഞ്ചായത്ത് നടപ്പിലാക്കി വരുന്നു.

കരട് റിപ്പോർട്ട് (പേജ് നമ്പർ -38) പ്രകാരം ജില്ലയിൽ ആകെ 1701.9 ഹെക്ടർ തരിശുഭൂമിയും (നഗരസഭ പരിധിയൊഴികെ) നിർവഹണ ഉദ്യോഗസ്ഥയുടെ റിപ്പോർട്ട് പ്രകാരം 1323 ഹെക്ടർ തരിശുഭൂമിയുമാണുള്ളത്. ആയതിൽ 211 ഹെക്ടർ ഭൂമി കൃഷിയോഗ്യതാക്കിയതായി ഡെപ്യൂട്ടി ഡയറക്ടർ ഫയലിൽ സൂചിപ്പിക്കുന്നു. സമഗ്രറിപ്പോർട്ടിൽ (കരട്) നിർദ്ദേശിച്ച പ്രവൃത്തികൾ തന്നെയാണ് കതിരണി തരിശ് രഹിത ജില്ല എന്ന പദ്ധതി മുഖേന ഇതിനകം നടപ്പാക്കിയതും ഇപ്പോൾ നടപ്പിലാക്കി വരുന്നതും. പദ്ധതി നടപ്പിലാക്കുന്നതിന് മുന്നോടിയായി 'സമഗ്രറിപ്പോർട്ട്' തയ്യാറാക്കിയിരുന്നെങ്കിൽ ആയതിലെ നിർദ്ദേശങ്ങളും

പരിഹാരമാർഗ്ഗങ്ങളും പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് സഹായകമാകുമായിരുന്നു. CWRDM ഉം നിർവഹണ ഉദ്യോഗസ്ഥയും തമ്മിലുള്ള ധാരണാപത്ര പ്രകാരം മാർച്ച് 2022 നകം റിപ്പോർട്ട് സമർപ്പിക്കണം എന്നായിരുന്നു നിബന്ധന. എന്നാൽ പ്രസ്തുത തിയ്യതിയ്ക്കു മുൻപു തന്നെ (2021-22) 'കതിരണി പദ്ധതി' ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുണ്ട്. തരിശുഭൂമി കൃഷി യോഗ്യമാക്കുന്നതിന്റെ രണ്ടാം ഘട്ടം 2022-23 ൽ അവസാനിച്ചിട്ടും അന്തിമ പഠന റിപ്പോർട്ട് ഡിസംബർ 2023 ലും ജില്ലാ പഞ്ചായത്തിന് ലഭ്യമായില്ല. തരിശുഭൂമി കൃഷി യോഗ്യമാക്കിയതിനു ശേഷം ലഭിക്കുന്ന സമഗ്ര റിപ്പോർട്ടിന്റെ പ്രസക്തി വ്യക്തമല്ല. പഠന റിപ്പോർട്ടിലെ നിർദ്ദേശങ്ങൾക്കനുസരിച്ചല്ല ഇതിനകം നടത്തിയ പ്രവൃത്തിയെങ്കിൽ കൃഷി യോഗ്യമാക്കിയ തരിശുഭൂമി പൂർണ്ണമായും ഉപയോഗപ്പെടുത്താൻ കഴിയുമോ എന്നതും സംശയമാണ്. ചുരുക്കത്തിൽ 20 ലക്ഷത്തോളം രൂപ ചെലവഴിച്ച് തയ്യാറാക്കിയ പഠനറിപ്പോർട്ട് കൊണ്ട് ഗുണം ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്.

2. കൃഷി വകുപ്പിലും, സാമ്പത്തിക സ്ഥിതി വിവര വകുപ്പിലും ഗ്രാമപഞ്ചായത്തിലും ലഭ്യമായ വിവരങ്ങൾക്ക് പ്രത്യേകമായ പദ്ധതി രൂപീകരിച്ച പണം ചെലവഴിച്ചു.

19.04.2022 ലെ സ.ഉ.(കൈ) നം.84/2022 ത.സ്വ.ഭ.വ പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 8.1.(എ) 21 പ്രകാരം ഹരിതകേരളം മിഷന്റെ ഭാഗമായി കാർഷിക മേഖലയിൽ തരിശ് രഹിത ഗ്രാമം , ഹരിത സമൃദ്ധി വാർഡ് എന്നിവയിൽ ഏതെങ്കിലും ഒന്നുമായി ബന്ധപ്പെട്ട സംയോജിത പദ്ധതി നിർബന്ധമായും ഉണ്ടാകേണ്ടതും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കീഴിലുള്ള കൃഷിയോഗ്യമായതും അല്ലാത്തതുമായ തരിശുഭൂമിയെ സംബന്ധിച്ച കൃത്യമായ കണക്ക് ജനകീയ പങ്കാളിത്തതോടെ ശേഖരിക്കണം എന്നും നിഷ്കർഷിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ഖണ്ഡിക നമ്പർ 8.1.എ(24) പ്രകാരം കൃഷി ഇറക്കാതെ തരിശായി കിടക്കുന്ന നെൽവയലുകൾ കണ്ടെത്തി കൃഷിയിറക്കേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ ചുമതലയാണ്. മാത്രമല്ല ഖണ്ഡിക 8.1.(ബി) (4) പ്രകാരം മണ്ണ്, ജലസംരക്ഷണ പ്രവൃത്തികൾ, ജലസേചന/ ജലനിർഗ്ഗമന പ്രൊജക്ടുകൾ , പരിസ്ഥിതി സംരക്ഷണ പ്രവൃത്തികൾ, വനവത്കരണ പ്രവൃത്തികൾ എന്നിവ നീർത്തട മാസ്റ്റർ പ്ലാനിനെ ആധാരമാക്കി വേണം നടപ്പിലാക്കേണ്ടതും എന്നും നിഷ്കർഷിക്കുന്നു. മാത്രമല്ല , നാളിതുവരെ 'കതിരണി തരിശ് രഹിത ജില്ല' പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്ത ജലസേചന/ ജലനിർഗ്ഗമന പ്രവൃത്തികൾ നീർത്തട മാസ്റ്റർ പ്ലാനിനെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാണോയെന്ന് വ്യക്തമല്ല.

കരട് അന്തിമ റിപ്പോർട്ടിലെ 2.2 എന്ന ഭാഗം സാറ്റലൈറ്റ് ഡാറ്റ അടിസ്ഥാനപ്പെടുത്തിയും ബ്ലോക്ക് തല ഗ്രൂപ്പ് ചർച്ചയിലൂടെയും സ്ഥല പരിശോധനയിലൂടെയുമാണ് തയ്യാറാക്കിയത് എന്ന് കാണുന്നു. തരിശുഭൂമിയുടെയും, ജലവിനിയോഗത്തിന്റെയും കൃഷിഭൂമിയുടെയും ഡാറ്റ സാമ്പത്തിക സ്ഥിതി വിവര വകുപ്പ് , കൃഷി ഓഫീസുകൾ, ഗ്രാമപഞ്ചായത്തുകൾ എന്നിവ മുഖേനെ ലഭ്യമായിരിക്കെ പ്രത്യേക പഠനറിപ്പോർട്ട് തയ്യാറാക്കുന്നതിന് വലിയ തുക ചെലവഴിച്ച് മറ്റൊരു ഏജൻസിയെ ചുമതലപ്പെടുത്തിയതിന്റെ ആവശ്യകത വ്യക്തമല്ല. അപാകങ്ങൾക്ക് മറുപടി നൽകാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി 40/22-23 തി.1.12.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദമായ മറുപടി നൽകേണ്ടതാണ്. ചെലവ് തുകയായ 5,00,000 രൂപ തടസ്സപ്പെടുത്തുന്നു. വ്യക്തമയ മറുപടി ലഭ്യമാക്കാത്തപക്ഷം ഈ പദ്ധതിക്ക് ഇതുവരെ ചെലവഴിച്ച മുഴുവൻ തുകയും നിരാകരിക്കുന്നതാണ്.

## 1-18 കതിരണി തരിശുരഹിത ജില്ല- കൃഷിയോഗ്യമാക്കിയ ഭൂമിയിൽ പൂർണ്ണമായും കൃഷി ചെയ്യുന്നില്ല മറ്റ് അപാകങ്ങളും

കോഴിക്കോട് ജില്ലാ പഞ്ചായത്ത് 2022-23 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ജല വിനിയോഗം) നിർവ്വഹണം നടത്തുന്ന പ്രൊജക്ട് "കതിരണി തരിശ് രഹിത ജില്ല" കോഴിക്കോട് ജില്ലയെ തരിശ് രഹിത ജില്ലയായി മാറ്റുന്നതിന്റെ ഭാഗമായാണ് നടപ്പിലാക്കുന്നത്. പാടശേഖര സമിതിയുടെ കീഴിലുള്ള '3' വർഷത്തിൽ കൂടുതൽ തരിശായി കിടക്കുന്ന 10 മുതൽ 50 ഏക്കർ വരെയുള്ള പാടശേഖരമാണ് പദ്ധതിയ്ക്കായി തെരഞ്ഞെടുത്തത്. എന്നാൽ മനുഷ്യാധ്വാനം കൊണ്ടോ നിലവിലെ കാർഷിക യന്ത്രങ്ങൾ ഉപയോഗിച്ചോ കൃഷിയിലേയ്ക്ക് കൊണ്ടുവരാൻ കഴിയാത്തതിനാൽ അനവധി വർഷങ്ങളായി നിലങ്ങൾ തരിശായി കിടക്കുകയാണ്. വെള്ളക്കെട്ടും അനിയന്ത്രിതമായ കളകളും ചല്ലിയും പുൽക്കാടുകളും ഇഴജന്തുക്കളും ചേർന്ന തീർത്തും ഉപയോഗശൂന്യമായ നിലവിലെ ഈ വയലുകളിൽ പുതുതായി നീർവാർച്ച സൗകര്യം ഏർപ്പെടുത്തിയും കാടുകൾ നീക്കംചെയ്തും നികന്നുപോയ തോടുകൾ പുനസ്ഥാപിച്ചും പാടശേഖരങ്ങൾ കൃഷിയിടമാക്കി മാറ്റിയെടുക്കുകയും ആയതിൽ പാടശേഖരസമിതികളുടെ സഹായത്താൽ കൃഷിയിറക്കുകയും ചെയ്യുകയാണ് നൂതന പദ്ധതിയുടെ ലക്ഷ്യം.

കേരള സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള യന്ത്രവത്കരണ മിഷനുമായി ചേർന്നാണ് പദ്ധതി നടപ്പിലാക്കുന്നത്. റീബിൽഡ് കേരള ഇനീഷ്യേറ്റീവിന്റെ ഭാഗമായി തദ്ദേശീയമായി വികസിപ്പിച്ചെടുത്ത അതിനൂതന യന്ത്രമായ അഗ്രോ ഡ്രഡ്ജ് ക്രാഫ്റ്റ് ഉപയോഗിച്ച് ജലനിർഗ്ഗമനം/നീർവാർച്ച നടപ്പാക്കുന്നു. അക്വാട്ടിക് വീഡ് ഷ്രഡ്ഡർ എന്ന നൂതന യന്ത്രം ഉപയോഗിച്ച് വർഷങ്ങളായി പാടശേഖരത്തിൽ വളർന്നു നിൽക്കുന്ന കാടുകളും ചല്ലിയും നീക്കം ചെയ്യുന്നു. 65 HP യുള്ള ട്രാക്ടർ ഉപയോഗിച്ച് വയൽ ആദ്യ ഘട്ടം ഉഴുതു മറിക്കുന്നു. യന്ത്രങ്ങളുടെ വാടകനിരക്കിന് ജില്ലാതല കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്.

2021-22 വർഷത്തിന്റെ തുടർച്ചയായി തൻ വർഷവും പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. അത്തോളി, കീഴരിയൂർ, തിക്കോടി, മേപ്പയ്യൂർ, വേളം തുടങ്ങിയ ഗ്രാമപഞ്ചായത്തുകളിലെ തരിശായ വിവിധ പാടശേഖരങ്ങളാണ് കൃഷിയോഗ്യമാക്കിയത്. പദ്ധതിയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ(കൃഷി) |
| പദ്ധതി നമ്പർ, പേര് | S0553/23, കതിരണി തരിശ് രഹിത ജില്ല, സംയോജിത പ്രൊജക്ട് |

| | |
|---|---|
| അടങ്കൽ | 35,00,000 (പൊതുവിഭാഗം, സാധാരണവിഹിതം)<br>25,00,000 (ഗ്രാമപഞ്ചായത്ത് വിഹിതം)<br>1,00,000 ( ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| ആകെ അടങ്കൽ | 61,00,000/- രൂപ |
| ചെലവ്- 56,06,816/-<br>ബിൽ നമ്പർ | 1. 22160152027301551514 / 29.03.2023 - 21395<br>2. 22160152027301551426 / 29.03.2023- 7,93,997<br>3. 22160152027301576613/ 31.03.2023- 85,580<br>4. 22160152027301576495/31.03.2023- 24,486<br>5. 22160152027301467124/24.03.2023- 45,000<br>6. 22160152027301515126/28.03.2023- 75,000<br>7. 22160152027301495569/27.03.2023- 4,48,815<br>8. 22160152027301579538/31.03.2023- 3,17,700<br>9. 22160152027301576553/31.03.2023- 9,88,088<br>10. 22160152027301576426/31.03.2023- 2,40,000<br>11. 22160152027301482422/25.03.2023- 25,66,755 |
| ആകെ | 56,06,816 |

പ്രൊജക്ട് പ്രകാരം അത്തോളി, കീഴരിയൂർ, തിക്കോടി എന്നീ ഗ്രാമപഞ്ചായത്തുകളിൽ സ്ഥിതി ചെയ്യുന്ന 5 പാടശേഖരങ്ങൾ കൃഷിയോഗ്യമാക്കി കൃഷിയിറക്കുന്നതിന് താഴെ പറയും പ്രകാരം 56,06,816 രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ ഇനം തിരിച്ചുള്ള ചെലവ് താഴെ കൊടുക്കുന്നു.

പട്ടിക 1

| ക്രമ നമ്പർ | പാട ശേഖരം | തരിശു ഭൂമിയുടെ വിസ്തൃതി (പഠന റിപ്പോർട്ട് പ്രകാരം) (ഹെ) | കൃഷിയോഗ്യമാക്കിയത് (പാടശേഖര സമിതി. കൃഷി ഓഫീസർ. KSAMM സ്പെഷൽ ഓഫീസറുടെ സാക്ഷ്യപത്രം അടിസ്ഥാനപ്പെടുത്തിയത്) (ഹെ) | കൃഷി ചെയ്ത വിസ്തൃതി (Hector) | ഉടമകൾക്ക് ധന സഹായം (₹) | വിത്തു വാങ്ങിയത് (₹) | കൃഷി ചെലവ് (₹) | വളം വാങ്ങിയത് (₹) | ട്രാക്ടർ വാടക (₹) | അഗ്രികൾച്ചർ റിസർച്ച് സ്റ്റേഷൻ (വാടക) | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | Aquatic Weed Shredder (₹) | John Dheere Tractor (₹) | Agro Dredge Craft (₹) |
| 1 | കണ്ടംചിറ | 220 | 30 | 9 | 45,000 | 28,800 | 1,88,940 | 82,060 | 15,200 | 7,65,967 | 67,606 | 2,75,196 |
| 2 | ചെറുപുഴ | 30 | | 2 | | | 70,000 | | | 6,37,373 | | 25,28,767 |
| 3 | നടയകം | 266 | 3 | 3 | | 18,248 | 34,752 | 22,000 | | 1,11,538 | 24,486 | |
| 4 | നാറാണി നട | 50 | | | | | | | | | | 2,93,930 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 5 | പൂക്കോട് | 20 | *23 | | | | | | | | 113,036 | 283,917 |
| ആകെ | | | | | 45000 | 47048 | 293692 | 104060 | 15200 | 1514878 | 205128 | 3381810 |

* ക്രമനമ്പർ 5 ൽ ആകെ കൃഷിയോഗ്യമാക്കാനുള്ള ഭൂമി 20 ഹെക്ടർ ആയിരിക്കെ 23 ഹെക്ടർ കൃഷിയോഗ്യമാക്കിയിട്ടുണ്ട് എന്നു കാണിച്ചതിന്റെ സാംഗത്യം വ്യക്തമല്ല. പ്രവൃത്തിയുമായി ബന്ധപ്പെട്ട പാടശേഖരസമിതി, കൃഷി ഓഫീസർ, Kerala State Agriculture Mechanisation Mission (KSAMM) സ്പെഷൽ ഓഫീസറുടെ സാക്ഷ്യപത്രത്തിലും ക്ലയിം സ്റ്റേറ്റ്മെന്റ് ഫോർ റീസ്റ്റോറേഷൻ വർക്കിലും പുനസ്ഥാപിച്ച ഭൂമി വ്യത്യസ്തമായി രേഖപ്പെടുത്തിയതിനാൽ പുനസ്ഥാപിച്ച ഭൂമിയുടെ കാര്യത്തിൽ വ്യക്തത ഇല്ല. ഈ തടസ്സവാദത്തിലെ ഖണ്ഡിക നമ്പർ 9 കൂടി കാണുക.

പദ്ധതി പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

1) പദ്ധതിയ്ക്ക് സർക്കാർ അംഗീകാരം ലഭ്യമാക്കിയില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 173(1), പട്ടിക.3 പ്രകാരം ജലമാർഗ്ഗങ്ങളും കനാലുകളും പരിരക്ഷിക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യചുമതലയും തരിശുഭൂമിയും പ്രാന്തപ്രദേശങ്ങളും കൃഷി ചെയ്യിപ്പിക്കുക എന്നത് മേഖലാടിസ്ഥാനത്തിൽപ്പെട്ട ചുമതലയുമാണ്. തരിശു ഭൂമി കൃഷിയോഗ്യമാക്കി കൃഷി ചെയ്യുക എന്നത് ജില്ലാപഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലയല്ല. സ.ഉ.(കൈ)84/2022 ത.സ്വ.ഭ.വ തി. 19.4.2022 8.1(എ)22 പ്രകാരം തരിശുഭൂമിയിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കൃഷി ചെയ്യാതെ ഒഴിഞ്ഞുകിടക്കുന്ന ഭൂമിയിൽ കൃഷിയിറക്കുന്നതിനും ത്രിതല പഞ്ചായത്തുകൾ പരാമവധി ശ്രദ്ധ നൽകണം എന്ന വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും നൂതനയന്ത്രങ്ങൾ ഉപയോഗപ്പെടുത്തിയുള്ള കാർഷികവൽക്കരണം കേരള പഞ്ചായത്ത് രാജിലോ പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖകളിലോ വ്യവസ്ഥ ചെയ്തിട്ടില്ല. 2021-22 വർഷത്തിൽ കതിരണി തരിശ് രഹിത പദ്ധതിയ്ക്ക് "നൂതനപദ്ധതി"യായി 4.3.2022 ലെ ജില്ലാതല വിദഗ്ധ സമിതി അംഗീകാരം ലഭ്യമാക്കിയിരുന്നു. മാത്രമല്ല 4.3.2022 ലെ ജില്ലാതല വിദഗ്ധ സമിതിയുടെ മിനിട്ട്സിൽ വരുംവർഷങ്ങളിൽ സർക്കാർ അംഗീകാരത്തിന് വിധേയമായി മാത്രമേ പ്രൊജക്ട് നടപ്പിലാക്കാവൂ എന്ന് യോഗം തീരുമാനിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരമോ പദ്ധതി ആസൂത്രണ , സബ്സിഡി മാർഗ്ഗരേഖ പ്രകാരമോ അല്ലാത്ത പ്രൊജക്ടുകളിൽ സർക്കാരിന്റെ പ്രത്യേക അനുമതി ആവശ്യമാണ്. എന്നാൽ ഈ പദ്ധതി 2022-23 ൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ അനുമതി ലഭ്യമാക്കിയിട്ടില്ല. സർക്കാർ അനുമതിയ്ക്കായി കത്ത് അയച്ചതായി ഫയലിൽ നിന്നും വ്യക്തമല്ല. 2022-23 വർഷത്തിൽ പദ്ധതിയ്ക്ക് ഡി.പി.സി അംഗീകാരം മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. (1/2022/DPC/DPO/KKD Dt.4.3.2023).

2. കാർഷികകലണ്ടർ അടിസ്ഥാനപ്പെടുത്തി പദ്ധതി പ്രവർത്തനം നടത്തിയില്ല.

കതിരണി -തരിശുരഹിത ജില്ലയുടെ പ്രവർത്തനകലണ്ടർ താഴെ കൊടുക്കുന്നു.

- വയലുകളുടെ പുനസ്ഥാപനം -സെപ്റ്റംബർ മുതൽ ഡിസംബർ വരെ
- ചല്ലിയും വലിയ കുറ്റിച്ചെടികളും നീക്കം ചെയ്യൽ -നവംബർ, ഡിസംബർ
- നിലമൊരുക്കൽ, കുമ്മായം ചേർക്കൽ -ഡിസംബർ , ജനുവരി മാസം വരെ
- വിത്തിടൽ, നടീൽ - ഡിസംബർ, ജനുവരി
- മറ്റ് കൃഷിപണികൾ -ഡിസംബർ , ജനുവരി, ഫെബ്രുവരി മാസം വരെ
- ജലസേചനം, കളപറിക്കൽ -ഡിസംബർ മാർച്ച്
- കൊയ്ത്ത് - മെയ്

പ്രവർത്തന കലണ്ടർ പ്രകാരം വയലുകൾ പുനസ്ഥാപിക്കേണ്ടത് സെപ്റ്റംബർ മുതൽ ഡിസംബർ വരെയാണെങ്കിലും വർഷം മുഴുവനും വയലുകൾ പുനസ്ഥാപിക്കുന്ന പ്രവൃത്തി ചെയ്തിട്ടുണ്ട്. ഉദാഹരണം താഴെ കൊടുക്കുന്നു.

പട്ടിക 2

| പാടശേഖരം | യന്ത്രം | തിയ്യതി |
|---|---|---|
| പൂക്കോട് | അഗ്രോ ഡ്രഡ്ജ് ക്രാഫ്റ്റ് | 12.01.2023 – 03.02.2023 (ജനുവരി, ഫെബ്രുവരി) |
| | ട്രാക്ടർ | 10.02.2023 – 13.02.2023, 21.03.2023 – 29.03.2023 |
| ചെറുപുഴ | അഗ്രോ ഡ്രഡ്ജ് ക്രാഫ്റ്റ് | 09.05.2022 – 28.06.2022, 22.07.2022 – 28.11.2022, 17.02.2023 – 13.03.2023 |
| | അക്വാട്ടിക് വീഡ് ഷ്രഡ്ഡർ | 13.06.2022 – 17.10.2022, 24.10.2022 – 04.11.2022 |
| കണ്ടംചിറ | അഗ്രോ ഡ്രഡ്ജ് ക്രാഫ്റ്റ് | 30.03.2022 – 09.04.2022 |
| | അക്വാട്ടിക് വീഡ് ഷ്രഡ്ഡർ | 05.12.2022 - 21.12.2022, 22.12.2022 – 30.12.2022 |
| | ട്രാക്ടർ | 06.12.2022 – 11.01.2023 |

പ്രവർത്തന കലണ്ടർ പ്രകാരം യന്ത്രങ്ങൾ ഉപയോഗിച്ച് തരിശ്ഭൂമി ഉപയോഗപ്രദമാക്കാത്തത് കാരണം "കതിരണി"യുടെ പ്രവൃത്തികൾ യഥാസമയം നടന്നില്ല. നാരാണി നട, പൂക്കോട് എന്നീ പാടശേഖരങ്ങളിലെ തരിശ് ഭൂമി കൃഷിയോഗ്യമാക്കിയതല്ലാതെ യാതൊരു കൃഷിയും ചെയ്തില്ല.

3) എസ്റ്റിമേറ്റ് പുതുക്കിയതിന്റെ കാരണം വ്യക്തമല്ല.

അഗ്രികൾച്ചർ റിസർച്ച് സ്റ്റേഷന്റെ 18.11.2022 ലെ SPOASC, 22.12.2022 ലെ SPOASC 069/2022 എന്നീ കത്തുകൾ പ്രകാരം കണ്ടംചിറ, നാരാണി നട, നടയകം,ചെറുപുഴ എന്നീ പാടശേഖരങ്ങളിലെ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. ആയത് പ്രകാരം അഗ്രോ ഡ്രഡ്ജ് ക്രാഫ്റ്റ്, അക്വാട്ടിക് വീഡ് ഷ്രഡ്ഡർ, ട്രാക്ടർ, പവർടില്ലർ, എന്നിവ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് നിരക്കുകൾ താഴെ കൊടുക്കുന്നു.

പട്ടിക 3

| ക്രമ നമ്പർ | പാടശേഖരം | എസ്റ്റിമേറ്റ് | പുതുക്കിയ എസ്റ്റിമേറ്റ് |
|---|---|---|---|
| 1 | കണ്ടംചിറ | 6,76,670 | 13,14,840 |
| 2 | ചെറുപുഴ | 43,39,100 | |
| 3 | നടയകം | 14,54,500 | |
| 4 | നാരാണിനട | 13,78,100 | |
| 5 | പൂക്കോട് | 1,67,750 | 2,13,950 |

05.01.2023 ലെ SPOASC/198/21(1) , SPOASC/198/21(2) കത്തുകൾ പ്രകാരം കണ്ടംചിറ പാടശേഖരത്തെയും പൂക്കോട് പാടശേഖരത്തെയും പുതുക്കിയ എസ്റ്റിമേറ്റുകൾ ലഭ്യമാക്കി. കണ്ടംചിറ പാടശേഖരത്തിന്റെ ആദ്യ എസ്റ്റിമേറ്റിൽ അഗ്രോ ഡ്രഡ്ജ് ക്രാഫ്റ്റ് 20 മണിക്കൂർ പ്രവർത്തിപ്പിക്കുന്നതായും രണ്ടാമത് സമർപ്പിച്ച എസ്റ്റിമേറ്റിൽ 192 മണിക്കൂർ പ്രവർത്തിപ്പിക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. പൂക്കോട് പാടശേഖരത്തിന്റെ പ്രവർത്തികളുടെ എസ്റ്റിമേറ്റിൽ അഗ്രോ ഡ്രഡ്ജ് ക്രാഫ്റ്റ് മാത്രമാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ ട്രാക്ടർ കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് ഭേദഗതി ചെയ്തു മേൽ പ്രവൃത്തികളുടെ കാര്യത്തിൽ എസ്റ്റിമേറ്റ് പുതുക്കിയതിനുള്ള കാരണം വ്യക്തമല്ല.

4) വർക്ക് എസ്റ്റിമേറ്റിനേക്കാളും അധിക പ്രവൃത്തി ചെയ്തു

പുതുക്കിയ വർക്ക് എസ്റ്റിമേറ്റ് പ്രകാരം പാടശേഖരങ്ങളിൽ യന്ത്രത്തിന്റെ പ്രവർത്തനസമയം താഴെ കൊടുക്കുന്നു. എന്നാൽ എസ്റ്റിമേറ്റിനേക്കാളും അധിക പ്രവൃത്തി നടത്തിയതായി ബില്ലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

പട്ടിക 4

| ക്രമ നമ്പർ | പാടശേഖരം | യന്ത്രം | എസ്റ്റിമേറ്റ് പ്രകാരം (മണിക്കൂർ) | 2022-23 വർഷത്തെ ബിൽ പ്രകാരം |
|---|---|---|---|---|
| 1 | പൂക്കാട് | അഗ്രോ ഡ്രഡ്ജ് ക്രാഫ്റ്റ് | 50 | 87.9 |
| | | ട്രാക്ടർ | 30 | 62.3 |

യന്ത്രങ്ങൾ എസ്റ്റിമേറ്റ് പ്രകാരമുള്ള സമയപരിധിയിലും അധികമായി പ്രവർത്തിക്കാനുള്ള സാഹചര്യം അഗ്രികൾച്ചർ റിസർച്ച് സ്റ്റേഷനോ കൃഷിഭവനോ പാടശേഖരസമിതിയോ വ്യക്തമാക്കിയില്ല. ഈ അധിക പ്രവൃത്തിക്ക് തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

5) മുൻവർഷം കൃഷിയോഗ്യമാക്കിയ തരിശുഭൂമിയിൽ തുടർവർഷങ്ങളിൽ കൃഷി ചെയ്തതായി ഉറപ്പുവരുത്താതെ പുതിയ തരിശുഭൂമികൾ നൂതനയന്ത്രങ്ങൾ ഉപയോഗിച്ച് കൃഷിയോഗ്യമാക്കുന്നു.

2021-22 വർഷത്തിൽ നടയകം പാടശേഖരത്തിലും കണ്ടംചിറ പാടശേഖരത്തിലും അഗ്രോ ഡ്രഡ്ജ് ക്രാഫ്റ്റ്, അക്വാട്ടിക് വീഡ് ഷ്രഡ്ഡർ എന്നീ യന്ത്രങ്ങൾ ഉപയോഗിച്ച് ആകെ 8,78,800 രൂപയുടെ പ്രവൃത്തി നടത്തിയിട്ടുണ്ട്. ( 2021-22 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക നമ്പർ , 1-19 കാണുക). 2022-23 വർഷത്തിൽ മേൽപറഞ്ഞ പാടശേഖരങ്ങൾ കൃഷിയോഗ്യമാക്കുന്നതിന് 12,44,793 രൂപയുടെ പ്രവൃത്തി നടത്തിയിട്ടുണ്ട്. 2021-22 വർഷത്തിൽ ഇരു പാടശേഖരങ്ങളിലുമായി ആകെ 18.6 ഹെക്ടർ (46 ഏക്കർ) ആണ് കൃഷി ചെയ്തത്. എന്നാൽ 2022-23 വർഷത്തിൽ 12 ഹെക്ടറിലേ ആകെ കൃഷി ചെയ്തിട്ടുള്ളൂ. (പട്ടിക 1 ക്രമനമ്പർ-1, 3) അധികമായി തരിശുഭൂമി കൃഷിയോഗ്യമാക്കിയിട്ടും മുൻവർഷത്തിനേക്കാൾ കുറഞ്ഞ വിസ്തൃതിയിലാണ്, 2022-23 വർഷത്തിൽ കൃഷിചെയ്തത്.

6) കൃഷിയോഗ്യമാക്കുന്ന ഭൂമിയും കൃഷിയിറക്കുന്ന ഭൂമിയും തമ്മിൽ വൻ അന്തരം-കൃഷിയോഗ്യമാക്കിയ ഭൂമി വീണ്ടും തരിശായി മാറാൻ സാധ്യത

“Integrated Study On The Reclamation Of Fallow Lands In Kozhikode District For Paddy Cultivation” പഠന റിപ്പോർട്ട് (കരട്) പ്രകാരം കണ്ടംചിറ, ചെറുപുഴ, നടയകം, നാരാണി നട, പൂക്കോട് പാടശേഖരങ്ങളുടെ ആകെ വിസ്തൃതിയും കൃഷിയോഗ്യമായതും തരിശു നിലത്തിന്റെയും വിസ്തൃതിയും(ഹെക്ടറിലുള്ളത്), മറ്റ് വിവരങ്ങളും താഴെ കൊടുക്കുന്നു.

പട്ടിക 5

| ക്രമ | പാടശേഖരം | ആകെ | കൃഷി | തരിശു | കൃഷിയോഗ്യ | 2022-23 | കൃഷിയോഗ്യ |
|---|---|---|---|---|---|---|---|

| നമ്പർ | * | വിസ്തൃതി (ഹെ) * | ചെയ്യുന്നത് * | ഭൂമി* | മാക്കിയത് **(ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം) | വർഷം കൃഷി ചെയ്തത് ** | മാക്കുന്നതിനുള്ള ചെലവ്** |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 1 | ചെറുപുഴ, കീഴരിയൂർ | 40 | 10 | 30 | 30 | 2 | 31,66,140 |
| 2 | കണ്ടംചിറ, മേപ്പയ്യൂർ | | 40 | 220 | 15 | 9 | 11,08,769 |
| 3 | നടയകം, തിക്കോടി | 300 | 34 | *266 | 10 | 3 | 1,36,024 |
| 4 | നാരാണിനട, വേളം | | | 50 | 5 | - | 2,93,930 |
| 5 | പൂക്കോട്, അത്തോളി | 25 | 5 | 20 | 10 | - | 3,969,53 |

*3,4,5 കോളങ്ങൾ പഠനറിപ്പോർട്ട്(കരട്) അവലംബിച്ചത്, ** 6,7,8 കോളങ്ങൾ 2022-23 പദ്ധതി നടത്തിയത് പ്രകാരമുള്ളത്.

(* പഠനറിപ്പോർട്ടിൽ ആകെയുള്ള 300 ഹെക്ടറിൽ 34 ഹെക്ടറിൽ കൃഷി ചെയ്യുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.)

നാരാണി നട പാടശേഖരത്തും പൂക്കോട് പാടശേഖരത്തും തൻവർഷം കൃഷി ചെയ്തിട്ടില്ല. കരട് പഠന റിപ്പോർട്ടിൽ കണ്ടംചിറ, നടയകം പാടശേഖരത്തായി ആകെ 74 ഹെക്ടറിൽ നിലവിൽ കൃഷി ചെയ്യുന്ന ഭൂമിയുണ്ട്. മുൻകാലങ്ങളിൽ കൃഷി ചെയ്തിരുന്ന 74 ഹെക്ടറിൽ ഉപരിയായി 2022-23 വർഷത്തിൽ കൃഷിയോഗ്യമാക്കിയ അധികഭൂമിയിലാണോ കർഷകർ കൃഷി ചെയ്തത് എന്നതിനുള്ള രേഖകൾ ഫയലിലില്ല. തരിശ്ഭൂമി കൃഷിയോഗ്യമാക്കിയ ശേഷം തുടർച്ചയായി കൃഷി ആരംഭിക്കാത്തപക്ഷം കാർഷികയോഗ്യമാക്കിയ ഭൂമി വീണ്ടും തരിശായി മാറാൻ സാധ്യതയുണ്ട്. 30 ഹെക്ടർ വിസ്തൃതിയുള്ള ചെറുപുഴ പാടശേഖരം കാർഷികയോഗ്യമാക്കുന്നതിന് 31,66,140/- (ആകെ പദ്ധതി തുകയുടെ പകുതിയോളം) രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും കേവലം 2 ഹെക്ടറിലാണ് കൃഷി ചെയ്തിരിക്കുന്നത്.

7) ഒരേ ചെലവിന് 2 പ്രാവശ്യം തുക കൈമാറി

പൂക്കോട് പാടശേഖരത്തിൽ 30 വർഷമായി തരിശായി കിടക്കുന്ന 10 ഹെക്ടർ പാടത്തിൽ 5 ഹെക്ടർ തരിശ് ഭൂമി കൃഷിയോഗ്യമാക്കിയതിന് 10.02.2023 മുതൽ 13.02.2023 വരെയുള്ള ദിവസങ്ങളിൽ ട്രാക്ടർ ഉപയോഗിച്ച് ഇൻവോയ്സ് പ്രകാരം 17,094/- രൂപ അഗ്രികൾച്ചർ റിസർച്ച് സ്റ്റേഷന് കൈമാറിയിട്ടുണ്ട്. ഒരേ ഇൻവോയ്സ് പ്രകാരമുള്ള ചെലവിന് വീണ്ടും 17,094/- രൂപ (12793+4301) അനുവദിച്ചതായി കാണുന്നു. തുക നൽകുന്നതിൽ ഇരട്ടിപ്പ് ഉണ്ടായിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ബിൽ തുക | ഇൻവോയ്സ്/ തിയ്യതി | ബിൽ പ്രകാരമുള്ള തുക | അനുവദിച്ച തുക | റിമാർക്സ് |
|---|---|---|---|---|
| 22160152027301551514 / 29.03.2023 - 21,395/- | 306/K/000651 /2022-23 24.2.2023 | 17,094 | 17,094 | 4ബിൽ പ്രകാരമുള്ള മുഴുവൻ തുക അനുവദിക്കുന്നു |
| 22160152027301551514 / 29.03.2023 - 21395 | 306/K/000651 /2022-23 24.2.2023 | 17,094 | 4,301 | ബിൽ പ്രകാരമുള്ള തുക ലിമിറ്റ് ചെയ്ത് അനുവദിക്കുന്നു. |
| 22160152027301576613/ 31.03.2023- 85,580/- | 306/K/000651 /2022-23 24.2.2023 | 17,094 | 12,793 | ബിൽ പ്രകാരമുള്ള തുക ലിമിറ്റ് ചെയ്ത് അനുവദിക്കുന്നു. |

8. ലോഗ് ബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

പദ്ധതി ചെലവിൽ 51,01,816 രൂപ നൂതനയന്ത്രങ്ങളുടെ വാടകയ്ക്കായി ചെലവഴിച്ച തുകയാണ്. ബിൽ തുക അനുവദിക്കുമ്പോഴും പ്രവൃത്തി കഴിഞ്ഞ അവസരത്തിലും യന്ത്രങ്ങളുടെ ലോഗ് ബുക്ക് റീഡിംഗ് പരിശോധിച്ചതായി ഫയലിൽ രേഖപ്പെടുത്തലുകൾ ഇല്ല. ഓഡിറ്റ് എൻക്വയറി നൽകിയ അവസരത്തിലാണ് ലോഗ്ബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കുന്നത്. ലഭ്യമാക്കിയ യന്ത്രങ്ങളുടെ ലോഗ് ബുക്ക് പരിശോധിച്ചതിൽ പ്രവൃത്തി സമയത്ത് യന്ത്രങ്ങളുടെ റീഡിംഗ് KSAMM സ്പെഷൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ബന്ധപ്പെട്ട കൃഷി ഓഫീസർ ആയത് പരിശോധിച്ച് ഉറപ്പുവരുത്തിയതായി കാണുന്നില്ല. അഗ്രികൾച്ചർ റിസർച്ച് സ്റ്റേഷന്റെ 22.11.2022 ലെ SPOASC/069/2022 നമ്പർ കത്ത് മുഖേന ചെറുപുഴ പാടശേഖരത്ത് അഗ്രോ ഡ്രഡ്ജ് ക്രാഫ്റ്റിന്റെ 9.5.2022 മുതൽ 31.10.2022 വരെയുള്ളതും അക്വാട്ടിക് വീഡ് ഷ്രഡ്ഡറിന്റെ 13.6.2022 മുതൽ 31.10.2022 വരെയുള്ളതുമായ വർക്ക് സമ്മറി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി സമയത്ത് യന്ത്രങ്ങളുടെ റീഡിംഗ് രേഖപ്പെടുത്തിയിട്ടില്ല.

9. പ്രവർത്തിയുമായി ബന്ധപ്പെട്ട സാക്ഷ്യപത്രങ്ങൾ: കൃഷിയോഗ്യമാക്കിയ ഭൂമിയുടെ അളവ് വ്യത്യാസപ്പെട്ടിരിക്കുന്നു.

നൂതനയന്ത്രങ്ങൾ ഉപയോഗിച്ച് പ്രവൃത്തി നടത്തിയതിൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട പാടശേഖരസമിതി / കൃഷി ഓഫീസർ/ KSAMM സ്പെഷൽ ഓഫീസറുടെ സാക്ഷ്യപത്രത്തിലും ക്ലയിം സ്റ്റേറ്റ്മെന്റ് ഫോർ റീസ്റ്റോറേഷൻ വർക്കിലും പുനസ്ഥാപിച്ച ഭൂമി വ്യത്യാസമായാണ് രേഖപ്പെടുത്തുന്നത്. ഉദാഹരണം താഴെ കൊടുക്കുന്നു.

പട്ടിക7

| പാടശേഖരം | പ്രവർത്തിച്ച തിയ്യതി | യന്ത്രം | പാടശേഖരസമിതി/ കൃഷി ഓഫീസർ/ KSAMM സ്പെഷൽ ഓഫീസറുടെ സാക്ഷ്യപത്ര പ്രകാരം | ക്ലയിം സ്റ്റേറ്റ്മെന്റ് ഫോർ റീസ്റ്റോറേഷൻ വർക്ക് പ്രാകാരം |
|---|---|---|---|---|
| ചെറുപുഴ | 24.10.22 മുതൽ4.11.22 വരെ | അക്വാട്ടിക് വീഡ് ഷ്രഡ്ഡർ | 4 ഹെക്ടർ പാടശേഖരം കൃഷിയോഗ്യമാക്കി | 30ഹെക്ടർ തരിശ് ഭൂമിയിൽ 30ഹെക്ടർ പുനസ്ഥാപിച്ചു. |
| പൂക്കോട് | 10.2.23 മുതൽ 13.2.23 വരെ | ജോൺദീരേ ട്രാക്ടർ | 10 ഹെക്ടർ പാടത്തിൽ 5 ഹെക്ടർ കൃഷിയോഗ്യമാക്കി. | 10ഹെക്ടർ ഭൂമിയിൽ 2 ഹെക്ടർ പുനസ്ഥാപിച്ചു. |

10. നൂതനയന്ത്രങ്ങൾ ഉപയോഗിച്ച് നിലമൊരുക്കിയ കൃഷി ഭൂമിയിൽ നിലം ഉഴുന്നതിനായി 15200 രൂപ ചെലവഴിച്ചു.

2022-23 വർഷത്തിൽ കണ്ടംചിറ പാടശേഖരത്ത് അഗ്രോ ഡ്രഡ്ജ് ക്രാഫ്റ്റ് ഉപയോഗിച്ച് ജല നിർഗ്ഗമനം/ നീർവാർച്ച നടപ്പാക്കുന്നതിന് 2,75,196 രൂപയും അക്വാട്ടിക് വീഡ് ഷ്രഡ്ഡർ ഉപയോഗിച്ച് പാടശേഖരത്തിൽ വളർന്നു നിൽക്കുന്ന കാടുകളും ചല്ലികളും നീക്കം ചെയ്യുന്നതിന് 7,65,967 രൂപയും ജോൺദീരേ ട്രാക്ടർ ഉപയോഗിച്ച് വയൽ ഉഴുതുമറിക്കുന്നതിന് 67606 രൂപയും ചെലവഴിച്ചിട്ടുണ്ട്. നിലം ഉഴുതുമറിക്കുന്നതിനായി ബിൽ നമ്പർ- 22160152027301482422/25.3.2023- പ്രകാരം പാടശേഖരസമിതിയ്ക്ക് 15,200 രൂപ കൈമാറുകയും ചെയ്തു. . നൂതന യന്ത്രങ്ങൾ ഉപയോഗിച്ച് നിലം ഉഴുത ഭൂമിയിൽ വീണ്ടും അതേ പ്രവർത്തിക്കായി തുക അനുവദിച്ചതിന്റെ കാരണം വ്യക്തമല്ല.

11. തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പരിഗണിച്ചിട്ടില്ല.

സ.ഉ.(കൈ)84/2022 ത.സ്വ.ഭ.വ തി. 19.4.2022 പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.5.6 എ(2), സ.ഉ.(കൈ)115/2022 ത.സ്വ.ഭ.വ തിയ്യതി. 28.5.2022 സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1.8 പ്രകാരം തരിശ് ഭൂമി കൃഷിയോഗ്യമാക്കുന്ന പ്രവർത്തനങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പൂർണ്ണമായി ഉപയോഗപ്പെടുത്തണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കണ്ടംചിറ പാടശേഖരത്ത് കൃഷിക്കായി വെള്ളം നിറച്ച വകയിൽ 70,000 രൂപയും വരമ്പ് നിർമാണത്തിന് 7000 രൂപയും ഞാറ് നട്ട വകയിൽ 1,11,940 രൂപയും അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്തില്ല.

12. നൂതനയന്ത്രങ്ങൾ എല്ലാ പാടശേഖരങ്ങളിലും ഉപയോഗപ്രദമാണോയെന്ന് വ്യക്തമല്ല.

അക്വാട്ടിക് വീഡ് ഷ്രഡ്ഡർ. അഗ്രോ ഡ്രഡ്ജ് ക്രാഫ്റ്റ് എന്നിവ വലിയ പാടശേഖരങ്ങളിലാണ് അഭികാമ്യം . അവ എല്ലാ പാടശേഖരങ്ങളിലും ഉപയോഗപ്രദമാണോയെന്നും അവ താരതമ്യേനെ ചെറിയ പാടശേഖരങ്ങളിൽ ഇറക്കി പ്രവർത്തിപ്പിക്കുന്നത് എങ്ങനെയെന്നും വ്യക്തമല്ല.

13. പാടശേഖരസമിതിയുടെ പങ്കാളിത്തം വ്യക്തമല്ല.

2022-23 വർഷം കൃഷിയോഗ്യമാക്കിയതിൽ 2 പാടശേഖരങ്ങളിൽ കൃഷി ചെയ്തിട്ടില്ല. കൃഷിയോഗ്യമാക്കിയ ഭൂമിയിൽ കൃഷി ചെയ്യാതിരുന്നതിന്റെ കാരണം വ്യക്തമല്ല. പ്രൊജക്ട് ആവിഷ്കരിക്കുന്നതിനു മുൻപ് ബന്ധപ്പെട്ട പാടശേഖരസമിതിയുമായി കൂടിയാലോചിച്ചാണോ ഭൂമി കൃഷി യോഗ്യമാക്കിയത് എന്ന് വ്യക്തമല്ല. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

14. കൈപ്പറ്റ് ലഭ്യമാക്കുന്നതിൽ കാലതാമസം

31.3.2022 ന മുൻപ് യന്ത്രങ്ങളുടെ വാടക ഇനത്തിലുള്ള തുക KSAMM ന് കൈമാറിയിട്ടുണ്ട്. എന്നാൽ കൈപ്പറ്റ് ലഭ്യമാക്കിയിത് 5.12.2023, 4.11.2023 തിയ്യതികളിലാണ്. കാലതാമസത്തിനുള്ള കാരണം വ്യക്തമല്ല.

മേൽ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി 43/22-23 തി.1.12.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

## 1-19 ജില്ലാ പഞ്ചായത്തിനു കീഴിലുള്ള ഫാമുകളിൽ ടൂറിസം പ്രോത്സാഹിപ്പിക്കാതെ സ്വകാര്യഫാമുകൾക്ക് ധനസഹായം നൽകി.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | S0800/2022-23 |
| പ്രൊജക്റ്റിന്റെ പേര് | ഫാം ടൂറിസം |
| അടങ്കൽ | 6,00,000/- (വികസനഫണ്ട്-ജനറൽ) |
| ചെലവ് | 3,28,400/- |
| നിർവഹണം | ഡെപ്യൂട്ടി ഡയറക്ടർ, കൃഷി |

കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി, കോടഞ്ചേരി, ഓമശ്ശേരി, തിരുവമ്പാടി, പുതുപ്പാടി എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഫാം ടൂറിസം നടപ്പിലാക്കുന്നതിന്റെ ഭാഗമായി മേൽ വിവരിച്ച ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. പദ്ധതിയുടെ ഭാഗമായി റിസോഴ്സ് മാപ്പിംഗ്, വെബ്സൈറ്റ് തയ്യാറാക്കൽ, പൊതു വിൽപനകേന്ദ്രങ്ങൾ/ ഹബ്ബുകൾ രൂപീകരിക്കൽ, ഡിസ്പ്ലേ ബോർഡുകൾ സ്ഥാപിക്കൽ, കർഷകരുടെ കൃഷിയിടങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ എന്നിവയാണ് പദ്ധതി ലക്ഷ്യമിടുന്നത്. പദ്ധതി പ്രകാരം പുതുപ്പാടി ഒഴികെയുള്ള ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച തുകയുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | ഗ്രാമപഞ്ചായത്തിന്റെ പേര് | അനുവദിച്ച തുക |
|---|---|---|
| 1 | കൂടരഞ്ഞി | 1,00,000 |
| 2 | കോടഞ്ചേരി | 1,00,000 |
| 3 | തിരുവമ്പാടി | 78,400 |
| 4 | ഓമശ്ശേരി | 50,000 |
| | ആകെ | 3,28,400 |

പദ്ധതി നടപ്പാക്കിയതിൽ കണ്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. സ.ഉ.(കൈ) 84/2022ത.സ്വ.ഭ.വ തിയ്യതി 19.4.2022 പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ 8.15(6) പ്രകാരം ജില്ലാപഞ്ചായത്തുകളുടെ അധീനതയിലുള്ള ജില്ലാ ഫാമുകളിൽ ഫാം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രൊജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. ഫാം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി ജില്ലാ പഞ്ചായത്തിന്റെ കീഴിൽ തന്നെ 4 ഫാമുകൾ ഉണ്ടായിരിക്കെ ആയതിന്റെ ടൂറിസം സാധ്യത പരിശോധിക്കാതെ സ്വകാര്യവ്യക്തികൾ നടത്തുന്ന ഫാമുകൾക്ക് ധനസഹായം നൽകിയത് ശരിയായ നടപടിയല്ല.
2. സംയുക്തപദ്ധതികളായി നടപ്പിലാക്കിയ പ്രൊജക്ടിൽ ഗ്രാമപഞ്ചായത്തുകളുടെ റിക്വസിഷൻ അനുസരിച്ച് ഫണ്ട് കൈമാറുക മാത്രമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ചെയ്തത്. പ്രൊജക്ട് നിർവ്വഹണം ഗ്രാമപഞ്ചായത്തിലെ നിർവഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. സംയുക്ത പദ്ധതികളുടെ കാര്യത്തിൽ പങ്കാളികളായ ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കിയ പദ്ധതികളുടെ പ്രൊജക്ട് നമ്പർ, ഗ്രാമപഞ്ചായത്ത് വിഹിതം, ആകെ ചെലവഴിച്ച തുക, തുക കൈപ്പറ്റിയ ഗുണഭോക്താക്കളുടെ പേരുവിവരം, എന്നിവയടങ്ങിയ വിശദമായ വിനിയോഗ സാക്ഷ്യപത്രം ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരിൽ നിന്നും ലഭ്യമാക്കേണ്ടതായിരുന്നു. എന്നാൽ തൻവർഷം നടപ്പിലാക്കിയ പ്രൊജക്ടിൽ കോടഞ്ചേരി ഗ്രാമപഞ്ചായത്തിൽ നിന്നു മാത്രമേ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുള്ളൂ. ആയതിൽ തന്നെ തുക കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിവരം ഉൾപ്പെടുത്തിയിട്ടില്ല.
3. പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ ഖണ്ഡിക-3.5.4(5) പ്രകാരം സംയുക്ത പ്രൊജക്ടിൽ പങ്കാളികളാകുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തമ്മിൽ നിർവ്വഹണം ആരംഭിക്കുന്നതിന് മുമ്പ് ഒരു കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ തൻവർഷം നടപ്പിലാക്കിയ പ്രൊജക്ടിൽ ഗ്രാമപഞ്ചായത്തുകളുമായി ജില്ലാപഞ്ചായത്ത് കരാർ ചമച്ചില്ല.

ഗ്രാമപഞ്ചായത്തുകൾ തുക ചെലവഴിച്ചതിന്റെ വിശദമായ വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധയ്ക്ക് ലഭ്യമാക്കുന്നതിനും, കരാർ ഉടമ്പടി ചമയ്ക്കാത്തതിനും ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള ഫാമുകളിൽ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതിരുന്നതിനും മറുപടി നൽകാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (48/22-23 തി.05.12.2023) മറുപടി ലഭ്യമാക്കിയിരുന്നില്ല. ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള അപാകങ്ങൾക്ക് വിശദമായ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-20 നെൽകൃഷി കൂലിചെലവ് - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | | |
|---|---|---|
| പദ്ധതി പേര്, നം | നെൽകൃഷി കൂലിചെലവ് - വിഹിതം നൽകൽ, S950/23 | |
| നിർവ്വഹണം | ഡെപ്യൂട്ടി ഡയറക്ടർ, കൃഷി | |
| അടങ്കൽ തുക | 15,00,000/- (വികസനഫണ്ട്-ജനറൽ) | |
| ചെലവ് തുക | 14,32,480/- | |
| ബിൽ തുക, നം, തീയ്യതി (എ.സി.ആർ. പ്രകാരം) | 46,680 | 727/ 01.02.2023 |
| | 2,06,192 | 878, 13.02.2023 |
| | 1,12,500 | 879, 13.02.2023 |
| | 3,600 | 934, 21.02.2023 |
| | 18,240 | 935, 21.02.2023 |
| | 41,832 | 960, 23.02.2023 |
| | 2,26,508 | 979, 25.02.2023 |
| | 73,320 | 1005, 01.03.2023 |
| | 3,808 | 1101, 08.03.2023 |
| | 48,144 | 1102, 08.03.2023 |
| | 2,928 | 1306, 15.03.2023 |
| | 1,94,853 | 1381, 18.03.2023 |
| | 3,17,372 | 1382, 18.03.2023 |
| | 644,64 | 1409, 20.03.2023 |
| | 6,777 | 1455,22.03.2023 |
| | 23,520 | 1526, 24.03.2023 |
| | 37,800 | 1541, 24.03.2023 |
| | 2,400 | 1579, 25.03.2023 |
| | 840 | 1623, 27.03.2023 |
| | 234 | 1691, 27.03.2023 |
| | 468 | 1747, 28.03.2023 |

ആയഞ്ചേരി, അരിക്കുളം, കൊടിയത്തൂർ, കീഴരിയൂർ, വേളം, കോടഞ്ചേരി എന്നീ ഗ്രാമപഞ്ചായത്തുകളിൽ സ്ഥിരം കൃഷിയ്ക്ക് കൂലിചെലവ് നൽകുന്നതിനാണ് മേൽ പദ്ധതി നടപ്പിലാക്കിയത്. ത്രിതല പഞ്ചായത്തുകൾ സംയുക്തമായി നടപ്പിലാക്കിയ പദ്ധതിക്ക് ഗ്രാമപഞ്ചായത്തുകൾക്ക് താഴെ പറയും പ്രകാരം തുക ജില്ലാപഞ്ചായത്തിൽ നിന്നും അനുവദിച്ചു.

| ക്രമനമ്പർ | ഗ്രാമപഞ്ചായത്തിന്റെ പേര് | അനുവദിച്ച തുക |
|---|---|---|
| 1 | കീഴരിയൂർ | 1,20,000.00 |
| 2 | കൊടിയത്തൂർ | 2,10,000.00 |
| 3 | കോടഞ്ചേരി | 1,12,500.00 |
| 4 | അരിക്കുളം | 2,40,000.00 |
| 5 | വേളം | 2,34,827.00 |
| 6 | ആയഞ്ചേരി | 5,15,153.00 |
| | ആകെ | 14,32,480.00 |

ഫയൽ പരിശോധയനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. ഗ്രാമപഞ്ചായത്തിലെ കൃഷി ഓഫീസർ നിർവ്വഹണം നടത്തുന്ന പദ്ധതിക്ക് റിക്വസിഷൻ അനുസരിച്ച് ഫണ്ട് കൈമാറുക മാത്രമാണ് ജില്ലാപഞ്ചായത്ത് തലത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ ചെയ്യുന്നത്. സംയുക്ത പദ്ധതികളുടെ കാര്യത്തിൽ പങ്കാളികളാകുന്ന ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കിയ പദ്ധതികളുടെ നമ്പർ, വിഹിതം, ആകെ ചെലവഴിച്ച തുക, തുക കൈപ്പറ്റിയ ഗുണഭോക്താക്കളുടെ പേരു വിവരം, ബന്ധപ്പെട്ട പാടശേഖരസമിതികളുടെ പേരു വിവരം എന്നിവയടങ്ങിയ വിശദമായ വിനിയോഗ

സാക്ഷ്യപത്രം അതത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. എന്നാൽ തൻവർഷം നടപ്പിലാക്കിയ പദ്ധതിയിൽ കീഴരിയൂർ ഗ്രാമപഞ്ചായത്തിൽ നിന്നു മാത്രമേ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുള്ളൂ. ആയതിൽതന്നെ തുക കൈപ്പറ്റിയ ഗുണഭോക്താക്കളുടെ/പാടശേഖരസമിതികളുടെ വിവരം ഉൾപ്പെടുത്തിയിട്ടില്ല.

2. സ.ഉ.(കൈ) നം 84/2022 ത.സ്വ.ഭ.വ തി. 19.04.2022 പതിനാലാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ ഖണ്ഡിക-3.5.4(5) പ്രകാരം സംയുക്ത പ്രൊജക്ടിൽ പങ്കാളികളാകുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തമ്മിൽ നിർവ്വഹണം ആരംഭിക്കുന്നതിന് മുമ്പ് ഒരു കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ തൻവർഷം നടപ്പിലാക്കിയ പ്രൊജക്ടിൽ ഗ്രാമപഞ്ചായത്തുകളുമായി കരാർ ചമച്ചില്ല.

ഗ്രാമപഞ്ചാത്തുകളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ട്, കരാറുടമ്പടി ചമയ്ക്കാത്തതിന് മറുപടി എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.38/2022-23 തീ.28.11.2023) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള വിശദമായ വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

## 1-21 സ്കൂളുകളിൽ വാട്ടർ പ്യൂരിഫയർ വാങ്ങിയതിലെ അപാകങ്ങൾ.

| | |
|---|---|
| പദ്ധതി പേര്, നം | ജില്ലാ പഞ്ചായത്ത് സ്കൂളുകളിൽ വാട്ടർ പ്യൂരിഫയർ, S0644/23 |
| നിർവ്വഹണം | ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ, കോഴിക്കോട്. |
| ഫയൽ നം. | ഡി.2/29/2022 (ഡി.ഡി.ഇ. കാര്യാലയ ഫയൽ) |
| അടങ്കൽ തുക | 20,00,000/- (സംരക്ഷണ ഗ്രാന്റ്, റോഡിതരം) |
| ചെലവ് തുക | 19,99,975/- (ബിൽ നം - 11/2022-23, 09.02.2023) |
| BRN | 22160152028201125726 |

ജില്ലാ പഞ്ചായത്തിന് കീഴിലുള്ള 25 വിദ്യാലയങ്ങളിൽ ശുദ്ധമായതും ഗുണനിലവാരമേറിയതുമായ കുടിവെള്ളം ലഭ്യമാക്കുന്നതിനായി 200 ലിറ്റർ കപ്പാസിറ്റിയുള്ള വാട്ടർ പ്യൂരിഫയർ സ്ഥാപിക്കുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. പദ്ധതി നടപ്പാക്കുന്നതിനായി 18.10.2022ന് സർക്കാർ അംഗീകൃത അക്രഡിറ്റ് ഏജൻസികളിൽ നിന്നും താൽപര്യപത്രം ക്ഷണിച്ചു. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ്സ് ലിമിറ്റഡ് (KSIE, Amount -79,999/-), കേരള ആർട്ടിസൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ (ARTCO, Amount -82,500/-), കേരള സ്മോൾ ഇൻഡസ്ട്രീസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ (SIDCO, Amount - 81,000/-), എന്നീ സ്ഥാപനങ്ങൾ 21.10.2022 ന് താൽപര്യ പത്രങ്ങൾ സമർപ്പിച്ചു. 25.10.2022 ന് ചേർന്ന പ്രൊക്യൂർമെന്റ് കമ്മിറ്റി യോഗത്തിൽ കെ.എസ്.ഐ.ഇ. യുടെ താൽപര്യപത്രം അംഗീകരിച്ചു. (തീരുമാന നം.104/22). തുടർന്ന് 14.11.2022 ന് നിർവ്വഹണ ഉദ്യോഗസ്ഥൻ സപ്ലൈ ഓർഡർ നൽകി. 19.01.2023 ന് വിതരണ ഏജൻസി ബിൽ സമർപ്പിക്കുകയും 09.02.2023 ന് നിർവ്വഹണ ഉദ്യോഗസ്ഥൻ തുക അനുവദിക്കുകയും ചെയ്തു. ബില്ലിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഇനം | നിരക്ക് | എണ്ണം | ആകെ തുക |
|---|---|---|---|
| Water Purifier With Dispenser 260 Ltr Storage, 50LPH RO System, 100GPD Booster Pump, 100GPD Marine 2 Nos, Per Fiter 3 Nos | 67,795.76 | 25 | 16,94,894.00 |
| CGST @ 9% | | | 152540.46 |
| SGST @ 9% | | | 152540.46 |
| Rounded Plus | | | .08 |
| | | Total | 19,99,975.00 |

പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട അപാകങ്ങൾക്ക് മറുപടി സമർപ്പിക്കുവാൻ ആവശ്യപ്പെട്ട് 15.11.2023 ന് നൽകിയ കുറിപ്പിന് (നം.25) 02.12.2023 ന് നൽകിയ മറുപടിയിൽ താഴെ പറയുന്ന അപാകങ്ങൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയില്ല.

1. 17.11.2015 ലെ (പി) 524/ 2015/ധനം. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 5 ലക്ഷത്തിനു മുകളിൽ വരുന്ന സാധനങ്ങൾ സമാഹരിക്കുമ്പോൾ ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ച് എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള എല്ലാ ഏജൻസികളേയും രേഖാമൂലം അറിയിച്ച് മത്സരാധിഷ്ഠിത ടെണ്ടർ പ്രക്രിയ പാലിച്ച് ഏജൻസികളെ തെരഞ്ഞെടുക്കണം. എന്നാൽ മേൽ ഉത്തരവിലെ നിർദ്ദേശ പ്രകാരമല്ല പർച്ചേയ്സ് നടത്തിയത്. ആയതിനാൽ തന്നെ പർച്ചേയ്സ് മാന്വലിൽ നിർദ്ദേശിക്കുന്ന തരത്തിലുള്ള കാര്യക്ഷമതയും, സുതാര്യതയും, ലക്ഷ്യാധിഷ്ഠിതവും സാമ്പത്തിക മിതത്വവുമുള്ള വാങ്ങൽ പ്രക്രിയ പ്രാബല്യത്തിൽ വരുത്തുവാൻ കഴിഞ്ഞില്ല എന്ന് ഓഡിറ്റിൽ അനുമാനിക്കുന്നു.
2. സ്റ്റോർ പർച്ചേയ്സ് മാന്വൽ ഖണ്ഡിക. 19.3 പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25,000/- രൂപയ്ക്ക് മുകളിൽ വരുന്ന വാങ്ങലുകൾ (കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഒഴികെ) നിർബന്ധമായും 'ജെം' പോർട്ടൽ മുഖേന സമാഹരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. (24.06.2019 ലെ (പി)07/2019/ എസ്.പി.ഡി, നം. സർക്കാർ ഉത്തരവ് കാണുക). എന്നാൽ മേൽ വ്യവസ്ഥ പാലിക്കാതെയാണ് കെ.എസ്.ഐ.ഇ. യിൽ നിന്നും വാട്ടർ പ്യൂരിഫയർ വാങ്ങിയത്. 'ജെം' പോർട്ടലിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളിൽ നിന്നോ, അംഗീകൃത ഡീലർമാരിൽ നിന്നോ വാങ്ങുന്നതാണ് കൂടുതൽ ലാഭകരവും എന്ന സാദ്ധ്യത പർച്ചേസിംഗ് കമ്മിറ്റിയോ, നിർവ്വഹണ ഉദ്യോഗസ്ഥനോ പരിശോധിച്ചിട്ടില്ല.
3. 25.10.2022 ന് ചേർന്ന പ്രൊക്യൂർമെന്റ് കമ്മിറ്റി യോഗത്തിൽ കെ.എസ്.ഐ.ഇ. യുടെ താൽപര്യപത്രം അംഗീകരിച്ച മിനുട്ട്സ് ഫയലിൽ ചേർത്തിട്ടുണ്ടെങ്കിലും വിതരണ ഏജൻസി സമർപ്പിച്ച മാതൃക (Sample) പരിശോധിച്ച പർച്ചേയ്സ് കമ്മിറ്റി, ഫിനാൻസ്

ടീം സമർപ്പിച്ച അഭിപ്രായങ്ങൾ എന്നിവ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

4. 18.10.2022ന് താൽപര്യപത്രം ക്ഷണിച്ചപ്പോൾ മണിക്കൂറിൽ ആവശ്യമുള്ള വെള്ളത്തിന്റെ പ്യൂരിഫിക്കേഷൻ, കപ്പാസിറ്റി, വാറണ്ടി കാലയളവ്, ബോഡി മെറ്റീരിയൽ തുടങ്ങിയ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തിയില്ല. പൊതു വിപണിയിൽ വിവിധ ബ്രാൻഡുകളിലും, വ്യത്യസ്ത ഗുണനിലവാരത്തിലും, വിലനിലവാരത്തിലും ഉള്ള വാട്ടർ പ്യൂരിഫയറുകളുടെ അടിസ്ഥാന വിവരങ്ങൾ ലഭ്യമായിരിക്കേ ആയത് താരതമ്യം ചെയ്യാതെയും, ഉൽപനത്തിന്റെ നിരക്ക് യുക്തിഭദ്രമാണോ എന്ന് പരിശോധിക്കാതെയുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ വാട്ടർ പ്യൂരിഫയർ വാങ്ങിയത്.

5. ഇന്ത്യയിൽ നിർമ്മിച്ച് വിതരണം നടത്തുന്ന വാട്ടർ പ്യൂരിഫയർ കമ്പനികളുടെ ഔദ്യോഗിക വെബ്സൈറ്റുകൾ പരിശോധിച്ചാൽ അവർ വിതരണം ചെയ്യുന്ന ഉൾപ്പനങ്ങളുടെ വിശദാംശങ്ങൾ, നൽകുന്ന സേവനങ്ങൾ എന്നിവ ലഭ്യമാകുന്നതാണ് (ഫ്രീ സർവ്വീസ് ഉൾപ്പടെ). ഇത്തരത്തിൽ സ്പെഷ്യലൈസ് ചെയ്ത കമ്പനികളുടെ വിശദാംശങ്ങൾ ലഭ്യമായിട്ടും ആയത് പരിശോധിക്കാതെയും സാങ്കേതിക യോഗ്യതയുള്ളവരിൽ നിന്നും അഭിപ്രായം തേടാതെയുമാണ് വാട്ടർ പ്യൂരിഫയർ വാങ്ങിയത്. ചെലവഴിച്ച തുകയക്കാൾ വളരെ കുറഞ്ഞ നിരക്കിൽ പൊതു കമ്പോളത്തിൽ നിന്ന് ടെണ്ടർ നടപടികളിലൂടെ വാങ്ങാവുന്ന സാഹചര്യം ഒഴിവാക്കിയത് കൊണ്ട് പദ്ധതിക്കായി പൊതു പണം അധികം ചെലവഴിക്കേണ്ടി വന്നുവെന്ന് കാണാം.

6. പൊതുവിപണിയിൽ നിരവധി സ്പെസിഫിക്കേഷനുള്ള വാട്ടർ പ്യൂരിഫയറുകൾ ലഭ്യമാണ്. (ആർ.ഒ ഫിൽട്ടർ, ആക്ടിവേറ്റഡ് കാർബൺ വാട്ടർ പ്യൂരിഫയർ, അൾട്രാ വയലറ്റ് പ്യൂരിഫയർ, അൾട്രാ ഫിൽട്രേഷൻ വാട്ടർ പ്യൂരിഫയർ തുടങ്ങിയവ). നമ്മുടെ ആവശ്യത്തിന് അനുസരിച്ചുള്ളത് വാങ്ങാം. ജലസ്രോതസ്സിന്റെ ഗുണനിലവാരമനുസരിച്ചാണ വാട്ടർ പ്യൂരിഫയർ തിരഞ്ഞെടുക്കേണ്ടത്. ഇതിനായി ജലസ്രോതസ്സിലെ വെള്ളത്തിന്റെ സാംപിൾ അനാലിസിസിനായി അയയ്ക്കണം. അനാലിസിസിന് ശേഷം ലഭിക്കുന്ന ടെസ്റ്റ് റിപ്പോർട്ടിന് അനുസരിച്ച് വെള്ളത്തിന്റെ ടി.ഡി.എസ്. വാല്യൂ (Total Dissolved Solids Value) അടിസ്ഥാനപ്പെടുത്തി വേണം പ്യൂരിഫയറിന്റെ സ്പെസിഫിക്കേഷൻ തെരഞ്ഞെടുക്കേണ്ടത്. എന്നാൽ വാട്ടർ പ്യൂരിഫയർ വാങ്ങുന്നതിന് മുമ്പ് മേൽ നടപടികൾ സ്വീകരിച്ചില്ല.

7. ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള വിദ്യാലയങ്ങൾ എല്ലാം തന്നെ 500 മുതൽ 4000 വരെയുള്ള വിദ്യാർത്ഥികൾ ഉള്ളവയാണ്. തീരദേശം, സമതലം, കുന്നിൻ പ്രദേശം തുടങ്ങിയ പ്രദേശങ്ങളിലാണ് വിദ്യാലയങ്ങൾ സ്ഥിതി ചെയ്യുന്നത്. ആയതിനാൽ തന്നെ വാട്ടർ പ്യൂരിഫയർ വാങ്ങുന്നതിന് മുമ്പ് അവ സ്ഥാപിക്കേണ്ട സ്കൂളുകളിൽ പരിശോധന നടത്തി വെള്ളത്തിന്റെ സ്വഭാവം, വാട്ടർ പ്യൂരിഫയറിന്റെ കപ്പാസിറ്റി എന്നിവ സംബന്ധിച്ച ഒരു റിപ്പോർട്ട് തയ്യാറാക്കി വേണം വാട്ടർ പ്യൂരിഫയറുകൾ തിരഞ്ഞെടുക്കേണ്ടിയിരുന്നത്. ജലസ്രോതസ്സിന്റെ സ്വഭാവം (കഠിനജലം/ മൃദുജലം) സ്കൂളുകളുടെ ആവശ്യകത, വെള്ളത്തിന്റെ സംഭരണശേഷി തുടങ്ങിയവ പരിശോധിക്കാതെ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനം എന്ന നിലയ്ക്ക് കെ.എസ്.ഐ.ഇ. ക്ക് സപ്ലൈ ഓർഡർ നൽകി ഒരേ ഇനത്തിലുള്ള പ്യൂരിഫയറുകൾ വാങ്ങി സ്കൂളുകളിൽ സ്ഥാപിച്ചു.

8. കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 11 (1) പ്രകാരം സാങ്കേതിക സ്വഭാവമുള്ള ഉപകരണങ്ങൾ വാങ്ങുമ്പോൾ, ആയതിന്റെ ഗുണമേന്മ സാങ്കേതിക യോഗ്യതയുള്ള ആൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തണം. എന്നാൽ അപ്രകാരമുള്ള ഒരു റിപ്പോർട്ട് ഓഡിറ്റ് പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. വാട്ടർ പ്യൂരിഫെയർ സ്കൂളുകളിൽ സ്ഥാപിച്ച് ട്രയൽ റൺ നടത്തി ഇതിന്റെ പ്രവർത്തനം കുറ്റമറ്റതാണെന്ന് വിതരണ ഏജൻസിയും സാക്ഷ്യപ്പെടുത്തിയിട്ടില്ല.

9. ഓഡിറ്റിന്റെ ഭാഗമായി 08.11.2023ന് ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, കുറ്റിക്കാട്ടൂർ, പെരുമണ്ണ എന്നിവടങ്ങളിൽ നടത്തിയ പരിശോധനയിൽ വാട്ടർ പ്യൂരിഫയറുകൾ പ്രവർത്തിക്കുന്നില്ലെന്ന് കണ്ടു. പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക.14(3) പ്രകാരം പദ്ധതിയുടെ പ്രാരംഭഘട്ടത്തിലും, പുരോഗമന ഘട്ടത്തിലും, പൂർത്തീകരണ ശേഷവും പദ്ധതി ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടത് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. എന്നാൽ സ്കൂളുകളിൽ സ്ഥാപിച്ച പ്യൂരിഫയറുകൾ ഇപ്പോൾ പ്രവർത്തനക്ഷമമാണോ എന്നും ആവശ്യമായ പരിപാലന നടപടികൾ വിതരണക്കാരൻ നടത്തി വരുന്നുണ്ടോ എന്നിവ സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പ് പരിശോധിച്ച് റിപ്പോർട്ട് ഭരണസമിതിക്ക് നൽകിയിട്ടില്ല.

10. 1996 ലെ കേരള പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങളിലെ ചട്ടം.6(3) പ്രകാരം സാധനങ്ങളോ സേവനങ്ങളോ നൽകുന്നതിന് കാലാവധി നിർണ്ണയിച്ച് കരാറിലേർപ്പെടണം. വാട്ടർ പ്യൂരിഫയറിന് മെയിന്റനൻസ് വകയിൽ വലിയ ആവർത്തന ചെലവ് വരുന്നതാണ് (Recurring Expense). ഫിൽറ്റർ സർവ്വീസിംഗ്, മറ്റ് ചെറിയ തകരാറുകൾ എന്നിവയ്ക്ക് വലിയ ചാർജ്ജ് ആവശ്യമാണ്. വിതരണ ഏജൻസി സമർപ്പിച്ച കരാറിൽ വാറണ്ടി കാലയളവ്, അവർ നൽകുന്ന സേവനങ്ങൾ തുടങ്ങിയ പ്രധാന വ്യവസ്ഥകൾ ചേർത്തിട്ടില്ല. പ്രസ്തുത കരാറിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒപ്പ് രേഖപ്പെടുത്തിയിട്ടുമില്ല. കൂടാതെ വിതരണ ഏജൻസിയുമായി വാർഷിക പരിപാലന ഉടമ്പടിയും (AMC) ചമച്ചിട്ടില്ല.

11. സ്കൂളുകളിൽ സ്ഥാപിച്ച വാട്ടർ പ്യൂരിഫയറുകളുടെ സുരക്ഷിത ഉപയോഗം ഉറപ്പു വരുത്തുന്നതിനും, തുടർ പരിപാലനം തുടങ്ങിയവ സംബന്ധിച്ച് പി.റ്റി.എ. യുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

12. വർക്കിംഗ് ഗ്രൂപ്പിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ ചേർത്തിട്ടില്ല.

ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി സമർപ്പിക്കാത്തതിനാൽ ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 1-22 തുടർ വിദ്യാഭ്യാസ പദ്ധതി-ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത കാര്യങ്ങൾക്ക് തുക ചെലവഴിച്ചു.

| | |
|---|---|
| പദ്ധതി പേര്, നം | അരുമയോടൊപ്പം അറിവിലേയ്ക്ക് , 726/23 |
| നിർവ്വഹണം | ജില്ല വിദ്യാഭ്യാസ |

| | |
|---|---|
| | ഉപഡയറക്ടർ |
| ഫയൽ നം. | D2/02/2023 |
| അടങ്കൽ തുക | 5,25,000/- (വികസനഫണ്ട്-ജനറൽ) |
| ചെലവ് തുക | 5,25,000/- (ബിൽ നമ്പർ-875/13.2.2023) |

ജില്ലയിലെ ഹൈസ്കൂൾ, ഹയർസെക്കൻഡറി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർഥികളുടെ രക്ഷകർത്താക്കളിൽ നിന്നും പത്താംതരം, ഹയർ സെക്കൻഡറി വിദ്യാഭ്യാസ യോഗ്യത നേടിയിട്ടില്ലാത്തവരെ തുല്യതാ കോഴ്സിൽ രജിസ്റ്റർ ചെയ്ത് അതാത് സ്കൂളുകൾ പഠനകേന്ദ്രങ്ങളാക്കി ക്ലാസ്സ് നൽകി വീട്ടുകളിൽ പഠനനിലവാരം ഉയർത്തുന്നതിനായിട്ടാണ് 'അരുമയോടൊപ്പം അറിവിലേയ്ക്ക്' എന്ന പദ്ധതി രൂപീകരിച്ചത്. സാക്ഷരതാമിഷൻ, പൊതുവിദ്യാഭ്യാസ വകുപ്പ്, അതത് സ്കൂൾ പി.ടി.എ എന്നിവരുടെ സഹകരണത്തോടെ നടത്തുന്ന പദ്ധതിയിൽ തുല്യതാ പരീക്ഷ എഴുതുവാൻ രക്ഷകർത്താക്കളെ പ്രാപ്തരാക്കും. ത്രിതലപഞ്ചായത്തുകൾ സംയോജിതമായി നടപ്പാക്കുന്ന ഈ പദ്ധതിയുടെ കോഴ്സ് ഫീസ് കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി ഡയറക്ടർക്ക് കൈമാറി സാക്ഷരതാമിഷൻ വഴി തുല്യതാ ക്ലാസ്സുകൾ അവധി ദിവസങ്ങളിൽ ഹൈസ്കൂളിലും, ഹയർ സെക്കന്ററി സ്കൂളുകളിലും സംഘടിപ്പിച്ച് പരീക്ഷാഭവനും ഹയർസെക്കന്ററി ബോർഡും പൊതുപരീക്ഷ നടത്തി അംഗീകാരമുള്ള പത്താംതരം/ഹയർസെക്കന്ററി തുല്യതാ സർട്ടിഫിക്കറ്റുകൾ രക്ഷിതാക്കൾക്ക് നൽകും. പദ്ധതിക്കായി ത്രിതല പഞ്ചായത്തുകൾ താഴെ പറയുന്ന പ്രകാരം തുക വകയിരുത്തണം.

| | | |
|---|---|---|
| ഗ്രാമപഞ്ചായത്ത് | 52,50,000 | ഓരോ പഞ്ചായത്തിനും 75,000/- രൂപ വീതം |
| ബ്ലോക്ക് പഞ്ചായത്ത് | 25,20,000 | ഓരോ പഞ്ചായത്തിനും 36,000/- രൂപ വീതം |
| ജില്ലാ പഞ്ചായത്ത് | 5,25,000 + 1,60,000 | ഓരോ പഞ്ചായത്തിനും 7,500/- രൂപ വീതം<br>പ്രിന്റിംഗ് ആന്റ് ഡോക്യുമെന്റേഷൻ |

പദ്ധതിയ്ക്കായി ജില്ലാപഞ്ചായത്ത് വിഹിതം 5,25,000/- രൂപ സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി ഡയറക്ടറുടെ പേരിൽ തിരുവനന്തപുരത്തുള്ള എസ്.ബി.ഐ ശാസ്തമംഗലം ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി നൽകിയിട്ടുണ്ട്. (അക്കൗണ്ട് നം 57026996123)

ഫയൽ പരിശോധനയിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ദേശീയ സാക്ഷരതാമിഷൻ കേരളത്തിലേക്ക് തുടർവിദ്യാഭ്യാസപദ്ധതി വിഭാവനം ചെയ്യുമ്പോൾ നടപ്പിലാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയാണ് തെരഞ്ഞെടുത്തത്. സംസ്ഥാനത്തെ നിരക്ഷരത നിർമാർജനം ചെയ്യുന്ന പദ്ധതിയ്ക്കും പ്രവർത്തനങ്ങളുടെ നടത്തിപ്പിനുമായി നഗരസഭകളിലും ഗ്രാമപഞ്ചായത്തിലും സാക്ഷരത-തുടർ വിദ്യാകേന്ദ്രങ്ങൾ ആരംഭിക്കുകയും, പരിശീലനത്തിനായി "പ്രേരക്മാർ" എന്ന പേരിൽ സാക്ഷരതാപ്രവർത്തകരെ തെരഞ്ഞെടുത്ത് നിയമിച്ചിട്ടുമുണ്ട്. സാക്ഷരതാ-തുടർവിദ്യാഭ്യാസപദ്ധതിയുടെ നടത്തിപ്പിന് സംസ്ഥാന ബഡ്ജറ്റിൽ ഗ്രാന്റ്-ഇൻ-എയ്ഡ് ആയി തുക അനുവദിച്ചുവരുന്നുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 166ാം വകുപ്പ് 1ാം ഉപവകുപ്പ് 3ാം പട്ടിക പ്രകാരം സാക്ഷരതാപരിപാടികൾ നടപ്പാക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിൽപ്പെട്ട ചുമതലയാണ്. 4ാം ക്ലാസ്, 7ാം ക്ലാസ്, 10ാം ക്ലാസ്, പ്ലസ്സ് തുല്യത പരീക്ഷ നടത്തി സർട്ടിഫിക്കറ്റുകൾ നൽകുവാൻ സംസ്ഥാന സർക്കാറിന് കീഴിൽ ആവിഷ്കരിച്ച "സാക്ഷരതാ മിഷൻ " എന്ന ബൃഹത്സംരംഭം തന്നെ നിലവിലുണ്ട്. ,2006-07 വർഷം മുതൽ 10ക്ലാസ് തുല്യത, 18.04.2013ലെ സ.ഉ.(കൈ)നം.138/2013/പൊ.വി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം +2 ക്ലാസുകളിലേയ്ക്കുള്ള തുല്യത എന്നിവ സാക്ഷരതാപ്രേരകുമാരുടെ നേതൃത്വത്തിൽ സാക്ഷരതാമിഷന്റെ പൊതുവായ പ്രവർത്തനം ആയിരിക്കെ ജില്ലാ ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകൾ പ്രത്യേക സംയുക്തപദ്ധതി രൂപീകരിക്കേണ്ട ആവശ്യകത ഫയലിൽ വ്യക്തമാക്കിയിട്ടില്ല.
2. പദ്ധതിയുടെ ഏകോപനചുമതല വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്കാണ്. 20.1.2023 ലെ ഡി2/02/2023 നമ്പർ കത്തിലൂടെ ജില്ലയിലെ എല്ലാ ഗ്രാമ/ ബ്ലോക്ക് പഞ്ചായത്തുകളും പദ്ധതിയ്ക്കായി തുക വകയിരുത്താനും സംസ്ഥാന സാക്ഷരതാമിഷന്റെ അക്കൗണ്ടിലേയ്ക്ക് തുക കൈമാറാനും വിദ്യാഭ്യാസ ഉപഡയറക്ടർ നിർദ്ദേശിച്ചു. എന്നാൽ ഏതൊക്കെ ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകളാണ് പദ്ധതി പ്രകാരം തുക കൈമാറിയതെന്ന് ഫയലിൽ നിന്ന് വ്യക്തമല്ല.
3. ജില്ലാ സാക്ഷരതാ മിഷൻ പ്രൊജക്ട് ഡയറക്ടറുടെ 02.02.2023 ലെ DLMKOZ/GEN /23നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ തുക കൈമാറുകയാണ് ചെയ്തത്. തുക കൈപ്പറ്റിയതായുള്ള സാക്ഷരതാമിഷന്റെ കൈപ്പറ്റ് ഫയലിൽ ലഭ്യമല്ല.
4. 19.04.2022 ലെ(കൈ) 84/2022 ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക3.5.4(1) പ്രകാരം (പതിനാലാം പഞ്ചവൽസര പദ്ധതി) പദ്ധതി രൂപീകരണ പ്രക്രിയയുടെ ആരംഭത്തിൽ തന്നെ ജില്ലാ പദ്ധതിയുടെ ഭാഗമായി ഉയർന്നുവന്നതും അല്ലാത്തതുമായ സംയുക്ത പ്രൊജക്ടുകൾ സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനായി ജില്ലയിലെ വകുപ്പ് മേധാവികളെയും ത്രിതല പഞ്ചായത്തുകളുടെയും നഗരസഭകളുടേയും അദ്ധ്യക്ഷന്മാർ , സെക്രട്ടറിമാർ എന്നിവരുടെ ഒരു സംയുക്തയോഗം വിളിച്ചു ചേർക്കേണ്ടതും യോഗത്തിൽ സ്ഥാപനങ്ങൾ വകയിരുത്തേണ്ട വിഹിതത്തെ സംബന്ധിച്ച് ധാരണയുണ്ടാക്കുകയും വിശദാംശങ്ങൾ ജില്ലാ ആസൂത്രണ സമിതി തയ്യാറാക്കി തദ്ദേശഭരണ സ്ഥാപനങ്ങളെ അറിയിക്കേണ്ടതുമാണ്. മേൽ പദ്ധതി സംയോജിത പദ്ധതിയായി രൂപീകരിച്ചെങ്കിലും മേൽപറഞ്ഞ കാര്യങ്ങളൊന്നും പാലിച്ചിട്ടില്ല. പദ്ധതിയുടെ നടത്തിപ്പ് സംസ്ഥാന സാക്ഷരതാ

മിഷനാണ്. സാക്ഷരതാമിഷന്റെ പദ്ധതിയ്ക്ക് പണം കൈമാറിയെന്നല്ലാതെ ജില്ലാ പഞ്ചായത്തോ മറ്റ് ഗ്രാമ/ബ്ലോക്ക്പഞ്ചായത്തുകളോ പദ്ധതി നിർവഹണത്തിൽ മുഖ്യപങ്ക് വഹിക്കുന്നില്ല.

5. 17.02.2023 ലെ ജില്ലാ സാക്ഷരതാമിഷൻ പ്രൊജക്റ്റ് കോർഡിനേറ്ററുടെ DLMKOZ/GEN/23 നമ്പർ കത്തിലൂടെ ഗുണഭോക്താക്കളെ കണ്ടെത്താനുള്ള പ്രവർത്തനം ജില്ലയിൽ നടന്നുവരികയാണെന്നും 2023 മാർച്ച് 31 നം പഠിതാക്കളുടെ ലിസ്റ്റ് , കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പഠിതാക്കളെ കണ്ടെത്താതെ, പഠനചെലവ് കണക്കാക്കാതെ ത്രിതല പഞ്ചായത്തുകളുടെ വിഹിതം നിശ്ചയിച്ചതെങ്ങനെ എന്ന് വ്യക്തമല്ല.

6. പദ്ധതി 2022-23 വർഷത്തിൽ നടപ്പിലാക്കിയിട്ടില്ല. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാതെ പദ്ധതിയ്ക്കായി തുക മുൻകൂറായി സാക്ഷരതാമിഷനിൽ അടച്ചത് ശരിയായ നടപടിയല്ല.

7. പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക8.6.(17), 28.5.2022 ലെ (കൈ) 115/2022 ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് (സബ്സിഡി മാർഗ്ഗരേഖ) ഖണ്ഡിക 7.4.5 എന്നിവ പ്രകാരം സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് കേന്ദ്രങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക, മിഷൻ പ്രസിദ്ധീകരിക്കുന്ന പാഠപുസ്തകങ്ങളുടെ വില നൽകുക, സംസ്ഥാന സാക്ഷരതാ മിഷന്റെ നിർദ്ദേശങ്ങൾ പരിഗണിച്ച് തദ്ദേശഭരണ സ്ഥാപന തലത്തിലെ 4, 7, 10, +2 എന്നീ ക്ലാസുകളിലേയ്ക്കുള്ള തുല്യത പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്ന പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ്, പരീക്ഷാ ഫീസ്, കോഴ്സ് ഫീസ് തുടങ്ങിയക്ക് വേണ്ടിയുള്ള പദ്ധതികൾ ഗ്രാമ/ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്. എന്നാൽ മേൽ പറഞ്ഞതിൽ നിന്നും വ്യത്യസ്തമായി സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങളുടെ അതേ സ്വഭാവത്തിലുള്ള പ്രത്യേകപദ്ധതി രൂപീകരിച്ച് പത്താംക്ലാസ്, +2 തുല്യത ക്ലാസുകൾ സാക്ഷരതാമിഷൻ മുഖേനയും അല്ലാതെയും നടത്തേണ്ട ആവശ്യകത ഫയലിൽ വ്യക്തമാക്കിയിട്ടില്ല.

അപാകങ്ങൾക്ക് മറുപടി നൽകാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി (28/22-23 Dt.17.11.2023) ക്ക് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട് (2.12.2023 ലെ ഡി2/9828/2023 നമ്പർ കത്ത്). മറുപടിയിൽ ഓരോ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ കൈമാറിയ വിഹിതം, തുക വിനിയോഗിച്ചതിന്റെ വിശദവിവരങ്ങൾ , പഠിതാക്കളെ എങ്ങനെ തെരഞ്ഞെടുത്തു എന്നീ വിവരങ്ങൾ ലഭ്യമാക്കാൻ സാക്ഷരതാമിഷൻ കത്ത് നൽകിയിട്ടുണ്ടെന്ന അറിയിച്ചിട്ടുണ്ട്. മറുപടി തൃപ്തികരമല്ല. ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾ സംയോജിതമായി നടപ്പിലാക്കിയ മേൽ പദ്ധതിയുടെ ഏകോപനചുമതല ഡെപ്യൂട്ടി ഡയറക്ടർക്കും പദ്ധതി നടത്തിപ്പ് സാക്ഷരതാമിഷനുമാണ്. എന്നാൽ ഓഡിറ്റ് എൻക്വയറി നൽകിയ അവസരത്തിൽമാത്രമാണ് പദ്ധതിയ്ക്കായി കൈമാറിയതുകയുടെ വിനിയോഗം, പഠിതാക്കളുടെ വിവരം , ഗ്രാമ/ ബ്ലോക്ക് പഞ്ചായത്തുകൾ കൈമാറിയ വിവരം എന്നിവ സാക്ഷരതാമിഷനോട് ആവശ്യപ്പെടുന്നത്. പദ്ധതി തുക കൈമാറിയതല്ലാതെ മറ്റൊരു തുടർനടപടിയും സ്വീകരിച്ചിരുന്നില്ല. പഠിതാക്കളെ കണ്ടെത്താതെ പദ്ധതി അടങ്കൽ നിശ്ചയിച്ച് തുക കൈമാറിയത് ശരിയായ നടപടിയല്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-23 എഡ്യുകെയർ-സമഗ്ര വിദ്യാഭ്യാസ പദ്ധതി-അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണം | ഡെപ്യൂട്ടി ഡയറക്ടർ, വിദ്യഭ്യാസം |
| പ്രൊജക്റ്റ് നമ്പർ | 613/2022-23 |
| അടങ്കൽ തുക | 20,00,000/- |
| ഫണ്ട് | വികസനഫണ്ട് (ജനറൽ) |
| ചെലവ് തുക | 11,00,973/- |
| ബിൽ നമ്പർ/ തിയ്യതി-തുക | 1) 735/2.2.2023-11825<br>2) 520/21.12.2023-25000<br>3) 877/13.2.2023-73200<br>4) 1521/24.3.2023-187486 |

| | |
|---|---|
| | 5) 1594/25.3.2023-485155<br>6) 1595/26.3.2023-298577<br>7) 1621/26.3.2023-14480<br>8) 1729/28.3.2023-5250 |
| ഫയൽ നമ്പർ | D2/40/22 |

ഡെപ്യൂട്ടി ഡയറക്ടർ, പൊതു വിദ്യാഭ്യാസം നിർവ്വഹണ ഉദ്യോഗസ്ഥനായി ജില്ലാ പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിലെ വിവിധ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് മേൽ തുക ചെലവഴിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന് കീഴിലുള്ള വിദ്യാലയങ്ങളിലെ പഠന പ്രവർത്തനങ്ങളുടെ സമഗ്രമായ വികസനത്തിന് ഊന്നൽ നൽകി രൂപീകരിച്ച പദ്ധതി ആണിത്. സമഗ്ര വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെട്ട 2022-23 വർഷം നടപ്പിലാക്കിയ പദ്ധതികളുടെ വിവരണങ്ങളും അടങ്കലുകളും താഴെ കൊടുക്കുന്നു.

2022-23 ൽ നടപ്പിലാക്കിയ പദ്ധതികളും അടങ്കലുകളും

| ക്രമനമ്പർ | പദ്ധതിയുടെ പേര് | പദ്ധതി പ്രവർത്തനം | അടങ്കൽ തുക |
|---|---|---|---|
| 1 | യാനം | SSLC , +2 തോറ്റവർക്കുള്ള പരീക്ഷാ പരിശീലനവും തൊഴിൽ പരിശീലനവും. ഡി പ്ലസ് കിട്ടാതെ പോയവരെ സേ പരീക്ഷയ്ക്ക് സജ്ജമാക്കലും | 10000 |
| 2 | താരഹാരം | SSLC, +2 പരീക്ഷകളിൽ ഉന്നതവിജയം നേടിയ വിദ്യാർത്ഥികളെ അനുമോദിക്കൽ | 5000 |
| 3 | നാം മുന്നോട്ട് | കോഴിക്കോട് ജില്ലയുടെ SSLC പരീക്ഷകളുടെ മുന്നേറ്റത്തിന് ജില്ലയിലെ മുഴുവൻ വിദ്യാലയങ്ങളെയും ആദരിക്കുന്നു. | 5000 |
| 4 | പുലർകാലം- പുലർകാലക്കൂട്ടം | വിദ്യാർത്ഥികളുടെ മാനസിക ശാരീരിക ആരോഗ്യ സംസ്ഥിതിയ്ക്കും വളർച്ചയ്ക്കും വേണ്ടി ആവിഷ്കരിക്കുന്ന സവിശേഷ പ്രവർത്തനമാണ് | 450000 |

| | | | |
|---|---|---|---|
| | | പുലർകാലകൂട്ടം. 9 മുതൽ 12 വരെ ക്ലാസുകളിലെ കുട്ടികളെ ഉൾപ്പെടുത്തി മോർണിംഗ് ക്ലബ് രൂപീകരിക്കുന്നു. മാസത്തിൽ ഒരു ക്യാമ്പ് എന്നരീതിയിൽ വർഷത്തിൽ 10 ദിവസം രാവിലെ 6 മുതൽ 9 വരെ നീളുന്ന യോഗ, മെഡിറ്റേഷൻ, എയ്റോബിക്സ് തുടങ്ങി ശാരീരികവും മാനസികവുമായി ഉണർവേകുന്ന പരിശീലനങ്ങൾ. | |
| 5 | കൃഷിപാഠം | വിദ്യാലയത്തിലും വീട്ടിലും പരമ്പരാഗത അറിവുകൾ അന്വേഷിച്ചറിയുന്ന ഒരു ഗവേഷണാത്മക രീതിയിലാണ് ഈ പ്രവർത്തനം നടക്കേണ്ടത്. വിത്ത് വിതരണം, വീട്ടിലൊരു തോട്ടം ,വിദ്യാലയകൃഷി, കുട്ടി കർഷകൻ തുടങ്ങിയവ ഇതിന്റെ ഭാഗമാകും. | 100000 |
| 6 | ശാസ്ത്രോത്സവം | എല്ലാ വിദ്യാലയങ്ങളിലും ഇന്നവേഷൻ ക്ലാസ്, സ്കൂൾ ശാസ്ത്രോത്സവം, ശാസ്ത്ര പഠനയാത്ര-തെരഞ്ഞെടുക്കുന്ന കുട്ടികൾ ശാസ്ത്ര പഠന കേന്ദ്രങ്ങൾ സന്ദർശിക്കുന്നു, കുട്ടിശാസ്ത്രജ്ഞൻ | 50000 |
| 7 | ഫോട്ടോഫിനിഷ് | 10,12 ക്ലാസ് കുട്ടികൾക്ക് അധിക പഠന പിന്തുണ. പ്രത്യേക പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് അധിക സമയ കോച്ചിംങ്. പഠനകുറിപ്പുകൾ തയ്യാറാക്കി വിദ്യാലയങ്ങൾക്ക് കൈമാറും. | 530000 |
| 8 | റിഫ്ലക്ഷൻ | 11,12 ക്ലാസുകളിലെ കുട്ടികൾക്ക് സെമിനാർ | 250000 |

പദ്ധതിയുടെ ചെലവുകളുടെ വിശദാംശം

| ക്രമ നം. | ട്രഷറി ബിൽ നമ്പർ/തിയതി | തുക | ചെലവിനം |
|---|---|---|---|
| 1 | 520/21.12.2023 | 25000 | ഭക്ഷണചെലവ്. |
| 2 | 735/02.02.2023 | 11825 | ശാസ്ത്രോത്സവം, കൃഷിപാഠം പദ്ധതി നടത്തിപ്പ് ചെലവ് (ബാനർ ,മറ്റു ചെലവുകൾ) |
| 3 | 877/13.02.2023 | 73200 | കൃഷിപാഠം പദ്ധതി ചെലവ് ( വിത്തുകൾ, ട്രേകൾ വാങ്ങിയത്) |
| 4 | 1521/24.03.2023 | 187486 | റിഫ്ലക്ഷൻസ് പദ്ധതി നടത്തിപ്പ് ചെലവ്.(ദേശീയ സെമിനാർ, ഹോണറേറിയം, ടി.എ, താമസചെലവ്, പ്ലാനറ്റേറിയം വാടക, ബാനർ, ഭക്ഷണചെലവ്, ബ്ലോക്ക് തലത്തിൽ നടത്തിയ സെമിനാറിനും ബാനർ, ഭക്ഷണചെലവ്, സെമിനാർ ജഡ്ജ്മാരുടെ ഹോണറേറിയം) |

| | | | |
|---|---|---|---|
| | | | |
| 5 | 1594/25.03.2023 | 485155 | ഫോട്ടോഫിനിഷ് (വിദഗ്ദ ക്ലാസുകൾ നൽകിയതിന് അധ്യാപകർക്ക് ഹോണറേറിയം, ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കുള്ള പരീക്ഷ മൊഡ്യൂൾ, ചോദ്യപേപ്പർ വർക്ക്ഷോപ്പ്) |
| 6 | 1595/26.03.2023 | 298577 | പുലർകാലം(യോഗ ട്രയിനിംഗിന് ഹോണറേറിയം, എയ്റോബിക് ട്രയിനിംഗിന് ഹോണറേറിയം) |
| 7 | 1621/26.3.2023 | 14480 | യാനം , താരഹാരം , നാം മുന്നോട്ട് (മൊമെന്റോ , നടത്തിപ്പ് ചെലവ്) |
| 8 | 1729/28.03.2023 | 5250 | കൃഷിപാഠം പദ്ധതിയുടെ അനുമോദന ചെലവ് (മൊമെന്റോ) |
| ആകെ | | 1100973 | |

പ്രോജക്ട് നിർവഹണത്തിൽ താഴെ ചേർത്ത അപാകങ്ങൾ കാണുന്നു.

1) സബ്സിഡി മാർഗരേഖ സ.ഉ (കൈ) 115/2022/ തസ്വഭവ തി: 28.05.22 നമ്പർ ഉത്തരവിലെ ഖണ്ഡിക 7.6.5ൽ യോഗപരിശീലനത്തിന്റെ വ്യവസ്ഥകൾ വ്യക്തമാക്കിയിട്ടുണ്ട്. ആയത് പ്രകാരം ആയുഷുമായി ചേർന്ന് ഒരു സെഷന് 400 രൂപ ക്രമത്തിൽ ഒരു മാസം പരമാവധി 12000 രൂപ പരിശീലകന് നൽകാമെന്നും പരിശീലകർ അംഗീകൃത സർവ്വകലാശാലയിൽ നിന്ന് BNYS (Bachelor Of Naturopathy And Yogic Sciences) ബിരുദമോ തത്തുല്യ യോഗ്യതയുള്ളവരോ യോഗ അസോസിയേഷൻ/ സ്പോർട്സ് കൗൺസിലിന്റെ അംഗീകാരം ഉള്ളവരോ ആകണമെന്ന് നിഷ്കർഷിക്കുന്നു. സമഗ്ര വിദ്യാഭ്യാസ പരിപാടിയിൽ പുലർകാലം എന്ന പദ്ധതിയുടെ ഭാഗമായി യോഗ ട്രയിനിംഗും എയ്റോബിക്സ് ട്രയിനിംഗും നൽകിയിട്ടുണ്ട്. മാർഗ്ഗരേഖയിലെ വ്യവസ്ഥകളിൽ നിന്നും വ്യത്യസ്തമായി യോഗയ്ക്ക് 1500, 2000 നിരക്കിലാണ് ഹോണറേറിയം നൽകിയത്. എയ്റോബിക്സ് പരിശീലനത്തിന് 1400, 1200, 1000 എന്നീ നിരക്കുകളിൽ ഹോണറേറിയം നൽകിയിട്ടുണ്ട്. യോഗ പരിശീലനത്തിനും എയ്റോബിക്സ് പരിശീലനത്തിനും പരിശീലകർക്ക് വ്യത്യസ്ത സ്കൂളുകളിൽ വ്യത്യസ്ത നിരക്കിലാണ് ഹോണറേറിയം നൽകിയത്. പുലർകാല പരിശീലനത്തിന്റെ ഭാഗമായി 52 സ്കൂളുകളിൽ ഒരു സെഷൻ യോഗപരിശീലനവും 53 സ്കൂളുകളിൽ ഒരു സെഷൻ എയ്റോബിക്സ് പരിശീലനവും നടത്തിയിട്ടുണ്ട്. യോഗ പരിശീലനത്തിന് ആകെ 102500 രൂപയും എയ്റോബിക്സ് പരിശീലനത്തിന് 66200 രൂപയും ഹോണറേറിയം ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. സർക്കാറിന്റെ അനുമതി കൂടാതെ ശമ്പളമോ ഹോണറേറിയമോ നൽകാൻ പാടില്ല എന്ന് സബ്സിഡി മാർഗ്ഗരേഖയിൽ ഖണ്ഡിക നമ്പർ 8.6 വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2) പുലർകാലം പദ്ധതിയുടെ ഭാഗമായി അധ്യാപകർക്ക് ശില്പശാല സംഘടിപ്പിച്ചിട്ടുണ്ട്. ആയതിന്റെ ചെലവ് വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| ശില്പശാലയിൽ പങ്കെടുത്ത അധ്യാപകർക്ക് യാത്രാബത്ത | 14500 |
| ഹാൾ വാടക, ഭക്ഷണം, താമസം | 65524 |
| ഡി.ടി.പി. ബാനർ, പേന, ഡയറി | 8997 |
| പരിശീലനം നൽകിയവർക്കുള്ള ഹോണറേറിയം | 9750 |

പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ)84/2022/ത.സ്വ.ഭ.വ തി 19.4.2022 ഖണ്ഡിക 8.6 (5) പ്രകാരം ഗവേഷണം, പരിശീലനം നടത്തുക മുതലായവ എസ്.എസ്.കെ, വിദ്യാഭ്യാസ വകുപ്പ് എന്നിവ നടത്തുന്ന പരിപാടിയുടെ ആവർത്തനം അല്ല എന്നുറപ്പ് വരുത്തേണ്ടതുണ്ട്. എന്നാൽ ശില്പശാലയിൽ നടന്നത് എസ്.എസ്.കെ/വിദ്യാഭ്യാസവകുപ്പ് പരിപാടികളുടെ ആവർത്തനമല്ല എന്നുറപ്പുവരുത്തിയതായി ഫയലിൽ വ്യക്തമല്ല. വകുപ്പിന്റെയും എസ്.എസ്.കെയുടെയും പരിശീലനത്തിനുപരി അധ്യാപകർക്ക് പ്രത്യേക പരിശീലനത്തിന്റെ ആവശ്യകത വ്യക്തമാക്കിയിട്ടില്ല. പദ്ധതി മാർഗ്ഗരേഖ 8.6 (2) പ്രകാരം തദ്ദേശസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് ആകണം മുൻഗണന നൽകേണ്ടത്. എന്നാൽ സ്കൂളുകൾക്ക് മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടോയെന്ന് ഉറപ്പുവരുത്തിയതായി കാണുന്നില്ല.

3) പദ്ധതി ചെലവുകളുടെ വിശദാംശത്തിൽ ക്രമനമ്പർ 1 പ്രകാരം ഭക്ഷണചെലവ് ഇനത്തിൽ ദേശാഭിമാനി കാന്റീന് 25000 രൂപ കൈമാറിയിട്ടുണ്ട്. (ദേശാഭിമാനി കാന്റീൻ ബിൽ നമ്പർ -527/തിയ്യതി ഇല്ല). ഓഡിറ്റിന് ലഭ്യമാക്കിയ ബില്ലിനോടൊപ്പമുള്ള പ്രൊസീഡിംഗ്സിൽ "ശാസ്ത്രവഴി" പരിപാടിയുടെ ഭക്ഷണചെലവിനത്തിലാണ് മേൽ തുക ചെലവഴിച്ചിരിക്കുന്നത്. എന്നാൽ സമഗ്രവിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി "ശാസ്ത്രവഴി" എന്ന പദ്ധതി രൂപീകരിച്ചതായോ 2022-23 ൽ നടപ്പിലാക്കിയ പദ്ധതികളിൽ “ശാസ്ത്രവഴി” ഉൾപ്പെട്ടതായോ കാണുന്നില്ല. ട്രഷറി ബില്ലിനോടൊപ്പമുള്ള വൗച്ചറിൽ ദേശാഭിമാനി കാന്റീനിന്റെ തിയ്യതി രേഖപ്പെടുത്താത്ത ബില്ലാണ് (200 പേർക്കുള്ള ഒരു ദിവസത്തെ ഭക്ഷണചെലവ്) ഉൾപ്പെടുത്തിയത്. എന്നാൽ പങ്കെടുത്തവരുടെ ലിസ്റ്റോ പരിപാടിയുടെ അനുബന്ധവിവരങ്ങളോ ഫയലിൽ ലഭ്യമല്ല. ചെലവുരേഖകളുടെ അഭാവത്തിൽ 25000/-രൂപ നിരാകരിക്കുന്നു.

4) പട്ടിക 2 ക്രമനമ്പർ 5 പ്രകാരം 485155 രൂപ ,പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വിദഗ്ദ ക്ലാസുകൾ നൽകിയ അധ്യാപകർക്ക് ഹോണറേറിയം നൽകാനും ഹയർ സെക്കന്ററി രണ്ടാം വർഷ പരീക്ഷ പരിശീലനത്തിനായി മൊഡ്യൂൾ, മോഡൽ ചോദ്യപേപ്പർ തയ്യാറാക്കിയ അധ്യാപകർക്ക് ഹോണറേറിയം നൽകുവാനുമാണ് ഉപയോഗിച്ചിരിക്കുന്നത്. സർക്കാറിന്റെ അനുമതി കൂടാതെ ശമ്പളമോ ഓണറേറിയമോ നൽകാൻ പാടില്ല എന്ന് സബ്സിഡി മാർഗരേഖയായ സ.ഉ (കൈ) 115/2022/ തസ്വഭവ തി: 28.05.22 നമ്പർ ഉത്തരവിലെ ഖണ്ഡിക 8.6 ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേരള സർക്കാറിന്റെ ഹയർ സെക്കന്ററി ഇവാല്യുവേഷൻ പോർട്ടലിൽ വിവിധ ജില്ലകളിലെ അധ്യാപകരുടെ ജില്ലാ തല ക്ലസ്റ്റർ ടീം തയ്യാറാക്കിയ എല്ലാ വിഷയങ്ങളുടെയും മോഡൽ

ചോദ്യപേപ്പറുകൾ ലഭ്യമാണ്. ആയത് ലഭ്യമായിരിക്കെ 8 വിഷയങ്ങളിലുള്ള മൊഡ്യൂളും വിവിധ വിഷയങ്ങളിലെ 18 ചോദ്യപേപ്പറുകളും തയ്യാറാക്കുന്നതിന് പ്രത്യേക വർക്ക്ഷോപ്പ് നടത്തേണ്ട ആവശ്യകത വ്യക്തമല്ല. മാത്രമല്ല ചോദ്യപേപ്പർ തയ്യാറാക്കുന്നതിന് ഒരു വിഷയത്തിൽ 1 മുതൽ 4 വരെ അധ്യാപകരെ ഉൾപ്പെടുത്തിയിട്ടുണ്ട്. ബോട്ടണി ചോദ്യപേപ്പർ തയ്യാറാക്കുന്നതിന് ഒരാളെയും പൊളിറ്റിക്കൽ സയൻസിൽ 4 പേരെയുമാണ് ഉൾപ്പെടുത്തിയത്. ഇവാല്യുവേഷൻ പോർട്ടലിൽ ലഭ്യമാക്കിയ ഓരോ ചോദ്യപേപ്പറും 8 മുതൽ 12 വരെ അധ്യാപകർ ചേർന്ന് തയ്യാറാക്കിയതാണ്. ബോട്ടണി വിഷയത്തിൽ മാത്രം 64 ചോദ്യപേപ്പറുകൾ പോർട്ടലിൽ ലഭ്യമാണ്. കൂടാതെ ഓഡിറ്റിന് ലഭ്യമാക്കിയ മോഡ്യൂൾ , ചോദ്യപേപ്പർ എന്നിവയിൽ ബോട്ടണിയിലെ ചോദ്യപേപ്പർ പരിശോധിച്ചതിൽ അതിലെ ചോദ്യങ്ങൾ ഇവാല്യുവേഷൻ പോർട്ടലിലുള്ളവയ്ക്ക് സമാനമാണെന്ന് കണ്ടു. ഇവാല്യുവേഷൻ പോർട്ടലിലെ ചോദ്യപേപ്പറുകൾ ആർക്കും ലഭ്യമായിരിക്കുകയും പഠനത്തിന് ഉപയോഗപ്പെടുത്താമെന്നുമിരിക്കെ പ്രത്യേക ശില്പശാല സംഘടിപ്പിച്ച് ചോദ്യപേപ്പറുകൾ തയ്യാറാക്കിയതിന്റെ ആവശ്യകത വ്യക്തമല്ല.

ഹയർ സെക്കന്ററി വിഭാഗത്തിലെ 8 വിഷയങ്ങൾക്കാണ് ചോദ്യപേപ്പർ തയ്യാറാക്കിയിരിക്കുന്നത്. 8 വിഷയങ്ങൾ മാത്രം തെരഞ്ഞെടുത്തത് എന്തുകൊണ്ടെന്ന് വ്യക്തമല്ല. അധ്യാപകർ തയ്യാറാക്കിയ ചോദ്യപേപ്പറുകളുടെ എണ്ണവും ഇവാല്യുവേഷൻ പോർട്ടലിൽ ലഭ്യമായ ചോദ്യപേപ്പറുകളും താഴെ കൊടുക്കുന്നു.

| വിഷയം | പോർട്ടലിൽ ലഭ്യമായ ചോദ്യപേപ്പറുകളുടെ എണ്ണം | ശില്പശാലയിൽ തയ്യാറാക്കിയ ചോദ്യപേപ്പറുകളുടെ എണ്ണം |
|---|---|---|
| ഹിസ്റ്ററി | 41 | 1 |
| ഇംഗ്ലീഷ് | 117 | 2 |
| ഫിസിക്സ് | 109 | 2 |
| ഇക്കണോമിക്സ് | 76 | 4 |
| ബോട്ടണി | 64 | 1 |
| സുവോളജി | 53 | 1 |
| പൊളിറ്റിക്സ് | 41 | 2 |

(* പോർട്ടലിൽ ലഭ്യമായ മുഴുവൻ വിഷയങ്ങളും ഉൾപ്പെടുത്തിയിട്ടില്ല ).

ധാരാളം ചോദ്യപേപ്പറുകളും അവയുടെ ഉത്തരങ്ങളും ഇവാല്യുവേഷൻ പോർട്ടലിൽ തന്നെ നിലവിൽ ലഭ്യമായിരിക്കെ 13 ചോദ്യപേപ്പർ തയ്യാറാക്കാനേ ശില്പശാല ഉപകരിച്ചുള്ളൂ എന്ന് കാണുന്നു. പോർട്ടലിൽ സംസ്ഥാനത്തെ അധ്യാപകർ ചേർന്ന് തയ്യാറാക്കിയ ചോദ്യപേപ്പർ ഉണ്ടായിരിക്കെ പ്രത്യേക ചോദ്യപേപ്പർ തയ്യാറാക്കിയതിന്റെ സാംഗത്യം മനസിലാകുന്നില്ല. ആയത് എപ്രകാരം ഉപയോഗപ്പെടുത്തിയെന്നും വ്യക്തമല്ല. സമഗ്ര വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി ഫോട്ടോഫിനിഷ് എന്ന പദ്ധതി നടപ്പിലാക്കിയിരുന്നു. ആയതിൽ വിദഗ്ധ അധ്യാപകരുടെ ക്ലാസുകളും കുട്ടികൾക്ക് നൽകിയിട്ടുണ്ട്. ശില്പശാല വഴി തയ്യാറാക്കിയ ചോദ്യങ്ങൾ എപ്രകാരം ഉപയോഗപ്പെടുത്തിയെന്ന് ഫയലിൽ വ്യക്തമല്ല. അധ്യാപക പരിശീലനം, അധ്യാപക ശില്പശാല എന്നിവ എസ്.എസ്.എ, വകുപ്പ് / RMSA എന്നിവയുടെ പ്രവർത്തനങ്ങൾ ആയിരിക്കേ ജില്ലാ പഞ്ചായത്ത്ഫണ്ട് ഉപയോഗിച്ച് സമാന്തരമായ പദ്ധതികൾ ഏറ്റെടുത്ത് നടത്തേണ്ട ആവശ്യകത വ്യക്തമല്ല.

6) സ്കൂൾ വിദ്യാർത്ഥികൾക്കായി വിത്തുകളും തൈകളും കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്നുണ്ട്. കൃഷിവകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് സമാന്തരമായി ജില്ലാപഞ്ചായത്ത് കൃഷിപാഠം പദ്ധതി നടത്തേണ്ട ആവശ്യകത വ്യക്തമല്ല.

മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (52/2022-23, 13.12.2023) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ നിരാകരിച്ച തുക 25000/- രൂപ കിഴിച്ച് 10,75,973 തടസ്സപ്പെടുത്തുന്നു.

## 1-24 സമഗ്ര ശിക്ഷ കേരളം - പദ്ധതി അടങ്കൽ നിർണയിച്ചതും വിനിയോഗവിവരവും സംബന്ധിച്ച അപാകങ്ങൾ

| | | |
|---|---|---|
| പദ്ധതി പേര്, നം | എസ്.എസ്.കെ പദ്ധതി വിഹിതം നൽകൽ, 487/23 | |
| നിർവ്വഹണം | ജില്ല വിദ്യാഭ്യാസ ഉപഡയറക്ടർ | |
| ഫയൽ നം. | D2/24/22 (ഡി.ഡി.ഇ. കാര്യാലയ ഫയൽ) | |
| അടങ്കൽ തുക | 1,00,00,000/- (വികസനഫണ്ട്, പൊതുവിഭാഗം) | |
| ചെലവ് തുക | 1,00,00,000/- | |
| ബിൽ നമ്പർ, തീയ്യതി, തുക | 418/28.11.2022 | 25,00,000/- |
| | 521/21.12.2022 | 25,00,000/- |

| | | |
|---|---|---|
| | 1528/24.3.2022 | 25,00,000/- |
| | 1529/24.3.2022 | 25,00,000/- |

സമഗ്രശിക്ഷാ കേരളം പദ്ധതിക്കായി (എസ്.എസ്.കെ) 2022-23 വർഷത്തെ വിഹിതമായി 1,00,00,000/- ജില്ലാ പ്രോജക്ട് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെചേർക്കുന്നു.

1. 19.04.2022 ലെ (കൈ) 84/2022 ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് (പതിനാലാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ) ഖണ്ഡിക 8.6.(3, 4) പ്രകാരം എസ്.എസ്.കെ. പദ്ധതികളുടെ കർമ്മ പരിപാടി തയ്യാറാക്കുന്നതും, നടപ്പിലാക്കുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെ ആയിരിക്കണം. ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ/ പരിപാടികൾ എന്തെല്ലാമെന്ന് അതതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രൊജക്ട് ഡയറക്ടർ അറിയിക്കുകയും വേണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ ഇടപെടൽ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ ഉറപ്പാക്കണം. എന്നാൽ ജില്ലാ പഞ്ചായത്തിനു കീഴിലുള്ള സ്കൂളുകളിൽ തൻവർഷത്തിൽ നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ സമഗ്രമായ പ്ലാനോ, മറ്റ് രേഖകളോ എസ്.എസ്.കെ. വിഭാഗം ലഭ്യമാക്കിയിട്ടില്ല. കൂടാതെ പദ്ധതി മുഖാന്തിരം നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ ചെലവ് തുക എത്രയെന്നും നിശ്ചയിച്ച് അറിയിച്ചിട്ടില്ല.
2. ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 07.06.2022 യോഗത്തിൽ എസ്.എസ്.കെ. വിഹിതം നൽകുന്നതിനായി 50 ലക്ഷം രൂപ വികസനഫണ്ടിൽ നിന്ന് വകയിരുത്തി കരട് പദ്ധതിരേഖ രൂപീകരിച്ചിട്ടുണ്ട്. (തീരുമാനം നം.56/22(2). പദ്ധതി മുഖേന നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ രൂപരേഖയില്ലാതെ അടങ്കൽ നിശ്ചയിച്ചത് യുക്തിസഹമല്ല. ഫയൽ പരിശോധിച്ചതിൽ നിന്നും ജില്ലാ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന സ്കൂളുകളിൽ എസ്.എസ്.കെ മുഖേന നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് വിദ്യാഭ്യാസം-ആരോഗ്യം വർക്കിങ്ങ് ഗ്രൂപ്പിൽ ചർച്ച നടത്തി ശുപാർശ ചെയ്തതിന്റേയോ പദ്ധതി രൂപീകരണത്തിൽ ജില്ലാപഞ്ചായത്തിന്റെ പങ്ക് വ്യക്തമാക്കുന്ന നിർദ്ദേശങ്ങളോ രേഖകളോ ലഭ്യമല്ല.
3. പദ്ധതി ഭേദഗതി ചെയ്ത് തുക ഒരു കോടിയായി വകയിരുത്തി എസ്.എസ്.കെ. പ്രൊജക്ട് ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി ഭേദഗതി ചെയ്യാനിടയുണ്ടായ സാഹചര്യം, ആയത് അംഗീകരിച്ച ഭരണസമിതി യോഗ തീയ്യതി, തീരുമാനം എന്നിവ പരിശോധനക്കായി ഫയലിൽ ലഭ്യമാക്കിയിട്ടില്ല.
4. പദ്ധതി മാർഗ്ഗരേഖ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന തുകയുടെ വിനിയോഗം അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും ബന്ധപ്പെട്ട വകുപ്പ് മേധാവികളെയും പ്രൊജക്ട് ഡയറക്ടർ അറിയിക്കണം. ജില്ലാ പഞ്ചായത്തിൽ നിന്നും അനുവദിച്ച ഒരു കോടി രൂപയുടെ തീയ്യതി രേഖപ്പെടുത്താത്ത വിനിയോഗ സാക്ഷ്യപത്രം B/972/2023/SSK നമ്പർ പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ കൂടെ എസ്.എസ്.കെ.യുടെ Annual Work Plan & Budget (2022-23) Intervention Wise Expenditure Report എന്നിവയും ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ജില്ലാ പഞ്ചായത്തിൽ നിന്നും അനുവദിച്ച തുക ഏതെല്ലാം കാര്യങ്ങൾക്ക് വിനിയോഗിച്ചെന്നോ ഏതെല്ലാം സ്കൂളുകൾക്ക് പരിശീലനം നൽകിയെന്നോ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തിയെന്നോ സംബന്ധിച്ച വിശദമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല .
5. മാർഗ്ഗരേഖ ഖണ്ഡിക.14(3) പ്രകാരം പദ്ധതിയുടെ പ്രാരംഭഘട്ടത്തിലും, പുരോഗമന ഘട്ടത്തിലും, പൂർത്തീകരണ ശേഷവും പദ്ധതി ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടത് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. എന്നാൽ പദ്ധതിയുടെ ഭൗതികലക്ഷ്യം കൈവരിച്ചതുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ ചേർത്തിട്ടില്ല.

അപാകങ്ങൾക്ക് മറുപടി നൽകാനാവശ്യപ്പെട്ട നൽകിയ കുറിപ്പിന് (29/22-23 Dt.17.11.2023) ന് നിർവ്വഹണ ഉദ്യോഗസ്ഥൻ 2.12.2023ന് മറുപടി ലഭ്യമാക്കി (ഡി2/9828/2023 നമ്പർ കത്ത്). പ്രസ്തുത മറുപടിയിൽ എസ്.എസ്.കെ ഓരോ വർഷവും ഓരോ സ്കൂളുകളിലും നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ രൂപരേഖ ജില്ലാ പഞ്ചായത്തിനു സമർപ്പിക്കാറുണ്ടെന്നും അതനുസരിച്ചാണ് അടങ്കൽ നിശ്ചയിക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്. 2022-23 വർഷം ഏകദേശം 4 കോടി രൂപയുടെ പ്രവർത്തനങ്ങളാണ് എസ്.എസ്.കെ ജില്ലാ പഞ്ചായത്തിൽ സമർപ്പിച്ചതെന്നും ഇതിൽ 1 കോടി രൂപ വർക്കിംഗ് ഗ്രൂപ്പിലും, സ്റ്റാന്റിംഗ് കമ്മറ്റിയിലും ചർച്ച ചെയ്ത് 2022-23 വർഷം എസ്.എസ്.കെ വിഹിതമായി നൽകിയെന്നും അറിയിച്ചിട്ടുണ്ട്. എസ്.എസ്.കെ മുഖേന നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ രൂപരേഖ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

## 1-25 സാക്ഷരതാ മിഷൻ ലൈബ്രറിയിലേക്ക് ഫർണിച്ചർ വാങ്ങിയത് സംബന്ധിച്ച്.

| | |
|---|---|
| നിർവ്വഹണം | ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ, കോഴിക്കോട്. |
| പദ്ധതി പേര്, നം | സാക്ഷരതാ മിഷൻ ലൈബ്രറിയിലേക്ക് ഫർണിച്ചർ, S01042/23 |
| ഫയൽ നം. | ഡി.2/07/2023 (ഡി.ഡി.ഇ.കാര്യാലയ ഫയൽ) |
| അടങ്കൽ തുക | 5,00,000/- (വികസന ഫണ്ട്, ജനറൽ) |
| ചെലവ് തുക | 4,83,982/- (ബിൽ നം, തീയ്യതി - 22/2022-23, 29.03.2023) |
| BRN | 22160152028201475077, 24.03.2023 |

കോഴിക്കോട് നഗരസഭ പരിധിയിൽ സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിലുള്ള ജില്ലാ സാക്ഷരതാ മിഷൻ ലൈബ്രറിയിൽ (ഇ.കെ.നായനാർ സ്മാരക ലൈബ്രറി) അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി ഫർണിച്ചർ പ്രവൃത്തികൾ നടത്തുന്നതിനാണ് പദ്ധതി രൂപീകരിച്ച് നടപ്പാക്കിയത്. ഇതിനായി താൽപര്യപത്രം ക്ഷണിക്കുകയും 27.01.2023 ന് കാഡ്കോ സമർപ്പിച്ച എസ്റ്റിമേറ്റ്/ ക്വട്ടേഷൻ പരിശോധിച്ച് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 22.02.2023 ലെ യോഗത്തിൽ അംഗീകരിക്കുകയും ചെയ്തു (നം.33/2023). 06.03.2023 ന് നിർവ്വഹണ ഉദ്യോഗസ്ഥൻ വിതരണ ഏജൻസിക്ക് വർക്ക് ഓർഡർ നൽകിയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ

സാക്ഷരതാ മിഷൻ ലൈബ്രറിയിൽ കാഡ്കോ താഴെ പറയുന്ന തരത്തിലുള്ള ഫർണിച്ചർ പ്രവർത്തികൾ നടത്തിയിട്ടുണ്ട്.

| ഇനം | ആകെ തുക |
|---|---|
| Steel Wodden Storage Using Treated Rubwood, Wood Pannels With Standard Fixtures & Fittings @ 21,000 X 1 M2 [(120cmL X 210cmH X 40cm D) (4 Nos) (10.08 M2 ) | 2,11,680.00 |
| Wooden Back Storage Cum TV Showcase Using Treated Rubwood, Wood Pannels With Standard Fixtures & Fittings @ 21,000 X 1 M2 [(180 Cm L X 210 Cm H X 40 Cm D)] (3.78 M2 ) | 79,380.00 |
| Wooden Back Storage Using Treated Rubwood, Wood Pannels With Standard Fixtures & Fittings @ 21,000 X 1 M2 [(271 Cm L X 75 Cm H X 40 Cm D), (45 Cm L X 130 Cm H X 40 Cm D), (49 Cm L X 130 Cm H, 40 Cm D)] (3.25 M2 ) | 68,250.00 |
| Wooden Back Storage Using Treated Rubwood, Wood Pannels With Standard Fixtures & Fittings @ 21,000 X 1 M2 [ (75 Cm L X 210 Cm H X 38 Cm D) (75 Cm L X 60 Cm H X 38 Cm D) (2.02 M2 ) | 42,420.00 |
| Hard Wood Bench With 4 Legs @ 4212 X 2 (Size 180cm X 45 Cm X 45 Cm) | 8424.00 |
| Total | 4,10,154.00 |
| CGST @ 9 % | 36,913.86 |
| SGST @ 9 % | 36,913.86 |
| Round Off (+0.28) Grand Total | 4,83,982.00 |

പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട് താഴെ വിശദീകരിച്ച അപാകങ്ങൾ കൊടുക്കുന്നു.

1. 19.04.2022 ന് പുറപ്പെടുവിച്ച (കൈ) 84/2022/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലൂടെ (പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക നം.8-6-15) പ്രകാരം ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകൾക്ക് ഫർണിച്ചർ, കെട്ടിടം എന്നിവ ഉൾപ്പടെയുള്ള ഭൗതിക സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള പദ്ധതികൾ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളെ ചുമതലപ്പെടുത്തിയ പ്രവർത്തനങ്ങൾക്ക് ജില്ലാ പഞ്ചായത്ത് വികസന ഫണ്ട് വിനിയോഗിച്ചതിന് സർക്കാരിൽ നിന്നും അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.
2. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം പ്രകാരം പഞ്ചായത്ത് പ്രദേശങ്ങളിലെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് ജില്ലാ പഞ്ചായത്തിന് അനുമതിയുള്ളത്. കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ പ്രവർത്തിക്കുന്ന ജില്ലാ സാക്ഷരതാ മിഷൻ ലൈബ്രറിയിൽ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കുന്നത് മേഖലാ ചുമതലകളുടേയും സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങളുടേയും ലംഘനമാണ്. 19.04.2022 ന് പുറപ്പെടുവിച്ച (കൈ) 86/2022/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലൂടെ നഗര പ്രദേശങ്ങളിലെ ഇത്തരം പ്രവർത്തനങ്ങൾ നഗരസഭ കാര്യാലയങ്ങൾ വഴി നടപ്പാക്കും. ജില്ലാ പഞ്ചായത്തിന്റെ അധികാരപരിധിയിൽ പെടാത്ത പ്രദേശങ്ങളിലുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് സർക്കാരിൽ നിന്നും അനുമതി ലഭ്യമായത് പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.
3. സംസ്ഥാന സാക്ഷരതാ മിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ജില്ലാ സാക്ഷരതാ മിഷന്റെ കാര്യലായം ജില്ലാ പഞ്ചായത്തിന് കൈമാറികിട്ടിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച സർക്കാർ ഉത്തരവ് പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.
4. ഇ.കെ.നായനാർ സ്മാരക ലൈബ്രറിക്ക് ലൈബ്രറി കൗൺസിലിന്റെ അംഗീകാരം ലഭ്യമായതിന്റെ നടപടിക്രമം ഫയലിൽ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

എന്നാൽ അപാകങ്ങൾ ചൂണ്ടി കാണിച്ച് 25.11.2023 നൽകിയ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 1-26 അശാസ്ത്രീയമായ മണ്ണ് ഖനനത്തെ തുടർന്ന് സംരക്ഷണഭിത്തി നിർമ്മിക്കേണ്ടി വന്നു - ഉത്തരവാദികളുടെ നഷ്ടോത്തരവാദിത്തത്തിൽ മതിൽ നിർമ്മിച്ചില്ല- 40.68 ലക്ഷം രൂപയുടെ അധിക ചെലവ്

| | |
|---|---|
| പ്രോജക്ട് നം, പേര് | S0669/22, S0419/23, ചെറുവണ്ണൂർ നല്ലളം വ്യവസായ എസ്റ്റേറ്റ് സംരക്ഷണ ഭിത്തി - ബഹുവർഷം |
| അടങ്കൽ, ഫണ്ടിനം | 75,00,000/- (പൊതുവിഭാഗം - സാധാരണ വിഹിതം) |
| ചെലവ് | 40,68,735 |
| ബിൽ നം. | 21160152030400526367/ 18.10.2021 – 1,59,890/-<br>2116015203040128860/ 08.03.2022 – 13,36,987/-<br>22160152030401516927/ 28.03.2023 – 25,71,858/- |
| സാങ്കേതികാനുമതി നം. | EE/LSGD/TS N0, 71837/2021-22/ 04.01.2022- 75,00,000/- |
| കരാർ തുക, കരാറുകാരൻ | 66,84,936/-, ULCCS |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

കോഴിക്കോട് ജില്ലാപഞ്ചായത്തിന്റെ അധീനതയിലുള്ള ചെറുവണ്ണൂർ - നല്ലളം വ്യവസായ എസ്റ്റേറ്റിലെ അപകട ഭീഷണിയിലായ കെട്ടിടത്തിന്റെ സുരക്ഷ ഉറപ്പാക്കാനായി ജില്ലാപഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന "ചെറുവണ്ണൂർ - നല്ലളം വ്യവസായ എസ്റ്റേറ്റ് സംരക്ഷണഭിത്തി നിർമ്മാണം (ബഹുവർഷം)" എന്ന പ്രവൃത്തി അക്രഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ടേഴ്സ് സൊസൈറ്റി (ULCCS) മുഖേന പുരോഗമിച്ചുവരികയാണ്. സബ്സോയിൽ ഇൻവസ്റ്റിഗേഷൻ നടത്തിയതിന് 1,59,890/- രൂപ ഗവ.എഞ്ചിനീയറിംഗ് കോളജ്, കോഴിക്കോടിനും സംരക്ഷണഭിത്തി നിർമ്മാണത്തിന് രണ്ട് ഗഡുക്കളായി ULCCS ന് 39,08,845/രൂപയും ചേർത്ത് 2022-23 വർഷം വരെ ആകെ 40,68,735/- രൂപ സംരക്ഷണഭിത്തി നിർമ്മാണത്തിനായി ചെലവഴിച്ചിട്ടുണ്ട്.

ജില്ലാപഞ്ചായത്തിന്റെ അധീനതയിലുള്ള ചെറുവണ്ണൂർ നല്ലളം വ്യവസായ എസ്റ്റേറ്റ് 07.03.2022ന് ഓഡിറ്റ് സംഘം സന്ദർശനം നടത്തിയതിന്റെ വിശദാംശം താഴെ കൊടുക്കുന്നു (2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക നം. 1-84 ,35 കാണുക). പ്ലോട്ട് നം. 32, 32എ, 33, 34, 35 എന്നിവ സ്ഥിതിചെയ്യുന്ന, എസ്റ്റേറ്റ് ഭൂമിയോട് ചേർന്ന സ്ഥലത്തിന്റെ പിറകുവശത്ത് 2016ൽ ഏകദേശം 40 മീറ്ററോളം നീളത്തിൽ സ്വകാര്യ ഭൂമിയിൽ നിന്ന് കുത്തനെ (ലംബ ദിശയിൽ) 10 മീറ്റർ ആഴത്തിൽ മണ്ണെടുത്ത് മാറ്റിയതായി കാണുന്നു. ഉയർന്ന പ്രദേശത്തെ മണ്ണ് തട്ട് തട്ടായി വെട്ടിമാറ്റുന്നതിനു (ബെഞ്ച് കട്ടിംഗ്) പകരം കുത്തനെയാണ് സ്വകാര്യ ഭൂമിയുടെ ഉടമകൾ മണ്ണ് നീക്കം ചെയ്തത്. മണ്ണ് ഖനനത്തിന് മൈനിംഗ് ആൻഡ് ജിയോളജി, റവന്യു എന്നീ വകുപ്പുകളിൽ നിന്ന് അനുവാദം വാങ്ങിയതിന്റെ വിവരവും ലഭ്യമല്ല. വെട്ടിമാറ്റിയ ഭൂമിയുടെ അടിഭാഗത്തായി വ്യവസായ എസ്റ്റേറ്റിനോട് ചേർന്ന് 8 അടി വീതിയിലുള്ള ഒരു മൺറോഡും നിർമ്മിച്ചിട്ടുണ്ട്. മണ്ണെടുത്തു മാറ്റിയ സ്ഥലത്ത് ഏതാനും വീടുകളും പുതുതായി നിർമ്മിച്ചിരിക്കുന്നു. ഈ വീടുകളും ഇപ്പോൾ അപകട ഭീഷണിയിലാണുള്ളത്. 32, 32എ എന്നീ പ്ലോട്ടുകളിലെ കെട്ടിടങ്ങളുടെ അസ്ഥിവാരം ദൃശ്യമാകുന്ന വിധത്തിൽ പിൻഭാഗത്തെ മണ്ണ് വ്യാപകമായി ഒഴുകിപ്പോയതായും കണ്ടു.

മേൽ പ്ലോട്ടുകളുടെ പിറകുവശത്ത് അനധികൃതമായും അശാസ്ത്രീയമായും മണ്ണെടുക്കുക വഴി പ്ലോട്ടുകളിലെ കെട്ടിടങ്ങൾ അപകടഭീഷണിയിലാണെന്ന് ജില്ലാ വ്യവസായ കേന്ദ്രം മാനേജർ 12.07.2016 ൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് അയച്ച കത്തിൽ (കത്ത് നം. പി2- 978/15) പരാമർശിച്ചിട്ടുണ്ട്. കൂടാതെ 2016 ജൂലൈ ആദ്യവാരത്തിൽ വ്യവസായ എസ്റ്റേറ്റിനോട് ചേർന്ന് കിടക്കുന്ന ഉയർന്ന പ്രദേശത്തെ മൺതട്ട് ജെ.സി.ബി ഉപയോഗിച്ച് ഇടിച്ച് നിരത്തിയതായും കത്തിൽ വ്യക്തമാക്കുന്നു. പ്രസ്തുത വിഷയം ആർ.ഡി.ഒ, തഹസിൽദാർ എന്നിവരുടെ ശ്രദ്ധയിൽപ്പെടുത്തി മണ്ണെടുപ്പിനെതിരായ നടപടികൾ സ്വീകരിക്കാനും, എസ്റ്റേറ്റിന്റെ സുരക്ഷിതത്വത്തിന് മണ്ണെടുത്ത സ്ഥലത്തിന്റെ ഉടമകളെക്കൊണ്ട് കരിങ്കൽ ഭിത്തി നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാനും കത്തിൽ ആവശ്യപ്പെട്ടിരുന്നു.

വ്യവസായ കേന്ദ്രം മാനേജർ ഇത് സംബന്ധിച്ച ഒരു പരാതി ചെറുവണ്ണൂർ - നല്ലളം വില്ലേജ് ഓഫീസർക്ക് 12.07.2016 ൽ നൽകിയിട്ടുണ്ട്. സുരക്ഷ പൂർവ്വ സ്ഥിതിയിലാകത്തക്ക വിധത്തിൽ സ്ഥലമുടമയെക്കൊണ്ട് സംരക്ഷണഭിത്തി നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ആർ.ഡി.ഒ, ജില്ലാ കലക്ടർ, കോർപ്പറേഷൻ സെക്രട്ടറി എന്നിവർക്ക് ജില്ലാ പഞ്ചായത്ത് സെക്രട്ടറി കത്തയച്ചു (15.07.2016 ലെ പി7- 666/10നം കത്ത്). അനധികൃത മണ്ണെടുപ്പിനെക്കുറിച്ചുള്ള പരാതികൾ റവന്യു അധികൃതർക്കും കോർപ്പറേഷൻ സെക്രട്ടറിക്കും നൽകിയതിന്മേൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം ലഭ്യമല്ല. കൂടാതെ, വ്യവസായ എസ്റ്റേറ്റിന്റെ അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന ഭൂമിയുടെ ഉടമ നാസർ.കെടി മുതൽ പേർ ആണ് മണ്ണെടുപ്പ് നടത്തിയത് എന്ന് പ്രസ്തുത കത്തിൽ സൂചിപ്പിക്കുന്നു. 'ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലവും കെട്ടിടവും സംരക്ഷിക്കുന്നതിനുള്ള നടപടികൾ 15 ദിവസത്തിനകം കൈക്കൊള്ളേണ്ടതാണെന്നും അല്ലാത്തപക്ഷം നിയമ നടപടികൾക്കും അതിനാലുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് താങ്കൾ ഉത്തരവാദിയായിരിക്കും' എന്ന് കാണിച്ചുകൊണ്ട് ശ്രീ. നസീർ കെ.ടി, ശ്രീ. എൻ.പി. അബ്ദുൾനാസർ, ശ്രീ. ഫിറോസ്.കെ.ടി., ശ്രീ. സി.പി. റാഫി മുഹമ്മദ്, ശ്രീ. ടി.വി. ഉമ്മർ എന്നിവർക്ക് മേൽ നമ്പർ പ്രകാരം നോട്ടീസും നൽകി. ശ്രീ. എൻ.പി. അബ്ദുൾനാസർ, ശ്രീ. ഫിറോസ്.കെ.ടി., ശ്രീ. സി.പി. റാഫി മുഹമ്മദ്, ശ്രീ. ടി.വി. ഉമ്മർ എന്നിവർ 19.08.2016 ന് നൽകിയ മറുപടിയിൽ കെട്ടിടങ്ങൾ സുരക്ഷിതമായിരിക്കാൻ ആവശ്യമായ കാര്യങ്ങൾ ഒരു മാസത്തിനുള്ളിൽ ചെയ്ത് ബോധ്യപ്പെടുത്തുന്നതായിരിക്കും എന്നറിയിച്ചു.

വ്യവസായ എസ്റ്റേറ്റിന്റെ അതിർത്തിയോട് ചേർന്ന സ്ഥലത്ത് നിന്ന് ശ്രീ. ഉമ്മർകോയ എന്ന വ്യക്തി അനധികൃതമായി മണ്ണെടുത്തതിനെ തുടർന്ന് തങ്ങൾക്കനുവദിച്ച പ്ലോട്ടുകളിൽ നിർമ്മിച്ച കെട്ടിടങ്ങൾ അപകടാവസ്ഥയിലാണെന്ന് കാണിച്ചുകൊണ്ട് ശ്രീ. ഗോകുൽദാസ്( പ്ലോട്ട് നം. 32, 32എ), ശ്രീ. സതീഷ് കുമാർ( പ്ലോട്ട് നം. 34), ശ്രീ. ഷരീഫ് അബ്ദുൾ( പ്ലോട്ട് നം. 35) എന്നിവർ ചേർന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി, ജില്ലാ വ്യവസായ കേന്ദ്രം മാനേജർ, ശ്രീ. ഉമ്മർകോയ എന്നിവരെ 1 മുതൽ 3 വരെയുള്ള എതൃകക്ഷികളാക്കികൊണ്ട് ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു(കേസ് നം. ഡബ്ല്യു.പി.(സി)37741/18). ബഹു. ഹൈക്കോടതിയുടെ 21.11.2018 ലെ വിധിയിൽ, പരാതിക്കാരെ നേരിൽകേട്ട് ഉചിതമായ തീരുമാനം എടുക്കാൻ ജില്ലാ പഞ്ചായത്തിനോട് നിർദ്ദേശിച്ചിരുന്നു. ഇതിൻ പ്രകാരം 15.02.2019ന് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, , ജില്ലാ വ്യവസായ കേന്ദ്രം മാനേജർ എന്നിവരുൾപ്പെട്ട ഒരു സമിതി പരാതിക്കാരെയും മൂന്നാം എതൃകക്ഷിയായ ശ്രീ. ഉമ്മർകോയയെയും നേരിൽകേട്ടു തെളിവെടുപ്പ് നടത്തി. ഹർജിക്കാർ ഉന്നയിച്ച വാദം തെറ്റാണെന്ന് വ്യവസായ കേന്ദ്രം മാനേജർ 29.04.2019ൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്കയച്ച കത്തിൽ വ്യക്തമാക്കുന്നു(കത്ത് നം. പി2394/16). കൂടാതെ, വ്യവസായ എസ്റ്റേറ്റിൽ പ്രവർത്തിക്കുന്ന വ്യവസായ യൂണിറ്റുകളുടെ പ്രസിഡണ്ടായ ശ്രീ. ഉമ്മർകോയ കെട്ടിടങ്ങൾ അപകടാവസ്ഥയിലാകുന്ന തരത്തിൽ മണ്ണെടുക്കുകയോ ആയതിനുള്ള ഏർപ്പാടുകൾ ചെയ്തിട്ടില്ലെന്നും കത്തിൽ സൂചിപ്പിക്കുന്നു. ഹർജിക്കാരുടെ വാദം തെറ്റാണെന്ന് വ്യവസായകേന്ദ്രം മാനേജർ കണ്ടെത്തിയതിനാധാരമായ രേഖകൾ ഫയലിൽ ലഭ്യമല്ല. ശ്രീ. ഉമ്മർകോയയുടെ പേര് ഹർജിയിൽ തെറ്റായി ചേർക്കാൻ ഇടവന്നിട്ടുള്ളതാണെന്ന് ഹർജിക്കാരായ ശ്രീ. ഷരീഫ് അബ്ദുൾ, ശ്രീ. സതീഷ് കുമാർ എന്നിവർ 21.06.2019 ൽ വ്യവസായ കേന്ദ്രം മാനേജർക്കയച്ച കത്തിൽ അറിയിച്ചിട്ടുണ്ട്. അതേ സമയം ശ്രീ. ഗോകുൽദാസ് 22.06.2019 ന് മാനേജർക്കയച്ച കത്തിൽ ശ്രീ. ഉമ്മർകോയയെ എതൃകക്ഷിയായി തെറ്റായി ഉൾപ്പെടുത്തിയതല്ല എന്നും വ്യക്തമാക്കുന്നുണ്ട്.

അപകട ഭീഷണിയിലായ കെട്ടിടത്തിന്റെ സുരക്ഷ ഉറപ്പാക്കാനാവശ്യപ്പെട്ടുകൊണ്ട് പ്ലോട്ട് നം. 32, 32എ ന്റെ ഉടമയായ ശ്രീ. സി.വി.ഗോകുൽദാസ് 12.11.2019, 09.08.2021, 16.08.2021 എന്നീ തീയതികളിൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് വീണ്ടും കത്തയച്ചിട്ടുണ്ട്. കോഴിക്കോട് താലൂക്ക് വ്യവസായ വികസന ഓഫീസറുടെ റിപ്പോർട്ട് പ്രകാരം ചുറ്റമതിൽ ദുർബ്ബലമാണെന്നും ഇടിഞ്ഞു വീഴാൻ ഇടയായാൽ സമീപമുള്ള വീടിനും സാരമായ കേടുപാടുകൾ സംഭവിക്കുമെന്ന് അറിയിച്ചു. 2019-20 വർഷം 25 ലക്ഷം രൂപ വകയിരുത്തി സംരക്ഷണഭിത്തി കെട്ടാൻ പ്രോജക്ട് വെച്ച് ടെൻഡർ ചെയ്തെങ്കിലും ടെൻഡർ എടുക്കാൻ ആരും തയ്യാറാകാത്തതിനാൽ പദ്ധതി നടപ്പിലായില്ല. പ്രോജക്ട് നം.S0669/22 പ്രകാരം 2021-22 വർഷം സംരക്ഷണ ഭിത്തി കെട്ടുന്നതിനായി 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും ആയതിനുള്ള സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കിത്തരുവാൻ കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളജിനോട് അപേക്ഷിച്ചതായും എക്സിക്യൂട്ടീവ് എഞ്ചിനീയർ 14.09.2021 ന് കോളജ് പ്രിൻസിപ്പൽക്കയച്ച കത്തിൽ നിന്നും വ്യക്തമാകുന്നു.

വ്യവസായ എസ്റ്റേറ്റിലെ കെട്ടിടങ്ങൾ സുരക്ഷിതമായിരിക്കാൻ ആവശ്യമായ കാര്യങ്ങൾ ഒരു മാസത്തിനുള്ളിൽ ചെയ്ത് ബോധ്യപ്പെടുത്തുന്നതായിരിക്കും എന്ന് മണ്ണ് നീക്കം ചെയ്ത സ്വകാര്യ ഭൂമിയുടെ ഉടമകൾ അറിയിച്ചെങ്കിലും സുരക്ഷാ നടപടികൾ അവരെക്കൊണ്ട് ഏറ്റെടുപ്പിച്ച് വ്യവസായ എസ്റ്റേറ്റിലെ കെട്ടിടങ്ങൾ യഥാസമയം സുരക്ഷിതമാക്കാതിരുന്നതിനുള്ള കാരണം വ്യക്തമല്ല. പ്രത്യേകിച്ചും ബഹു. ഹൈക്കോടതിയുടെ 21.11.2018 ലെ വിധിയിൽ, പരാതിക്കാരെ നേരിൽകേട്ട് ഉചിതമായ തീരുമാനം എടുക്കാൻ ജില്ലാ പഞ്ചായത്തിനോട് നിർദ്ദേശിച്ച സാഹചര്യത്തിൽ.

ചെറുവണ്ണൂർ-നല്ലളം വ്യവസായ എസ്റ്റേറ്റിലെ പ്ലോട്ടുകൾ വ്യവസായികൾക്ക് വിൽപനക്കും ഹയർപർച്ചേസിനും നൽകുന്നതിന് ഭൂമിയുടെ വില 31.12.2007 വരെയുള്ള പലിശസഹിതം സെന്റൊന്നിന് 1,31,000/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. നിയമാവലിയിലെ വ്യവസ്ഥ 11 അനുസരിച്ച് എസ്റ്റേറ്റിൽ റോഡുകൾക്കും മറ്റ് പൊതു സൗകര്യങ്ങൾക്കും വേണ്ടി ചെലവഴിക്കുന്ന തുക കൂടി ഉൾപ്പെടുത്തി പ്ലോട്ടുകളുടെ വില പുനർനിർണ്ണയം ചെയ്യേണ്ടതാണെന്ന് വ്യക്തമാക്കുന്നു. മേൽ സാഹചര്യത്തിൽ വ്യവസായ എസ്റ്റേറ്റിലെ സംരക്ഷണഭിത്തി നിർമ്മാണത്തിനായി ചെലവഴിച്ച തുക കൂടി ഉൾപ്പെടുത്തി പ്ലോട്ടിന്റെ വില പുനർനിർണയം ചെയ്ത് അലോട്ടികളിൽ നിന്ന് ആനുപാതികമായി ഈടാക്കാതിരുന്നതിന്റെ കാരണം വ്യക്തമല്ല.

വ്യവസായ എസ്റ്റേറ്റിന്റെ അതിർത്തി സർവ്വേ നടത്തിയതിൽ ഭൂമി കൈയേറ്റം മണ്ണ് ഖനനം ചെയ്തവർ നടത്തിയിട്ടില്ലെന്നും, ഈ സാഹചര്യത്തിൽ 2016-17 വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി സുരക്ഷമതിൽ കെട്ടിട പ്ലോട്ടിലെ കെട്ടിടങ്ങളുടെ സംരക്ഷണത്തിനായി പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ജില്ലാപഞ്ചായത്ത് സെക്രട്ടറി 27.12.2016ലെ പി-7-666/10 നം. കത്ത് മുഖേന ജില്ലാവ്യവസായ കേന്ദ്രം മാനേജരോട് ആവശ്യപ്പെടുകയാണുണ്ടായത്. അശാസ്ത്രീയമായ ഖനനം നടത്തിയതിന് ജില്ലാപഞ്ചായത്ത് സ്വീകരിച്ച നടപടികളിൽ തീർപ്പുകൽപിക്കാതെ/ തുടർ നടപടികൾ സ്വീകരിക്കാതെ ജില്ലാപഞ്ചായത്ത് ഫണ്ടുപയോഗിച്ച് സംരക്ഷണഭിത്തി നിർമ്മിക്കാനുള്ള തീരുമാനം എടുത്തതിന്റെ സാഹചര്യം വ്യക്തമല്ല. മേൽ വിഷയം സംബന്ധിച്ച് ഒരു ഓഡിറ്റ് അന്വേഷണക്കുറിപ്പ് (ഒ.എസ് നം. 53/22-23/16.12.2023) എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

വ്യവസായ എസ്റ്റേറ്റിലെ കെട്ടിടങ്ങൾക്കും സമീപ സ്ഥലത്തെ വീടുകൾക്കും സുരക്ഷാഭീഷണി നിലനിൽക്കുന്ന സാഹചര്യത്തിൽ സംരക്ഷണഭിത്തിയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതും ആയതിനുള്ള ചെലവുകൾ മേൽപറഞ്ഞ രീതികൾ പ്രകാരം ക്രമപ്പെടുത്തേണ്ടതുമാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-27 ചെറുവണ്ണൂർ- നല്ലളം വ്യവസായ എസ്റ്റേറ്റ് - 2015 വർഷത്തിൽ ശിലാസ്ഥാപനം നടത്തിയ കാന്റീൻ കെട്ടിടം 2023 വർഷത്തിലും പ്രവർത്തനമാരംഭിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നം, പേര് | S0604/21, ചെറുവണ്ണൂർ- നല്ലളം വ്യവസായ എസ്റ്റേറ്റിൽ കാന്റീൻ നിർമ്മാണം (സിവിൽ വർക്ക്) |
| അടങ്കൽ, ഫണ്ടിനം | 10,00,000/- വികസന ഫണ്ട് |
| ചെലവ്, ബിൽനം, എം.ബുക്ക് നം. | 9,56,698/-, 2016015203040695O9291/ 11.09.2020, എം.ബുക്ക് നം. 558/18-19 |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| കരാറുകാരൻ | ഫറോക്ക് ലേബർ കോൺട്രാക്ടേഴ്സ് കോ – ഓപ്പറേറ്റീവ് സൊസൈറ്റി |

ജില്ലാപഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചെറുവണ്ണൂർ- നല്ലളം വ്യവസായ എസ്റ്റേറ്റിൽ ആരംഭിച്ച കാന്റീൻ കെട്ടിടത്തിന്റെ നിർമ്മാണം 2021-22 വർഷത്തിൽ പൂർത്തിയായിട്ടുണ്ട്. കാന്റീൻ കെട്ടിടത്തിന്റെ സിവിൽ വർക്ക്, ഇലക്ട്രിക്കൽ വർക്ക്, പ്ലംബിംഗ് വർക്ക് എന്നിവ വെവ്വേറെ പ്രോജക്ടുകളായി ആവിഷ്കരിച്ചാണ് നടപ്പിലാക്കിയത്. പ്രസ്തുത വർക്കുകൾ പൂർത്തിയായതായി ഓഡിറ്റ് ടീം 04.12.2023 ന് നടന്ന പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടു. എന്നാൽ വൈദ്യുതി കണക്ഷൻ ലഭിക്കുകയോ കാന്റീൻ

പ്രവർത്തിക്കുന്നതിനാവശ്യമായ ഫർണിച്ചർ വാങ്ങുകയോ ചെയ്തില്ല.

ചെറുവണ്ണൂർ- നല്ലളം വ്യവസായ എസ്റ്റേറ്റിൽ സംരഭകർക്കായി 2010-11 വർഷം മുതൽ അലോട്ട് ചെയ്ത 40 പ്ലോട്ടുകളിൽ 36 വ്യവസായങ്ങൾ നിലവിൽ പ്രവൃത്തിച്ചുവരുന്നുണ്ട്. 500 ൽ പരം തൊഴിലാളികൾ ജോലി ചെയ്യുന്ന എസ്റ്റേറ്റിൽ 12 വർഷത്തിനുശേഷവും ഒരു കാന്റീൻ ഇല്ല. 22.05.2015ന് കാന്റീൻ -കം കോൺഫറൻസ് കെട്ടിടത്തിന്റെ ശിലാസ്ഥാപനം നടത്തിയിരുന്നു. പ്രാദേശിക പരിശോധന സമയത്തും ( 04.12.2023) കെട്ടിട നിർമ്മാണം പൂർത്തീകരിച്ചെങ്കിലും കാന്റീൻ പ്രവർത്തനം തുടങ്ങിയില്ല. സ.ഉ. (കൈ). 84/2022/തസ്വഭവ തീയതി. 19.04.2022 നം. പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക നം. 3.5.1 (8) പ്രകാരം കെട്ടിട നിർമ്മാണ പ്രോജക്റ്റുകളുടെ കാര്യത്തിൽ കെട്ടിടത്തിന്റെ നിർമ്മാണം, അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ്, പ്രോജക്റ്റിന്റെ ഭാഗമായുള്ള യന്ത്രസാമഗ്രികളുടെ സ്ഥാപനം എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒറ്റ പ്രോജക്റ്റ് ആയി വേണം തയ്യാറാക്കേണ്ടത്. എന്നാൽ മേൽ പ്രവൃത്തികൾ പ്രത്യേകം പ്രോജക്റ്റ് ആവിഷ്കരിച്ചാണ് ജില്ലാപഞ്ചായത്ത് നടപ്പിലാക്കിയത്. ആയതിനാൽ തന്നെ കാന്റീൻ കെട്ടിടം നിർമ്മാണം പൂർത്തീകരിച്ച് 3 വർഷത്തിന ശേഷവും പ്രവർത്തന സജ്ജമാക്കാൻ കഴിഞ്ഞില്ല. മേൽ വിഷയം സംബന്ധിച്ച ഒരു അന്വേഷണക്കുറിപ്പ് (ഒ.എസ് നം. 53/22-23/19.12.2023) നിർവ്വഹണോദ്യഗസ്ഥന് നൽകിയിട്ടുണ്ട്. കാന്റീൻ ആരംഭിക്കുന്നതിനുള്ള അറിയിക്കേണ്ടതാണ്.

## 1-28 വയോജന ഫെസ്റ്റ് - പദ്ധതി മാർഗ്ഗരേഖയുടെ ലംഘനം

| | |
|---|---|
| നിർവ്വഹണം | ജില്ലാ സാമൂഹ്യ നീതി ഓഫീസർ, കോഴിക്കോട്. |
| പദ്ധതി പേര്, നം | വയോശ്രദ്ധ സമഗ്ര വയോക്ഷേമ പദ്ധതി, S0802/23 |
| ഫയൽ നം. | ഡി.2/07/2023 (ഡി.ഡി.ഇ.കാര്യാലയ ഫയൽ) |
| അടങ്കൽ തുക | 91,00,000/- (വികസന ഫണ്ട്, ജനറൽ) |
| ചെലവ് തുക (എ.സി.ആർ.) | 2,85,694/- (ബിൽ നം, തീയ്യതി - 1826/ 29.03.2023) |
| B.R.N | 2216015202670155838З, 29.03.2023 |

സേവന മേഖലയിൽ ഉൾപ്പെടുത്തി ജില്ലയിലെ വയോജനങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായിട്ടാണ് മേൽ പദ്ധതി രൂപീകരിച്ചത്. ജില്ലാപഞ്ചായത്തിന്റെ വയോജനനയം എന്തെന്ന് അറിയിപ്പുള്ള പുസ്തകം പ്രിന്റ് ചെയ്യൽ, അവർക്കുള്ള നിയമ ബോധവൽക്കരണം, 70 ഗ്രാമപഞ്ചായത്തുകളിൽ നിന്ന് 5 പേരെ വീതം സംഘടിപ്പിച്ച് വയോജനങ്ങളുടെ സംഗമം, കലോൽസവം, വയോജനങ്ങളുടെ ഉല്ലാസയാത്ര സംഘടിപ്പിക്കൽ, വയോജനങ്ങളെ ആദരിക്കൽ, തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് പദ്ധതി ലക്ഷ്യമിട്ടു. പദ്ധതിയുടെ ഭാഗമായി 2023 മാർച്ച് 11, 12 തീയ്യതികളിൽ ജില്ലാ പഞ്ചായത്തിന്റെ പേരാമ്പ്ര ഡിവിഷനിൽപെട്ടതും കോഴിക്കോട് ജില്ലയുടെ വടക്ക കിഴക്ക് ഭാഗത്തായി സ്ഥിതി ചെയ്യുന്ന ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിൽ വെച്ച് വയോജനങ്ങൾക്കായി വയോജന ഫെസ്റ്റ് സംഘടിപ്പിച്ചു. ഫയൽ പരിശോധിച്ചതിൽ നിന്നും ജില്ലാ പഞ്ചായത്ത് പ്രസിണ്ടന്റിന്റെ 02.03.2023 ലെ കത്തിന്റെ അടിസ്ഥാനത്തിൽ പുറമേരി (5 പേർ), തുറയൂർ (5 പേർ), നടുവണ്ണൂർ (2പേർ), ചെക്യാട് (5 പേർ), ചക്കിട്ടപ്പാറ (3 പേർ) എന്നീ 5 ഗ്രാമപഞ്ചായത്തുകളിൽ നിന്നായി 20 പേർ പങ്കെടുക്കുന്നതാണെന്ന് അറിയിച്ച് ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറി എന്നിവർ കത്ത് നൽകിയിട്ടുണ്ട്. മറ്റ് ഗ്രാപഞ്ചായത്തുകളിൽ നിന്ന് പങ്കെടുക്കുന്ന വയോജനങ്ങളുടെ ലിസ്റ്റ് ഫയലിൽ ലഭ്യമാക്കിയിട്ടില്ല. ഭക്ഷണം വിതരണ ചെയ്ത് കാറ്ററിംഗ് വിഭാഗം സമർപ്പിച്ച ബില്ലിൽ 507 പേർ പങ്കെടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഫെസ്റ്റ് നടത്തിപ്പിനായി 2,85,694/- രൂപ ചെലവഴിച്ചു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | ഇനം | തുക |
|---|---|---|
| 1 | ചായ, ഉച്ചഭക്ഷണം, ലഘുഭക്ഷണം | 1,80,344 |
| 2 | ഓഡിറ്റോറിയം വാടക | 59,000 |
| 3 | മ്യൂസിക് ബാൻഡ് | 14,000 |
| 4 | തെയ്യം ദൃശ്യാവിഷ്ക്കാരം | 11,000 |
| 5 | വാഹന വാടക | 8,000 |
| 6 | മൊമെന്റോ പ്രിന്റിംഗ് | 7,050 |
| 7 | മുണ്ട്, വേഷ്ടി | 3,800 |
| 8 | ക്ഷണക്കത്ത് അച്ചടി | 2,500 |

| | | |
|---|---|---|
| | ആകെ ചെലവ് | 2,85,694 |

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട താഴെ പറയുന്ന തരത്തിൽ അപാകങ്ങൾ കാണുന്നു എന്ന് അറിയിച്ച് 05.12.2023 ന് കുറിപ്പ് (നം.47) നല്കിയെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല.

1. 19.04.2022 ലെ (കൈ) 84/2022/ത.സ്വ.ഭ.വ. നം. സർക്കാർ ഉത്തരവ് പ്രകാരം [പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക.6.5(1)] സംസ്ഥാന വയോജന നയത്തിനും, മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുയോജ്യമായ പദ്ധതികളാണ് വയോജനക്ഷേമത്തിന് ഏറ്റെടുക്കേണ്ടത്. സംസ്ഥാനത്തെ മുതിർന്ന പൗരന്മാർക്ക് (60 വയസ്സ് കഴിഞ്ഞവർ) വേണ്ടിയുള്ള പുതുക്കിയ നയം അംഗീകരിച്ച് 06.05.2013 ലെ (എം.എസ്) 37/2013/സ.നീ.വ. നമ്പർ ഉത്തരവിലൂടെ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മുതിർന്നവരുടെ സാമ്പത്തിക സുരക്ഷ, ആരോഗ്യ സേവനങ്ങൾ, ഭവനനിർമ്മാണം, സേവന വിനിയോഗം, ക്ഷേമം, നിയമപരമായ സംരക്ഷണവും സുരക്ഷയും എന്നീ വിവിധ കർമ്മപദ്ധതികൾ വയോജന നയത്തിലൂടെ നടപ്പാക്കണം. മേൽ പ്രവർത്തനങ്ങൾ എല്ലാം നടത്തേണ്ടത് ഗ്രാമപഞ്ചായത്ത്/നഗരസഭ സ്ഥാപനങ്ങളാണ്. മേൽ ഉത്തരവിലെ ഖണ്ഡിക നം.VI (11) പ്രകാരം വയോജനങ്ങൾക്ക് വേണ്ടിയുള്ള കർമ്മ പദ്ധതിയുടെ വിവിധ പരിപാടികൾ തദ്ദേശീയതലത്തിൽ നടപ്പാക്കാനുള്ള അടിസ്ഥാന ഏജൻസി ഗ്രാമപഞ്ചായത്താണെന്ന് വ്യക്തമാക്കുന്നുണ്ട്. പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ പ്രകാരം ജില്ലാപഞ്ചായത്തുകൾ വയോജനങ്ങളുടെ സംഗമം, കലോൽസവം, ഉല്ലാസയാത്ര, വയോജനങ്ങളെ ആദരിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കാമെന്ന് നിർദ്ദേശിക്കുന്നില്ല. ഇതിൽ നിന്നും വ്യതിചലിച്ച് ജില്ലാ പഞ്ചായത്തിന്റെ ചുമതലയിലില്ലാത്തതും, സർക്കാർ പ്രത്യേകമായി ഏൽപ്പിച്ചിട്ടില്ലാത്തതുമായ പ്രവർത്തനങ്ങൾക്ക് തുക ചെലവഴിച്ചത് സംബന്ധിച്ച് ഫയലിൽ വിശദീകരിച്ചിട്ടില്ല.
2. സംസ്ഥാന ധനകാര്യ വകുപ്പ് 30.11.2020 ന് പുറപ്പെടുവിച്ച 76/2020 നമ്പർ സർക്കുലറിൽ ധനവിനിയോഗവുമായി ബന്ധപ്പെട്ട് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ച ചട്ടങ്ങൾക്കും, ഉത്തരവുകൾക്കും, മാർഗ്ഗ നിർദ്ദേശങ്ങൾക്കും വിരുദ്ധമായി വകുപ്പുകളും സ്ഥാപനങ്ങളും സർക്കാർ ഖജനാവിൽ നിന്നും പണം പിൻവലിക്കുവാൻ പാടുള്ളതല്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ സർക്കുലറിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽപെടാത്ത പദ്ധതിക്ക് തുക ചെലവഴിച്ചത്.

സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ നടപ്പാക്കിയ പദ്ധതി ഓഡിറ്റിൽ അംഗീകരിക്കാവുന്നതല്ല. വകുപ്പ് തലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ സർക്കാർ നിർദ്ദേശം പാലിച്ച് നടപ്പാക്കാൻ ശ്രമിക്കേണ്ടതും നിലവിൽ നടപ്പാക്കിയ പദ്ധതി സർക്കാർ അംഗീകാരം ലഭ്യമാക്കി ചെലവ് സാധൂകരിക്കേണ്ടതുമാണ്. ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 1-29 ആരോഗ്യ വകുപ്പിന്റെ ചുമതലയിൽപെട്ട പദ്ധതി ജില്ലാപഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കി.

| | | |
|---|---|---|
| നിർവ്വഹണം | ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം). | |
| ഫയൽ നം | ബി.2/22362/2023 (ഡി.എം.ഒ. ഓഫീസ് ഫയൽ) | |
| പദ്ധതി പേര്, നമ്പർ | ജീവതാളം, S0545/23 | |
| അടങ്കൽ തുക, (ഫണ്ട് തരം) | 5,00,000/- (വികസന ഫണ്ട് - ജനറൽ) | |
| ചെലവ് തുക | 1,93,824/- | |
| ബിൽ നം. തീയ്യതി തുക (എ.സി.ആർ. പ്രകാരം) | 1751/22-23, 28.03.2023 | 60,000/- |
| | 1856/22-23, 30.03.2023 | 74,880/- |
| | 1857/22-23, 30.03.2023 | 25,330/- |
| | 1855/22-23, 30.03.2023 | 664/- |
| | 1859/22-23, 30.03.2023 | 11,500/- |
| | 1860/22-23, 30.03.2023 | 21,450/- |

സംസ്ഥാന ആരോഗ്യവകുപ്പ് തദ്ദേശ സ്ഥാപനങ്ങളുടെയും ജില്ലാ ഭരണകൂടത്തിന്റെയും സഹകരണത്തോടെ നടപ്പാക്കുന്ന ജീവിത ശൈലീരോഗ പ്രതിരോധ നിയന്ത്രണ പദ്ധതിയാണ് 'ജീവതാളം' പദ്ധതി. തദ്ദേശ സ്ഥാപനങ്ങളുടെ വാർഡ് തലത്തിൽ 100 വീടുകളടങ്ങുന്ന ക്ലസ്റ്ററുകളുണ്ടാക്കി ആരോഗ്യ പ്രവർത്തകരുടെയും, ജനപ്രതിനിധികളുടെയും, സന്നദ്ധ പ്രവർത്തകരുടെയും സഹായത്തോടെ ജീവിത ശൈലീ രോഗങ്ങളെ പ്രതിരോധിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. 18 വയസ്സിനു മുകളിലുള്ള എല്ലാവരെയും ആരോഗ്യ പരിശോധനയ്ക്ക് വിധേയരാക്കും. രോഗം വരാതിരിക്കുന്നതിനും നേരത്തെ കണ്ടെത്തി ജീവിത ശൈലീമാറ്റത്തിലൂടെ നിയന്ത്രിക്കുന്നതിനും പ്രത്യേക ഊന്നൽ നൽകും. ആവശ്യമായ സാഹചര്യങ്ങളിൽ വിദഗ്ധ ചികിത്സയും ലഭ്യമാക്കും.

ഗ്രാമപഞ്ചായത്തുകളിലെ പ്രായപൂർത്തിയായ മുഴുവൻ വ്യക്തികളേയും സ്ക്രീനിംഗ് നടത്തി മൂന്ന് തരം ക്യാൻസർ (ഓറൽ, ബ്രസ്റ്റ്, സർവ്വിക്കലർ) ബ്ലഡ് ഷുഗർ, ബ്ലഡ് പ്രഷർ എന്നിവ കണ്ടെത്തി ആരോഗ്യകരമായ ജീവിത സാഹചര്യം ഒരുക്കുന്നതിനാണ് ജില്ലാ പഞ്ചായത്ത് മേൽ പദ്ധതിയിലൂടെ ലക്ഷ്യമിട്ടത്. ഇതിന്റെ ഭാഗമായി ട്രെയിനിംഗ് വർക്ക് ഷോപ്പ്, TOT പരിശീലനങ്ങൾ, മോഡ്യൂൾ തയ്യാറാക്കൽ, പ്രചരണം, ഡോക്യുമെന്റേഷൻ, കൈപുസ്തകം അച്ചടി തുടങ്ങിയ പ്രവർത്തനങ്ങൾക്കായി 1,93,824/- രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | തുക |
|---|---|
| അനിമേഷൻ & വിഷ്വൽസ് (ഒരു മിനുറ്റ് ദൈർഘ്യം) | 60,000 |
| പ്രിന്റിംഗ് (കൈപുസ്തകം) | 53,300 |
| ഭക്ഷണം | 44,904 |

| | |
|---|---|
| വാടക (ഗവ.മെന്റൽ ഹെൽത്ത് സെന്റർ) | 10,000 |
| മീഡിയ | 10,030 |
| സ്റ്റോർ (ബുക്ക്, പെൻ തുടങ്ങിയവ) | 8,190 |
| ഹോണറേറിയം | 2,400 |
| കൂളർ സെറ്റ് തുടങ്ങിയവ | 2,600 |
| ബാനർ | 1,650 |
| മറ്റുള്ളവ | 750 |
| ആകെ | 1,93,824 |

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. ജീവിത ശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനും പ്രതിരോധിക്കുന്നതിനും സംസ്ഥാന ആരോഗ്യ വകുപ്പ് സൗജന്യമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ' അമൃതം ആരോഗ്യം". ബോധവൽക്കരണം, രോഗം നേരത്തേ കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ്, രോഗം കണ്ടെത്തുന്നവർക്കായി ചികിൽസയും മരുന്നും, രോഗങ്ങളുടെ മൂർദ്ധന്യാവസ്ഥ തടയുന്നതിനുള്ള പ്രതിരോധ നടപടികൾ എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. ഇതിനായി പ്രാഥമിക/സാമൂഹ്യ/ജനറൽ താലൂക്ക്/ജില്ലാ ആരോഗ്യകേന്ദ്രങ്ങളിലും, കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമേ ഗുരുതര ശ്വാസകോശ രോഗമായ COPD (Chronic Obstructive Pulmonary Disease) തടയുന്നതിന് SWAAS പദ്ധതി (Step Wise Approach To Airway Syndromes Programme), കുട്ടികൾക്കായി LEAP പദ്ധതി (Childrens Therapy), നേത്രപടലാന്ധത തടയുന്നതിനുള്ള ഡയബറ്റിക് റെറ്റിനോപ്പതി സ്ക്രീനിംഗ് പ്രോഗ്രാം, തൊഴിൽ മേഖലയിലുള്ളവർക്കായിട്ടുള്ള Work Place Intervention, പോലീസ് സേനക്ക് വേണ്ടിയുള്ള ഷേപ്പ് പദ്ധതി (Systematic Health Assessment For Police) എന്നിവയും നടപ്പാക്കുന്നുണ്ട്. കൂടാതെ പൗരൻമാരുടെ വിവരശേഖരണവും, രോഗവിവരങ്ങളും ശേഖരിക്കുന്നതിനായി ഡമോക്രാറ്റിക് സർവ്വേയും നടപ്പാക്കുന്നുണ്ട്. സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾക്ക് സമാനമായിട്ടാണ് ജില്ലാപഞ്ചായത്ത് വികസന ഫണ്ട് വിനിയോഗിച്ച് ജീവതാളം പദ്ധതി നടപ്പിലാക്കിയത്. ജില്ലാ പഞ്ചായത്തിന്റെ ചുമതലയിലില്ലാത്തതും, സർക്കാർ പ്രത്യേകമായി ഏൽപ്പിച്ചിട്ടില്ലാത്തതുമായ പ്രവർത്തനങ്ങൾക്ക് പദ്ധതി രൂപീകരിച്ച് തുക ചെലവഴിച്ചത് സംബന്ധിച്ച് ഫയലിൽ വിശദീകരിച്ചിട്ടില്ല.
2. ക്യാൻസർ, കിഡ്നി, കരൾ രോഗങ്ങൾ എന്നിവ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള പരിശോധനാ ക്യാമ്പുകൾ ഗ്രാമപഞ്ചായത്തുകൾ തനതായും ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ സഹായത്തോടെയും സംഘടിപ്പിക്കണമെന്നാണ് 19.04.2022 ലെ സർക്കാർ ഉത്തരവ് (കൈ)84/2022/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലൂടെ സർക്കാർ നിർദ്ദേശിച്ചത്. (പഞ്ചവൽസര പദ്ധതി മാർഗരേഖ ഖണ്ഡിക8.7.2.(1) കാണുക). എന്നാൽ മേൽ നിർദ്ദേശം പാലിക്കാതെയാണ് പദ്ധതി ജില്ലാപഞ്ചായത്ത് നേരിട്ട് നടപ്പാക്കിയത്.
3. ഖണ്ഡിക8.7.2.(3) പ്രകാരം സർവ്വേകൾ, ബോധവൽക്കരണ പരിപാടികൾ, മറ്റ് വിവര ശേഖരണം എന്നിവയ്ക്ക് മാത്രമായി പ്രോജക്ട് അനുവദനീയമല്ലെങ്കിലും മറ്റൊരു പ്രോജക്ടിന്റെ അനിവാര്യ ഘടകമാണെങ്കിൽ മാത്രം ഏറ്റെടുക്കാം. തൻവർഷം അത്തരത്തിലുള്ള പദ്ധതി ജില്ലാപഞ്ചായത്ത് നടപ്പാക്കിയിട്ടില്ല.
4. 10.03.2023 ലെ ജില്ലാ പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ യോഗത്തിൽ വീഡിയോ നിർമ്മിക്കുന്നതിന് ക്വട്ടേഷൻ സമർപ്പിച്ച 3 സ്ഥാപനത്തിൽ നിന്നും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ക്രിയേറ്റീവ് മങ്കീസ്, കോഴിക്കോട് എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തു. വീഡിയോ നിർമ്മാണം എന്നത് ഒരു പ്രൊഫഷണൽ സേവനമായതിനാൽ പ്രസ്തുത മേഖലയുമായി ബന്ധപ്പെട്ട ഒരു വിദഗ്ധന്റെ അഭിപ്രായം കൂടി തേടേണ്ടതായിരുന്നു. എന്നാൽ അപ്രകാരമുള്ള നടപടികൾ സ്വീകരിച്ചതായി ഫയലിൽ രേഖപ്പെടുത്തലുകളില്ല.
5. പദ്ധതിയുടെ ഭാഗമായി കൈപുസ്തകം അച്ചടിക്കുന്നതിനായി കോഴിക്കോട് ഇൻഡോർ സ്റ്റേഡിയത്തിനു സമീപമുള്ള ടിപ്സ് (The Instant Print Shoppe) എന്ന സ്ഥാപനത്തിന് 53,300/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രിന്റിംഗിനായിട്ടുള്ള പ്രവർത്തി സ്ഥാപനത്തെ ഏൽപ്പിച്ചത് ടെണ്ടർ നടപടികൾ സ്വീകരിച്ച ശേഷമല്ല.
6. ജില്ലാ പഞ്ചായത്ത് കെട്ടിടത്തിൽ മീറ്റിംഗിനുള്ള സൗകര്യം നിലവിലിരിക്കേ ഗവൺമെന്റ് ഹെൽത്ത് സെന്ററിലെ ഹാൾ 10,000/- രൂപ വാടക നൽകി ഉപയോഗപ്പെടുത്തി.
7. ജീവതാളം പദ്ധതി പ്രകാരം തദ്ദേശ സ്ഥാപനങ്ങളുടെ വാർഡ് തലത്തിൽ 100 വീടുകളടങ്ങുന്ന ക്ലസ്റ്ററുകളുണ്ടാക്കി ജനപ്രതിനിധികളുടെയും, ആരോഗ്യ പ്രവർത്തകരുടെയും, സന്നദ്ധ പ്രവർത്തകരുടെയും സഹായത്തോടെ ജീവിത ശൈലീ രോഗങ്ങളെ പ്രതിരോധിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. എന്നാൽ ഗ്രാമപഞ്ചായത്ത് തലങ്ങളിൽ പ്രസ്തുത തലത്തിൽ ക്ലസ്റ്ററുകൾ ഉണ്ടാക്കി പദ്ധതി ലക്ഷ്യം വെച്ച രീതിയിൽ നടപ്പാക്കുന്നത് സംബന്ധിച്ച മോണിറ്ററിംഗ് കമ്മിറ്റിയുടെ റിപ്പോർട്ട് ഫയലിൽ ചേർത്തിട്ടില്ല. പദ്ധതി നടപ്പാക്കുന്ന ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളുടെ വിശദാംശങ്ങൾ പട്ടിക രൂപത്തിൽ തയ്യാറാക്കി താഴെ പറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

- സ്ക്രീനിംഗ് സംബന്ധിച്ച വിവരങ്ങൾ.
- ക്യാൻസർ സ്ക്രീനിംഗുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ.
- പദ്ധതിക്കായി അച്ചടിച്ച ജീവതാളം കൈപുസ്തകം വിതരണം നടത്തിയത് സംബന്ധിച്ച വിവരങ്ങൾ.

8. പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച വീഡിയോ (അനിമേഷൻ & വിഷ്വൽസ് ), അച്ചടിച്ച കൈപുസ്തകം എന്നിവയുടെ പകർപ്പുകൾ ഓഡിറ്റ് പരിശോധനക്കായി ഫയലിനോടൊപ്പം സമർപ്പിച്ചിട്ടില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം നൽകുന്നതിനായി 18.08.2023 ന് നിർവ്വഹണ ഉദ്യോഗസ്ഥന് അന്വേഷണ കുറിപ്പ്

നൽകിയെങ്കിലും (നം.05/2022-23) മറുപടി ലഭ്യമാക്കിയിട്ടില്ല. ജില്ലാപഞ്ചായത്തിന്റെ ചുമതലയില്ലാത്തതും പദ്ധതി മാർഗ്ഗരേഖയിൽപെടാത്തതുമായ പ്രസ്തുത പദ്ധതിക്ക് വികസന ഫണ്ട് വിനിയോഗിച്ചത് ഓഡിറ്റിൽ അംഗീകരിക്കാവുന്നതല്ല. 1,93,824/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്യാത്ത പക്ഷം മേൽ തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും (ബിൽ തുക ചെലവഴിച്ച ഉദ്യോഗസ്ഥൻ) ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-30 സ്കൂളുകളിൽ നാപ്കിൻ വെൻഡിംഗ് മെഷീൻ & ഇൻസിനറേറ്റർ സ്ഥാപിക്കൽ - പദ്ധതി നടപ്പാക്കിയതിലേയും, വാങ്ങൽ നടപടിക്രമങ്ങളിലേയും അപാകതകൾ.

| | |
|---|---|
| പദ്ധതി പേര്, നം | നാപ്കിൻ വെൻഡിംഗ് മെഷീൻ & ഇൻസിനറേറ്റർ സ്ഥാപിക്കൽ , S0005/23 |
| നിർവ്വഹണം | ജില്ലാ ഓഫീസർ, വനിത ശിശു വികസന വകുപ്പ്,കോഴിക്കോട്. |
| ഫയൽ നം | DWCDO/KKD/D-2769/2022 |
| അടങ്കൽ തുക | 59,80,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ബേസിക് ഗ്രാന്റ്) |
| ചെലവ് തുക | 59,68,628/- (ബിൽ നം - 1562/2022-23, 25.03.2023, എ.സി. ആർ. പ്രകാരം) |

ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സർക്കാർ സ്കൂളുകൾ, പൊതു വിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി വരുന്ന എയ്ഡഡ് സ്കൂളുകൾ എന്നിവയിൽ നാപ്കിൻ വെൻഡിംഗ് മെഷീൻ & ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. പദ്ധതി നടപ്പാക്കിയതിന്റെ നാൾവഴികൾ താഴെ കൊടുക്കുന്നു.

- 21.01.2023 തീയ്യതിയിൽ സ്കൂളുകളുടെ ലിസ്റ്റ് ആവശ്യപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ ജില്ലാ പഞ്ചായത്ത് സെക്രട്ടറി, വിദ്യാഭ്യാസ ഉപഡയറക്ടർ എന്നിവർക്ക് കത്ത് നൽകി.
- 25.01.2023 ലെ ഭരണസമിതി യോഗത്തിൽ സ്കൂളുകളുടെ ലിസ്റ്റ് അംഗീകരിച്ചു നൽകി. (184 സ്കൂളുകൾ) എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ് മുഖേന നാപ്കിൻ വെൻഡിംഗ് മെഷീൻ ആന്റ് ഇൻസിനറേറ്റർ വിതരണം നടത്തുന്നതിനും നിർവ്വഹണ ഉദ്യോഗസ്ഥന് അനുമതി നൽകി. [തീരുമാനം നം.05/23(16)].
- 17.02.2013 ന് നിർവ്വഹണ ഉദ്യോഗസ്ഥൻ വിതരണ ഏജൻസിക്ക് സപ്ലൈ ഓർഡർ നൽകി.
- 22.02.2023 ന് വിതരണ ഏജൻസിയുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറിലേർപ്പെട്ടു. (കരാർ നം.01/2022-23). കരാർ വ്യവസ്ഥകൾ പ്രകാരം മൂന്ന് വർഷ വാറണ്ടി കമ്പനി നൽകും.
- 04.03.2023, 08.03.2023, 09.03.2023 തീയ്യതികളിൽ വിതരണ ഏജൻസി ഇൻവോയ്സ് നൽകിയതിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തുക അനുവദിച്ചു.

ബില്ലിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഇനം | നിരക്ക് | എണ്ണം | ആകെ തുക |
|---|---|---|---|
| Sanitary Napkin Incinerators | 17,790 | 184 | 32,73,360.00 |
| Installation Charges [@ 2,500/- Per One] | | | 4,60,000.00 |
| Delivery Charges | | | 4,60,000.00 |
| Training Charges | | | 92,000.00 |
| Annual Maintenance Charges | | | 7,72,800.00 |
| CGST (@ 9%) SGST (@ 9%) | | | 9,10,468.80 |
| | | Total | 59,68,628.80 |
| | | Rounded To | 59,68,629.00 |

പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. 28.05.2022 ന് പുറപ്പെടുവിച്ച (കൈ) നം.115/2022/ത.സ്വ.ഭ.വ. സർക്കാർ ഉത്തരവിലൂടെ നേരിട്ട് വാങ്ങുന്നതിന് അനുമതിയില്ലാത്ത ഇനങ്ങളുടെ വാങ്ങലുകൾക്ക് പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ നിബന്ധനകളാണ് ബാധകമെന്നും (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ) മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത ഇനങ്ങൾക്ക് 2013 ലെ കേരള സ്റ്റോർ പർച്ചേയ്സ് മാന്വലിന്റെ പ്രസക്തമായ ഭാഗങ്ങൾ ബാധകമാണെന്ന് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. (മാർഗ്ഗരേഖ ഖണ്ഡിക - 2-20 കാണുക). പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം ഒരു ലക്ഷത്തിനു മുകളിൽ മതിപ്പ് വിലയുള്ള വാങ്ങലുകളുടെ കാര്യത്തിൽ വ്യാപകമായി പ്രചാരമുള്ള പത്രങ്ങളിൽ പരസ്യം ചെയ്യണം (ഇംഗ്ലീഷ് പത്രം ഉൾപ്പടെ). എന്നാൽ മേൽ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെയും പത്രങ്ങളിൽ ടെണ്ടർ പരസ്യം ചെയ്യാതെയും നേരിട്ട് വാങ്ങുവാൻ നടപടികൾ സ്വീകരിച്ചത് സംബന്ധിച്ച് ഫയലിൽ വിശദീകരിച്ചിട്ടില്ല.

2. 17.11.2015 ലെ (പി) 524/ 2015/ധനം. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 5 ലക്ഷത്തിനു മുകളിൽ വരുന്ന സാധനങ്ങൾ സമാഹരിക്കുമ്പോൾ ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ച് എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള എല്ലാ ഏജൻസികളേയും രേഖാമൂലം അറിയിക്കേണ്ടതും മത്സരാധിഷ്ഠിത ടെണ്ടർ പ്രക്രിയ പാലിച്ച് ഏജൻസികളെ തിരഞ്ഞെടുക്കേണ്ടതുമുണ്ട്. എന്നാൽ മേൽ ഉത്തരവിലെ നിർദ്ദേശം പ്രകാരമല്ല പർച്ചേയ്സ് നടത്തിയത്. ആയതിനാൽ തന്നെ പർച്ചേയ്സ് മാന്വലിൽ നിർദ്ദേശിക്കുന്ന തരത്തിലുള്ള കാര്യക്ഷമതയും, സുതാര്യതയും, ലക്ഷ്യാധിഷ്ഠിതവും സാമ്പത്തിക മിതത്വവുമുള്ള വാങ്ങൽ പ്രക്രിയ പ്രാബല്യത്തിൽ വരുത്തുവാൻ കഴിഞ്ഞില്ല എന്ന് ഓഡിറ്റിൽ അനുമാനിക്കുന്നു.

3. സ്റ്റോർ പർച്ചേയ്സ് മാന്വവൽ ഖണ്ഡിക. 19.3 പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25,000/- രൂപയ്ക്ക് മുകളിൽ വരുന്ന വാങ്ങലുകൾ (കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഒഴികെ) നിർബന്ധമായും 'ജെം' പോർട്ടൽ മുഖേന സമാഹരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. (24.06.2019 ലെ സ.ഉ.(പി)നം.07/2019/ എസ്.പി.ഡി. കാണുക). എന്നാൽ മേൽ നിയമ വ്യവസ്ഥ പാലിക്കാതെയാണ് നാപ്കിൻ വെൻഡിംഗ് മെഷീൻ ആന്റ് ഇൻസിനറേറ്റർ എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡിൽ നിന്നും വാങ്ങിയത്. 'ജെം' പോർട്ടലിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളിൽ നിന്നോ, അംഗീകൃത ഡീലർമാരിൽ നിന്നോ വാങ്ങുന്നതാണ് കൂടുതൽ ലാഭകരമാവുക എന്ന സാദ്ധ്യത പരിശോധിച്ചിട്ടില്ല.

4. കേരള സ്റ്റോർ പർച്ചേഴ്സ് മാന്വൽ ഖണ്ഡിക. 9.45 പ്രകാരം സമാഹരിക്കുന്ന ഇനം സാങ്കേതിക സ്വഭാവമുള്ളതോ വിലയിരുത്തൽ ആവശ്യമുള്ളതോ ആണെങ്കിൽ അതിനായി ക്ഷമതയുള്ള സാങ്കേതിക വിദഗ്ദ്ധർ അംഗങ്ങളായിട്ടുള്ള ഒരു സാങ്കേതിക സമിതി രൂപീകരിക്കേണ്ടതാണ് (Technical Commitee). 25.01.2023 ലെ ഭരണസമിതി യോഗത്തിൽ എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ് മുഖേന നാപ്കിൻ വെൻഡിംഗ് മെഷീൻ ആന്റ് ഇൻസിനറേറ്റർ പർച്ചേയ്സ് നടത്തുന്നതിന് അനുമതി നൽകിയെങ്കിലും വിതരണ ഏജൻസി സമർപ്പിച്ച മാതൃക (Sample) പരിശോധിച്ച സാങ്കേതിക സമിതി, പർച്ചേയ്സ് കമ്മിറ്റി, ഫിനാൻസ് ടീം, പ്രൊക്യൂർമെന്റ് കമ്മിറ്റി തുടങ്ങിയവർ സമർപ്പിച്ച അഭിപ്രായങ്ങൾ ഫയലിൽ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

5. 19.04.2022 ന് പുറപ്പെടുവിച്ച (കൈ) നം.84/2022/ത.സ്വ.ഭ.വ. സർക്കാർ ഉത്തരവ് ഖണ്ഡിക.2-4(12) (പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ) പ്രകാരം പദ്ധതി പ്രവർത്തനങ്ങൾക്ക് ഇൻർനെറ്റ്, വിവര സാങ്കേതിക വിദ്യകൾ, നവമാധ്യമങ്ങൾ തുടങ്ങിയവയുടെ സാദ്ധ്യതകൾ ഉപയോഗിക്കണം. എന്നാൽ പൊതു വിപണിയിൽ സ്പെഷ്യലൈസ് ചെയ്ത വിവിധ കമ്പനികളുടെ നാപ്കിൻ വെൻഡിംഗ് മെഷീൻ ആന്റ് ഇൻസിനറേറ്റർ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ലഭ്യമായിരിക്കേ ആയത് താരതമ്യം ചെയ്യാതെയും, ഉൽപ്പന്നത്തിന്റെ നിരക്ക് യുക്തിഭദ്രമാണോ എന്ന് പരിശോധിക്കാതെയുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ പർച്ചേയ്സ് നടത്തിയത്. (കമ്പനികളുടെ ഔദ്യോഗിക വെബ് സൈറ്റുകളിൽ വിതരണം ചെയ്യുന്ന ഉൽപന്നങ്ങളുടെ വിശദാംശങ്ങൾ, പരിശീലനം, ഫ്രീ സർവ്വീസ് ഉൾപ്പടെ നൽകുന്ന സേവനങ്ങൾ തുടങ്ങിയവ ലഭ്യമാകുന്നതാണ് ).

6. കേരള സ്റ്റോർ പർച്ചേഴ്സ് മാന്വൽ ഖണ്ഡിക 11(1) പ്രകാരം സാങ്കേതിക സ്വഭാവമുള്ള ഉപകരണങ്ങൾ വാങ്ങുമ്പോൾ, ആയതിന്റെ ഗുണമേന്മ സാങ്കേതിക യോഗ്യതയുള്ള ആൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തണം. വെൻഡിംഗ് മെഷീനുകൾ സ്ഥാപിക്കുമ്പോൾ അതിനു ചേരുന്ന സാനിറ്ററി പാഡുകൾ മാത്രമേ വിതരണം ചെയ്യാൻ സാധിക്കുകയുള്ളൂ. വെൻഡിംഗ് മെഷീനുകളിൽ വിതരണത്തിനായി തെരഞ്ഞെടുക്കുന്ന സാനിട്ടറി പാഡുകളുടെ ഗുണമേന്മ, ഫാർമസ്യൂട്ടിക്കൽ സ്പെസിഫിക്കേഷൻ, വലിപ്പം, എന്നിങ്ങനെയുള്ള മാനദണ്ഡങ്ങളും കൃത്യമായി പാലിക്കണം. കൂടാതെ കാലാകാലങ്ങളിൽ ഗവേഷണഫലങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് കൂടുതൽ ഗുണമുള്ള ഉത്പന്നങ്ങൾ ഉൾപ്പെടുത്തേണ്ട സാഹചര്യവും പരിശോധിക്കണം. എന്നാൽ അപ്രകാരമുള്ള ഒരു പരിശോധന നടത്തിയ സാങ്കേതിക വിഭാഗത്തിന്റെ റിപ്പോർട്ട് ഫയലിൽ ലഭ്യമാക്കിയിട്ടില്ല. നാപ്കിൻ വെൻഡിംഗ് മെഷീൻ ആന്റ് ഇൻസിനറേറ്റർ സ്കൂളുകളിൽ സ്ഥാപിച്ച് ട്രയൽ റൺ നടത്തി പ്രവർത്തനം കുറ്റമറ്റതാണ് എന്ന് വിതരണ ഏജൻസിയും സാക്ഷ്യപ്പെടുത്തിയിട്ടില്ല.

7. പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക – 2-4 (1, 2) പ്രകാരം സാമൂഹ്യ നീതിക്ക് വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുക എന്നത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ഭരണഘടനാ ചുമതലയാണ്. സബ്സിഡി മാർഗ്ഗരേഖയിൽ എല്ലാ വിഭാഗം വനിതകൾക്കും 100 % സബ്സിഡിയിൽ ദീർഘകാലം പാർശ്വഫലങ്ങളില്ലാതെ ഉപയോഗിക്കാവുന്നതും, പുനരുപയോഗിക്കാവുന്നതുമായ മെൻസ്ട്രുവൽ കപ്പ് നൽകുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് പദ്ധതി ഏറ്റെടുക്കാൻ അനുമതി നൽകിയിട്ടുണ്ട്. വനിതകൾക്ക് മെൻസ്ട്രുവൽ കപ്പ് നൽകുന്ന പദ്ധതിക്കുള്ള ചെലവ് നാപ്കിൻ വെൻഡിംഗ് മെഷീൻ & ഇൻസിനറേറ്റർ സ്ഥാപിക്കുന്ന പദ്ധതിയേക്കാളും കുറവായതിനാൽ അത്തരം സാദ്ധ്യത ഗ്രാമപഞ്ചായത്തുകളുമായി ആലോചിച്ച് സംയുക്ത പദ്ധതി നടപ്പിലാക്കുന്നതിന് പരിഗണിക്കാവുന്നതായിരുന്നു.

8. 22.02.2023 ന് വിതരണ ഏജൻസിയുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ ചമച്ച കരാറിൽ മൂന്ന് വർഷ വാറണ്ടി കമ്പനി നൽകുമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട് (നം.3). കേരള സ്റ്റോർ പർച്ചേഴ്സ് മാന്വൽ ഖണ്ഡിക 9.63 പ്രകാരം സാങ്കേതിക സ്വഭാവമുള്ള മെഷീനുകൾ വാങ്ങുമ്പോൾ അറ്റകുറ്റ പണികൾക്കായി ലഭ്യമാകേണ്ട സേവനങ്ങളുടെ വിശദാംശങ്ങൾ, ആവശ്യമായ കാലയളവ്, തുക അനുവദിക്കുന്നത് ഉൾപ്പടെയുള്ള പ്രസക്തമായ നിബന്ധനകളും, വ്യവസ്ഥകളും ചേർത്ത് വിതരണ ഏജൻസിയുമായി കരാറിൽ ഏർപ്പെടണം. അപ്രകാരമുള്ള കരാർ ആരംഭിക്കേണ്ടത് വാറണ്ടി കാലയളവിനു ശേഷം മാത്രമാണ്. മേൽ വ്യവസ്ഥ നിലനിൽക്കേയാണ് വാറണ്ടി കാലയളവ് കഴിയുന്നതിനു മുമ്പ് നിർവ്വഹണ ഉദ്യോഗസ്ഥൻ വാർഷിക അറ്റകുറ്റപണിക്കായി കരാർ ചമയ്ക്കാതെ 9,11,904/- രൂപ അനുവദിച്ചത് (772800 + 139104 GST). മൂന്ന് വർഷ വാറണ്ടി കാലയളവ് നിലനിൽക്കേ വാർഷിക അറ്റകുറ്റ പണികൾക്കായി കരാർ പോലും ചമയ്ക്കാതെ മുൻകൂറായി തുക അനുവദിച്ചത് സ്റ്റോർ പർച്ചേഴ്സ് മാന്വലിന്റെ ലംഘനമാണ്.

9. നാപ്കിൻ വെൻഡിംഗ് മെഷീൻ ആന്റ് ഇൻസിനറേറ്റർ പ്രവർത്തിപ്പിക്കുന്നതിന് പരിശീലനം നൽകുന്നതിനായി 1,08,560/- രൂപ (92,000 + GST 16,560), മെഷീൻ ഡെലിവറി ചെയ്യുന്നതിന് 5,42,800/- രൂപ (4,60,000 + GST-82,800), ഇൻസ്റ്റലേഷൻ ചെയ്യുന്നതിന് 5,42,800/- രൂപ (4,60,000 + GST-82,800) എന്നിങ്ങനെ ആകെ 11,94,160/-രൂപ വിതരണ ഏജൻസിക്ക് അനുവദിച്ചിട്ടുണ്ട്. (542800 + 542800+ 108650) അതായത് ഒരു ഇൻസിനറേറ്റർ ഒരു സ്കൂളിൽ സ്ഥാപിച്ച് നൽകുന്നതിന് 6,490/-

രൂപ അനുബന്ധ ചെലവ് വന്നു (1194160/184 = 6490). ഫയലിൽ ലഭ്യമാക്കിയ സ്കൂളുകളുടെ ലിസ്റ്റ് പരിശോധിച്ചതിൽ നിന്നും ഒരു കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന രണ്ട് സ്കൂളുകളിൽ മെഷീനുകൾ സ്ഥാപിച്ചതിന് ഓരോന്നിനും പ്രത്യേക പരിശീലന ഫീസ്, ഡെലിവറി ചാർജ്ജ്, നൽകിയതായി കാണുന്നു. വിതരണ ഏജൻസി ലഭ്യമാക്കുന്ന സേവനങ്ങൾ എന്തെല്ലാം എന്നിൽ നിന്നും പ്രഫോർമ ഇൻവോയ്സ് ലഭ്യമാക്കി പരിശോധിക്കാതെയാണ് നിർവ്വഹണ ഉദ്യോഗസ്ഥ സപ്ലൈ ഓർഡർ നൽകിയതും കരാറിൽ ഏർപ്പെട്ടതും. ആയതിനാലാണ് അനുബന്ധ ചെലവുകൾക്കായി വൻതുക വിതരണ ഏജൻസിക്ക് അധികം അനുവദിക്കേണ്ടി വന്നത് എന്ന് ഓഡിറ്റിൽ അനുമാനിക്കുന്നു.

10. വിതരണ ഏജൻസി നാപ്കിൻ വെൻഡിംഗ് മെഷീൻ & ഇൻസിനറേറ്റർ പ്രവർത്തിപ്പിക്കുന്നതിന് സ്കൂൾ തലത്തിലുള്ള ജീവനക്കാർക്ക് പരിശീലനം നൽകിയതിന്റെ വിശദാംശങ്ങൾ ഫയലിൽ പരിശോധനക്കായി സമർപ്പിച്ചിട്ടില്ല.

11. 28.05.2022 ലെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക.7-4-6 പ്രകാരം സ്കൂളുകളിൽ സ്ഥാപിച്ച മെഷീനുകളുടെ സുരക്ഷിത ഉപയോഗം ഉറപ്പു വരുത്തുന്നതിനും, തുടർ പരിപാലനം ഏറ്റെടുക്കുന്നതും സംബന്ധിച്ച് സ്കൂൾ പി.റ്റി.എ. യുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറിൽ ഏർപ്പെടണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മാർഗ്ഗരേഖയിലെ മേൽ വ്യവസ്ഥ പാലിച്ചിട്ടില്ല.

12. പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക.14(3) പ്രകാരം പദ്ധതിയുടെ പ്രാരംഭഘട്ടത്തിലും, പുരോഗമന ഘട്ടത്തിലും, പൂർത്തീകരണ ശേഷവും പദ്ധതി ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടത് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. എന്നാൽ സ്കൂളുകളിൽ സ്ഥാപിച്ച മെഷീനുകളുടെ ഗുണമേന്മ, പദ്ധതിയുടെ ഭൗതികലക്ഷ്യം കൈവരിച്ചത് എന്നിവയുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ ചേർത്തിട്ടില്ല.

13. സ്ഥാപിച്ച മെഷീനുകളുടെ പ്രവർത്തനക്ഷമത സംബന്ധിച്ചുള്ള റിപ്പോർട്ട് ബന്ധപ്പെട്ട സ്കൂൾ അധികാരികളിൽ നിന്നും ലഭ്യമാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ വിവരിച്ച അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി 22.11.2023 ന് നിർവ്വഹണ ഉദ്യോഗസ്ഥന് ഓഡിറ്റ് അന്വേഷണ കുറിപ്പ് നൽകിയെങ്കിലും (നം.30) മറുപടി ലഭ്യമാക്കിയിട്ടില്ല. 04.12.2023 ന് പേരാമ്പ്ര പ്ലാന്റേഷൻ ഗവ.എച്ച്.എസ്.എസ്. ൽ (70 കുട്ടികൾ മാത്രം പഠിക്കുന്ന മിക്സഡ് സ്കൂൾ) നടത്തിയ പ്രദേശിക പരിശോധനയിൽ മുൻ വർഷം വനിത വികസന കോർപ്പറേഷൻ നൽകിയ മെഷീൻ നിലനിൽക്കുമ്പോഴാണ് വീണ്ടും അനുവദിച്ചിരിക്കുന്നത്. കൃത്യമായ ആവശ്യകത ഉറപ്പ് വരുത്താതെയാണ് പദ്ധതി നടപ്പിലാക്കിയത് എന്ന് കാണാവുന്നതാണ്. ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 1-31 ക്രാഡിൽ മാതൃകാ അങ്കണവാടി നിർമ്മാണത്തിന് തുക കൈമാറിയത് സംബന്ധിച്ച്

| | |
|---|---|
| പദ്ധതി പേര്, നം | ക്രാഡിൽ മാതൃകാ അങ്കണവാടി സംയോജിത പദ്ധതി, S0552/23 |
| നിർവ്വഹണം | ജില്ലാ ഓഫീസർ, വനിത ശിശു വികസന വകുപ്പ്, കോഴിക്കോട്. |
| ഫയൽ നം. | DWCDO/KKD/D-2303/2022 |
| അടങ്കൽ തുക - 75,00,000/- (വികസന ഫണ്ട്), | |
| ചെലവ് തുക – 75,00,000/- ബിൽ നം, തീയ്യതി, തുക (എ.സി.ആർ. പ്രകാരം) | 1832/29.03.2023, 14,55,212/- കാവിലുംപാറ ഗ്രാമപഞ്ചായത്ത് |
| | 1831/29.03.2023, 8,43,859/- പുറമേരി ഗ്രാമപഞ്ചായത്ത് |
| | 1833/29.03.2023, 9,67,358/- നരിപ്പറ്റ ഗ്രാമപഞ്ചായത്ത് |
| | 1834/29.03.2023, 9,50,000/- കായക്കൊടി ഗ്രാമപഞ്ചായത്ത് |
| | 1835/29.03.2023, 15,00,000/- കായണ്ണ ഗ്രാമപഞ്ചായത്ത് |
| | 1836/29.03.2023, 8,02,302/- കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് |
| | 1837/29.03.2023, 44,788/- കാവിലുംപാറ ഗ്രാമപഞ്ചായത്ത് |
| | 1838/ 29.03.2023, 1,44,391/- |
| | 1839, 29.03.2023, 4,54,388/- നാദാപുരം ഗ്രാമപഞ്ചായത്ത് |
| | 1840, 29.03.2023, 3,37,702/- കാവിലുംപാറ ഗ്രാമപഞ്ചായത്ത് |

ക്രാഡിൽ പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ സ്ഥലം ലഭ്യമായതും നിലവിൽ കെട്ടിടമില്ലാത്തതുമായ അങ്കണവാടികൾക്ക് എല്ലാ സൗകര്യങ്ങളോടും കൂടി ശിശുവികാസം സാധ്യമാകുന്നതും, ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹൃദവുമായ നൂതനമാതൃകയിലുള്ള പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. ഗ്രാമപഞ്ചായത്തുകൾ നിർമ്മിക്കുന്ന അങ്കണവാടി കെട്ടിടങ്ങൾക്ക് വകയിരുത്തുന്ന തുകയിൽ അധികമായി വരുന്ന തുക ജില്ലാ പഞ്ചായത്ത് വിഹിതമായി അനുവദിക്കും. ത്രിതല പഞ്ചായത്തുകൾ സംയുക്തമായിട്ടാണ് പദ്ധതി നടപ്പാക്കുന്നത്. 05.11.2022 ന് ചേർന്ന ഭരണസമിതി യോഗത്തിൽ തെരഞ്ഞെടുത്ത അങ്കണവാടികളുടെ ലിസ്റ്റ് അംഗീകരിച്ചു. [തീരുമാന നം. 96/22 (5)(2)]. പദ്ധതി നടപ്പാക്കുന്നതിനായി കാവിലുംപാറ, പുറമേരി, കൊടിയത്തൂർ, കായണ്ണ, തിരുവമ്പാടി, നാദാപുരം, നരിപ്പറ്റ എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് മേൽ വിവരിച്ച പട്ടിക പ്രകാരം തുക കൈമാറി. 15.12.2022 ന് എ.4/369/22 നമ്പർ കത്തിലൂടെ കാവിലുംപാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും, 18.03.2023 ന് 400980/DPSJ03/General/2023/2350(1) നമ്പർ കത്തിലൂടെ തിരുവമ്പാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും അങ്കണവാടി കെട്ടിടത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ചതായി അറിയിച്ചു. എന്നാൽ കായണ്ണ ഗ്രാമപഞ്ചായത്തിൽ 04.12.2023 ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ തൻവർഷം ജില്ലാപഞ്ചായത്തിൽ നിന്നും അനുവദിച്ച തുക വിനിയോഗിച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്.

പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ നിന്നും ശ്രദ്ധയിൽപ്പെട്ട താഴെ പറയുന്ന അപാകങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1. ഗ്രാമപഞ്ചായത്തുകൾ തുക വിനിയോഗിച്ചത് സംബന്ധിച്ച സാക്ഷ്യപത്രമോ, പദ്ധതി പൂർത്തീകരണ വിവരമോ ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല.
2. പതിനാലാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക.3.5.4.(5) പ്രകാരം സംയുക്ത പദ്ധതികളിൽ പങ്കാളികളാകുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിൽ നിർവ്വഹണം ആരംഭിക്കുന്നതിനു മുമ്പ് ഒരു കരാറിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ അത്തരത്തിലുള്ള കരാർ തയ്യാറാക്കാതെയാണ് ഗ്രാമപഞ്ചായത്തുകൾക്ക് തുക കൈമാറിയത്.
3. 23.01.2017ലെ (പി)07/17/ധനം നമ്പർ ഉത്തരവിലൂടെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ സംയുക്ത പദ്ധതികൾക്കായി വകയിരുത്തുന്ന തുക സെപ്തംബർ 30നു മുമ്പായി പങ്കാളിയാകുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് നൽകണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. 30.09.2021 ലെ ധനകാര്യ വകുപ്പിന്റെ 86/2021 നമ്പർ സർക്കുലറിൽ ട്രഷറിയിൽ നിന്നും ഫണ്ടുകൾ പിൻവലിക്കുന്നതിനുള്ള പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സർക്കുലറിലെ ഖണ്ഡിക.5 പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ച ഫണ്ടുകൾ മാർച്ച് 31 നകം വിനിയോഗിക്കാൻ സാധിക്കാതെ വന്നാൽ തുക പിൻവലിച്ച ശീർഷകത്തിൽ തന്നെ തിരികെ അടയ്ക്കണം. ഈ പദ്ധതിയിൽ സാമ്പത്തിക വർഷാവസാനം (29.03.2023) നാണ് ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം കൈമാറിയത്. അനുവദിച്ച തുക ലാപ്സാകാതെ വിനിയോഗിക്കാൻ ഗ്രാമപഞ്ചായത്തുകൾക്ക് സാധിച്ചിട്ടുണ്ടോയെന്നും വിനിയോഗിക്കാത്ത ജില്ലാപഞ്ചായത്ത് വിഹിതം സർക്കാരിലേക്ക് തിരികെ അടയ്ക്കേണ്ട അവസ്ഥയുണ്ടായതിന്റേയും വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.
4. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം അഞ്ചാം പട്ടിക പ്രകാരം ജില്ലയിലെ മറ്റ് തദ്ദേശ സ്ഥാപനങ്ങളുടെ ഫോർവേഡ്, ബാക്ക് വേഡ് ലിങ്കേജ് ആയി പ്രവർത്തിക്കുക എന്നത് ജില്ലാ പഞ്ചായത്തിന്റെ ചുമതലയാണ്. 05.11.2022 ന് ചേർന്ന ഭരണസമിതി യോഗത്തിൽ തെരഞ്ഞെടുത്ത അങ്കണവാടികളുടെ ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. പദ്ധതി നിർദ്ദേശങ്ങളിൽ നിന്നും ആവശ്യകത ബോധ്യപ്പെട്ട് ആസൂത്രണം മുതൽ അംഗീകാരം വരെയുള്ള വിവിധ സമിതികളുടെ പരിശോധനകൾക്ക് ശേഷം മുൻഗണന നിശ്ചയിച്ച് തയ്യാറാക്കിയതാണ് മേൽ ലിസ്റ്റ്. എന്നാൽ ഇത്തരത്തിൽ മുൻഗണന നിശ്ചയിച്ച് രൂപീകരിച്ച പദ്ധതിയിലൂടെ ജില്ലാ പഞ്ചായത്ത് ഫണ്ട് ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറാൻ സാമ്പത്തിക വർഷത്തിന്റെ അവസാനം (29.03.2023) വരെ നീണ്ടു. പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ സമയം ലഭിച്ചിട്ടും യഥാസമയം ഫണ്ട് കൈമാറാതിരുന്നതിന്റെ കാരണം ഫയലിൽ വ്യക്തമാക്കിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥ/മോണിറ്ററിംഗ് കമ്മിറ്റി/സ്റ്റാന്റിംഗ് കമ്മിറ്റി/ഭരണ സമിതി എന്നിവർ പദ്ധതി നിർവ്വഹണ പുരോഗതി സമയബന്ധിതമായി വിലയിരുത്തിയതിന്റേയും, പദ്ധതി നടപ്പാക്കാൻ കഴിയാത്തതിന്റെ കാരണം, പ്രായോഗിക ബുദ്ധിമുട്ടുകൾ എന്നിവ കണ്ടെത്തുന്നതിനും, അവ പരിഹരിച്ച് തുടർ നടപടി സ്വീകരിക്കുന്നതിനും കാര്യക്ഷമമായ ഇടപെടൽ നടത്തിയിട്ടില്ല.
5. 2021-22 സാമ്പത്തിക വർഷത്തിൽ നരിപ്പറ്റ ഗ്രാമപഞ്ചായത്തിന് 21.03.2022 ന് അനുവദിച്ച തുക (15,00,000/- രൂപ) വിനിയോഗിക്കാൻ സാധിക്കാത്തതിനാൽ 31.3.2022ന് സർക്കാരിലേക്ക് തിരികെ അടച്ചതായി 18.10.2022ലെ എ2/7363/2021 നമ്പർ കത്തിലൂടെ നരിപ്പറ്റ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. മേൽ പദ്ധതി 2022-23 സാമ്പത്തിക വർഷത്തിൽ സ്പിൽഓവറായി പ്രവൃത്തി നടന്നു വരുന്നതിനാൽ ജില്ലാപഞ്ചായത്ത് വിഹിതമായി തുക വകയിരുത്താനും, അനുവദിക്കാനും പ്രസ്തുത കത്തിൽ സെക്രട്ടറി ആവശ്യപ്പെട്ടു. ആയതിന്റെ അടിസ്ഥാനത്തിൽ തൻവർഷവും 29.03.2023ന് വിഹിതം കൈമാറി. പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക.14(3) പ്രകാരം പദ്ധതിയുടെ പ്രാരംഭഘട്ടത്തിലും, പുരോഗമന ഘട്ടത്തിലും, പൂർത്തീകരണ ശേഷവും പദ്ധതി ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടത് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. 2021-22 സാമ്പത്തിക വർഷത്തിൽ തുക കൈമാറിയ ഗ്രാമപഞ്ചായത്തുകൾ ആയത് വിനിയോഗിക്കാതെ സർക്കാരിലേക്ക് അടച്ചു എന്ന് അറിയിച്ചതിൽ നിന്നും വർക്കിംഗ് ഗ്രൂപ്പ് തങ്ങളുടെ ചുമതലകൾ നിറവേറ്റിയില്ല എന്നതിന്റെ തെളിവായി ഓഡിറ്റ് കണക്കാക്കുന്നു. ജില്ലാ പഞ്ചായത്തിന്റെ വാർഷിക കണക്കിലും, സുലേഖ പത്രികയിലും ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച തുക ചെലവായി കാണുമെങ്കിലും സാമ്പത്തിക വർഷത്തിനുള്ളിൽ തുക കൈപ്പറ്റിയ തദ്ദേശസ്ഥാപനം ചെലവഴിക്കാത്തത് മൂലം തുക ലാപ്സാവുകയും ഗുണഭോക്താക്കൾക്ക് ഇതുമൂലം പ്രയോജനം ലഭിക്കാത്ത സ്ഥിതിയുണ്ടാവുകയും ചെയ്തു.
6. പതിനാലാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക.3.5.1.(1) പ്രകാരം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പദ്ധതികൾ സുലേഖ സോഫ്റ്റ് വെയറിൽ തയ്യാറാക്കേണ്ട ചുമതല അതത് വിഷയ മേഖലയുമായി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്കാണ്. ഖണ്ഡിക.3.5.4(3) പ്രകാരം സംയുക്ത പദ്ധതികളിൽ പങ്കാളികളാകുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ ജില്ലാ ആസൂത്രണ സമിതിയുടെ യോഗത്തിൽ തീരുമാനിച്ച പ്രകാരം വിഹിതം വകയിരുത്തി പദ്ധതി തയ്യാറാക്കേണ്ടതും സുലേഖ സോഫ്റ്റ് വെയറിൽ ഡാറ്റ എൻട്രി ചെയ്യേണ്ടതുമാണ്. എന്നാൽ പദ്ധതിയുടെ സുലേഖ ചെലവ് പത്രികയിൽ ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകളുടെ വിഹിതം വകയിരുത്തിയത് രേഖപ്പെടുത്തിയിട്ടില്ല.

## 1-32 ഗ്രാമപഞ്ചായത്ത് തലത്തിൽ നടപ്പാക്കേണ്ട പദ്ധതിക്ക് ജില്ലാ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു.

| | |
|---|---|
| പദ്ധതി പേര്, നം | ജാഗ്രതാസമിതി, S0555/23 |
| നിർവ്വഹണം | ജില്ലാ ഓഫീസർ, വനിത ശിശു വികസന വകുപ്പ്,കോഴിക്കോട്. |
| ഫയൽ നം | DWCDO/KKD/D-1967/2022 |
| അടങ്കൽ തുക - 2,50,000/- (വികസന ഫണ്ട്), ചെലവ് തുക - 2,44,960/- | |
| ബിൽ നം, | 01/2022-23, 22.03.2023, 50,000/- BRN - 22160152031001401605 |
| | 02/2022-23, 27.03.2023, 93,916/- BRN - 22160152031001435073 |

| | |
|---|---|
| തീയ്യതി, തുക | 04/2022-23, 27.03.2023, 79,750/- BRN - 22160152031001463450 |
| | 06/2022-23, 29.03.2023, 21,294/- BRN - 22160152031001495005 |

ജില്ലയിലെ സ്ത്രീപക്ഷ പ്രവർത്തനങ്ങൾക്ക് സഹായവും, നിർദ്ദേശവും പിൻതുണയും നൽകുന്നതിനായി പ്രവർത്തിക്കുന്ന ജില്ലാ ജാഗ്രതാ സമിതിയുടെ ഓഫീസ് പ്രവർത്തനം കൃത്യതയോടെ നടത്തുന്നതിനും, ഗ്രാമപഞ്ചായത്തുകളിലെ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ റൂമുകളിലേക്ക് ഒന്ന വീതം മേശയും കസേരയും വിതരണം ചെയ്യുന്നതിനായിട്ടുമാണ് മേൽ പദ്ധതി രൂപീകരിച്ചത്. പദ്ധതി നടപ്പാക്കുന്നതിനായി 2,44,960/- രൂപ വിവിധ ആവശ്യങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

എ) ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ റൂമിലേക്ക് ഒന്ന് വീതം മേശയും കസേരയും. വിതരണം ചെലവ് - 93,916/- രൂപ.

പദ്ധതി നടപ്പാക്കുന്നതിനായി 03.12.2022ന് താൽപര്യപത്രം ക്ഷണിച്ചതിൽ കാഡ്കോ, സിഡ്കോ, ആർട്ട്കോ എന്നിവർ നൽകിയ താൽപര്യപത്രങ്ങൾ 28.12.2022 ന് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സെക്രട്ടറിക്ക് നൽകി. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചതായി ഫയലിൽ രേഖപ്പെടുത്തലുകളില്ല. പിന്നീട് 02.02.2023 ന് വീണ്ടും താൽപര്യപത്രം ക്ഷണിച്ചതിനെ തുടർന്ന് ലഭിച്ച 2 താൽപര്യപത്രങ്ങളുടെ (ആർട്ട്കോ, കാഡ്കോ) താരതമ്യ പട്ടിക പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചു. ആയതിൽ കുറവ് നിരക്ക് രേഖപ്പെടുത്തിയ കാഡ്കോയുടെ താൽപര്യപത്രം 22.02.2023 ലെ യോഗത്തിൽ കമ്മിറ്റി അംഗീകരിച്ചു. (തീരുമാനം നം.40/22). 23.02.2023 ന് നിർവ്വഹണ ഉദ്യോഗസ്ഥ വിതരണ ഏജൻസിക്ക് നിബന്ധനകളോടെ സപ്ലൈ ഓഡർ നൽകി. വിതരണ ഏജൻസി 10 ഗ്രാമപഞ്ചായത്തുകളിൽ (ബാലുശ്ശേരി, നടുവണ്ണൂർ, താമരശ്ശേരി, മാവൂർ, കൊടിയത്തൂർ, അരിക്കുളം, മൂടാടി, നന്മണ്ട, കായക്കൊടി, ചങ്ങരോത്ത്) ഫർണിച്ചർ വിതരണം നടത്തി ബിൽ സമർപ്പിച്ചു. ബില്ലിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | തുക | എണ്ണം | ആകെ തുക |
|---|---|---|---|
| Steel Table With One Drawer & Cupboard 18mm Novapan Top 20 Guage – (48x24x30 Cm). | 5,430 | 10 | 54,300.00 |
| Steel Chair With Full Arm Chair Plastic Rattened/ Cushioned Seat & Back. | 2,150 | 10 | 21,500.00 |
| Transportation Charge @ 5% | | | 3,790.00 |
| CGST @ 9 % | | | 7,163.10 |
| SGST @ 9 % | | | 7,163.10 |
| Round Off (-0.20) Grand Total | | | 93,916.00 |

ബി) അവൈർനസ് പ്രോഗ്രാം - 50,000/- രൂപ

അന്താരാഷ്ട്രാ വനിത ദിനത്തിന്റെ ഭാഗമായി 08.03.2023 ന് നടത്തിയ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി ഫാക്കൽറ്റികൾക്ക് ഹോണറേറിയം (3,000/- രൂപ), ഫോട്ടോഗ്രാഫി (2,000/- രൂപ) ഭക്ഷണ വിതരണം (475 പേർക്ക്, 45,000/- രൂപ) എന്നിവയ്ക്കായി 50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

സി) ജാഗ്രതാ സമിതി ഓഫീസുകളിലേക്ക് നെയിം ബോർഡ് - 79,750/- രൂപ

വിവിധ ഗ്രാമപഞ്ചായത്തുകളിലെ 55 ജാഗ്രതാ സമിതി ഓഫീസുകൾക്ക് നെയിം ബോർഡ് സ്ഥാപിക്കുന്നതിനായി സെയിൽ കമ്മ്യൂണിക്കേഷൻസ് മേപ്പയ്യൂർ, പേരാമ്പ്ര റോഡ്, കോഴിക്കോട് എന്ന സ്ഥാപനത്തിന് ഒരു ബോർഡിന് 1,450/- രൂപ നിരക്കിൽ 79,750/- രൂപ അനുവദിച്ചിട്ടുണ്ട്.

ഡി) പത്രപരസ്യ ചെലവ് - 21,294/- രൂപ (മാതൃഭൂമി-10,584/- രൂപ, ദേശാഭിമാനി-10,710/- രൂപ)

പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന കാര്യങ്ങൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 25.11.2023 ന് നിർവ്വഹണ ഉദ്യോഗസ്ഥക്ക് ഓഡിറ്റ് അന്വേഷണ കുറിപ്പ് (നം.36) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

1. 23.06.2007ലെ (എം.എസ്) 31/07/സ.ക്ഷേ.വ. നം. ഉത്തരവിലൂടെ സംസ്ഥാനത്ത് ജാഗ്രതാ സമിതികൾ രൂപീകരിച്ച് ആയതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി സർക്കാർ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ മാർഗ്ഗരേഖ (ഖണ്ഡിക-1-10-1) പ്രകാരം ഗ്രാമ/ജില്ലാ പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുന്ന ജാഗ്രതാ സമിതികളുടെ പ്രവർത്തനത്തിനുള്ള ധനം അവരുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ടെത്തണം. (ഓഫീസ് നടത്തിപ്പ്, സ്റ്റേഷനറി, യാത്രാപ്പടി തുടങ്ങിയവ). ആയതിനാൽ തന്നെ വാർഡ് തലത്തിലുള്ളതും, ഗ്രാമപഞ്ചായത്ത് തലത്തിലുള്ളതുമായ ജാഗ്രതാ സമിതികളുടെ പ്രവർത്തന ചെലവ് നടത്തേണ്ടത് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ ചുമതലയാണ്. ഇതിൽ നിന്നും വ്യതിചലിച്ച് ജില്ലാ പഞ്ചായത്തിന്റെ ചുമതലയിലില്ലാത്തതും, സർക്കാർ പ്രത്യേകമായി ഏൽപ്പിച്ചിട്ടില്ലാത്തതുമായ പ്രവർത്തനങ്ങൾക്ക് പദ്ധതി രൂപീകരിച്ച് ഗ്രാമപഞ്ചായത്ത് തലത്തിൽ രൂപീകരിച്ച ജാഗ്രതാ സമിതികളുടെ ഓഫീസുകളിലേക്ക് ഫർണിച്ചർ, നെയിംബോർഡ് എന്നിവയ്ക്കായി തുക ചെലവഴിച്ചത് സംബന്ധിച്ച് ഫയലിൽ വിശദീകരിച്ചിട്ടില്ല.
2. സ്ത്രീകളുടെ നേട്ടങ്ങൾ ആഘോഷിക്കുന്നതിനും അവകാശങ്ങൾ നേടിയെടുക്കുന്നതിനും അവരെ പ്രേരിപ്പിക്കുന്നതിന് വേണ്ടിയാണ് എല്ലാ വർഷവും മാർച്ച് എട്ടാം തീയതി അന്താരാഷ്ട്ര വനിതാ ദിനം ആചരിക്കുന്നത്. 08.03.2023 ന് അന്താരാഷ്ട്ര വനിതാ ദിനാചരണത്തിന്റെ ഭാഗമായി സംസ്ഥാന വനിതാ ശിശു വികസന വകുപ്പും, കോഴിക്കോട് ജെൻഡർ പാർക്ക്, എന്നിവയുമായി സഹകരിച്ച് സംഘടിപ്പിച്ച ജില്ലാതല പരിപാടികൾ കോഴിക്കോട് ജെൻഡർ പാർക്കിൽ വെച്ച് നടന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉദ്ഘാടനം ചെയ്ത പ്രസ്തുത പരിപാടിയിൽ ആയോധന കലയിൽ പരിശീലനം നേടിയ സ്ത്രീകളുടെ പ്രകടനം, സാംസ്കാരിക പരിപാടികൾ, രാത്രി 10 മണിക്ക് നഗരഹൃദയത്തിലൂടെ നടത്തം എന്നിവ സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായിട്ടാണ് ഭക്ഷണ വിതരണം, ഫോട്ടോഗ്രാഫി, ഫാക്കൽറ്റികൾക്ക് ഹോണറേറിയം, എന്നിവയ്ക്ക് 50,000/- രൂപ ജില്ലാ പഞ്ചായത്തിന്റെ

വികസന ഫണ്ട് ചെലവഴിച്ചത്. സംസ്ഥാന വനിതാ ശിശു വികസന വകുപ്പ് നടത്തുന്ന അന്താരാഷ്ട്ര വനിതാ ദിനം ആചരണ പ്രവർത്തനങ്ങൾക്ക് ജില്ലാ പഞ്ചായത്തിന്റെ വികസന ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതി ലഭിച്ച സർക്കാർ ഉത്തരവ്/സർക്കുലർ ഫയലിനോടൊപ്പം പരിശോധനയ്ക്കായി സമർപ്പിച്ചിട്ടില്ല. 23.06.2007ലെ (എം.എസ്) 31/07/സ.ക്ഷേ.വ. നം. ഉത്തരവിൽ ജില്ലാ ജാഗ്രതാ സമിതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങളും, ഉത്തരവാദിത്വങ്ങളും എന്തെല്ലാമാണെന്ന് വിശദീകരിച്ചിട്ടുണ്ട്. ആയതിൽ മേൽ വിവരിച്ച ഇനങ്ങൾക്ക് ജില്ലാതല ജാഗ്രതാ സമിതി തുക ചെലവഴിച്ചത് ശരിയായ നടപടിയല്ല.

3. കേരള പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ (2019-21) ശുപാർശയുടെ അടിസ്ഥാനത്തിൽ (റിപ്പോർട്ട് നം.67, ഖണ്ഡിക നം.65) സംസ്ഥാന ധനകാര്യ വകുപ്പ് 30.11.2020 ന് പുറപ്പെടുവിച്ച 76/2020 നമ്പർ സർക്കുലറിൽ ധനവിനിയോഗവുമായി ബന്ധപ്പെട്ട് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ച ചട്ടങ്ങൾക്കും, ഉത്തരവുകൾക്കും, മാർഗ്ഗ നിർദ്ദേശങ്ങൾക്കും വിരുദ്ധമായി വകുപ്പുകളും സ്ഥാപനങ്ങളും സർക്കാർ ഖജനാവിൽ നിന്നും പണം പിൻവലിക്കുവാൻ പാടുള്ളതല്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ സർക്കുലറിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽപെടാത്ത പദ്ധതിക്ക് തുക ചെലവഴിച്ചത്.

മറുപടിയുടെ അഭാവത്തിലും അപാകങ്ങളാലും ചെലവ് തുക 2,44,960/- തടസ്സത്തിൽ വെയ്ക്കുന്നു.

## 1-33 ജില്ലാ ആയുർവ്വേദ ആശുപത്രിയിൽ ഡിജിറ്റൽ എക്സ്റേ യൂണിറ്റ് സ്ഥാപിക്കൽ പദ്ധതി നടപ്പാക്കിയതിലെ അപാകങ്ങൾ

ഫയൽ നം - എ/949/2022 (ജില്ലാ ആയുർവ്വേദ ആശുപത്രി ഫയൽ)

നിർവ്വഹണ ഉദ്യോഗസ്ഥ – സൂപ്രണ്ട്, ചീഫ് മെഡിക്കൽ ഓഫീസർ (ഐ.എസ്.എം)

പ്രോജക്റ്റ് പേര്, നമ്പർ - ജില്ലാ ആയുർവ്വേദ ആശുപത്രിയിൽ എക്സ്റേ യൂണിറ്റ്, S0548/23

അടങ്കൽ തുക, ഫണ്ട് തരം - 12,59,695/- (സംരക്ഷണ ഗ്രാന്റ് റോഡിതരം)

ചെലവ് തുക – 12,59,695/- ( ബിൽ നം, തീയ്യതി - 160/2022-23, 27.03.2023)

(BRN No – 2216015202681405025)

ജില്ലാ ആയുർവ്വേദ ആശുപത്രിയിൽ 2004 ൽ സ്ഥാപിച്ച എക്സ്റേ യൂണിറ്റ് (Allengers.325, Serial No. 040530233, 30KW Model – 32FCMT, VBS, AERB No-12/489) കാലപഴക്കം കൊണ്ട് നിരന്തരം തകരാറിലാവുകയും, തകരാറിലായ യന്ത്രഭാഗങ്ങൾ ലഭ്യമാകുവാൻ ബുദ്ധിമുട്ട് നേരിടുന്നതിനാലും, ആശുപത്രിയുടെ സജീവമായ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതിനാലും ആയത് മാറ്റി പുതിയ ഡിജിറ്റൽ എക്സ്റേ യൂണിറ്റ് സ്ഥാപിക്കുന്നതിനായിട്ടാണ് മേൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത്. ഡിജിറ്റൽ എക്സ്റേ യൂണിറ്റ് സ്ഥാപിക്കുന്നത് വഴി ആയുർവ്വേദ ആശുപത്രിയിൽ അസ്ഥി, ആന്തരിക അവയവങ്ങളെ ബാധിച്ച രോഗങ്ങളുമായി എത്തുന്ന സാധാരണ രോഗികൾക്ക് കുറഞ്ഞ ചെലവിൽ എക്സറേ എടുക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

14.12.2022 ന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡുമായി (KMSCL) റണ്ണിംഗ് കോൺട്രാക്റ്റ് ഉള്ള വിതരണ സ്ഥാപനത്തിന് [അലിഞ്ചേർസ് മെഡിക്കൽ സിസ്റ്റം, ചണ്ഡീഗഡ്] എക്സ്റേ മെഷീന്റേയും അനുബന്ധ ഉപകരണങ്ങളുടേയും പ്രഫോർമ ഇൻവോയ്സ് ലഭ്യമാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥ കത്ത് നൽകി. എക്സ്റേ മെഷീന്റേയും അനുബന്ധ ഉപകരണങ്ങളുടേയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. X-ray Machine 50KW (Model & Make Mars-50/ Allengers Medical System Ltd).
2. Three Fold X-ray Protection Barrier.
3. Free Standing Cest Stand & Cone For Skull X-rays.
4. Suitable Capacity Stabilizer.
5. 6 Way Table.
6. Light Weight Lead Apron With Thyroid Gland.

18.01.2023 ന് വിതരണ സ്ഥാപനം പ്രഫോർമ ഇൻവോയ്സ് ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തിനായി അപേക്ഷ സമർപ്പിച്ചു. 19.01.2023 ന് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ 31.01.2023 ന് നിർവ്വഹണ ഉദ്യോഗസ്ഥ സപ്ലൈ ഓർഡർ നൽകി. [വില 11,24,728/- + 1,34,967/- (IGST) = 12,59,695/- രൂപ). 13.03.2023 ന് എക്സറേ മെഷീനും അനുബന്ധ ഉപകരണങ്ങളും ലഭ്യമായി (സ്റ്റോക്ക് രജിസ്റ്റർ പേജ്.47). പദ്ധതി ഫയലും, അനുബന്ധരേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്റ്റോർ പർച്ചേയ്സ് മാന്വവൽ ഖണ്ഡിക. 19.3 പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25,000/- രൂപയ്ക്ക് മുകളിൽ വരുന്ന വാങ്ങലുകൾ നിർബന്ധമായും 'GEM ' മുഖേന സമാഹരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. (24.06.2019 ലെ (പി) 07/2019/എസ്.പി.ഡി. നമ്പർ ഉത്തരവ് കാണുക). എന്നാൽ മേൽ വ്യവസ്ഥ പാലിക്കാതെ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡുമായി (KMSCL) റണ്ണിംഗ് കോൺട്രാക്റ്റ് ഉള്ള വിതരണ സ്ഥാപനത്തിന് കത്ത് നൽകി മെഷീൻ ലഭ്യമാക്കുകയാണ് ചെയ്തത്.
2. 08.11.2010 ലെ (പി)259/2010/ത.സ്വ.ഭ.വ. നം. സർക്കാർ ഉത്തരവ് പ്രകാരം (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ) ഒരു ലക്ഷത്തിൽ കൂടുതൽ മൂല്യം വരുന്ന സാധനങ്ങൾ സമാഹരിക്കുമ്പോൾ ഓപ്പൺ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 17.11.2015 ലെ(പി) 524/ 2015/ധനം. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 5 ലക്ഷത്തിനു മുകളിൽ വരുന്ന സാധനങ്ങൾ സമാഹരിക്കുമ്പോൾ ഇ-ടെണ്ടർ നടപടി സ്വീകരിക്കണം. ഇ-ടെണ്ടർ

നടപടികളിലൂടെ എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള എല്ലാ ഏജൻസികളേയും രേഖാമൂലം അറിയിച്ച് മത്സരാധിഷ്ഠിത ടെണ്ടർ പ്രക്രിയ പാലിച്ച് കൊണ്ടാവണം ഏജൻസികളെ തെരഞ്ഞെടുക്കേണ്ടത്. എന്നാൽ മേൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡുമായി (KMSCL) റണ്ണിംഗ് കോൺട്രാക്റ്റ് ഉള്ള വിതരണ സ്ഥാപനത്തിൽ നിന്നും പർച്ചേയ്സ് നടത്തിയത്.

3. 19.04.2022 ലെ (കൈ) 84/2022/ത.സ്വ.ഭ.വ. നം. സർക്കാർ ഉത്തരവ് പ്രകാരം [പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക. 8.7.1.(1)] തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആരോഗ്യ പ്രോജക്റ്റുകൾ നവകേരളം കർമ്മ പദ്ധതി - 2 ലെ ആർദ്രം മിഷനുമായി സമന്വയിപ്പിച്ച് നടപ്പാക്കുന്ന രീതിയിൽ തയ്യാറാക്കണം. ജനങ്ങളുടെ അടിയന്തിര പ്രാധാന്യമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നവകേരളം കർമ്മ പദ്ധതി ഊന്നൽ നൽകുന്നു. ആയതിനാൽ പൊതു ജനങ്ങൾക്ക് പ്രത്യേകിച്ച് പാവപ്പെട്ടവർക്കും, സാധാരണക്കാർക്കും ആരോഗ്യ സേവനങ്ങൾ ഉറപ്പാക്കേണ്ടതുണ്ട്. 13.03.2023 ന് എക്സറേ മെഷീനും അനുബന്ധ ഉപകരണങ്ങളും ആശുപത്രിയിൽ ലഭ്യമാക്കിയെങ്കിലും ആയത് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യം ആശുപത്രിയിൽ ഒരുക്കിയിട്ടില്ല. 50 KW എക്സറേ യൂണിറ്റ് പ്രവർത്തിക്കുന്ന തരത്തിൽ വയറിംഗ് അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് വെസ്റ്റ്ഹിൽ കെ.എസ്.ഇ.ബി. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 07.02.2023ന് കത്ത് നൽകിയെങ്കിലും ഓഡിറ്റ് തീയ്യതി വരേയും നടപ്പാക്കിയിട്ടില്ല. കെ.എസ്.ഇ.ബി. ക്ക് കത്തെഴുതുന്നതിന് പകരം പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിനായിരുന്നു കത്ത് എഴുതേണ്ടിയിരുന്നത്. ആശുപത്രിയിൽ എക്സറേ യൂണിറ്റ് സ്ഥാപിക്കുന്നതിനു മുന്നോടിയായി അംഗീകൃത കരാറുകാരനിൽ നിന്നും ഇലക്ട്രിക്കൽ സ്കീമാറ്റിക് തയ്യാറാക്കി പ്രവൃത്തി പൂർത്തീകരിച്ച് സംസ്ഥാന ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നും അനുമതി ലഭ്യമാക്കണം. [An Electrical Schematic Is A Logical Representation Of The Physical Connections And Layout Of An Electric Circuit.]. എന്നാൽ മേൽ നടപടികൾ സ്വീകരിച്ചില്ല.

4. നിർവ്വഹണ ഉദ്യോഗസ്ഥയുടെ സപ്ലൈ ഓർഡർ ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ 07.02.2023 ന് വിതരണ ഏജൻസി നൽകിയ കത്തിൽ എക്സറേ യന്ത്രത്തിന്റേയും അനുബന്ധ ഉപകരണങ്ങളുടേയും വാറണ്ടി കാലയളവ് ആയത് വിതരണം ചെയ്ത് 39 മാസമോ, ഇൻസ്റ്റാൾ ചെയ്ത് 36 മാസമോ (ഏതാണോ ആദ്യം) ആണ്. എക്സറേ യന്ത്രം സ്ഥാപിക്കുന്ന സ്ഥലത്ത് നിർബന്ധമായും ഉണ്ടായിരിക്കേണ്ട വൈദ്യുതി സൗകര്യങ്ങളെക്കുറിച്ച് മേൽ കത്തിൽ സൂചിപ്പിക്കുന്നുണ്ട്. അറ്റോമിക് എനർജി റഗുലേറ്ററി ബോർഡിന്റെ (AERB) മാർഗ്ഗനിർദ്ദേശം പ്രകാരം എക്സറേ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സാഹചര്യം ഒരുക്കണമെന്നും, സൈറ്റ് തയ്യാറാക്കാൻ കാലതാമസം ഉണ്ടാകുന്ന പക്ഷം വിതരണ സ്ഥാപനത്തെ വിവരം അറിയിച്ചാൽ യന്ത്രം വിവരണം ചെയ്യുന്ന തീയ്യതി ദീർഘിപ്പിക്കാമെന്നും പ്രസ്തുത കത്തിൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ മേൽ പറഞ്ഞ നിബന്ധകളൊന്നും പാലിക്കാതെ തന്നെ എക്സറേ വാങ്ങി ആശുപത്രിയിൽ സൂക്ഷിച്ചിരിക്കുകയാണ്. 13.03.2023 ന് ലഭ്യമായ എക്സറേ യൂണിറ്റ് സ്ഥാപിക്കുകയോ ആവശ്യമായ വയറിംഗ് നടത്തുകയോ ചെയ്യാത്തതിനാൽ വാറണ്ടി കാലയളവിലെ ഇളവിൽ 9 മാസം നഷ്ടമാകുകയും ബന്ധപ്പെട്ട രോഗികൾക്ക് ഇക്കാലയളവിൽ കുറഞ്ഞ ചെലവിൽ എക്സറേ എടുക്കുന്നതിനുള്ള സൗകര്യം ഇല്ലാതാവുകയും ചെയ്തു.

മേൽ വിവരിച്ച അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-34 ജില്ലാ ആയുർവേദ ആശുപത്രി -സിദ്ധ മരുന്നുകൾക്ക് IMPCOPS നൽകുന്ന വിലകിഴിവ് ലഭിച്ചിട്ടില്ല.

2022-23 വർഷത്തിൽ സൂപ്രണ്ട്, ജില്ലാ ആയുർവേദ ആശുപത്രി നിർവഹണ ഉദ്യോഗസ്ഥയായി ഗവ. ആയുർവേദ ആശുപത്രിയിൽ പ്രവർത്തിക്കുന്ന സിദ്ധ വിഭാഗത്തിലേക്ക് മരുന്നു വാങ്ങുന്നതിനായി 5,99,997 രൂപ ചെലവഴിച്ചിട്ടുണ്ട്. ഔഷധി വഴിയാണ് സിദ്ധമരുന്നുകൾ വാങ്ങിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ബിൽ നമ്പർ | ഇൻവോയ്സ് നമ്പർ | തുക |
|---|---|---|---|
| 1 | 65/22-23 തി. 11.10.2022 | 90262022/25.06.2022 | 1,23,654 |
| 2 | 65/22-23 തി. 11.10.2022 | 17/2022-23 /09.08.2022 | 4,20,087 |
| 3 | 101/22-23 തി. 13.01.2023 | 90272639/24.09.22 | 34,289 |
| 4 | 101/22-23 തി. 13.01.2023 | 90278736/10.11.2022 | 6,483 |
| 5 | 169/22-23 തി.28.3.23 | 90295811/27.03.2023 | 738 |

| | | | |
|---|---|---|---|
| | | | |
| 6 | 169/22-23 തി.28.3.23 | 92/2022-23/27.03.2023 | 14,746 |
| ആകെ | | | 5,99,997 |

സ.ഉ (കൈ) 115/2022 ത.സ്വ.ഭ.വ തി. 28.05.2022 പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി മാർഗ്ഗരേഖ 7.6.4(iii) പ്രകാരം സിദ്ധ ഡിസ്പെൻസറിയിലേക്കുള്ള മരുന്നുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഔഷധി വഴി IMPCOPS ൽ (Indian Medical Practioners Co-operative Pharmacy And Stores) നിന്നാണ് വാങ്ങേണ്ടത്. ഇപ്രകാരം വാങ്ങുമ്പോൾ IMPCOPS നൽകുന്ന 25% കിഴിവ് ഔഷധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറണം. എന്നാൽ 2022-23 വർഷത്തിൽ സിദ്ധമരുന്ന് ഔഷധിയിൽ നിന്ന് വാങ്ങിയപ്പോൾ IMPCOPS ൽ നിന്നും ലഭിക്കുമായിരുന്ന കിഴിവ് കൈമാറിയതായോ ആകെ ബില്ലിൽ നിന്നും കുറവ് വരുത്തിയതായോ കാണുന്നില്ല. ഔഷധിയിൽ നിന്നും ഡിസ്കൗണ്ട് ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (16/2022-23 തിയ്യതി 09.10.2023)യ്ക്ക് 28.11.2023 ലെ എ-962/23 പ്രകാരം നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടിയോടൊപ്പം ഔഷധി മാനേജിംഗ് ഡയറക്ടർ ജില്ലാ ആയുർവേദാശുപത്രി സൂപ്രണ്ടിന് നൽകിയ കത്തും ഉള്ളടക്കം ചെയ്തിട്ടുണ്ട്. പ്രസ്തുത കത്തിൽ ഔഷധി IMCOPS ൽ നിന്നും മരുന്ന് വാങ്ങുമ്പോൾ ഔഷധിയ്ക്ക് 30% കിഴിവ് ലഭിക്കുന്നുണ്ടെന്നും ആയതിൽ 15% കിഴിവ് സ്ഥാപനങ്ങൾക്ക് (15% കിഴിവിന് തത്തുല്യമായ മരുന്നുകൾ വിതരണം ചെയ്യുക) നൽകുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. മറുപടി അംഗീകരിക്കാവുന്നതല്ല. ആശുപത്രിയിൽ നിന്നും ഇൻഡന്റ് ചെയ്യാതെ ഔഷധി എപ്രകാരമാണ് സ്ഥാപനത്തിന്റെ ആവശ്യമരുന്നുകൾ നിശ്ചയിച്ചത് എന്ന് വ്യക്തമല്ല. മാത്രമല്ല ഡിസ്കൗണ്ട് തുകയ്ക്ക് മരുന്നുകൾ സ്ഥാപനം ആവശ്യപ്പെട്ടതായോ ഡിസ്കൗണ്ട് തുക ഔഷധി തിരികെ ലഭ്യമാക്കുന്നതായിട്ടോ ഉള്ള രേഖകൾ ഫയലിൽ ലഭ്യമല്ല. 2022-23 വർഷത്തിൽ ലഭിക്കുമായിരുന്ന കിഴിവിന് അധിക മരുന്ന് സ്ഥാപനത്തിന് ലഭിച്ചതായി ഫയലിൽ നിന്നും/ബില്ലിൽ നിന്നും വ്യക്തമല്ല. അപാകത്തിന് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതും രേഖകൾ സഹിതം അവ്യക്തത പരിഹരിക്കേണ്ടതുമാണ്. 1,50,000/- രൂപ (25% Of 5,99,977) ഔഷധിയിൽ നിന്ന് ഈടാക്കി വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-35 ഫിസിയോ തെറാപ്പി ഉപകരണം വാങ്ങിയത് - നിർദ്ദിഷ്ട സ്പെസിഫിക്കേഷനിലുള്ളതാണെന്ന് ഉറപ്പ് വരുത്തിയില്ല.

ഫയൽ നം. എ-401/22

| | |
|---|---|
| പ്രോജക്റ്റ് നം. , പേര് | S0066/23, ജില്ലാ ആശുപത്രിയിൽ ഫിസിയോ തെറാപ്പി ഉപകരണങ്ങൾ വാങ്ങൽ (സ്പിൽ ഓവർ) |
| അടങ്കൽ, ഫണ്ടിനം | 2,39,000/-, സംരക്ഷണ ഗ്രാന്റ് (റോഡിതരം) |
| ചെലവ്, ബിൽ നം | 2,39,000/- BRN : 22160152026801404892/ 20.03.2023 |
| നിർവ്വഹണം | സൂപ്രണ്ട്, ജില്ലാ ആയുർവേദ ആശുപത്രി |

മേൽ പ്രോജക്റ്റ് പ്രകാരം 2022-23 വർഷത്തിൽ ജില്ലാ ആയുർവേദ ആശുപത്രിയിലെ ഫിസിയോതെറാപ്പി യൂണിറ്റിലേക്ക് 2,39,000/- രൂപ ചെലവഴിച്ച് "മൊബിലിറ്റി ടെയിനർ വിത്ത് ടെഡ് മിൽ" എന്ന ഉപകരണം വാങ്ങിയിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ കൊടുക്കുന്നു.

കോഴിക്കോട് ജില്ലാപഞ്ചായത്ത് 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി നം. S0845/22 പ്രകാരം ആവശ്യമായ ഫിസിയോ തെറാപ്പി ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ടി ആറ് സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ ലഭിച്ചത് പർച്ചേസ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചു. ഇതിൽ സ്റ്റാൻഡേർഡ് സർജിക്കൽസ് ക്വാട്ട് ചെയ്ത ഒന്നാമത്തെ ഇനമായ മൊബിലിറ്റി ടെയിനർ വിത്ത് ടെഡ് മിൽ (ഏറ്റവും കുറഞ്ഞ നിരക്ക് 1,14,000/-രൂപ) എന്ന ഉപകരണത്തിന്റെ വില പൊതുവിപണിയിലെ നിരക്കിനേക്കാൾ വളരെ കുറവായതിനാൽ സാങ്കേതിക പരിശോധനയ്ക്ക് ശേഷം മാത്രം അംഗീകരിക്കാൻ 26.03.2022 ന് ചേർന്ന പർച്ചേസ് കമ്മിറ്റി യോഗം തീരുമാനിച്ചു (നം. 76/22). തുടർന്ന് ടെക്നിക്കൽ കമ്മിറ്റി നടത്തിയ പരിശോധനയിൽ മേൽ ഉപകരണത്തിന്റെ ഗുണനിലവാരം തൃപ്തികരമല്ലെന്ന് കണ്ടെത്തുകയും വീണ്ടും പുതിയ സ്പെസിഫിക്കേഷനോട് കൂടി ഉപകരണം വാങ്ങുന്നതിന് റീ ടെണ്ടർ നടത്തുന്നതിന് ശുപാർശ ചെയ്യുകയും ചെയ്തു.

ഉപകരണത്തിന്റെ സ്പെസിഫിക്കേഷൻ ആവശ്യപ്പെട്ടുകൊണ്ട് ടെക്നിക്കൽ കമ്മിറ്റി അംഗമായ ഡോ. അനിൽകുമാറിന് 19.10.2022, 30.11.2022 എന്നീ തീയതികളിൽ ആശുപത്രി സൂപ്രണ്ട് കത്തയച്ചെങ്കിലും (നം.A-401/22) യാതൊരു മറുപടിയും ലഭിച്ചില്ല. തുടർന്ന് 03.01.2023 ന് വീണ്ടും ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ രണ്ട് സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിക്കുകയും ഇതിൽ കുറവ് തുക ക്വാട്ട് ചെയ്ത (2,39,000/-) ലിയാനോ മെഡിക്കൽസ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. ടെണ്ടർ ക്ഷണിക്കുന്ന അവസരത്തിൽ ടെഡ് മില്ലിന്റെ സ്പെസിഫിക്കേഷൻ നിശ്ചയിച്ചതെങ്ങനെയെന്ന് വ്യക്തമല്ല. കൂടാതെ ലിയാനോ

മെഡിക്കൽസ് നൽകിയ ടാക്സ് ഇൻവോയ്സിൽ (നം. 280/13.03.2023) മൊബിലിറ്റി ട്രെയിനർ വിത്ത് ട്രെഡ് മിൽ ന്റെ വില രേഖപ്പെടുത്തിയതല്ലാതെ സ്പെസിഫിക്കേഷൻ സംബന്ധിച്ച യാതൊരു വിവരവുമില്ല. വാങ്ങിയ ഉപകരണത്തിന്റെ സ്പെസിഫിക്കേഷൻ ജില്ലാ ആയുർവേദ ആശുപത്രിയിലെ ഫിസിയോതെറാപ്പി യൂണിറ്റിലേക്ക് അനുയോജ്യമാണോയെന്ന് ജില്ലാപഞ്ചായത്ത് ടെക്നിക്കൽ കമ്മിറ്റിയോ ഒരു സാങ്കേതിക വിദഗ്ധനോ ഉറപ്പ് വരുത്തിയില്ല. കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക നം. 11(1) പ്രകാരം സാങ്കേതിക സ്വഭാവമുള്ള ഉപകരണങ്ങൾ ആയതിന്റെ ഗുണമേന്മ സാങ്കേതിക യോഗ്യതയുള്ള ആൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുണ്ടെന്ന് വ്യക്തമാക്കുന്നു. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (ഒ.എസ് നം. 31/ 22-23/ 23.08.2023) നിർവ്വഹണോദ്യോഗസ്ഥ നൽകിയ മറുപടിയിൽ ഉപകരണം ഫിസിയോ തെറാപ്പി യൂണിറ്റിലേക്ക് അനുയോജ്യമാണോ എന്നത് ഒരു വിഷയെ വിദഗ്ദനെക്കൊണ്ട് പരിശോധിപ്പിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കുന്നു. ഉപകരണം വാങ്ങിയതിനു ശേഷം സ്പെസിഫിക്കേഷൻ പരിശോധിക്കുമെന്ന് പറയുന്നത് ശരിയായ നടപടിയല്ല. അപാകങ്ങൾക്ക് വ്യക്തമായ മറുപടി സമർപ്പിക്കേണ്ടതാണ്.

## 1-36 എച്ച്.ഐ.വി. രോഗബാധിതർക്ക് പോഷകാഹാര വിതരണം - നഗര പ്രദേശ പരിധിയിൽ താമസിക്കുന്ന ഗുണഭോക്താക്കളെ ബന്ധപ്പെട്ട നഗരസഭകൾക്ക് കൈമാറിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ – ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം).

ഫയൽ നം. ബി.2/4980/2022 (ഓഫീസ് ഫയൽ)

പദ്ധതി നം, പേര് - S0049/23, എച്ച്.ഐ.വി.എയ്ഡ്സ് രോഗികൾക്കുള്ള പോഷകാഹാര വിതരണം,

അടങ്കൽ തുക, ഫണ്ട് തരം - 42,00,000/-, (വികസന ഫണ്ട് - ജനറൽ)

ചെലവ് തുക – 39,35,549/-

| ബിൽ നം. , തീയ്യതി | തുക |
|---|---|
| 01/22-23, 20.09.2022 | 9,81,549/- |
| 02/22-23, 23.12.2023 | 9,87,610/- |
| 03/22-23, 25.02.2023 | 9,84,724/- |
| 04/22-23, 28.03.2023 | 9,81,666/- |
| ആകെ | 39,35,549/- |

15.03.2013 ലെ (സാധാ)653/13/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലൂടെ എച്ച്.ഐ.വി/എയിഡ്സ് രോഗബാധിതരെ സഹായിക്കുന്നതിനും അവരെ മുഖ്യധാരയിൽ കൊണ്ടു വരുന്നതിനുമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തയ്യാറാക്കേണ്ട പദ്ധതികൾ എന്തെല്ലാമാണെന്ന് സർക്കാർ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്. ഗ്രാമപ്രദേശങ്ങളിൽ താമസിക്കുന്ന രോഗികൾക്കായിട്ടുള്ള പദ്ധതി ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സംയുക്തമായും, നഗര പ്രദേശങ്ങളിൽ താമസിക്കുന്ന രോഗികൾക്കായിട്ടുള്ള പദ്ധതി നഗരഭരണ സ്ഥാപനങ്ങളും ഏറ്റെടുക്കണം. [സ.ഉ.(കൈ) നം.115/2022/ത.സ്വ.ഭ.വ, തീയ്യതി. 28.05.2022, സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക.നം.7.6.6).

കോഴിക്കോട് ജില്ലാ പഞ്ചായത്ത് എയിഡ്സ് രോഗബാധിതരുടെ കൂട്ടായ്മയായ കെ.എൻ.പി.+ (Kozhikode Network Of People Living With H.I.V) എന്ന സംഘടന വഴിയാണ് രോഗബാധിതരായവർക്ക് ന്യൂട്രീഷൻ കിറ്റ് വിതരണം ചെയ്യുന്നത്. തൻവർഷം പദ്ധതി നടപ്പാക്കിയതിലൂടെ 261 കുടുംബങ്ങൾക്ക് അരി, കടല, ചെറുപയർ, ഉഴുന്ന്, ശർക്കര, ഈത്തപ്പഴം എന്നിവയടങ്ങിയ കിറ്റ് പ്രതിമാസം വിതരണം ചെയ്തു. ഫയൽ പരിശോധിച്ചതിൽ നിന്നും കോഴിക്കോട് ജില്ലാ പഞ്ചായത്ത് പോഷകാഹാര കിറ്റ് വിതരണം ചെയ്യുന്ന 261 ൽ 136 കുടുംബങ്ങളും നഗരപ്രദേശങ്ങളിൽ താമസിക്കുന്നവരാണ്. (കോഴിക്കോട് കോർപ്പറേഷൻ, മുക്കം, ഫറോക്ക്, കൊടുവള്ളി, വടകര, കൊയിലാണ്ട്, പയ്യോളി, രാമനാട്ടുകര നഗരസഭകൾ). സർക്കാർ പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വ്യത്യസ്തമായി നഗരപ്രദേശങ്ങളിലെ കുടുംബങ്ങൾക്കും പോക്ഷകാഹാര കിറ്റ് വാങ്ങി നൽകി. നഗരപ്രദേശങ്ങളിലെ 136 കുടുംബങ്ങൾക്കായി കിറ്റ് വാങ്ങി നൽകിയതിന് 20,40,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. (1250 X 12 X 136).

2022-23 സാമ്പത്തിക വർഷത്തിൽ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ പ്രസ്തുത രീതിയിൽ രണ്ട് പദ്ധതികൾ കുടുബശ്രീ പ്രോജക്റ്റ് ഓഫീസർ മുഖേന നടപ്പാക്കിയിട്ടുണ്ട്. പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. പ്രോജക്റ്റ് നം.551/2022-23, ചെലവഴിച്ച തുക – 1,93,754/-, പ്രോജക്റ്റ് നം.31/2022-23, ചെലവഴിച്ച തുക – 42,982/-. മേൽ സൂചിപ്പിച്ച സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക.നം.7.6.6 പ്രകാരം ഈ പദ്ധതി ജില്ലാ പഞ്ചായത്ത് ഗ്രാമപഞ്ചായത്തുകളായി സംയുക്തമായാണ് നടപ്പിലാക്കേണ്ടത്. കൂടാതെ ഒരു വ്യക്തിക്ക് പ്രതിമാസം അനുവദിക്കാവുന്ന പരമാവധി തുക 1,000/- രൂപയാണ്. എന്നാൽ ഈ പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് 1,250/- രൂപ പ്രതിമാസം ചെലവഴിച്ചിട്ടുണ്ട്. പദ്ധതി സംയുക്തമായല്ല നടപ്പാക്കിയതെന്നും കാണുന്നു. ജില്ലാ പഞ്ചായത്തിന്റെ പരിധിയിലുൾപ്പെടുന്ന ഗുണഭോക്താക്കളെ മാത്രം ഉൾപ്പെടുത്തി, ഇത്തരത്തിലുള്ള ആവർത്തന ചെലവുകൾ ഒഴിവാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-37 എനേബ്ലിംഗ് കോഴിക്കോട് - സി.ഡി.എം.സി. പദ്ധതി – പഞ്ചവൽസര പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം).

പ്രോജക്ട് പേര്, നമ്പർ - എനേബ്ലിംഗ് കോഴിക്കോട് - സി.ഡി.എം.സി. ബ്ലോക്ക് പഞ്ചായത്തുകൾക്ക്

ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ, S0751/23 (ഏകവർഷ സംയുക്ത പദ്ധതി)

ഭരണാനുമതി നമ്പർ, തീയ്യതി - 16/23/1, 03.03.2023

അടങ്കൽ തുക, ഫണ്ട് തരം - 8,10,000/-, (വികസന ഫണ്ട് - ജനറൽ)

ചെലവ് തുക – 8,07,240/-

ബിൽ നം, തീയ്യതി, തുക (എ.സി.ആർ. പ്രകാരം)

171/22-23, തീയ്യതി - 14.09.2022, 94,827/-

261/22-23, തീയ്യതി - 06.10.2022, 98,730/-

375/22-23, തീയ്യതി - 18.11.2022, 73,650/-

567/22-23, തീയ്യതി - 27.12.2022, 1,06,650/-

569/22-23, തീയ്യതി - 27.12.2022, 1,06,650/-

707/22-23, തീയ്യതി - 31.01.2023, 2,750/-

1743/22-23, തീയ്യതി - 28.03.2023, 2,41,686/-

1855/22-23, തീയ്യതി - 29.03.2023, 82,297/-

ജില്ലാ പഞ്ചായത്ത്, സാമൂഹ്യനീതി വകുപ്പ്, ജില്ലാ ഭരണകൂടം എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിലാണ് മേൽ പദ്ധതി രൂപീകരിച്ചത്. ജില്ലയിലെ ഭിന്നശേഷിക്കാരുടെ സമഗ്ര വികസനവുമായി ബന്ധപ്പെട്ട് സർക്കാർ സർക്കാരിതര സ്ഥാപനങ്ങളുടേയും, വോളണ്ടിയർമാരുടേയും സഹകരണത്തോടുകൂടി അവരുടെ പ്രശ്നങ്ങൾ മുൻകൂട്ടി മനസ്സിലാക്കുകയും വിവിധ വിഷയ മേഖലയിലുള്ള തെറാപ്പിസ്റ്റുകളുടെ സഹായത്തോടെ മെച്ചപ്പെട്ട സേവനം ഭിന്നശേഷിക്കാർക്ക് നൽകുക എന്ന ഉദ്ദേശത്തോടെയാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ഭിന്നശേഷിക്കാർക്ക് സമഗ്ര ചികിൽസ, പുനരധിവാസ സേവനങ്ങൾ ലഭ്യമാക്കൽ, വൈകല്യങ്ങൾക്കെതിരെയുള്ള പ്രതിരോധം, ഭിന്നശേഷി സാധ്യതകൾ നേരത്തേ കണ്ടെത്തൽ, ഇവയ്ക്കുള്ള പരിഹാര മാർഗ്ഗങ്ങൾ ശാസ്ത്രീയമായി കൈകാര്യം ചെയ്യൽ തുടങ്ങിയവയും പദ്ധതി നടപ്പാക്കുന്നതിലൂടെ ലക്ഷ്യമിടുന്നുണ്ട്. പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ജില്ലയിലെ 3 ബ്ലോക്ക് പഞ്ചായത്തുകൾക്ക് 8,07,240/- രൂപ വികസന ഫണ്ടിൽ (പൊതു വിഭാഗം) നിന്ന് പിൻവലിച്ച് ജില്ലാ പഞ്ചായത്ത് വിഹിതം നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1. 19.04.2022 ലെ (കൈ) 84/2022/ത.സ്വ.ഭ.വ. നം. ഉത്തരവിലൂടെ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. (പതിനാലാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ). മേൽ ഉത്തരവ് ഖണ്ഡിക.3.4.2 പ്രകാരം വാർഷിക പദ്ധതിക്ക് അന്തിമരൂപം നൽകുന്നതിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലയും ഉത്തരവാദിത്തവും വ്യക്തമാക്കിയിട്ടുണ്ട്. മേൽ ഉത്തരവ് അനുബന്ധം.5 (3) പ്രകാരം തദ്ദേശഭരണ സ്ഥാപനത്തിന്റെ പൊതു വികസന കാഴ്ചപ്പാടിന് അനുസൃതമായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ പഞ്ചായത്ത് രാജ് നിയമത്തിൽ നൽകപ്പെട്ട വിഷയങ്ങളിൽ മെച്ചപ്പെട്ട പദ്ധതികൾ തയ്യാറാക്കുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും കൈകൊള്ളണമെന്ന് വ്യക്തമാക്കുന്നു. എന്നാൽ ഭിന്നശേഷിക്കാർക്കായി തയ്യാറാക്കിയ മേൽ പദ്ധതി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ (ക്ഷേമകാര്യം) ശുപാർശ ഇല്ലാതെയാണ് ഭരണസമിതി ഭരണാനുമതി നൽകിയത്.
   പദ്ധതി രൂപീകരണ ഫോറത്തിൽ ആരോഗ്യ, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശ നൽകിയെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. (ശുപാർശ നം, തീയ്യതി 12/13, 28.02.2023). ആരോഗ്യ, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ 28.02.2023ലെ യോഗത്തിന്റെ മിനുട്ട്സുകൾ പരിശോധിച്ചതിൽ നിന്നും പ്രസ്തുത തീയ്യതിയിൽ അപ്രകാരമുള്ള ഒരു തീരുമാനം കൈകൊണ്ടതിന്റെയോ അടങ്കൽ തുക സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ശുപാർശ ചെയ്തതിന്റെയോ വിശദാംശങ്ങളില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 01.03.2023 ലെ യോഗത്തിന്റെ മിനുട്ട്സിൽ പദ്ധതിക്ക് തുക വകയിരുത്തിയതിന്റേയോ ഭരണസമിതിക്ക് ശുപാർശ ചെയ്തതിന്റെയോ വിശദാംശങ്ങളില്ല. ആയതിനാൽ തന്നെ മേൽ പദ്ധതി നടപ്പാക്കിയത് സർക്കാർ പുറപ്പെടുവിച്ച പഞ്ചവൽസര പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ പരിഗണിക്കാതെയും, സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ശുപാർശകൾ ഇല്ലാതെയും ഭരണസമിതി നേരിട്ട് തീരുമാനമെടുത്ത് നടപ്പിലാക്കിയതാണ് എന്ന് കാണുന്നു.

2. പദ്ധതി നടത്തിപ്പിന്റെ ഭാഗമായി 8,07,240/- രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുണ്ട്. (എ.സി.ആർ. പ്രകാരം). എന്നാൽ പദ്ധതി രൂപീകരണ ഫോറം മാത്രമാണ് ഓഡിറ്റ് പരിശോധനക്കായി നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയത്. ചെലവഴിച്ച തുക ഏതെല്ലാം ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുവദിച്ചു എന്നതിന്റെ വിശദാംശങ്ങൾ, ആയത് ഏതിനത്തിൽ ചെലവഴിച്ചു എന്നുള്ള വിവരം, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നീ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3. പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക.2.4.(6) പ്രകാരം തദ്ദേശ ഭരണ സ്ഥാപനം അതിന്റെ അതിർത്തിക്കുള്ളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന എല്ലാ വികസന പ്രവർത്തനങ്ങളും കേന്ദ്ര – സംസ്ഥാന ആവിഷ്കൃത പദ്ധതികളുമായും പ്രാദേശിക പദ്ധതിയുമായും സംയോജിപ്പിച്ച് നടത്തണം. സമാന രീതിയിലുള്ള പദ്ധതികൾ കേന്ദ്ര – സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കി വരുന്നുണ്ട്. (സാമൂഹ്യ നിതി വകുപ്പ് മുഖേന). എന്നാൽ സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുമായി സംയോജിപ്പിച്ചല്ല ജില്ലാ പഞ്ചായത്ത് മേൽ പദ്ധതി നടപ്പിലാക്കിയത്.

4. പതിനാലാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക.3.5. പ്രകാരം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പദ്ധതികൾ

ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെ സുലേഖ സോഫ്റ്റ് വെയറിൽ തയ്യാറാക്കേണ്ട ചുമതല അതത് വിഷയ മേഖലയുടെ നിർവ്വഹണ ഉദ്യോഗസ്ഥർക്കാണ്. ജില്ലാ സാമൂഹ്യ നീതി വകുപ്പിലെ ഉദ്യോഗസ്ഥർ നടപ്പിലാക്കേണ്ട മേൽ പദ്ധതി വിഷയ മേഖലയുമായി ബന്ധമില്ലാത്ത ആരോഗ്യ വകുപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ നടപ്പിലാക്കിയത് പദ്ധതി രൂപീകരണ ഫോറത്തിൽ വ്യക്തമാക്കിയിട്ടില്ല.

5. പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക.3.5.4.(2,3, 4) എന്നിവ പ്രകാരം സംയുക്ത പദ്ധതികളിൽ പങ്കാളികളാകുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ വകയിരുത്തേണ്ട വിഹിതം സംബന്ധിച്ച് ധാരണയാകേണ്ടതും വിശദാംശങ്ങൾ ജില്ലാ ആസൂത്രണ സമിതി തയ്യാറാക്കി ബന്ധപ്പെട്ട സ്ഥാപനങ്ങളെ അറിയിക്കേണ്ടതും പ്രസ്തുത സ്ഥാപനങ്ങൾ തങ്ങളുടെ വിഹിതം വകയിരുത്തി പദ്ധതി തയ്യാറാക്കേണ്ടതും സുലേഖ സോഫ്റ്റ് വെയറിൽ ഡാറ്റ എൻട്രി ചെയ്യേണ്ടതുമാണ്. പദ്ധതിയിൽ മുഖ്യ പങ്കാളിയാകുന്ന തദ്ദേശഭരണ സ്ഥാപനമാണ് വിശദമായ പ്രോജക്റ്റ് തയ്യാറാക്കേണ്ടത്. ഓഡിറ്റിൽ ലഭ്യമാക്കിയ പദ്ധതി രൂപീകരണ ഫോറത്തിൽ പദ്ധതിയിൽ മുഖ്യ പങ്കാളിയാകുന്ന തദ്ദേശഭരണ സ്ഥാപനം ഏതെന്ന് വ്യക്തമാക്കിയിട്ടില്ല.

6. പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക.3.5.4.(5) പ്രകാരം സംയുക്ത പദ്ധതികളിൽ പങ്കാളികളാകുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിൽ നിർവ്വഹണം ആരംഭിക്കുന്നതിനു മുമ്പ് ഒരു കരാറിൽ ഏർപ്പെടുത്തേണ്ടതാണ്. എന്നാൽ അത്തരത്തിലുള്ള കരാർ തയ്യാറാക്കാതെയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ബ്ലോക്ക് പഞ്ചായത്തുകൾക്ക് തുക അനുവദിച്ചത്.

7. പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക.3.5.8.(2) പ്രകാരം ജില്ലാ പഞ്ചായത്തുകൾ കുറഞ്ഞത് 10 ലക്ഷം രൂപയെങ്കിലും അടങ്കൽ തുകയുള്ള പദ്ധതികളേ ഏറ്റെടുക്കാൻ പാടുള്ളൂ. എന്നാൽ സർക്കാർ നിശ്ചയിച്ച നിരക്കിലും കുറവായി മേൽ പദ്ധതിക്ക് തുക വകയിരുത്തിയത് 8,10,000/- രൂപ മാത്രമാണ്.

മേൽ അപാകങ്ങൾക്ക് വിശദീകരണം നൽകുന്നതിനായി 20.09.2023 ന് നിർവ്വഹണ ഉദ്യോഗസ്ഥന് അന്വേഷണ കുറിപ്പ് നൽകിയതിന് (നം.14) 21.08.2023 തീയ്യതി രേഖപ്പെടുത്തി തന്ന നം.സി6/16204/2023 എന്ന കത്തിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഓൺലൈൻ ആയി വരുന്ന റിക്വസിഷൻ അപ്രൂവലിനു വേണ്ടി ജില്ലാ പഞ്ചായത്തിലേക്ക് അയക്കുക മാത്രമാണ് ഈ ഓഫീസിൽ നിന്ന് ചെയ്യുന്നത് എന്നും ഓഡിറ്റിൽ ആവശ്യപ്പെട്ട രേഖകൾ ഈ ഓഫീസിൽ ലഭ്യമല്ല എന്നും അറിയിച്ചു. മേൽ മറുപടി അംഗീകരിക്കാവുന്നതല്ല. ഓഡിറ്റ് വേളയിൽ ചൂണ്ടികാണിക്കുന്ന അപാകതകൾക്ക് മറുപടി ലഭ്യമാക്കി ആയവ പരിഹരിക്കേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്വമാണ്. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം പ്രകാരം രേഖാമൂലം നൽകിയ അന്വേഷണ കുറിപ്പ് ഗൗരവത്തോടെ കണക്കിലെടുക്കാതെ ലാഘവത്തോടെ മറുപടികൾ സമർപ്പിക്കുന്നത് ശരിയായ നടപടിയല്ല.

പദ്ധതി രേഖകൾ ഓഡിറ്റിൽ ഹാജരാക്കുകയോ, ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ശുപാർയോ, അംഗീകാരം ഇല്ലാതെയും, ആരോഗ്യ വകുപ്പിന്റെ ചുമതലയില്ലാത്തതും പദ്ധതി മാർഗ്ഗരേഖയിൽപെടാത്തതുമായ പ്രസ്തുത പദ്ധതിക്ക് വികസന ഫണ്ട് വിനിയോഗിച്ചത് ഓഡിറ്റിൽ അംഗീകരിക്കാവുന്നതല്ല. 8,07,240/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്യാത്ത പക്ഷം മേൽ തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും (ബിൽ തുക ചെലവഴിച്ച ഉദ്യോഗസ്ഥൻ) ഈടാക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നതാണ്

## 1-38 പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ ആയുർവ്വേദ മെഡിക്കൽ ക്യാമ്പ് - പഞ്ചവൽസര പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – ജില്ലാ മെഡിക്കൽ ഓഫീസർ (ഐ.എസ്.എം).

പ്രോജക്ട് പേര്, നമ്പർ - പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ ആയുർവ്വേദ മെഡിക്കൽ ക്യാമ്പ്, S0466/23

അടങ്കൽ തുക, ഫണ്ട് തരം - 5,00,000/-, (വികസന ഫണ്ട് - ടി.എസ്.പി)

ചെലവ് തുക – 5,00,000/- [ബിൽ നം, തീയ്യതി - 142/2022-23, 02.02.2023]

ജില്ലയിലെ പട്ടികവർഗ്ഗ കോളനികളിൽ വസിക്കുന്ന ജനങ്ങളുടെ ആരോഗ്യ സ്ഥിതി വിശകലനം ചെയ്ത് അവരുടെ ആരോഗ്യ സംരക്ഷണത്തിനായി രോഗ പരിശോധന, ഔഷധ വിതരണം തുടങ്ങിയവ നടത്തുക എന്ന ലക്ഷ്യത്തോടെയാണ് മേൽ പദ്ധതി രൂപീകരിച്ച് നടപ്പാക്കിയത്. ഇതിനായി തിരഞ്ഞെടുക്കപ്പെട്ട 18 ഗ്രാമപഞ്ചായത്തുകളിലെ പട്ടികവർഗ്ഗ കേളനികളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിന് വേണ്ടി ജില്ലയിലെ 10 ഗ്രാമപഞ്ചായത്തുകളെയും അവിടുത്തെ പട്ടികവർഗ്ഗ കോളനികളെയും നിർണ്ണയിച്ച നൽകുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രസിഡന്റ് 25.10.2022 തീയതിയിൽ ക്ഷേമകാര്യം, ആരോഗ്യ വിദ്യാഭ്യാസം സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർക്ക് കത്ത് നൽകി. മേൽ അപേക്ഷ ക്ഷേമകാര്യം സ്റ്റാന്റിംഗ് കമ്മിറ്റി 25.10.2022 തീയ്യതിയിലെ യോഗത്തിൽ പരിഗണിച്ച് മെഡിക്കൽ ക്യാമ്പ് നടപ്പില്ലാക്കാത്ത ഗ്രാമപഞ്ചായത്തുകളിൽ (2021-22 സാമ്പത്തിക വർഷങ്ങളിൽ) പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ച് 18 ഗ്രാമപഞ്ചായത്തുകളുടെ ലിസ്റ്റ് തയ്യാറാക്കി ഭരണസമിതിക്ക് ശുപാർശ ചെയ്തു. [തീരുമാനം നം.51/22 (4)]. മേൽ തീരുമാനം 05.11.2022 ലെ ഭരണസമിതി യോഗത്തിൽ അംഗീകരിച്ചു. [തീരുമാനം നം.01/96/22 (5) 11)].

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1. 19.04.2022 ലെ (കൈ) 84/2022/ത.സ്വ.ഭ.വ. നം. സർക്കാർ ഉത്തരവ് മാർഗ്ഗരേഖയിലെ ഖണ്ഡിക.6-2 (4), അനുബന്ധം 6-2-2-(2-3) പ്രകാരം പട്ടിക വർഗ്ഗ അഗതി കുടുംബങ്ങളുടെ വ്യത്യസ്തങ്ങളായ ആരോഗ്യ ആവശ്യങ്ങൾ ശ്രദ്ധയോടെ നിരീക്ഷിക്കേണ്ട ചുമതല ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിലെ ആരോഗ്യ സ്ഥാപനങ്ങൾക്കാണ്. പ്രസ്തുത കുടുംബങ്ങൾക്ക് ഏത് രീതിയിലാണ് സേവനം പ്രദാനം ചെയ്യേണ്ടതെന്ന് തീരുമാനിക്കുന്നത് ഗ്രാമപഞ്ചായത്തുകളും ആരോഗ്യ സ്ഥാപനങ്ങളും കൂടിയാലോചിച്ചായിരിക്കണം. എന്നാൽ സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കാതെ മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിന് വേണ്ടി

ജില്ലയിലെ 10 ഗ്രാമപഞ്ചായത്തുകളെയും അവിടുത്തെ പട്ടികവർഗ്ഗ കോളനികളെയും നിർണ്ണയിച്ച് തരുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ജില്ലാ പഞ്ചായത്ത് അധികാരികളോട് അപേക്ഷിക്കുകയാണ് ചെയ്തത്.

2. മാർഗ്ഗരേഖയിലെ ഖണ്ഡിക.3-2-2 പ്രകാരം പട്ടിക വർഗ്ഗ ഉപപദ്ധതികൾ നടപ്പാക്കുന്ന ഗ്രാമപഞ്ചായത്തുകൾ പദ്ധതി രൂപീകരണ ഗ്രാമസഭകൾ ചേരുന്നതിനു മുമ്പായി പട്ടിക വർഗ്ഗ ഊരുകളിൽ പദ്ധതി ആസൂത്രണ ഗ്രാമസഭ കാര്യപരിപാടിക്ക് സമാനമായ രീതിയിൽ ഊരുമൂപ്പന്റെ അദ്ധ്യക്ഷതയിൽ ഊരുകൂട്ടങ്ങൾ സംഘടിപ്പിക്കേണ്ടതും, മേൽ യോഗത്തിൽ ഊരിലെ ആകെ വോട്ടർമാരിൽ 50% പേർ നിർബന്ധമായും പങ്കെടുത്തിരിക്കണം. ഊരുകൂട്ടത്തിൽ വച്ച് നടപ്പാക്കേണ്ട പദ്ധതികളുടെ മുൻഗണന നിശ്ചയിക്കേണ്ടതും രേഖപ്പെടുത്തേണ്ടതുമാണ്. ഊരുകൂട്ടത്തിലും, ഗ്രാമസഭയിലും, വികസന സെമിനാറിലും പട്ടിക വർഗ്ഗ ഉപപദ്ധതി സംബന്ധിച്ച ചർച്ചകൾക്കു ശേഷം തദ്ദേശഭരണ സ്ഥാപന തലത്തിൽ പട്ടികവർഗ്ഗ ഉപപദ്ധതി രൂപീകരണ സമിതിയുടെ യോഗം പ്രത്യേകമായി വിളിച്ച് ചേർക്കേണ്ടതാണ്. ഈ യോഗത്തിൽ വെച്ച് ഗ്രാമ-ബ്ലോക്ക്-ജില്ല പഞ്ചായത്തുകളും സംസ്ഥാന സർക്കാരും ചെയ്യേണ്ട പരിപാടികളുടെ ഓരോ മുൻഗണന പട്ടിക പാലിച്ചു കൊണ്ട് പട്ടികവർഗ്ഗ ഉപപദ്ധതികൾക്ക് രൂപം നൽകണം. പ്രസ്തുത യോഗത്തിലെ തീരുമാനങ്ങൾ തൊട്ടടുത്ത പ്രവൃത്തി ദിവസം ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനത്തിന് നൽകണം. എന്നാൽ മാർഗ്ഗരേഖയിൽ അനുശാസിക്കുന്ന തരത്തിലുള്ള യോഗങ്ങൾ ഗ്രാമപഞ്ചായത്തുകളിൽ ചേർന്നതിന്റെ വിവരങ്ങൾ ലഭ്യമാക്കാതെയാണ് 25.10.2022 ന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഗ്രാമപഞ്ചായത്തുകളുടെ ലിസ്റ്റ് തയ്യാറാക്കി ഭരണസമിതിക്ക് ശുപാർശ ചെയ്തതും 05.11.2022 ലെ ഭരണസമിതി യോഗത്തിൽ അംഗീകരിച്ചതും. ഇത് പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

3. പദ്ധതി മാർഗ്ഗരേഖ അനുബന്ധം.6 (2-9)ൽ ഗ്രാമപഞ്ചായത്തുകൾ നടത്തുന്ന പട്ടികവർഗ്ഗ അഗതി കുടുംബ പരിചരണ സേവന പാക്കേജ് പദ്ധതികൾക്ക് ജില്ലാ പഞ്ചായത്തുകൾ ധനസഹായം ലഭ്യമാക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. നേരിട്ടുള്ള നിർവ്വഹിക്കേണ്ടതില്ല. എന്നാൽ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കാതെ പ്രസ്തുത പദ്ധതി ജില്ലാ പഞ്ചായത്ത് നേരിട്ട് നിർവ്വഹണം നടത്തി. (ഓഡിറ്റിൽ ലഭ്യമാക്കിയ പദ്ധതി രൂപീകരണ ഫോറത്തിലെ ക്രമ നം.13 കാണുക)

4. 26.11.2021 ലെ (കൈ) 275/2021/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലൂടെ പതിനാലാം പഞ്ചവൽസര പദ്ധതി രൂപവൽക്കരണത്തിന് മുന്നോടിയായി അവസ്ഥാരേഖ (Status Report) തയ്യാറാക്കുന്നതിനും വികസനരേഖ പരിഷ്കരിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിൽ കർമ്മ സമിതികളുടെ (വർക്കിംഗ് ഗ്രൂപ്പ്) ചുമതലയും ഉത്തരവാദിത്തവും വ്യക്തമാക്കിയിട്ടുണ്ട്. ആയതിൽ പ്രധാന ചുമതലയാണ് അവസ്ഥാപഠനം, പോരായ്മകൾ, വികസനരേഖ തുടങ്ങിയ വിവിധ ഘടകങ്ങൾ കണക്കിലെടുത്ത് കരട് പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കി ഗ്രാമസഭ ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിച്ച് ആ വേദികളിലെ ചർച്ചകളുടേയും തീരുമാനങ്ങളുടേയും അടിസ്ഥാനമാക്കി കരട് പ്രോജക്റ്റ് നിർദ്ദേശങ്ങൾ മുൻഗണന നിശ്ചയിച്ച് തയ്യാറാക്കി ഭരണസമിതിയുടേയും, വികസന സെമിനാറിന്റേയും പരിഗണനക്ക് സമർപ്പിക്കുക എന്നത്. എന്നാൽ ജില്ലാ പഞ്ചായത്തിന്റെ പട്ടിക വർഗ്ഗ വികസന വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സ് പരിശോധിച്ചതിൽ നിന്ന് പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളുടെ രേഖപ്പെടുത്തലുകളില്ല. 2020 ഡിസംബറിൽ പുതിയ ഭരണസമിതി നിലവിൽ വന്നതിനു ശേഷം ഓഡിറ്റ് കാലയളവ് വരെ ആകെ രണ്ട് യോഗങ്ങൾ (നവംബർ 2023 വരെ ) മാത്രമേ പട്ടിക വർഗ്ഗ വികസന വർക്കിംഗ് ഗ്രൂപ്പ് ചേർന്നിട്ടുള്ളൂ. (യോഗം ചേർന്ന തീയ്യതികൾ - 06.02.2021, 08.02.2021). വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ ശുഷ്കമായതു കൊണ്ട് തന്നെ ഒരു സമഗ്ര ആരോഗ്യ പദ്ധതി നിർവ്വഹിക്കാൻ കഴിഞ്ഞില്ല എന്ന് ഓഡിറ്റ് അനുമാനിക്കുന്നു.

5. വർക്കിംഗ് ഗ്രൂപ്പിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

6. പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക.3.5.8.(2) പ്രകാരം ജില്ലാ പഞ്ചായത്തുകൾ കുറഞ്ഞത് 10 ലക്ഷം രൂപയെങ്കിലും അടങ്കൽ തുകയുള്ള പദ്ധതികളേ ഏറ്റെടുക്കാൻ പാടുള്ളൂ. എന്നാൽ സർക്കാർ നിശ്ചയിച്ച നിരക്കിലും കുറവായി പദ്ധതിക്ക് തുക വകയിരുത്തിയത് 5,00,000/- രൂപ മാത്രമാണ്.

പദ്ധതി നടത്തിപ്പിലെ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 02.11.2023 ന് നിർവ്വഹണ ഉദ്യോഗസ്ഥന് കുറിപ്പ് നൽകിയെങ്കിലും (നം.21) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 1-39 കൺസ്യൂമബിൾസ് & സർജ്ജിക്കൽസ് വിൽപ്പന നടത്താൻ അംഗീകാരം ഇല്ലാത്ത സ്ഥാപനത്തിൽ നിന്ന് വാങ്ങി.

നിർവ്വഹണ ഉദ്യോഗസ്ഥ - സൂപ്രണ്ട് ചീഫ് മെഡിക്കൽ ഓഫീസർ, ജില്ല ആശുപത്രി, വടകര (അലോപ്പതി)

ഫയൽ നം.സി.3-6203/22 (ജില്ലാ ആശുപത്രിയിലെ ഫയൽ)

പദ്ധതി പേര്, നം - വടകര ജില്ല ആശുപത്രിയിലേക്ക് കൺസ്യൂമബിൾസ് & സർജ്ജിക്കൽസ് വാങ്ങൽ, S0 454/23

വകയിരുത്തിയ തുക – 10,00,000/- (മെയിന്റനൻസ് ഫണ്ട്, റോഡിതരം)

ചെലവഴിച്ച തുക – 10,00,000/- ബിൽ നം.22160152025801196169, 24.02.2023

ജില്ല ആശുപത്രിയിൽ അടിയന്തിരമായി ലഭ്യമാക്കേണ്ട കൺസ്യൂമബിൾസ് & സർജ്ജിക്കൽസ് വാങ്ങുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥ K.M.S.C.L. നെ (Kerala Medical Service Corporation Limited) സമീപിച്ചതിൽ പ്രസ്തുത ഇനങ്ങൾ സ്ഥാപനത്തിൽ നിന്നും ലഭ്യമാകാത്തതിനാലും, 25.11.2022 ന് K.M.S.C.L. നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് (KL01299/NAC/00229/2022-23) നൽകിയതിനാലും പ്രസ്തുത ഇനങ്ങൾ സർക്കാർ പൊതുമേഖല സ്ഥാപനമായ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിൽ(K.S.I.E.) നിന്നും ടെണ്ടർ നടപടിക്രമങ്ങൾ കൂടാതെ വാങ്ങുന്നതിന് പ്രൊക്യൂർമെന്റ് കമ്മിറ്റിക്ക് അപേക്ഷ നൽകി. 13.12.2022 ന് K.S.I.E. യിൽ നിന്നും ഷെഡ്യൂൾ വാങ്ങി. ഷെഡ്യൂളിനോടൊപ്പമുള്ള നിബന്ധനകളും വ്യവസ്ഥകളും പ്രകാരം 45 ദിവസം മാത്രമേ നിരക്കുകളുടെ സാധുത

നിലനിൽക്കുകയുള്ളൂ. പ്രൊക്യൂർമെന്റ് കമ്മിറ്റി 23.12.2022 അനുമതി നൽകിയതിനാൽ (തീരുമാനം നം.132/22) ആശുപത്രി സൂപ്രണ്ട് 24.12.2022 ന് സപ്ലൈ ഓർഡർ നൽകി. താഴെ വിവരിച്ച ഇൻവോയ്സുകൾ പ്രകാരം K.S.I.E. കൺസ്യൂമബിൾസ് & സർജ്ജിക്കൽസ് ജില്ല ആശുപത്രിയിൽ ലഭ്യമാക്കി.

| Invoice Number, Date | Amount Including GST |
|---|---|
| CLTBC 22-23/96, 16.01.2023 | 2,79,642 |
| CLTBC 22-23/97, 16.01.2023 | 4,15,891 |
| CLTBC 22-23/98, 16.01.2023 | 3,04,467 |
| Total | 10,00,000 |

മേൽ വിവരിച്ചവ കൂടാതെ SO 0004/23 നം പദ്ധതിയിലൂടെ 2,19,100/- രൂപ ചെലവഴിച്ച് ഡയാലിസിസ് യൂണിറ്റിലേക്കും കൺസ്യൂമബിൾസ് വാങ്ങി നൽകിയിട്ടുണ്ട്. [ഇൻവോയ്സ് നം.CLTBC 22-23/24, Dt.14.07.2022, ഫയൽ നം.സി.3-1737/22 (ഹോസ്പിറ്റൽ ഫയൽ)

KSIE യിൽ നിന്നും കൺസ്യൂമബിൾസ് & സർജ്ജിക്കൽസ് വാങ്ങിയതിൽ താഴെ പറയുന്ന കാര്യങ്ങൾക്ക് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 11.08.2023 ന് നിർവ്വഹണ ഉദ്യോഗസ്ഥക്ക് അന്വേഷണ കുറിപ്പ് (നം.3) നൽകി.

1. ഇൻഡ്യയിൽ കൺസ്യൂമബിൾസ് & സർജ്ജിക്കൽസ് സാധനങ്ങളുടെ വിൽപ്പന നടത്തണമെങ്കിൽ C.D.S.C.O. (Central Drugs Standard Control Organisation), D.G.C.I. (Drug Controller General Of India) എന്നീ സർക്കാർ സ്ഥാപനങ്ങളുടെ അംഗീകാരം ലഭിച്ചിരിക്കണം. എന്നാൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന് C.D.S.C.O, D.G.C.I. എന്നിവയുടെ അംഗീകാരം ലഭ്യമായതിന്റെ വിശദാംശങ്ങൾ ഫയലിൽ ചേർത്തിട്ടില്ല. ആയതിനാൽ തന്നെ K.S.I.E. മറ്റ് സ്ഥാപനങ്ങളിൽ നിന്നും പർച്ചേയ്സ് നടത്തി ഉയർന്ന വില രേഖപ്പെടുത്തിയാണ് കൺസ്യൂമബിൾസ് & സർജ്ജിക്കൽസ് വിതരണം നടത്തിയിരിക്കുന്നത് എന്ന് കരുതേണ്ടി വരും റണ്ണിംഗ് കോൺട്രാക്റ്റ്/ടെണ്ടർ നടപടികളിലൂടെ വാങ്ങാവുന്ന സാഹചര്യം ഒഴിവാക്കിയതിന്റെ കാരണം ഫയലുകളിൽ രേഖപ്പെടുത്തിയിട്ടില്ല.
2. കേരള സ്റ്റോർ പർച്ചേസ് മാനുവൽ (ഖ.9.22) പ്രകാരം സർക്കാർ സ്ഥാപനങ്ങൾ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ ആയത് ഉൽപ്പാദനം ആരംഭിച്ച് 5 വർഷത്തിനകമാണെങ്കിൽ നേരിട്ട് വാങ്ങാവുന്നതാണ്. വാങ്ങുന്ന സാധനങ്ങൾ സർക്കാർ സ്ഥാപനം തന്നെ ഉൽപ്പാദിപ്പിച്ചതാണെന്ന് പർച്ചേയ്സ് ഓഫീസർ ഉറപ്പ് വരുത്തണം (ഖ.9.24). എന്നാൽ ഈ വ്യവസ്ഥകൾ പാലിക്കാതെയും പരിശോധിക്കാതെയുമാണ് K.S.I.E. യിൽ നിന്നും കൺസ്യൂമബിൾസ് & സർജ്ജിക്കൽസ് വാങ്ങിയത്. ആയത് K.S.I.E. നിർമ്മിച്ചവയല്ല.
3. K.S.I.E. യുമായി നിർവ്വഹണ ഉദ്യോഗസ്ഥ കരാർ ചമച്ചില്ല.
4. പദ്ധതി നം.SO454/23 പ്രകാരം 24.12.2022 ന് ആശുപത്രി സൂപ്രണ്ട് നൽകിയ സപ്ലൈ ഓർഡറിൽ 45 ഇനങ്ങൾ K.S.I.E. വിതരണം നടത്തണം. എന്നാൽ 39 ഇനങ്ങൾ മാത്രമേ 10,00,000/- രൂപക്ക് K.S.I.E. വിതരണം നടത്തിയിട്ടുള്ളൂ.
5. 13.12.2022 ന് K.S.I.E. സമർപ്പിച്ച ഷെഡ്യൂളിനോടൊപ്പമുള്ള നിബന്ധനകളും വ്യവസ്ഥകളും പ്രകാരം 45 ദിവസം പ്രസ്തുത നിരക്കുകളുടെ സാധുത നിലനിൽക്കും. മേൽ വ്യവസ്ഥ നിലനിൽക്കേ 16.01.2023 ന് K.S.I.E. വിതരണം നടത്തിയ കൺസ്യൂമബിൾസ് & സർജ്ജിക്കൽസ് 13.12.2022 ന് സമർപ്പിച്ച ഷെഡ്യൂളിലെ നിരക്കിനേക്കാളും ഉയർന്നതാണ്. (SO454/23). ആയതിനാലാണ് 45 ഇനത്തിന് പകരം 39 ഇനം മാത്രം K.S.I.E. വിതരണം നടത്തിയത്.
മേൽ അപാകങ്ങൾക്ക് നൽകിയ അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാകാത്തതിനാൽ ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 1-40 ഒസ്യത്തായി ലഭിച്ച ഭൂമി ജില്ലാ ആശുപത്രിയുടെ ആസ്തിയായി ചേർക്കുന്നതിന് ജില്ലാ പഞ്ചായത്ത് നടപടി സ്വീകരിച്ചില്ല

വടകര നഗരസഭയിലെ ഏറ്റവും വാണിജ്യ പ്രാധാന്യമുള്ള പ്രദേശങ്ങളിലൊന്നായ എടോടി എന്ന പ്രദേശത്ത് (വടകര വില്ലേജ് റീ.സർവ്വേ നം.276/3) മഠത്തിൽ ചന്ദ്രങ്കണ്ടിയിൽ കണാരൻ എന്നവരുടെ ഉടമസ്ഥതയിലുള്ള 6 1/2 സെന്റ് സ്ഥലം റവന്യൂ വകുപ്പിനും, പ്രസ്തുത സ്ഥലത്ത് നിലനിൽക്കുന്ന രണ്ട് നില കെട്ടിടത്തിന്റെ വാടക പിരിക്കുവാനുള്ള അധികാരം വടകര ഗവ.ആശുപത്രി സൂപ്രണ്ടിനും ഒസ്യത്ത് പ്രകാരം നൽകിയിരുന്നു. ( 49/1972 വടകര സബ് രജിസ്റ്റാർ ഓഫീസിലെ ആധാരം). പ്രസ്തുത കെട്ടിടത്തിന്റെ താഴെ ഭാഗത്ത് രണ്ട് മുറികളും മുകൾ നിലയിൽ ഒരു മുറിയുമാണ് ഉള്ളത്.

റവന്യൂ വകുപ്പിന് ലഭിച്ച സ്ഥലം 18.01.1992 തീയ്യതിയിലെ എം.4-12929/88-1 നം ഉത്തരവിലൂടെ ബഹു.കോഴിക്കോട് ജില്ലാ കളക്ടർ ആരോഗ്യ വകുപ്പിന് കൈമാറുകയും 22.10.1992 തീയ്യതിയിൽ പ്രസ്തുത ഭൂമി ആശുപത്രി സൂപ്രണ്ട് ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. (കത്ത് നം. സി.2/620/91). എന്നാൽ ഓഡിറ്റ് കാലയളവ് വരേയും പ്രസ്തുത ഭൂമിയും കെട്ടിടവും വില്ലേജ് ഓഫീസിൽ നിന്നും പോക്ക് വരവ് നടത്തിയും, ഭൂനികുതി അടച്ചും ആശുപത്രിയുടെ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല.

അഡീഷണൽ ഗവ.പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടറുടെ 19.05.2020ലെ 51/18/AGP VTK നം. കത്തിലൂടെ മേൽ ഭൂമി ആശുപത്രി സൂപ്രണ്ട് ഏറ്റെടുത്തതിന്റെ രേഖകൾ ലഭ്യമായാലേ നിയമ നടപടികൾ സ്വീകരിക്കുന്നതിന് സാധിക്കുകയുള്ളൂ എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. കൂടാതെ ഭൂമിയുടെ ഉടമസ്ഥാവകാശം കേരള സർക്കാരിന് കൈമാറിയ രേഖകൾ, ഭൂമിയുടെ റീസർവ്വേ നം. നഗരസഭയിൽ നിന്നും കെട്ടിടത്തിന് അനുവദിച്ച നം. നിലവിൽ കെട്ടിടം കൈവശം വെച്ച് ഉപയോഗിക്കുന്ന വാടകക്കാരുടെ മേൽവിലാസം എന്നിവയും ലഭ്യമാക്കണം. എന്നാൽ മേൽ രേഖകളും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് ലഭ്യമാക്കിയിട്ടില്ല. ജില്ലാ പഞ്ചായത്തിന് കൈമാറികിട്ടിയ സ്ഥാപനമായ വടകര ജില്ലാ ആശുപത്രിയുടെ ഭൂമിയും കെട്ടിടങ്ങളും ജില്ലാ പഞ്ചായത്തിന്റെ ആസ്തിയായതിനാൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ആയത് സ്വന്തം ആസ്തിയാക്കി മാറ്റി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-41 ജെൻഡർ റിസോഴ്സ് സെന്റർ - ഫർണിച്ചർ വാങ്ങി 9 മാസത്തിനു ശേഷവും ഓഫീസ് സജ്ജമാക്കിയില്ല

| | |
|---|---|
| പദ്ധതി പേര്, നം | സമഗ്ര ജന്റർ വികസനം, ജി.ആർ.സിക്ക് അടിസ്ഥാന സൗകര്യം S1106/23 |
| നിർവ്വഹണം | ജില്ലാ ഓഫീസർ, വനിത ശിശു വികസന വകുപ്പ്,കോഴിക്കോട്. |
| ഫയൽ നം | DWCDO/KKD/D-1106/2023 |
| അടങ്കൽ തുക - 4,50,000/- (വികസന ഫണ്ട്), ചെലവ് തുക – 1,68,709/- | |
| ബിൽ നം, തീയ്യതി, തുക | 03/2022-23, 27.03.2023, 73,129/- BRN – 22160152031001495772З |
| | 05/2022-23, 29.03.2023, 95,580/- BRN - 22160152031001495005 |

തദ്ദേശ സ്വയം ഭരണ പ്രദേശത്തെ വിവിധ സ്ത്രീശാക്തീകരണ - ലിംഗ നീതി ഉറപ്പാക്കൽ പ്രവർത്തന പരിപാടികളുടെ ഭാഗമായി സ്ത്രീകളുടെ പദവി ഉയർത്തുക, വനിതാ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശവും വൈദഗ്ധ്യവും പിന്തുണയും പരിശീലനവും നൽകുന്നതിനുള്ള സംവിധാനം ഒരുക്കുക, ജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പിന്തുണ നൽകുക തുടങ്ങിയ ലക്ഷ്യത്തോടെയാണ് ജെൻഡർ റിസോഴ്സ് സെന്ററുകൾ ത്രിതല പഞ്ചായത്തുകളിൽ ആരംഭിക്കുന്നതിന് സർക്കാർ പതിനാലാം പഞ്ചവൽസര മാർഗ്ഗരേഖയിലൂടെ നിർദ്ദേശം നൽകിയത്. ജില്ലാ പഞ്ചായത്ത് കാര്യാലയത്തിൽ ആരംഭിക്കുന്ന ജെൻഡർ റിസോഴ്സ്സെന്ററിലേക്ക് കമ്മ്യൂണിറ്റി ഫെസിലിറ്റേറ്റർമാരെ നിയമിക്കൽ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, ഫോട്ടോസ്റ്റാറ്റ് മെഷീൻ, ലൈബ്രറി ഒരുക്കൽ, ഫർണിച്ചർ, കൈപുസ്തകം അച്ചടിക്കൽ തുടങ്ങിയവ ലഭ്യമാക്കി ആദ്യ ഘട്ടം നടപ്പാക്കുന്നതിനാണ് തൻവർഷം മേൽ പദ്ധതി രൂപീകരിച്ചത്. പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് വികസന ഫണ്ട് വകയിരുത്തി 1,68,709/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

എ) ജെൻഡർ റിസോഴ്സ് സെന്ററിലേക്ക് ഫർണിച്ചറുകൾ.

ജെൻഡർ റിസോഴ്സ് സെന്ററിലേക്കുള്ള ഫർണിച്ചറുകൾ വിതരണം ചെയ്യുന്നതിന് 02.03.2023 ന് താൽപര്യപത്രം ക്ഷണിച്ചതിൽ സിഡ്കോ, കാഡ്കോ എന്നിവർ താൽപര്യപത്രം സമർപ്പിച്ചു. ആയതിൽ കുറവ് നിരക്ക് രേഖപ്പെടുത്തിയ സിഡ്കോ കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്ന് 73,129/- രൂപ ചെലവഴിച്ച് ഫർണിച്ചർ വാങ്ങി. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | തുക | എണ്ണം | ആകെതുക |
|---|---|---|---|
| Steel Table With One Cupboard And One Drawer 18mm Laminated Board Top (120x60x75 Cm) (20G) | 5,466 | 1 | 5,466.00 |
| Prelaminated Board Computer Table One Drawer And One Cupboard (120x60x75 Cm) Keyboard And UPS Provision | 6,646 | 1 | 6,646.00 |
| Hard Wood Cushion Chair | 4,619 | 4 | 18,476.00 |
| Executive High Back Revolving Chair | 8,024 | 1 | 8,024.00 |
| Steel Cabinet (198x90x48 Cm) 20G | 9,399 | 1 | 9,399.00 |
| Computer Chair With Arm | 3,704 | 1 | 3,704.00 |
| Steel Book Shelf With 4 Components (165x83x30 Cm) | 10,259 | 1 | 10,259.00 |
| Total Amount | | | 61,974.00 |
| CGST @ 9 % | | | 5,577.66 |
| SGST @ 9 % | | | 5,577.66 |
| [Round Off - (-)0.32] Grand Total | | | 73,129.00 |

ബി. കൈപുസ്തകം, ബ്രോഷർ പ്രിന്റിംഗ്.

തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗികാതിക്രമം (തടയൽ, നിരോധിക്കൽ. പരിഹാരം) എന്ന വിഷയത്തെ സംബന്ധിച്ച് 3000 കൈപുസ്തകങ്ങൾ, ബ്രോഷർ, എന്നിവ അച്ചടിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ലഭ്യമായ ക്വട്ടേഷനുകളിൽ കുറവ് നിരക്ക് രേഖപ്പെടുത്തിയ ഫ്രണ്ട്സ് ഓഫ് സെറ്റ്, ചാലപ്പുറം, കോഴിക്കോട് എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകി. കൈപുസ്തകം, ബ്രോഷർ, എന്നിവ അച്ചടിച്ച വകയിൽ 95,580/- രൂപ അനുവദിച്ചു.

| ഇനം | തുക | എണ്ണം | ആകെ തുക |
|---|---|---|---|
| Brochure 12 Page 70GSM 4 Colour Print | 12 | 3000 | 36,000 |
| Booklet 56 Page Single Colour Printing Cover 4 Colour | 15 | 3000 | 45,000 |
| CGST @ 9 % | | | 7,290 |
| SGST @ 9 % | | | 7,290 |
| Total | | | 95,580 |

പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1. 19.04.2022 ലെ (കൈ) 84/2022/ത.സ്വ.ഭ.വ. നം. സർക്കാർ ഉത്തരവ് പ്രകാരം [പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക.6.3.1(1), അനുബന്ധം.7] പ്രകാരം ജില്ലാ തലത്തിൽ ജില്ലാ ആസൂത്രണ സമിതിയാണ് ജെൻഡർ റിസോഴ്സ് സെന്റർ രൂപീകരിക്കേണ്ടത്. ജില്ലാ ആസൂത്രണ സമിതിയിലെ ഒരു വനിത അംഗം അദ്ധ്യക്ഷയും, വനിത സംരക്ഷണ ഓഫീസർ കൺവീനറുമായി 15 അംഗങ്ങളിൽ അധികരിക്കാത്ത ജി.ആർ.സി. കൾക്ക് രൂപം നൽകണം. എന്നാൽ പ്രസ്തുത തരത്തിൽ ജില്ലാ ആസൂത്രണ സമിതി ജി.ആർ.സി.കൾ രൂപീകരിച്ചതിന്റെ വിശദാംശങ്ങൾ, മറ്റ് അംഗങ്ങളുടെ വിവരങ്ങൾ എന്നിവ ഫയലിൽ രേഖപ്പെടുത്തലുകളില്ല.
2. ജി.ആർ.സി. ആരംഭിക്കുന്നതിന് സ്ഥല ലഭ്യത ഉറപ്പ് വരുത്താതെയാണ് ഫർണിച്ചർ വാങ്ങിയത്. 27.03.2023 തീയ്യതിയിൽ ഫർണിച്ചർ വാങ്ങിയ ഇനത്തിൽ 73,129/- രൂപ വിതരണ ഏജൻസിക്ക് നൽകി. 21.11.2023 തീയ്യതിയിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ഫർണിച്ചർ നിലവിൽ ജില്ലാ പഞ്ചായത്ത് കാര്യാലയത്തിന്റെ രണ്ടാം നിലയിലുള്ള വരാന്തയിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു.
3. സ്റ്റോക്ക് രജിസ്റ്ററിൽ ഫർണിച്ചറിന്റെ സ്റ്റോക്ക് എൻട്രി മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. രജിസ്റ്ററിൽ ഫർണിച്ചർ ലഭിച്ച തീയ്യതി, അവയുടെ മൂല്യം തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഫർണിച്ചർ വരാന്തയിൽ സൂക്ഷിച്ചിരിക്കുന്നതിനാൽ വിതരണ വിവരവും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

അപാകങ്ങൾ പരിശോധിച്ച് മറുപടി നൽകണം എന്ന് അറിയിച്ച് 23.11.2023 ന് ഓഡിറ്റ് അന്വേഷണ കുറിപ്പ് നൽകിയെങ്കിലും (നം.32) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. അംഗങ്ങളെ തെരഞ്ഞെടുക്കാതെയും, സ്ഥല ലഭ്യത ഉറപ്പ് വരുത്താതെയും പദ്ധതി പണം മുൻകൂട്ടി ചെലവഴിച്ചതായി വ്യക്തമാകുന്നു. ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു. ജി.ആർ.സി. ആരംഭിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 1-42 മൃഗാശുപത്രി സെയിൽസ് ഔട്ട് ലെറ്റ് കെട്ടിടം - പ്രവൃത്തി പൂർത്തീകരിച്ച് 12 വർഷം കഴിഞ്ഞിട്ടും നിർമ്മാണം ക്രമവൽകരിച്ചില്ല.

കോഴിക്കോട് ജില്ലാ പഞ്ചായത്തിന് കൈമാറി കിട്ടിയ ജില്ലാ മൃഗാശുപത്രി കാര്യാലയത്തിന്റെ കോമ്പൗണ്ടിൽ 2010-11 (പദ്ധതി നം - 238/10-11), 2011-12 (പദ്ധതി നം - 42/11-12), 2012-13 (പദ്ധതി നം - 109/12-13) സാമ്പത്തിക വർഷങ്ങളിൽ 10,20,888/- രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച് 5 കടമുറികൾ, 2 ടോയ് ലറ്റുകൾ എന്നിവ നിർമ്മിച്ചു. ചെലവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതി വർഷം | ചെലവഴിച്ച തുക |
|---|---|
| 2010-11 | 2,72,257/- (ഒന്നാം പാർട്ട് ബിൽ) |
| 2011-12 | 5,88,815/- (ഫൈനൽ ബിൽ) |
| 2012-13 | 1,59,816/- (വൈദ്യുതി കണക്ഷൻ) |
| ആകെ | 10,20,888 /- രൂപ |

മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട് പൊതു മേഖല സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള സംരംഭങ്ങൾ ആരംഭിക്കുന്നതിന് വേണ്ടിയാണ് മേൽ കെട്ടിടം നിർമ്മിച്ചത്. 25.04.2012 തീയ്യതിയിലെ ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ യോഗത്തിൽ കെട്ടിടം വാടകയ്ക്ക് കൊടുക്കുന്നതിനുള്ള ലേല നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ ചീഫ് വെറ്ററിനറി സർജ്ജന് കെട്ടിടം കൈമാറുന്നതിന് തീരുമാനിക്കുകയും [തീരുമാനം നം.32/12(3)], സെക്രട്ടറിയുടെ 02.05.2012 ലെ പി.9/204/10-11 നം. ഉത്തരവിലൂടെ കെട്ടിടം കൈമാറുകയും ചെയ്തു. ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് മുന്നോടിയായി കെട്ടിടത്തിലെ മുറികൾക്ക് നമ്പർ ലഭ്യമാക്കുന്നതിന് ചീഫ് വെറ്ററിനറി സർജൻ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിക്ക് അപേക്ഷ നൽകിയെങ്കിലും (വെറ്ററിനറി കേന്ദ്രം ഫയൽ നം. 360/11) കെട്ടിടത്തിന്റെ അംഗീകരിച്ച പ്ലാൻ, സ്കെച്ച്, ഡ്രോയിംഗുകൾ, അനുബന്ധ പത്രികകൾ എന്നിവയുടെ അഭാവത്തിൽ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിൽ നിന്നും പ്രസ്തുത കെട്ടിടത്തിന് നമ്പർ അനുവദിച്ചിരുന്നില്ല എന്നതിനാൽ ഇക്കാര്യം എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചീഫ് വെറ്ററിനറി സർജ്ജൻ 25.01.2013 ന് അറിയിച്ചെങ്കിലും തുടർ നടപടികൾ ജില്ലാ പഞ്ചായത്തിൽ നിന്നും സ്വീകരിച്ചില്ല.

2011 ലെ വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിൽ നിന്നും പ്രസ്തുത കെട്ടിടത്തിലെ മുറികൾ (5 മുറികൾ) അനധികൃത കെട്ടിട നിർമ്മാണത്തിന്റെ ഗണത്തിൽപെടുത്തി 'യു.എ.സി. നമ്പർ ' അനുവദിച്ചിട്ടുണ്ട്. (നം.5/3146/A, 5/3146/B, 5/3146/C, 5/3146D, 5/3146/E). 14.11.2013 ലെ ആശുപത്രി വികസന സമിതിയുടെ മൂന്നാം നമ്പർ തീരുമാനം പ്രകാരം പ്രസ്തുത കെട്ടിടം ഹോസ്പിറ്റൽ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന് തീരുമാനിച്ചുവെങ്കിലും തുടർനടപടികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

2020 വർഷത്തിൽ കെട്ടിടം കുടുംബശ്രീ ക്യാന്റീൻ നടത്തുന്നതിന് "രുചിക്കൂട്ട് " എന്ന ഗ്രൂപ്പിന് അനുമതി നൽകി. ഇതിനായി 09.01.2020 ന് ചമച്ച കരാറിലെ വ്യവസ്ഥ പ്രകാരം കരാർ തിയ്യതി മുതൽ പ്രതിദിനം 100/- രൂപ ദിവസ വാടക കണക്കാക്കി പ്രതിമാസം 3,000/- രൂപ നിശ്ചയിച്ചു. (ഒരു വർഷത്തേക്ക്). ഒരു വർഷത്തിനു ശേഷം തുടർന്നും കാന്റീൻ നടത്തുന്നതിന് 11.01.2021 തിയ്യതിയിൽ കരാറുകാർ അപേക്ഷിച്ചതിന്മേൽ ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 29.04.2021 തിയ്യതിയിലെ യോഗത്തിൽ ഒരു വർഷത്തേക്ക് അനുമതി നൽകി. [തീരുമാന നമ്പർ - 4/34/21(3)]. എന്നാൽ 08.01.2021-ന് കാലാവധി അവസാനിച്ചെങ്കിലും കരാർ ഓഡിറ്റ് തീയതി വരെയും പുതുക്കിയിട്ടില്ല.

താഴെ പറയുന്ന അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

1. 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം 4(1)(2)(3) പ്രകാരം (നിലവിൽ 2019ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം) നഗരസഭ പ്രദേശങ്ങളിൽ നഗരസഭ സെക്രട്ടറിയുടെ അനുവാദപത്രമില്ലാതെ (Permit) ഏതെങ്കിലും കെട്ടിടം നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ, കെട്ടിടത്തിന് വ്യതിയാനം വരുത്തുകയോ ചെയ്യാൻ പാടില്ലാത്തതാണ്. ചട്ടം.5(2) പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാർ വകുപ്പുകൾ ഏതെങ്കിലും ഭൂവികസനമോ പുനർവികസനമോ നടത്തുന്ന സംഗതിയിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ചട്ടത്തിൽ നിർദ്ദേശിക്കും പ്രകാരം ആവശ്യമായ പ്ലാനുകൾ, ഡ്രോയിംഗുകൾ, അനുബന്ധ പത്രികകൾ എന്നിവ സഹിതം നഗരസഭ സെക്രട്ടറിക്ക് സമർപ്പിച്ച് അനുമതി വാങ്ങിയിരിക്കേണ്ടതാണ്. ചട്ടം.9(ii) പ്രകാരം നഗരസഭ പരിധിയിൽ വരുന്ന സർക്കാർ കാര്യാലയങ്ങളുടെ കെട്ടിട നിർമ്മാണങ്ങൾക്ക് ഇളവ് നൽകിയിട്ടില്ല. എന്നാൽ മേൽ നിയമങ്ങൾ നിലനിൽക്കെയാണ് നഗരസഭ സെക്രട്ടറിയുടെ അനുമതി തേടാതെ ജില്ലാ മൃഗാശുപത്രി കാര്യാലയത്തിന്റെ കോമ്പൗണ്ടിൽ വാണിജ്യ കെട്ടിടം നിർമ്മാണം ആരംഭിച്ച് പ്രവൃത്തി പൂർത്തികരിച്ചത്. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം അനധികൃത നിർമ്മാണം നടത്തിയത് ക്രമവൽക്കരിക്കുന്നതിനായി നിശ്ചിത മാതൃകയിൽ നഗരസഭ സെക്രട്ടറിക്ക് അപേക്ഷ സമർപ്പിക്കേണ്ടതായിരുന്നെങ്കിലും ആയതും നൽകിയില്ല .
2. 1994 കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 235 പ്രകാരം നഗരപ്രദേശങ്ങളിൽ നിർമ്മിച്ച 11 ഇനം കെട്ടിടങ്ങളെ വകുപ്പ് 233 പ്രകാരം ചുമത്താവുന്ന വസ്തു നികുതിയിൽ നിന്നും 230 (4) വകുപ്പ് പ്രകാരം ചുമത്താവുന്ന ഉപനികുതിയിൽ നിന്നും ഒഴിവാക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വകുപ്പ് 235 (എച്ച്) പ്രകാരം ഏതെങ്കിലും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ വക കെട്ടിടങ്ങളേയും, സർക്കാർ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് വിട്ടു കൊടുത്ത സ്ഥാപനങ്ങളോട് അനുബന്ധിച്ച കെട്ടിടങ്ങളേയും വസ്തു നികുതി അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ തദ്ദേശ സ്വയം ഭരണ സ്ഥാപനം വാടക ഈടാക്കുന്ന കെട്ടിടങ്ങൾക്ക് വസ്തു നികുതിയിൽ നിന്നും, ഉപനികുതിയിൽ നിന്നും ഇളവ് ലഭിക്കുകയില്ല. (കേ.മു.നിയമം വകുപ്പ് 235 ന്റെ വിശദീകരണം കാണുക) ആയതിനാൽ കോഴിക്കോട് ജില്ല പഞ്ചായത്ത്, ജില്ലാ മൃഗാശുപത്രി കാര്യാലയത്തിന്റെ കോമ്പൗണ്ടിൽ നിർമ്മിച്ചതും വാണിജ്യ ആവശ്യത്തിന് ഉപയോഗിക്കുന്നതുമായ കെട്ടിടത്തിന് മുനിസിപ്പൽ നിയമത്തിൽ അനുശാസിക്കുന്ന വസ്തു നികുതി ബാധകമാണ്. മേൽ കെട്ടിടം യഥാസമയം ക്രമവൽക്കരിക്കാത്തതിനാൽ നഗരസഭ സെക്രട്ടറി അനധികൃത കെട്ടിട നിർമ്മാണത്തിന്റെ ഗണത്തിൽപെടുത്തി യു.എ.സി. നമ്പർ അനുവദിച്ച് വസ്തുനികുതിയും സേവന ഉപനികുതിയും ചുമത്തിയിട്ടുണ്ട്. (യഥാർത്ഥത്തിൽ ചുമത്തേണ്ട നികുതിയും ആയതിന്റെ രണ്ടിരട്ടിയും). നിലവിൽ 5 മുറികളുടെ വസ്തുനികുതി, സേവന ഉപനികുതി എന്നിവ പിഴയടക്കം 1,41,200/- രൂപ കുടിശ്ശിക നഗരസഭയിൽ അടയ്ക്കുവാനുണ്ട്.
3. ചീഫ് വെറ്റിനറി ഓഫീസറും കുടുംബശ്രീ യൂണിറ്റ് അംഗങ്ങളുമായി ചമച്ച കരാറിന്റെ [പ്രതിദിനം 100/- രൂപ ] അടിസ്ഥാനത്തിലാണ് കെട്ടിടം കാന്റീൻ നടത്തിപ്പിന് നൽകിയത്. 2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം.5 (1) പ്രകാരം ഒരു സാധാരണ വ്യാപാരത്തിന് നഗരസഭ പ്രദേശത്തെ ഒരു സ്ഥലം ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്ന ആൾ നഗരസഭ ലൈസൻസിനായി സെക്രട്ടറിക്ക് അപേക്ഷ നൽകണം. ഇപ്രകാരം മുനിസിപ്പൽ പ്രദേശത്തെ ഒരു സ്ഥലം ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്ന ആൾ സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം അപേക്ഷകൻ കെട്ടിട ഉടമ അല്ലായെങ്കിൽ ഉടമയുടെ രേഖാമൂലമുള്ള സമ്മതപത്രം നിശ്ചിത മൂല്യമുള്ള മുദ്രപത്രത്തിൽ ഹാജരാക്കണം. എന്നാൽ നഗരസഭ അനുമതിയില്ലാതെയാണ് നിലവിൽ ജനകീയ ഹോട്ടൽ നടത്തുന്നത്.
4. കാന്റീൻ നടത്തിപ്പിന് ഭക്ഷ്യ സുരക്ഷ വിഭാഗം, മലിനീകരണ നിയന്ത്രണ ബോർഡ് തുടങ്ങിയവയിൽ നിന്നും അനുമതി ലഭ്യമായതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.
5. 2005ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ. ചട്ടം.7 പ്രകാരം പഞ്ചായത്തിന്റെ സ്വന്തമായ കെട്ടിടങ്ങൾ പഞ്ചായത്ത് രാജ് നിയമത്തിലെ നിബന്ധനകൾക്ക് വിധേയമായി ഭരണസമിതി നിശ്ചയിക്കുന്ന കാലയളവിലേക്ക് ലൈസൻസ് വ്യവസ്ഥയിൽ കരാർ ചമച്ച് വാടകയ്ക്കോ, പാട്ടത്തിനോ നൽകാവുന്നതാണ്. എന്നാൽ മേൽ ഫയൽ പരിശോധിച്ചതിൽ നിന്നും 08.01.2021-ന് കാലാവധി അവസാനിച്ചെങ്കിലും കരാർ പുതുക്കാതെയാണ് ജില്ലാപഞ്ചായത്ത് വക കെട്ടിടം കുടുംബശ്രീ വിഭാഗത്തിന് കൈമാറിയത്. ഇത് ചട്ടലംഘനമാണ്.
6. സംസ്ഥാനത്ത് 1965 ലെ കേരള ബിൽഡിംഗ് (ലീസ് & റെന്റ് കൺട്രോൾ) നിയമം പ്രകാരമാണ് നിലവിൽ കെട്ടിടങ്ങൾ വാടകക്ക് നൽകേണ്ടത്. എന്നാൽ മേൽ നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാതെയും, പ്രസ്തുത പ്രദേശത്ത് സമാന തരത്തിലുള്ള സ്വകാര്യ

കെട്ടിടങ്ങളിൽ ലഭിക്കുന്ന വാടക പരിഗണിക്കാതെയും, കാലാനുസൃതമായ വാടക വർദ്ധനവ് വരുത്താതെയുമാണ് നഗരത്തിലെ ഏറ്റവും വാണിജ്യപരമായ പ്രദേശങ്ങളിൽപെടുന്ന പഞ്ചായത്ത് വക കെട്ടിടം പ്രതിദിനം 100/- രൂപ നിരക്കിൽ കുടുംബശ്രീ വിഭാഗത്തിന് കൈമാറിയത്.

പ്രസ്തുത കെട്ടിടം ക്രമവൽക്കരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ച് മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട് കാര്യങ്ങൾ ആരംഭിക്കുന്നതിന് വേണ്ടി പ്രവർത്തിപ്പിക്കേണ്ടതാണ്. മേൽ വിവരിച്ച അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-43 കുത്താളി കൃഷി ഫാമിൽ കെട്ടിട നിർമ്മാണ പെർമിറ്റില്ലാതെ അനധികൃതമായി കെട്ടിടങ്ങൾ നിർമ്മിച്ചു.

കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള കുത്താളി കൃഷി ഫാമിൽ നിരവധി കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടങ്ങളുടെ നമ്പർ, നിർമ്മാണത്തിലിരിക്കുന്ന കെട്ടിടങ്ങളുടെ നിലവിലെ സ്ഥിതി, നിർമ്മാണത്തിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള അനുമതി പത്രങ്ങൾ തുടങ്ങിയവയുടെ വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും ഭൂരിഭാഗം കെട്ടിടങ്ങളും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അനുമതിയില്ലാതെ നിർമ്മിച്ചതായി ബോദ്ധ്യപ്പെട്ടു. കേരളത്തിൽ പ്രാബല്യത്തിലുള്ള കെട്ടിട നിർമ്മാണങ്ങളിലെ ചട്ടങ്ങൾ ലംഘിച്ച് അനധികൃതമായി നിർവ്വഹിച്ചിട്ടുള്ള നിർമ്മാണങ്ങൾ, കൂട്ടിചേർക്കലുകൾ, വിപുലീകരണം തുടങ്ങിയവ ക്രമവൽക്കരിക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നതിലും ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയിട്ടുണ്ട്.

2011 കേരള പഞ്ചായത്ത് രാജ് വസ്തു നികുതി ചട്ടങ്ങൾ പ്രാബല്യത്തിൽ വന്നതിനു ശേഷം ജില്ലാ കൃഷി ഫാമിൽ 15 കെട്ടിടങ്ങൾക്ക് ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിൽ നിന്നും നമ്പർ അനുവദിച്ചിട്ടുണ്ട്. തുടർന്നുള്ള കാലയളവിൽ നിർമ്മിച്ച കെട്ടിടങ്ങൾക്കാണ് നമ്പർ ഇല്ലാത്തത്. അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളിൽ ക്വാട്ടേഴ്സുകൾ, ഷെഡ്ഡുകൾ, സെയിൽസ് കൗണ്ടറുകൾ, കോൾഡ് സ്റ്റോറേജ്, ക്യാന്റീൻ, ഡയറി ഫാം തുടങ്ങിയവയും ഉൾപ്പെടുന്നുണ്ട്. മേൽ കെട്ടിടങ്ങളിൽ വൈദ്യുതിയും ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ ഓഡിറ്റ് നടത്തിയ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് - 235, 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം 4(1)(2) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ ഏതൊരാളും സെക്രട്ടറിയിൽ നിന്നും ആദ്യമേ തന്നെ ഒരു അനുവാദപത്രം (Permit) കെട്ടിട നിർമ്മാണ പെർമിറ്റ് കരസ്ഥമാക്കാതെ ഏതെങ്കിലും കെട്ടിടം നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ, കെട്ടിടത്തിന് വ്യതിയാനം വരുത്തുകയോ ചെയ്യാൻ പാടില്ലാത്തതാണ്. ചട്ടം 4(3) പ്രകാരം ഒരു കെട്ടിടത്തിനെ ഒരു ഒക്യുപൻസി (വിനിയോഗ) വിഭാഗത്തിൽ നിന്നും മറ്റൊരു ഒക്യുപൻസി വിഭാഗമായി മാറ്റുമ്പോഴും സെക്രട്ടറിയുടെ മുൻകൂർ അനുമതി വാങ്ങിച്ചിരിക്കണം. (നിലവിൽ 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ). എന്നാൽ കെട്ടിട നിർമ്മാണ പ്രവൃത്തികൾ നടത്തുമ്പോൾ കേരള പഞ്ചായത്ത് രാജ് നിയമത്തിലേയും അനുബന്ധ ചട്ടത്തിലേയും വ്യവസ്ഥകൾ പാലിക്കുന്നതിൽ അധികൃതർ വീഴ്ച വരുത്തി.
2. ചട്ടം.5(2), 6, 7 എന്നിവ പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാർ വകുപ്പുകൾ ഏതെങ്കിലും ഭൂവികസനമോ പുനർവികസനമോ നടത്തുന്ന സംഗതിയിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ അനുബന്ധം.AA ലെ ഫോറത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് രേഖാമൂലം അപേക്ഷ നൽകേണ്ടതും അപേക്ഷയോടൊപ്പം ചട്ടത്തിൽ നിർദ്ദേശിക്കും പ്രകാരം ആവശ്യമായ പ്ലാനുകൾ, ഡ്രോയിംഗുകൾ, പത്രികകൾ, ബന്ധപ്പെട്ട ഭൂമിയുടെ ഉടമസ്ഥത തെളിയിക്കുന്ന പ്രമാണങ്ങൾ, ചീഫ് ആർക്കിടെക്റ്റ് അല്ലെങ്കിൽ നിർമ്മാണങ്ങളുടെ ചുമതല വഹിക്കുന്ന എഞ്ചിനിയീർ നൽകിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് തുടങ്ങിയ വിശദാംശങ്ങൾ സഹിതം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിച്ച് അനുമതി വാങ്ങിയിരിക്കേണ്ടതാണ്.
3. ചട്ടം. 7(2) പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാർ വകുപ്പ് ഏതെങ്കിലും കെട്ടിടനിർമ്മാണത്തിന്റെ കാര്യത്തിൽ അധികാരപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥൻ, നിർമ്മാണം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് നിർദ്ദിഷ്ട കെട്ടിടത്തിന്റെ പ്ലാനുകളുടെ ഒരു സെറ്റും ഈ പ്ലാൻ നഗരാസൂത്രണ പദ്ധതിക്ക് വേണ്ടി തയ്യാറാക്കിയ വികസന പ്ലാനുകൾക്ക് അനുരൂപമാണെന്നും മുഖ്യ ആർക്കിടെക്റ്റ് അല്ലെങ്കിൽ നിർമ്മാണ ചുമതല വഹിക്കുന്ന എഞ്ചിനിയീർ നൽകിയ സർട്ടിഫിക്കറ്റോടു കൂടി സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. ചട്ടം.9(ii) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന സർക്കാർ/ഇതര സർക്കാർ ഓഫീസുകളുടെ കെട്ടിട നിർമ്മാണങ്ങൾക്ക് ഇളവ് നൽകിയിട്ടില്ല.
4. 1963 ലെ കേരള വൈദ്യുതി ഡ്യൂട്ടി നിയമം പ്രകാരം സർക്കാർ സ്ഥാപനങ്ങളെ LT-VI (B) കാറ്റഗറിയിൽ പെടുത്തിയാണ് വൈദ്യുതി കണക്ഷൻ കെ.എസ്.ഇ.ബി. നൽകുന്നത്. എന്നാൽ ഫാമിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അനുമതിയില്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾക്ക് താൽകാലിക വൈദ്യുതി കണക്ഷനാണ് നൽകിയത്. (LT-III (A) Temporary Connections) പ്രസ്തുത വൈദ്യുതി കണക്ഷനുകൾക്ക് (ഒരു യൂണിറ്റിന്) 15/- രൂപ എന്ന അധിക നിരക്കിലാണ് കെ.എസ്.ഇ.ബി. വൈദ്യുതചാർജ്ജ് ഈടാക്കുന്നത്.

അപാകങ്ങൾ പരിശോധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി 17.10.2023 ന് ഓഡിറ്റ് അന്വേഷണ കുറിപ്പ് നൽകിയെങ്കിലും (നം.18) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം നൽകേണ്ടതും കൃഷി ഫാമിലെ അനധികൃത കെട്ടിടങ്ങൾ ക്രമവൽക്കരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-44 കുത്താളി ഹൈടെക് ഡയറി ഫാമിലെ ഉരുക്കളെ ഇൻഷ്വർ ചെയ്തില്ല.

ഫയൽ നം. B-1400/22

ജില്ലാ കൃഷിത്തോട്ടം കുത്താളിയിലെ ഹൈടെക് ഡയറി യൂണിറ്റിന്റെ ക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പാൽഉൽപാദനം കൂടിയ 13 ഉരുക്കളെ ഫാം സൂപ്രണ്ട് നിർവ്വഹണോദ്യോഗസ്ഥനായി 2022-23 വർഷം S0528/23 നം. പ്രോജക്ട് പ്രകാരം 9.09 ലക്ഷം രൂപ

ചെലവഴിച്ച് വാങ്ങിയിരുന്നു. ആയത് 10.03.2023 ന് സ്റ്റോക്കിലെടുത്തിട്ടുണ്ട്. ഡയറി ഫാമിൽ തൻവർഷം താഴെ പറയും പ്രകാരം 32 ഉരുക്കളാണുള്ളത്.

| ക്രമ നം | ഉരുക്കൾ | എണ്ണം |
|---|---|---|
| 1. | കറവ പശുക്കൾ | 17 |
| 2. | കറവ ഇല്ലാത്ത പശുക്കൾ | 12 |
| 3. | കുള്ളൻ പശുക്കൾ | 4 |
| 4. | കിടാരി | 1 |
| | ആകെ | 32 |

മേൽ ഉരുക്കൾക്കൊന്നും തന്നെ 2022-23 വർഷത്തിൽ ഇൻഷ്വറൻസ് പരിരക്ഷ എടുത്തില്ല. ഉരുക്കൾക്ക് ഇൻഷ്വറൻസ് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ജില്ലാ ഇൻഷ്വറൻസ് ഓഫീസർക്ക് 20.03.2023 ന് ഫാം സൂപ്രണ്ട് കത്തയച്ചു (കത്ത് നം. 1400/22). തുടർന്ന്, ഇൻഷ്വർ ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ഫാമിലെ കൃഷി അസിസ്റ്റന്റായ ശ്രീ. രാജേഷ് എൻ.ആർ 03.07.2023 സൂപ്രണ്ടിന് കത്തയച്ചിരുന്നു. എന്നാൽ ഓഡിറ്റ് തീയതിയിലും (27.09.2023) ഇൻഷ്വർ ചെയ്തില്ല. തുടർനടപടികളുടെ വിവരം ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (ഒ.എസ് നം. 41/22-23/05.12.2023) നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കാത്ത കാലയളവിൽ ഉരുക്കൾക്ക് മരണം സംഭവിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ഇൻഷ്വർ ചെയ്യാത്തതിന്റെ വിശദാംശവും ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-45 പ്രവൃത്തി പൂർത്തീകരിച്ച ശീതസംഭരണി 2 വർഷമായിട്ടും ഉപയോഗപ്പെടുത്തിയില്ല – വൈദ്യുതി ചാർജ്ജിനത്തിൽ 25,100/- രൂപയുടെ അധിക ചെലവ്

2022-23 വർഷം കോൾഡ് സ്റ്റോറേജിന് വൈദ്യുതി ഉപയോഗിച്ചതിന് താഴെ പറയും പ്രകാരം 25,100/- രൂപ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | വൗച്ചർ നം. | തുക |
|---|---|---|
| 1. | 5224024/06.07.2022 | 4,395 |
| 2. | 916753/31.08.2022 | 5,111 |
| 3. | 0512206/21.10.2022 | 5,109 |
| 4. | 0128123/13.01.2023 | 5,175 |
| 5. | 0451740/13.03.2023 | 5,310 |
| | ആകെ | 25,100 |

ജില്ലാ പഞ്ചായത്ത് വികസനകാര്യ സ്റ്റാൻന്റിംഗ് കമ്മിറ്റിയുടെ 09.07.2020 ലെ 31/19 നമ്പർ യോഗതീരുമാന പ്രകാരം "ജില്ലാ കൃഷിത്തോട്ടം കുത്താളിയിൽ ശീതസംഭരണി നിർമ്മാണം" പദ്ധതിയുടെ ഭാഗമായി ഫാമിലെ വാച്ച്മാൻ ഷെഡ്ഡിനോട് ചേർന്ന് നിർമ്മിക്കുന്ന കാന്റീൻ കെട്ടിടത്തിന്റെ അടുത്തായി കണ്ടെത്തിയ മൂന്ന് സെന്റ് സ്ഥലത്ത് ശീതസംഭരണി നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും ഭരണസമിതി (തീരുമാനം നം. 1-46/2020/19.05.2020) ആയതിന് അംഗീകാരം നൽകുകയും ചെയ്തു. പ്രസ്തുത പ്രവൃത്തിക്കായി 15 ലക്ഷം രൂപ വകയിരുത്തി 14,20,128 രൂപ ചെലവഴിച്ച് 26.11.2021 ന് നിർമ്മാണം പൂർത്തീകരിച്ചു. കൂടാതെ വൈദ്യുതി ബന്ധം സ്ഥാപിക്കുന്നതിനു വേണ്ടി 38,552/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ഫാമിന്റെ ഓഡിറ്റിന്റെ ഭാഗമായി 27.09.2023 ന് നടത്തിയ പരിശോധനയിൽ 26.11.2021ൽ പ്രവൃത്തി പൂർത്തീകരിച്ച 5 ടൺ സംഭരണശേഷിയുള്ള കോൾഡ് സ്റ്റോറേജ് രണ്ട് വർഷമായിട്ടും പ്രയോജനപ്പെടുത്തിയില്ല (2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക നം. 1-10 കൂടി കാണുക). കൂടാതെ മെയ് 2022 മുതൽ പ്രതിമാസം ശരാശരി 2,500 രൂപ മേൽ കെട്ടിടത്തിന് വൈദ്യുതി ചാർജ്ജിനത്തിൽ (കൺസ്യൂമർ നം. 1167162015590) അടച്ചു വരുന്നുണ്ട്. ശീതസംഭരണി പ്രവർത്തന സജ്ജമാക്കി നിർത്തുന്നതിന് വൈദ്യുതി ഉപയോഗിക്കേണ്ടതുണ്ട്.

15 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച ശീതസംഭരണി ഉപയോഗപ്പെടുത്താത് കാരണം ജില്ലാ പഞ്ചായത്ത് ഫണ്ടിന് 25,100 രൂപയുടെ അധിക ചെലവ് ഉണ്ടായിരിക്കയാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (ഒ.എസ് നം. 33/22-23 /25.11.2023) സൂപ്രണ്ട് (ജില്ലാ കൃഷിത്തോട്ടം കുത്താളി) മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകങ്ങൾക്കുള്ള മറുപടി രണ്ടാഴ്ചക്കകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

## 1-46 ജില്ലാ കൃഷിത്തോട്ടം, കുത്താളി _ വാർഷിക ചെലവുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

ഫയൽ നം. B-755/23

2022-23 വർഷം കുത്താളി ഫാം സൂപ്രണ്ട് നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുമായി (നം. S0518/23) ബന്ധപ്പെട്ട വൗച്ചറുകളും മറ്റ് അനുബന്ധ രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. ഫാമിലേക്ക് വാങ്ങിയ രാസവളം സ്റ്റോക്കിലെടുത്തില്ല

ഫാമിൽ 2022-23 വർഷം ചക്കിട്ടപ്പാറ സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിൽ നിന്നും വാങ്ങിയ രാസവളത്തിന്റെ വിവരം

(സ്റ്റോക്കിലെടുക്കാത്തത്) താഴെ പറയുന്നു. പരിശോധനയ്ക്കായി ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ പല ഇനങ്ങളുടെയും സ്റ്റോക്ക് വിവരം വർഷങ്ങളായി രേഖപ്പെടുത്തിയതായി കാണുന്നില്ല.

| ക്രമ നം | ഇൻവോയ്സ് നം | ഇനം | അളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1. | 4616/17.09.2022 | യൂറിയ | 32 Bag (45kg Each) | 8,640 | |
| 2. | | പൊട്ടാഷ് | 44 Bag (50 Kg Each) | 74,800 | ഫെർട്ടിലൈസർ സ്റ്റോക്ക് രജിസ്റ്ററിൽ (പേജ് നം. 146) അവസാനമായി രേഖപ്പെടുത്തലുകൾ വരുത്തിയത് 17.03.2020 നാണ്. |
| 3. | | കുമ്മായം | 1250 Kg | 20,000 | ഫെർട്ടിലൈസർ സ്റ്റോക്ക് രജിസ്റ്ററിൽ (പേജ് നം. 184) അവസാനമായി രേഖപ്പെടുത്തലുകൾ വരുത്തിയത് 02.08.2022 നാണ്. |
| 4. | 4628/22.09.2022 | രാജ്ഫോസ് | 43 Bag (50kg Each) | 21,500 | ഫെർട്ടിലൈസർ സ്റ്റോക്ക് രജിസ്റ്ററിൽ (പേജ് നം. 7) അവസാനമായി രേഖപ്പെടുത്തലുകൾ വരുത്തിയത് 03.07.2019 നാണ്. |
| 5. | | മഗ്നീഷ്യം | 9 Bag (50 Kg Each) | 10,800 | ഫെർട്ടിലൈസർ സ്റ്റോക്ക് രജിസ്റ്ററിൽ (പേജ് നം. 68) അവസാനമായി രേഖപ്പെടുത്തലുകൾ വരുത്തിയത് 28.05.2018 നാണ്. |
| ആകെ | | | | 1,35,740 | |

2. മരങ്ങളുടെ ശിഖരങ്ങൾ മുറിച്ചു മാറ്റൽ - ഫാമിലെ തൊഴിലാളികളുടെ സേവനം ഉപയോഗപ്പെടുത്തിയില്ല

ഫാമിലെ കൃഷി വികസിപ്പിക്കുന്നതിന്റെ ഭാഗമായി മരങ്ങളുടെ ശിഖരങ്ങൾ മുറിച്ചുമാറ്റിയ വകയിൽ 46,800 രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട് (ചെക്ക് നം. 54320/01.09.2022). 7,800 രൂപ വീതം 6 ദിവസങ്ങളിലായാണ് നൽകിയിരിക്കുന്നത്. എന്നാൽ ഈ തുക കൈപ്പറ്റിയതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. മരത്തിന്റെ ശിഖരങ്ങൾ മുറിച്ച് മാറ്റുന്നതിന് ഫാമിലെ വിദഗ്ധ തൊഴിലാളികളെ ഉപയോഗപ്പെടുത്താത്തതിന്റെ കാരണം വ്യക്തമല്ല.

3. വാഹനങ്ങളുടെ മൈലേജ് സർട്ടിഫിക്കറ്റ് പുതുക്കിയില്ല, ലോഗ്ബുക്ക് കൃത്യമായി സൂക്ഷിക്കുന്നില്ല.

കുത്താളി ഫാമിലെ വാഹനങ്ങളുടെ ഇന്ധനക്ഷമതാ പരിശോധന വർഷങ്ങളായി നടത്തിയില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | വാഹനം | രജിസ്ട്രേഷൻ നം | പരിശോധന നടത്തിയ അവസാന തീയതി | കാലാവധി തീരുന്നത് | റിമാർക്സ് |
|---|---|---|---|---|---|
| 1. | ട്രാക്ടർ | KL- 56 – H- 9024 | 16.10.2015 | 15.10.2016 | |
| 2. | ബോളറോ പിക്കപ് വാൻ | KL – 56- J- 7631 | 17.09.2015 | 16.09.2016 | |

മേൽ പട്ടികയിൽ സൂചിപ്പിച്ച പ്രകാരം വാഹനങ്ങളുടെ ഇന്ധനക്ഷമതാ പരിശോധന അവസാനമായി നടത്തിയത് 8 വർഷങ്ങൾക്ക മുൻപാണ്. ബോലേറോ പിക്കപ്പ് വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ 30.12.2022 മുതൽ 02.03.2023 വരെയുള്ള കാലയളവിലെ രേഖപ്പെടുത്തലുകൾ ഇല്ല. 29.12.2022 ൽ അവസാന മീറ്റർ റീഡിംഗ് 99199 കി.മീ ആണ്. 02.03.2023 ലെ ആദ്യ റീഡിംഗ് 99833 കി. മീ ആണ്. അതായത് 634 കി. മീ. ദൂരം വാഹനം യാത്ര ചെയ്തത് സംബന്ധിച്ച യാതൊരു വിവരവും ലോഗ് ബുക്കിൽ രേഖപ്പെടുത്തിയില്ല. മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (ഒ.എസ് നം. 42/22-23 /05.12.2023)നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. കൈപ്പറ്റ് രശീതി, സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ എന്നിവയുടെ അഭാവത്തിൽ 1,84,340/-(135740+48600) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-47 കോഴി വളർത്തുകേന്ദ്രത്തിന് ഇൻഷ്വറൻസ് പരിരക്ഷയില്ല- പക്ഷിപ്പനിമൂലം ഫാം ഉൽപന്നങ്ങൾ നശിപ്പിച്ചയിനത്തിൽ 23.92 ലക്ഷം രൂപയുടെ നഷ്ടം.

കോഴിക്കോട് ജില്ലാപഞ്ചായത്തിനു കീഴിലുള്ള ചാത്തമംഗലം പ്രാദേശിക കോഴിവളർത്തുകേന്ദ്രത്തിൽ 06.01.2023 ൽ പക്ഷിപ്പനി (Avian Influenza) സ്ഥിരീകരിക്കുകയും അക്കാരണത്താൽ ഫാം അടച്ചിടുകയും ചെയ്തിരുന്നു. അതോടനുബന്ധിച്ച് സർക്കാർ പ്രോട്ടോകോൾ പ്രകാരം അണുവിമുക്തമാക്കൽ നടപടികൾ തുടങ്ങുകയും 01.02.2023 ന് പൂർത്തിയാക്കുകയും ചെയ്തു. പക്ഷിപ്പനിയെത്തുടർന്ന് ഫാമിൽ നിന്ന് 23,92,525/- രൂപയുടെ ഉൽപന്നങ്ങൾ ഒഴിവാക്കുകയോ നശിപ്പിക്കുകയോ ചെയ്തു. പ്രാദേശിക കോഴി വളർത്തു കേന്ദ്രത്തിൽ ജനുവരി 2023 മുതൽ മരണമടഞ്ഞതും ആർ.ആർ.ടി ടീം മുഖേന കൊന്നൊടുക്കിയതുമായ കോഴികൾ, നശിപ്പിച്ച മുട്ടകൾ, കോഴിവളം, പ്ലാസ്റ്റിക് ബാഗുകൾ എന്നിവയുടെ വിശദാംശം താഴെ കൊടുക്കുന്നു (ഫാം അസിസ്റ്റന്റ് ഡയറക്ടർ 08.05.2023 ന് ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പിനും ജില്ലാ മൃഗസംരക്ഷണ വകുപ്പിനും അയച്ച കത്തു പ്രകാരം തയ്യാറാക്കിയത്).

| ക്രമ നം | ഇനം | നശിപ്പിച്ച തീയതി | തുക |
|---|---|---|---|
| 1. | Egg | 14.01.2023 | 28,708 |
| 2. | Incubated Egg | 14.01.2023 | 5,18,030 |
| 3. | Feed Stock | 14.01.2023 | 3,23,330 |
| 4. | Plastic Bag | 14.01.2023 | 12,080 |
| 5. | Poultry Stock | 13.01.2023, 14.01.2023 | 13,60,377 |
| 6. | Poultry Manure | 13.01.2023, 14.01.2023 | 1,50,000 |
| ആകെ | | | 23,92,525 |

പക്ഷിപ്പനിയെ തുടർന്ന് മേൽ പട്ടികയിൽ സൂചിപ്പിച്ച നഷ്ടങ്ങൾക്കും, മറ്റ് വെറ്ററിനറി ചെലവുകൾക്കും, കച്ചവടം തടസ്സപ്പെട്ടതുമൂലമുണ്ടായ നഷ്ടങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന കമ്പനികൾ നിലവിലുണ്ട്. എന്നാൽ ചാത്തമംഗലം പ്രാദേശിക കോഴിവളർത്തുകേന്ദ്രത്തിലെ കോഴികൾക്ക് യാതൊരു ഇൻഷ്വറൻസ് പരിരക്ഷയും

എടുത്തിട്ടില്ല. ആയതിനാൽ ജില്ലാപഞ്ചായത്തിന് 23.92 ലക്ഷം രൂപയും പക്ഷിപ്പനിക്ക ശേഷം കച്ചവടം തടസ്സപ്പെട്ടതുമൂലമുണ്ടായ സാമ്പത്തിക നഷ്ടവും ഉണ്ടായിരിക്കയാണ്.

കേന്ദ്ര മൃഗസംരക്ഷണ വകുപ്പിന്റെ ആക്ഷൻ പ്ലാൻ (2021 ൽ പുതുക്കിയത്) അദ്ധ്യായം 3 ഖണ്ഡിക(f) പ്രകാരം പക്ഷിപ്പനി പൊട്ടിപ്പുറപ്പെട്ടാൽ പോസ്റ്റ് ഓപ്പറേറ്റീവ് സർവ്വയിലൻസ് (POSP) നടത്തി സാനിറ്റൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ച് 3 മാസത്തിനുശേഷം പക്ഷികളുടെ റീസ്റ്റോക്ക് നടത്താവുന്നതാണെന്ന് വ്യക്തമാക്കുന്നു. 2023 മെയ് മാസം മുതൽ ഫാമിൽ വീണ്ടും കോഴികളെ വളർത്തേണ്ടതിനാൽ പോസ്റ്റ് ഓപ്പറേറ്റീവ് സർവ്വയിലൻസ് നടത്തി റിപ്പോർട്ട് നൽകാൻ നടപടികളാവശ്യപ്പെട്ടുകൊണ്ട് ഫാം അസിസ്റ്റന്റ് ഡയറക്ടർ 20.03.2023 ന് ജില്ലാ എപ്പിഡമിയോളജിസ്റ്റിന് കത്തെഴുതിയിട്ടുണ്ട് (കത്ത് നം. AHD/KZHD/RPF/KZHD /1/2023-VS). റീ സ്റ്റോക്കിംഗ് നടത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനു വേണ്ടി മൃഗ സംരക്ഷണ വകുപ്പ് ഡയറക്ടർ, ജില്ലാ മൃഗസംരക്ഷണ ഓഫീസർ, ജോയിന്റ് ഡയറക്ടർ മൃഗസംരക്ഷണ വകുപ്പ്, തിരുവനന്തപുരം എന്നിവർക്ക് ഫാം അസിസ്റ്റന്റ് ഡയറക്ടർ നിരന്തരം കത്തുകളയച്ചിട്ടുണ്ട്. എന്നാൽ സാനിറ്റൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമായതിന്റെയോ ഫാമിൽ പൂർണ്ണതോതിൽ കോഴിവളർത്തൽ/ ഉൽപാദനം ആരംഭിച്ചതിന്റെയോ വിവരം ഫയലിൽ ലഭ്യമല്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( ഒ.എസ് നം. 46/22-23/05.12.2023) പ്രാദേശിക കോഴി വളർത്തൽ കേന്ദ്രം, അസിസ്റ്റന്റ് ഡയറക്ടർ മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകങ്ങൾക്ക് മറുപടി സമർപ്പിക്കേണ്ടതാണ്.

## 1-48 കരുതന്ന കൈകളിൽ കുഞ്ഞിക്കോഴി - അനുകരണീയമായ പദ്ധതി

ജില്ലാപഞ്ചായത്തിന് കീഴിലുള്ള ചാത്തമംഗലം പ്രാദേശിക കോഴി വളർത്തുകേന്ദ്രത്തിലെ ഹാച്ചറി യൂണിറ്റിൽ നിന്ന് വിരിഞ്ഞിറങ്ങുന്ന കോഴികളെ അവയുടെ ജനന ദിവസം തന്നെ പൂവനും പിടയുമായി വേർതിരിച്ചാണ് വിൽപന നടത്തുന്നത്. ഇവയിലെ പിടയെ അംഗീകൃത എഗ്ഗർ നഴ്സറികൾക്കും ചില അവസരങ്ങളിൽ ലിംഗ നിർണ്ണയം നടത്താതെ പൂവനും പിടയും ഉൾപ്പെടുന്ന "സ്ട്രെയിറ്റ് റൺ" രീതിയിൽ പൊതുജനങ്ങൾക്ക് വിൽപന നടത്തുകയും ചെയ്യുന്നു. പൂവൻ കോഴികുഞ്ഞുങ്ങൾക്ക് പൊതുവെ ആവശ്യകത കുറവായ സാഹചര്യമാണുള്ളത്. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 18.08.2020 ഉത്തരവ് പ്രകാരം മുൻ വർഷങ്ങളിൽ മിച്ചം വരുന്ന പൂവൻ കോഴികുഞ്ഞുങ്ങളെ ക്രൂരമായി നശിപ്പിക്കുകയാണ് പതിവ്. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ തന്നെ 17.09.2022ലെ AH5/14318/2022 നമ്പർ ഉത്തരവിലെ നിർദ്ദേശ പ്രകാരം വിൽപനയ്ക്ക് ശേഷം ബാക്കി വരുന്ന പൂവൻ കോഴിക്കുഞ്ഞുങ്ങളെ നശിപ്പിച്ച് കളയുന്നതിനോ അല്ലെങ്കിൽ സ്കൂൾ കുട്ടികൾക്ക് സൗജന്യമായി നൽകുന്നതിനോ വ്യവസ്ഥ ചെയ്യുന്നു.

ചാത്തമംഗലം പ്രാദേശിക കോഴി വളർത്തുകേന്ദ്രത്തിലെ ഇൻകുബേഷൻ റിക്കാർഡ് പ്രകാരം 2022-23 വർഷം ആകെ 2,21,399 കോഴിക്കുഞ്ഞുങ്ങളെ വിരിയിച്ചിട്ടുണ്ട്. ഇതിൽ ഏതാണ്ട് 50% പൂവൻ കുഞ്ഞുങ്ങളായിരിക്കും. അതായത് 1,10,670 എണ്ണം പൂവൻ കോഴിക്കുഞ്ഞുങ്ങളുള്ളതിൽ വിൽപന കഴിഞ്ഞ് മിച്ചം വന്ന മുഴുവൻ കോഴിക്കുഞ്ഞുങ്ങളെയും ജില്ലാപഞ്ചായത്തിന്റെ കീഴിലെ വിവിധ സ്കൂളുകളിലെ കുട്ടികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

ഹാച്ചറികളിൽ ആവശ്യമില്ലാത്ത/ വിൽപന നടത്താൻ കഴിയാത്ത കോഴികളെ ക്രൂരമായി കൊല്ലുന്ന സാഹചര്യം ഒഴിവാക്കി ജില്ലാപഞ്ചായത്തിന് യാതൊരു സാമ്പത്തിക ബാധ്യതയുമില്ലാതെ അനുകരണീയമായ മാതൃകയിൽ സമൂഹത്തിന് ഉപകാരപ്രദമാകുന്ന രീതിയിൽ പദ്ധതി നടപ്പിലാക്കിയത് അഭിനന്ദനാർഹമായ കാര്യമാണ്.

## 1-49 പകൽവീട് സായംപ്രഭ ഹോം ആക്കിമാറ്റൽ പദ്ധതി - അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണം | ജില്ലാ സാമൂഹ്യനീതി ഓഫീസർ |
| പദ്ധതി പേര്, നമ്പർ | പകൽ വീട് സായംപ്രഭ ഹോം ആക്കി മാറ്റൽ, S0564/23 |
| അടങ്കൽ തുക, ഫണ്ട് തരം | 10,00,000/- (വികസന ഫണ്ട്) |
| ചെലവ് തുക | 3,04,492/- രൂപ |
| ബിൽ നം, തീയിതി | 1676/ 27.03.2023 (എ.സി.ആർ. പ്രകാരം) |
| BRN | 2216015202670l519899, തിയ്യതി. 27.03.2023 |

കോട്ടൂർ, തിരുവള്ളൂർ ഗ്രാമപഞ്ചായത്തുകൾ നിർമ്മിച്ച പകൽ വീടുകളെ സായംപ്രഭ ഹോം ആക്കി മാറ്റുന്നതിന്റെ ഭാഗമായി ഫർണിച്ചർ, റിക്രിയേഷൻ സാധനങ്ങൾ എന്നിവ വാങ്ങി നൽകുന്നതിനായിട്ടാണ് മേൽ പദ്ധതി രൂപീകരിച്ച് നടപ്പാക്കിയത്. പദ്ധതി നടപ്പാക്കുന്നതിനായി സിഡ്കോയിൽ നിന്നും ( പുതിയറ, കോഴിക്കോട്) ഫർണിച്ചർ, കാരംസ് ബോർഡ് എന്നിവ 3,04,492/- രൂപ ചെലവഴിച്ച് വാങ്ങി മേൽ ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിച്ചു. പർച്ചേയ്സിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | എണ്ണം | തുക | ആകെ തുക |
|---|---|---|---|
| TW Dinning Table With Laminated Plywood Top – (180x90x75cm) | 1 | 12,369 | 12,369.00 |
| TW Arm Chair Plank Steel & Reeper Back | 6 | 4,919 | 29,514.00 |
| TW Stool (40x40x50 Cm) | 4 | 3,087 | 12,348.00 |
| TW D D Table (120x75x75 Cm) | 1 | 14,003 | 14,003.00 |

| | | | |
|---|---|---|---|
| TW Junior Officers Table (120x75x75 Cm) | 1 | 22,513 | 22,513.00 |
| TW Almirah (180x90x45 Cm) | 2 | 32,228 | 64,456.00 |
| TW Single Drawer Table (90x60x75 Cm) | 2 | 9,497 | 18,994.00 |
| Anjali Wood Coat With Marine Plywood Top (190x75x 45 Cm) | 1 | 7,659 | 7,659.00 |
| TW Teapoy (80x40x45 Cm) | 2 | 6,500 | 13,000.00 |
| Fibre Chair (With Arm Good Quality) | 70 | 630 | 44,100.00 |
| Fibre Chair (Easy Chair Good Quality) | 2 | 1,044 | 2,088.00 |
| Carroms Board With Coins | 2 | 5,250 | 10,500.00 |
| Transportation | | | 6,500.00 |
| Total | | | 2,58,044.00 |
| CGST @ 9 % | | | 23223.96 |
| SGST @ 9 % | | | 23223.96 |
| Round Off (-0.20) | | | 0.08 |
| Grand Total | | | 3,04,492.00 |

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട താഴെ പറയുന്ന കാര്യങ്ങൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

1. 19.04.2022 ലെ (കൈ) 84/2022/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിൽ [പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ) സായംപ്രഭ പദ്ധതി ജില്ലാപഞ്ചായത്ത് ഏറ്റെടുക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടില്ല. സംസ്ഥാന സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതിയാണ് സായംപ്രഭ ഹോം [വയോജന പരിപാലന കേന്ദ്രങ്ങൾക്ക് (പകൽവീടുകൾ) അധിക സൗകര്യങ്ങൾ കൊടുത്തു കൊണ്ട് അപ്ഗ്രേഡ് ചെയ്യൽ]. മേൽ പദ്ധതിക്ക് ജില്ലാപഞ്ചായത്തിന്റെ ഫണ്ട് വിനിയോഗിക്കുവാൻ നിർദ്ദേശിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് / സർക്കുലർ ന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.
2. തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തിൽ ജില്ലാ പഞ്ചായത്ത് വിഹിതം വിനിയോഗിച്ച് വയോജന പാർക്ക് നിർമ്മാണം നടത്തി. പ്രസ്തുത കെട്ടിടത്തിന് നമ്പർ ലഭ്യമായിട്ടില്ലാത്തതിനാൽ വൈദ്യുതി, വെള്ളം എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. ആയതിനാൽ തന്നെ പകൽവീടിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ജില്ലാപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഫർണിച്ചർ, കാരം ബോർഡ് എന്നിവ നിലവിൽ ഗ്രാമപഞ്ചായത്തിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണ് എന്ന് മൂന്നാം വാർഡ് മെമ്പർ ഫോൺ മുഖാന്തിരം അറിയിച്ചു.
3. കോട്ടൂർ ഗ്രാമപഞ്ചായത്തിലെ നാലാം വാർഡിൽ സ്ഥിതി ചെയ്യുന്ന പകൽവീടിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്ന് 04.12.2023 ൽ നടത്തിയ പ്രാദേശിക പരിശോധന വേളയിൽ ബോദ്ധ്യമായി. 03.06.2017ലെ (സാധാ) 355/2017/സാ.നീ.വ. നമ്പർ ഉത്തരവിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന നിലവിൽ പ്രവർത്തിക്കുന്ന പകൽ പരിപാലന കേന്ദ്രങ്ങൾ സായംപ്രഭ ഹോമുകളായി മാറ്റുന്നതിനാണ് സംസ്ഥാന സാമൂഹ്യ നീതി വകുപ്പിന് സർക്കാർ അനുവതി നൽകിയത്. ആരംഭിക്കാത്തതും അടഞ്ഞു കിടക്കുന്നതുമായ പകൽവീട് സായംപ്രഭ ഹോം ആക്കി മാറ്റുന്നതിന് ഫണ്ട് ചെലവഴിക്കുന്നതിന് വ്യവസ്ഥയില്ല.
4. പകൽ വീട് കെട്ടിടത്തിന്റെ നിർമ്മാണം 2018-19 സാമ്പത്തിക വർഷത്തിലും, ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് വിഹിതം വിനിയോഗിച്ച് (4,50,000/- രൂപ) 2019-20 സാമ്പത്തിക വർഷത്തിൽ വൈദ്യുതീകരണവും, കോമ്പൗണ്ട് വാൾ നിർമ്മാണവും നടത്തിയിട്ടുണ്ട്. കെട്ടിടത്തിന്റെ നിർമ്മാണം, ഭൗതിക സൗകര്യങ്ങൾ എന്നിവ പരിശോധിച്ചതിൽ ചെറിയ കിടപ്പുമുറി, ചെറിയ ഹാൾ, ശുചിമുറി, സിറ്റ് ഔട്ട് എന്നീ പരിമിതമായ സ്ഥല സൗകര്യം മാത്രമാണ് പകൽ വീടിനുള്ളത്. പ്രസ്തുത കെട്ടിടത്തിലേക്ക് അലമാര, മേശ, കസേര തുടങ്ങി ആവശ്യമുള്ള ഫർണ്ണീച്ചർ ഗ്രാമപഞ്ചായത്ത് തലത്തിൽ തന്നെ വാങ്ങി നൽകിയിട്ടുണ്ടെന്ന് പ്രാദേശിക പരിശോധനയിൽ നാലാം വാർഡ് മെമ്പർ അറിയിച്ചിട്ടുണ്ട്. ജില്ലാപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഫർണിച്ചർ, കാരം ബോർഡ് എന്നിവ നിലവിൽ ഗ്രാമപഞ്ചായത്തിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണ് എന്നും പ്രാദേശിക പരിശോധനയിൽ കാണുവാൻ കഴിഞ്ഞു. ഗ്രാമപഞ്ചായത്തിൽ നിന്നും ആവശ്യമായ ഫർണിച്ചർ ഇതിനകം തന്നെ ലഭ്യമായിരിക്കേ അതേ ആവശ്യത്തിന് ജില്ലാപഞ്ചായത്തിൽ നിന്നും വീണ്ടും തുക ചെലഴിച്ചു. ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഫർണിച്ചർ ഈ കെട്ടിടത്തിൽ സ്ഥലപരിമിധി മൂലം ഉപയോഗിക്കുവാൻ കഴിയില്ല. നിലവിൽ പ്രസ്തുത കെട്ടിടം വാർഡ് തലത്തിലുള്ള യോഗങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെന്ന് മെമ്പർ അറിയിച്ചു.

കോട്ടൂർ ഗ്രാമപഞ്ചായത്ത് നിർമ്മിച്ച പകൽവീടിന്റെ നിലവിലെ അവസ്ഥയുടെ ചിത്രം കൊടുക്കുന്നു.

5. പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക.14(3) പ്രകാരം പദ്ധതിയുടെ പ്രാരംഭഘട്ടത്തിലും, പുരോഗമന ഘട്ടത്തിലും, പൂർത്തീകരണ ശേഷവും പദ്ധതി ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടത് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. എന്നാൽ പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചതുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ ചേർത്തിട്ടില്ല.

## 1-50 കുഴൽ കിണർ നിർമ്മാണത്തിന് ഭൂജലവകുപ്പിന് അനുവദിച്ച തുകയിൽ നിന്നും ലഭ്യമാകേണ്ട മിച്ചം പണം - രേഖ ലഭ്യമായിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥ – ജില്ലാ വനിത വികസന ഓഫീസർ.

പ്രോജക്റ്റ് പേര്, നമ്പർ - പേരാമ്പ്ര വനിത ഹോസ്റ്റൽ കുഴൽ കിണർ നിർമ്മാണം, S1072/23

അടങ്കൽ തുക, ഫണ്ട് തരം - 1,31,000/- (തനത് ഫണ്ട്)

ചെലവ് തുക – 1,30,870/- (ചെക്ക് നം, തീയ്യതി - 6701606, 20.02.2023)

വൗച്ചർ നം, തീയ്യതി - 22201556, 20.02.2023

ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള പേരാമ്പ്ര വനിത ഹോസ്റ്റലിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി പുതിയ കുഴൽ കിണർ നിർമ്മിക്കുന്നതിന് ഭൂജലവകുപ്പിനെ ചുമതലപ്പെടുത്തി. പ്രവൃത്തിയുടെ നിർമ്മാണ ചെലവിനായി തനത് ഫണ്ടിൽ നിന്നും 1,30,870/- രൂപ പിൻവലിച്ച് ഭൂജല വകുപ്പിന്റെ പേരിൽ ട്രഷറി അക്കൗണ്ടിൽ (നം.71601140000077) നിക്ഷേപിച്ചു. കോഴിക്കോട് ജില്ലാ ഭൂജലവകുപ്പ് ഓഫീസർ പദ്ധതി പൂർത്തീകരിച്ചതായി 21.07.2023 തീയ്യതിയിലെ കത്ത് മുഖേന അറിയിക്കുകയും പ്രവൃത്തിയുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയും ചെയ്തു. (ജി.ഡബ്ല്യൂ.കെ.കെ.ഡി/ ടി-691/2017 നം. കത്ത്). മേൽ സാക്ഷ്യപത്രം പ്രകാരം ജില്ലാ പഞ്ചായത്തിൽ നിന്നും അനുവദിച്ച 1,30,870/- രൂപയിൽ 1,14,034/- രൂപ വിനിയോഗിച്ചിട്ടുണ്ടെന്നും ബാക്കി തുക 16,836/- രൂപ 20.07.2023 ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് തിരികെ നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ മേൽ തുക വരവ് വന്നതിന്റെ വിശദാംശങ്ങൾ ഓഡിറ്റ് കാലയളവ് വരേയും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഭൂജലവകുപ്പിൽ നിന്നും ജില്ലാ പഞ്ചായത്തിന് ലഭ്യമാകേണ്ട തുക ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-51 ലൈഫ്, പി.എം.എ.വൈ ഭവനനിർമ്മാണം - ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ - ഫലപ്രാപ്തി മോണിറ്റർ ചെയ്യുന്നില്ല.

ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രൊജക്റ്റ് ഡയറക്ടർ നിർവ്വഹണം നടത്തിയ ആറ് പദ്ധതികളിലൂടെ (ലൈഫ്, പി.എം.എ.വൈ ഭവന നിർമ്മാണങ്ങൾക്ക് ജില്ലാ പഞ്ചായത്ത് വിഹിതം) താഴെ പറയുന്ന തരത്തിൽ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് തുക അനുവദിച്ചിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പദ്ധതി നമ്പർ | പദ്ധതിയുടെ പേര് | ആകെ അടങ്കൽ | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | 504/22-23 | ലൈഫ് -ജില്ലാപഞ്ചായത്ത് വിഹിതം ഗ്രാമപഞ്ചായത്തുകൾക്ക്- (ജനറൽ) | 23,45,47,486 | 2,45,42,207 |
| 2 | 505 /22-23 | ലൈഫ് -ജില്ലാപഞ്ചായത്ത് വിഹിതം ഗ്രാമപഞ്ചായത്തുകൾക്ക്- (പട്ടികജാതി) | 18,65,69,822 | 7,58,75,546 |
| 3 | 506/22-23 | ലൈഫ് -ജില്ലാപഞ്ചായത്ത് വിഹിതം ഗ്രാമപഞ്ചായത്തുകൾക്ക്- (പട്ടികവർഗ്ഗം) | 2,13,28,091 | 1,55,24,851 |
| 4 | 507/22-23 | PMAY-ജില്ലാ പഞ്ചായത്ത് വിഹിതം ബ്ലോക്ക് പഞ്ചായത്തുകൾക്ക് ( ജനറൽ) | 8,35,56,070 | 3,10,97,442 |
| 5 | 508/22-23 | PMAY-ജില്ലാ പഞ്ചായത്ത് വിഹിതം ബ്ലോക്ക് പഞ്ചായത്തുകൾക്ക് ( പട്ടികജാതി) | 6,29,48,000 | 2,03,90,000 |
| 6 | 509/22-23 | PMAY-ജില്ലാ പഞ്ചായത്ത് വിഹിതം ബ്ലോക്ക് പഞ്ചായത്തുകൾക്ക് (പട്ടികവർഗ്ഗം) | 56,45,000 | 14,50,500 |

സ.ഉ. (കൈ) 84/2022/ ത.സ്വ.ഭ.വ തി. 19.4.2022 നമ്പർ മാർഗ്ഗരേഖയിലെ ഖണ്ഡിക നം. 8.10(എ)(iv) പ്രകാരം ജില്ലാ പഞ്ചായത്തുകൾ പാർപ്പിട മേഖലയ്ക്ക് വകയിരുത്തുന്ന വിഹിതത്തിൽ നിന്നും ഗ്രാമപഞ്ചായത്തുകൾ നടപ്പാക്കുന്ന ലൈഫ് പദ്ധതിയ്ക്ക് വിഹിതം നൽകാവുന്നതാണ്. മേൽ ഉത്തരവിലെ ഖണ്ഡിക നം 8.10 (ബി) (I, Ii) പ്രകാരം പി.എം.എ.വൈ പ്രകാരമുള്ള വീടുകൾക്ക് വേണ്ടിവരുന്ന അധികതുക ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 25:40:35 അനുപാതത്തിൽ വകയിരുത്താൻ നിഷ്കർഷിക്കുന്നുണ്ട്. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി ബ്ലോക്ക് പഞ്ചായത്തിനും, ഗ്രാമപഞ്ചായത്തിനും ധനസഹായം നൽകുന്നുണ്ടെങ്കിലും ഓരോ പ്രൊജക്റ്റിലും പൂർത്തീകരിച്ച ഭവനങ്ങളുടെ എണ്ണം, നിർമ്മാണത്തിലെ ഘട്ടങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. വീടുകളുടെ പൂർത്തീകരണ പുരോഗതി സംബന്ധിച്ച് മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകളും ലഭ്യമല്ല. പദ്ധതി നിർവ്വഹണ സ്ഥാപനമായ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിലെ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്നതിനനുസരിച്ച് അതത് തദ്ദേശ സ്ഥാപനങ്ങളിലെ പ്രസിഡന്റും സെക്രട്ടറിയും അംഗീകരിക്കുന്ന മുറയ്ക്ക് റിക്വസിഷൻ ഓൺലൈനായി ജില്ലാപഞ്ചായത്തിന്റെ നിർവ്വഹണോദ്യോഗസ്ഥനായ പ്രൊജക്റ്റ് ഡയറക്ടറുടെ 'വെബ് സാംഖ്യ' ലോഗിനിൽ അയക്കുന്നു. റിക്വസിഷൻ അയക്കുന്ന അവസരത്തിൽ ഏതൊക്കെ ഗുണഭോക്താക്കളാണ് പദ്ധതിയിൽ ഉൾപ്പെട്ടതെന്ന് വെബ് സാംഖ്യയിൽ നിന്നും വ്യക്തമാകുന്നില്ല. ഈ അപാകതിന് കാരണം സോഫ്റ്റ്‌വെയറിന്റെ പോരായ്മയാണെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ IKM മായി ബന്ധപ്പെട്ട് അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ആവശ്യപ്പെട്ട തുക അനുവദിക്കുന്നതിന് ജില്ലാപഞ്ചായത്ത് പ്രസിഡന്റിന് റിക്വസിഷൻ സമർപ്പിക്കുകയും പ്രസിഡന്റ് അധികാരപ്പെടുത്തുന്ന മുറയ്ക്ക് ജില്ലാ പഞ്ചായത്ത് സെക്രട്ടറി ഫണ്ട് അനുവദിക്കുന്നതോടുകൂടി ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ ബിൽ സമർപ്പിച്ച് തുക ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നിർവഹണ ഉദ്യോഗസ്ഥൻ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നു. വെബ് സാംഖ്യയിൽ സജ്ജമാക്കിയ നടപടിക്രമത്തിലൂടെ തുക അനുവദിക്കുന്നതല്ലാതെ ഗുണഭോക്താക്കളുടെ വിവരം, പ്രൊജക്ടിന്റെ ലക്ഷ്യപ്രാപ്തി എന്നിവ ജില്ലാപഞ്ചായത്തിന് ഉറപ്പുവരുത്താനാവുന്നില്ല. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ആവശ്യമുയരുന്നതനുസരിച്ച് ഫണ്ട് അനുവദിക്കുന്ന ഒരു ഏജൻസി എന്ന നിലക്ക് മാത്രമാണ് ഈ പദ്ധതി നടത്തിപ്പിൽ ജില്ലാപഞ്ചായത്ത് പ്രവർത്തിക്കുന്നത്. മേൽ പദ്ധതികളുടെ കാര്യത്തിൽ നിർവ്വഹണോദ്യോഗസ്ഥൻ ആയ പ്രൊജക്ട് ഡയറക്ടർ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റി എന്നീ സംവിധാനങ്ങളൊന്നും തന്നെ മോണിറ്റർ ചെയ്യാത്തതും പ്രൊജക്ടുകളുടെ പുരോഗതി വിലയിരുത്താത്തതും വീഴ്ചയാണ്. മേൽ അപാകതകൾക്ക് മറുപടി നല്കാനും പ്രൊജക്ടുകളുടെ പുരോഗതിയും ഫലപ്രാപ്തിയും പരിശോധിച്ച് റിപ്പോർട്ട് ചെയ്യാനുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.07/22-23, തീ.18.08.2023) ലഭ്യമാക്കിയ മറുപടിയിൽ ലൈഫ്/പി.എം.എ.വൈ പദ്ധതികളിലെ ഭവനനിർമ്മാണ പുരോഗതി ഫീൽഡ് തലത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറും ജില്ലാ പഞ്ചായത്ത് നിർവഹണ ഉദ്യോഗസ്ഥനായ പ്രൊജക്ട് ഡയറക്ടർ കൃത്യമായ ഇടവേളകളിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ യോഗം ചേർത്തും ഫീൽഡ് സന്ദർശനത്തിലൂടെയും പദ്ധതി പുരോഗതി വിലയിരുത്തുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മറുപടി അംഗീകരിക്കുന്നു. 2022-23 ൽ തുക കൈമാറിയ ഗുണഭോക്താക്കളുടെ ഭവനപൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-52 ഖാദി യൂണിറ്റുകൾക്ക് തറി വാങ്ങൽ-പ്രവർത്തനം ആരംഭിച്ചില്ല

2021-22 വർഷത്തിൽ ഖാദി പ്രൊജക്ട് ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി മഞ്ചാംതര ഖാദിയൂണിറ്റുകൾക്ക് തറി വാങ്ങുന്നതിനായി പ്രൊജക്ട് നടപ്പിലാക്കിയിരുന്നു. ആയതിന്റെ സ്പിൽ ഓവറായി 2022-23 വർഷത്തിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | S0089/23 |
| പ്രൊജക്ടിന്റെ പേര് | മഞ്ചാംതര ഖാദി കേന്ദ്രം, വളയം -തറികൾ വാങ്ങൽ |
| ആകെ അടങ്കൽ, ഫണ്ട് | 10,00,000 (പൊതുവിഭാഗം , സാധാരണ വിഹിതം) |
| 2021-22 വർഷ ചെലവ് | 1,38,000/- |
| തൻവർഷ (2022-23)ചെലവ്, ബിൽ നമ്പർ /തിയ്യതി | 8,43,200/-<br>ബിൽ നമ്പർ- 1/22-23, 26.4.2022- 33,600<br>ബിൽ നമ്പർ- 2/22-23, 26.4.2022- 23,600/-<br>ബിൽ നമ്പർ- 547/22-23, 24.12.2022- 7,86,000 |
| ആകെ | 8,43,200 |

വളയം മഞ്ചാംതര ഖാദി കേന്ദ്രത്തിനു തറികളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കുകയും ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത "ഇമ്മാനുവൽ ഫർണിച്ചർ ഇൻഡസ്ട്രീസിന്" വർക്ക് ഓർഡർ നൽകി ഒരു വർഷത്തിനു ശേഷം 29.11.2022 ന് തറികൾ വിതരണം ചെയ്യുകയും ചെയ്തു. പദ്ധതിയിലവശേഷിക്കുന്ന തുകയ്ക്ക് 2 തറികൂടി വാങ്ങിക്കാൻ 2021-22 ൽ തീരുമാനിക്കുകയും ഇ-ടെണ്ടർ നടപടിയിലൂടെ കുറവ് തുക ക്വാട്ട് ചെയ്ത “ഓട്ടോ ഹാൻഡ് ഇലക്ട്രോണിക്സ്” എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകി 22.3.2022 ന് മുച്ചുകുന്ന് ഖാദി കേന്ദ്രത്തിനു വിതരണം ചെയ്തു. പദ്ധതി ഫയൽ പരിശോധിച്ചതിൽ കണ്ട അപാകങ്ങൾ

താഴെ കൊടുക്കുന്നു.

1) തറിയൂണിറ്റ് നാളിതുവരെയും ആരംഭിച്ചിട്ടില്ല




(വളയം മഞ്ചാംതര തറി യൂണിറ്റ് പ്രവർത്തനം ആരംഭിക്കാത്ത നിലയിൽ)

സ.ഉ (സാധാ) 1400 ത.സ്വ.ഭ.വ തി. 26.7.2020 ഉത്തരവ് പ്രകാരം ഖാദി യൂണിറ്റുകൾക്ക് ഖാദി ഗ്രാമ വ്യവസായ കെട്ടിടനിർമ്മാണത്തിനും അറ്റകുറ്റപണികൾ നടത്തുന്നതിനും ,ചർക്കകളും തറികളും മറ്റ് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനും സബ്സിഡി നൽകി ഉത്തരവായിട്ടുണ്ട്. 2022-23 വർഷം വളയം മഞ്ചാംതര യൂണിറ്റിന് പുതിയ പത്ത് തറികൾ ലഭിച്ചെങ്കിലും 4.12.2023 ന് യൂണിറ്റ് നേരിൽ സന്ദർശിച്ചതിൽ തറിയൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്ന് കണ്ടു. തൊഴിലാളികളെ കണ്ടെത്തുന്നതിന് അപേക്ഷ സ്വീകരിച്ചിട്ടുണ്ടെന്ന് പരിശീലക മറുപടി നൽകിയിട്ടുണ്ട്. തൊഴിലാളികളെ കണ്ടെത്താതെയും ആവശ്യകത നിർണ്ണയിക്കാതെയുമാണ് തറികൾ വാങ്ങിയത് . മാത്രമല്ല കെട്ടിടത്തിന്റെ മുകൾ നിലയിൽ വൈദ്യുതി ലഭിച്ചിട്ടില്ല, ആവശ്യത്തിനുള്ള ഫർണിച്ചറും ഇല്ല. യൂണിറ്റുകൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെയാണ് തറികൾ വാങ്ങിയത്.

2) സ്പെസിഫിക്കേഷൻ പ്രകാരമുള്ള തറികളല്ല ലഭിച്ചത്.

വളയം മഞ്ചാതര യൂണിറ്റിലേയ്ക്ക് തറികൾ വിതരണം ചെയ്യുന്നതിനായി ടെണ്ടർ ക്ഷണിച്ചപ്പോൾ ആവശ്യമായ തറികളുടെ വിവരണങ്ങൾ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ‘ഇമ്മാനുവൽ ഫർണിച്ചർ ഇൻഡസ്ട്രീസി’ന്റെ 07/19.10.2022 പ്രകാരമുള്ള ബില്ലിൽ വിതരണം നടത്തിയ തറികളുടെ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല. വിതരണം ചെയ്ത തറികൾ പരിശോധന നടത്തിയ ഉദ്യോഗസ്ഥൻ താല്കാലികമായി പ്രവർത്തിപ്പിച്ച് ബോധ്യപ്പെട്ടതായും തറിയുടെ ന്യൂനതകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഉദാഹരണമായി , പൂർണമായും തേക്ക് തടിയിലിരായിരിക്കണം സ്ലേ എന്ന് ടെണ്ടറിൽ നിഷ്കർഷിച്ചിരുന്നു. എന്നാൽ പരിശോധനാ ഉദ്യോഗസ്ഥൻ ആയത് "വാർണിഷ്ഡ്" എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കുട്ടകം (പിടിയുള്ളത് ) വിതരണം ചെയ്തത് "ചെറുത്" എന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്. ആയതിനാൽ ടെണ്ടർ പ്രകാരം ക്വാട്ട് ചെയ്ത തറിയും അനുബന്ധ ഘടകങ്ങളുമല്ല വിതരണം ചെയ്തത് എന്ന് വ്യക്തമാകുന്നു. മാത്രമല്ല പ്രൊജക്റ്റ് ഓഫീസറുടെ 19.2.2022 ലെ 643/2021/ജില്ലാ പഞ്ചായത്ത് നമ്പർ കത്ത് പ്രകാരം മുച്ചുകുന്ന് ഖാദി യൂണിറ്റിലേക്ക് 2 തറികൾക്കായി ‘ഓട്ടോഹാൻഡ് ഇലക്ട്രോണിക്സിന്’ തറികളുടെ സ്പെസിഫിക്കേഷൻ സഹിതം വർക്ക് ഓർഡർ നൽകിയിരുന്നു. ഓട്ടോഹാൻഡ് ഇലക്ട്രോണിക്സിന്റെ 91/22.03.2022 പ്രകാരമുള്ള ബില്ലിൽ തറികളുടെ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല. വർക്ക് ഓർഡർ പ്രകാരമുള്ള തറികളാണോ ലഭ്യമായത് എന്ന് നിർവഹണഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (51/2022-23 തിയ്യതി 13 .12.2023) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭൗതിക സാഹചര്യങ്ങൾ ഒരുക്കാതെ തറിയൂണിറ്റുകൾ വാങ്ങിയതിന് മറുപടി ലഭ്യമാക്കേണ്ടതും ആവശ്യപ്പെട്ട സ്പെസിഫിക്കേഷനിൽ തറികൾ വിതരണം ചെയ്യാതിരുന്ന സ്ഥാപനത്തിനെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്. യൂണിറ്റ് പ്രവർത്തനക്ഷമമാക്കാത്ത സാഹചര്യത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-53 കുടുംബശ്രീ - പദ്ധതികൾ നിർവഹണ ഉദ്യോഗസ്ഥൻ നടപ്പിലാക്കിയില്ല.

2022-23 വർഷം കുടംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ നിർവഹണഉദ്യോഗസ്ഥനായി 11 പ്രൊജക്ടുകൾ രൂപീകരിച്ചിരുന്നു. എന്നാൽ ഒരു പദ്ധതി പോലും തൻവർഷം നടപ്പിലാക്കിയിട്ടില്ല. പ്രൊജക്ടുകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ | പ്രൊജക്റ്റ് | പ്രൊജക്റ്റിന്റെ പേര് | ആകെ |
|---|---|---|---|

| നമ്പർ | നമ്പർ | | അടങ്കൽ |
|---|---|---|---|
| 1 | 627/23 | എ-പ്ലസ് കാർഷികോത്പാദനം മൂല്യവർദ്ധിത ഉത്പന്നനിർമ്മാണം വിപണന ശൃംഖല | 30,00,000 |
| 2 | 687/23 | അപ്പാരൽ ബ്രാന്റിംഗ് | 27,00,000 |
| 3 | 706/23 | ഭിന്നശേഷിക്കാരുടെ ഉൽപന്ന വിപണനത്തിന് സംവിധാനം ഓൺലൈൻ ഉൾപ്പെടെ | 5,00,000 |
| 4 | 779/23 | ചിറക്- ഭിന്നശേഷിക്കാരുടെ മാതാക്കൾക്കുള്ള തൊഴിൽ സംരംഭങ്ങൾ | 27,00,000 |
| 5 | 780/23 | വനിതാ സംരംഭക വികസനം സമഗ്ര | 55,00,000 |
| 6 | 781/23 | ട്രാൻസ്ജെൻഡർ കൾച്ചറൽ ഗ്രൂപ്പ് | 5,00,000 |
| 7 | 787/23 | എബിസി പദ്ധതി | 5,00,000 |
| 8 | 945/23 | ശുചിത്വസേന | 26,99,800 |
| 9 | 1069/23 | റൈസ്മിൽ -വനിതാ ഗ്രൂപ്പ് | 7,00,000 |
| 10 | 1070/23 | മത്സ്യവിപണനം-മൊബൈൽ യൂണിറ്റ് | 11,00,000 |
| 11 | 1063/23 | ന്യൂട്രിമിക്സ്-സ്ഥാപനങ്ങളുടെ ആധുനികവൽക്കരണം വനിത | 1,45,00,000 |
| ആകെ അടങ്കൽ | | | 3,43,99,800 |

നബാർഡിന്റെ സഹായത്തോടെയുള്ള "സമ്പൂർണ ദാരിദ്ര്യ നിർമാർജന യജ്ഞം" എന്ന നിലയിൽ 1998 ലാണ് കുടുംബശ്രീ മിഷൻ രൂപീകൃതമായത്. വിവിധ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ വാർഷിക പദ്ധതിയിലുൾപ്പെടുത്തി നിരവധി പ്രൊജക്ടുകൾ കുടുംബശ്രീ സംവിധാനത്തിലൂടെ നടപ്പിലാക്കിവരുന്നുണ്ട്. 2022-23 വർഷം കുടുംബശ്രീ മിഷൻ കോർഡിനേറ്റർ നിർവഹണഉദ്യോഗസ്ഥനായി 11 പദ്ധതികൾ ജില്ലാ പഞ്ചായത്ത് രൂപീകരിച്ചെങ്കിലും ഒരു പദ്ധതി പോലും നടപ്പിലാക്കിയിട്ടില്ല. പിന്നോക്ക വിഭാഗങ്ങൾ ഉൾപ്പെടയുള്ള പാർശ്വവത്കരിക്കപ്പെട്ട സമൂഹത്തെ പൂർണ്ണമായും ഉൾക്കൊള്ളുന്ന വികസനമാണ് പതിനാലാം പഞ്ചവത്സരപദ്ധതി ലക്ഷ്യമാക്കുന്നത്. ദാരിദ്ര്യ നിർമാർജനം ലക്ഷ്യമാക്കി സംസ്ഥാന തദ്ദേശ സ്വയംഭരണ വകുപ്പ് രൂപം നൽകിയ "കുടുംബശ്രീ" മിഷൻ പ്രത്യേക പരിഗണന വേണ്ടവർക്കും സ്ത്രീകൾക്കും വേണ്ടി രൂപീകരിച്ച പ്രൊജക്ടുകളിൽ ഒന്നു പോലും 2022-23 വർഷം നടപ്പിലാക്കിയിട്ടില്ല. ഏറെ മനുഷ്യപ്രയത്നവും നിരവധി പ്രക്രിയകളും കടന്നാണ് ഓരോ പ്രൊജക്ടുകളും തയ്യാറാക്കുന്നത്. പ്രൊജക്ട് നടപ്പിലാക്കി ലക്ഷ്യപ്രാപ്തി കൈവരിച്ചിരുന്നെങ്കിൽ , ആയത് അത് ലക്ഷ്യം വെയ്ക്കുന്ന അരികുവൽക്കരിക്കപ്പെട്ടവരുടെയും ഭിന്നശേഷിക്കാരുടെയും ദുർബല വിഭാഗക്കാരുടെയും വനിതകളുടെയും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുതകുമായിരുന്നു.

3.4 കോടിയിലധികം അടങ്കൽ വെച്ച പ്രൊജക്ടുകളിലൊന്നു പോലും നടപ്പാക്കാതിരുന്നതിന് കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി (45/2022-23, 5.12. 2023)യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-54 പ്രവാസി സംരംഭകർക്ക് ധനസഹായം-പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ

പ്രൊജക്ട് നമ്പർ- S0560/2022-23

പ്രൊജക്ടിന്റെ പേര്- പ്രവാസി സംരംഭകർക്ക് ധനസഹായം

അടങ്കൽ തുക - 10,00,000/- (വികസനഫണ്ട്-ജനറൽ)

ചെലവ് തുക - 5,70,328/- ബിൽ നമ്പർ- BRN-22160152026301257856/16.2.2023

നിർവഹണം- മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം

ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 31.03.2022 ന ശേഷം വായ്പ എടുത്ത് ആരംഭിച്ച് പഞ്ചായത്ത് പ്രദേശങ്ങളിലെ പ്രവാസികളായ ചെറുകിട സംരംഭകരുടെ വായ്പയുടെ പലിശക്ക് സബ്സിഡി നൽകുന്നതിനാണ് മേൽ പദ്ധതി രൂപീകരിച്ച് നടപ്പാക്കിയത്. സംരംഭകരെ വായ്പയുടെ പലിശ ഭാരത്തിൽ നിന്നും മുക്തരാക്കുക, പ്രവർത്തനമൂലധനത്തിന്റെ അഭാവം പരിഹരിക്കുക, സംരംഭകരെ സാമ്പത്തികമായി ശക്തരാക്കുക, ബാങ്ക് വായ്പ കുടിശ്ശിക പരമാവധി ഇല്ലാതാക്കുക, സംരംഭകരുടെ CIBIL സ്കോർ നിലനിർത്തുക എന്നിവയാണ് പദ്ധതി ലക്ഷ്യങ്ങൾ. ധനകാര്യസ്ഥാപനങ്ങളിൽ നിന്നും സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുന്ന മുറയ്ക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി അർഹമായ പലിശ സബ്സിഡി, സംരംഭകന്റെ ബാങ്ക് അക്കൗണ്ടിലേക്ക നൽകുന്നു. പരമാവധി 10 ലക്ഷം രൂപവരെയുള്ള തുകയ്ക്ക് മാത്രമാണ് പലിശ സബ്സിഡി നൽകുന്നത്. സംരംഭകൻ വായ്പയും പലിശയും ധനകാര്യസ്ഥാപനത്തിൽ മുടക്കം കൂടാതെ തിരിച്ചടച്ചുകൊണ്ടിരിക്കണം. പ്രവാസി സംരംഭങ്ങളുടെ അഭാവത്തിൽ മറ്റു വിഭാഗത്തിലുള്ള സംരഭകരെയും പദ്ധതിയ്ക്കായി പരിഗണിക്കുന്നതാണ്. സംരഭകർ ഉദ്യം (UDYAM) രജിസ്ട്രേഷൻ എടുത്തിരിക്കേണ്ടതും, സംസ്ഥാന സർക്കാരിന്റെ "ഒരു ലക്ഷം സംരംഭം" എന്ന വിഭാഗത്തിൽ ഉൾപ്പെട്ടവരുമായിരിക്കണം. പൊതു വിഭാഗം സംരംഭകർക്ക് പരമാവധി 6% വരെയും പട്ടിക ജാതി പട്ടിക വർഗ്ഗ സംരംഭകർക്കും വനിത സംരംഭകർക്കും 8% വരെയും പലിശ സബ്സിഡി മാനദണ്ഡങ്ങൾക്ക് വിധേയമായി അനുവദിക്കുന്നതാണ്.

"പ്രവാസി സംരംഭകർക്ക് ധനസഹായം"- പ്രവാസികൾ ആരംഭിച്ച യൂണിറ്റുകൾ- ടെക്നോളജി അപ്ഗ്രഡേഷൻ നടത്തുന്നതിന് ധനസഹായം എന്നതാണ് ആദ്യം രൂപീകരിച്ച പദ്ധതി. മേൽ പദ്ധതി നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ് എന്ന് 115/2022 ത.സ്വ.ഭ.വ തി. 28.05.2022 സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക നമ്പർ 6.5 (ii) (B) (3) രേഖപ്പെടുത്തിയതിനാലും നാളിതുവരെ ഇക്കാര്യത്തിൽ പ്രത്യേക മാർഗ്ഗരേഖ പുറപ്പെടുവിക്കാത്തതിനാലും പദ്ധതിയ്ക്ക് വെറ്റിംഗ് നടത്താത്തതിനാലും പ്രവാസികൾക്ക് മുൻഗണന നൽകി സംരംഭകർ എടുക്കുന്ന വായ്പകൾക്കുള്ള പലിശ സബ്സിഡി നൽകുന്ന തരത്തിൽ പദ്ധതി ഭേദഗതി വരുത്തി. (ഭരണസമിതി തീരുമാനം- 51/22 തി.04.11.2022 ). പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ കാലതാമസം വരുമെന്നതിനാൽ പത്രപരസ്യം ചെയ്ത് ഗുണഭോക്താക്കളെ ക്ഷണിക്കുന്നതിനും ലഭ്യമായ അപേക്ഷകൾ പ്രകാരമുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമപഞ്ചായത്തുകളുടെ അംഗീകാരം ലഭ്യമാക്കി നിർവഹണം നടത്തുവാൻ നിർവഹണ ഉദ്യോഗസ്ഥൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും ജില്ലാ പഞ്ചായത്ത് ഭരണസമിതി 25.11.2022 ന് അനുമതി നൽകി. [തീരുമാനം നമ്പർ 103/22(10)]. തുടർന്ന് ഗുണഭോക്തൃ തിരഞ്ഞെടുപ്പിനായി പത്രപരസ്യവും എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും, കോഴിക്കോട്, വടകര, കൊയിലാണ്ടി ഉപജില്ലാ വ്യവസായ ഓഫീസർമാർക്കും, ജില്ലാ ഇൻഫർമേഷൻ ഓഫീസർക്കും, ലീഡ് ബാങ്ക് മാനേജർക്കും (കനറാബാങ്ക്) കത്ത് നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ 33 അപേക്ഷകരുടെ അർഹത പരിഗണിച്ച് ജില്ലാപഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരത്തിനായി ഗുണഭോക്തൃലിസ്റ്റ് അയച്ചു. 12.01.2023 ലെ 1/23(2)(2) ഭരണസമിതി തീരുമാനപ്രകാരം ലിസ്റ്റ് അംഗീകരിക്കുകയും ചെയ്തു. ജില്ലാ വ്യവസായ കേന്ദ്രം മാനേജരുടെ 22.02.2023 ലെ DICKKD/1743/2022-P2 നമ്പർ കത്തിലൂടെ ഗുണഭോക്തൃ ലിസ്റ്റിന് ഗ്രാമപഞ്ചായത്തിന്റെ സാധൂകരണം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുവാൻ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയോട് അപേക്ഷിച്ചു. ജില്ലാ പഞ്ചായത്തിലെ പി.2-158/23 തി.16.01.2023 നം. കത്ത് മുഖേന സെക്രട്ടറി സാധൂകരണത്തിനായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് കത്ത് നൽകുകയും ചെയ്തു.

പ്രൊജക്ട് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെചേർക്കുന്നു.

1) 02.09.1998 ലെ (പി)നം.181/98/ത.സ്വ.ഭ., 09.07.1999ലെ (പി) നം.138/99/ത.സ്വ.ഭ.വ ഗുണഭോക്തൃതിരഞ്ഞെടുപ്പ് മാർഗ്ഗരേഖ, 19.04.2022 ലെ(കൈ) 84/2022 ത.സ്വ.ഭ.വ നമ്പർ പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക12.3.1 എന്നിവ പ്രകാരം ജില്ലാപഞ്ചായത്തുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പ്രൊജക്ടുകളിൽ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി നൽകേണ്ടത് ഗ്രാമപഞ്ചായത്തുകൾ വിളിച്ച് കൂട്ടുന്ന ഗ്രാമസഭകളാണ്. അത്തരത്തിൽ ഗ്രാമസഭ അംഗീകരിച്ച മുൻഗണനാലിസ്റ്റ് ജില്ലാപഞ്ചായത്തിന് കൈമാറി ഭരണസമിതി അംഗീകരിച്ച് നിർവഹണ ഉദ്യോഗസ്ഥന് നൽകണം. മേൽ മാർഗ്ഗരേഖയിലെ ഖണ്ഡിക നമ്പർ 12(3).(16) പ്രകാരം ഏതെങ്കിലും സാഹചര്യത്തിൽ ലിസ്റ്റിൽ മാറ്റം ആവശ്യമാണെന്ന് കരുതുന്നവെങ്കിൽ അക്കാര്യം വസ്തുതകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ പരിശോധന നടത്തിയശേഷം മുൻഗണനാക്രമത്തിൽ മാറ്റം വരുത്തുകയോ അനർഹരെ ഒഴിവാക്കുകയോ അർഹരായവരെ കൂട്ടിചേർക്കുകയോ ചെയ്യാവുന്നതാണ്. അനർഹരെ ഒഴിവാക്കിയ വിവരം അടുത്ത ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതും അർഹരെ കൂട്ടിചേർക്കുന്നത് ഗ്രാമസഭയുടെ അംഗീകാരത്തോടെയുമാവണം. എന്നാൽ മേൽ പദ്ധതിയുടെ ഗുണഭോക്താക്കളെ നാളിതു വരെ അതത് ഗ്രാമസഭകൾ അംഗീകരിച്ചതായി കാണുന്നില്ല. 115/2022 ത.സ്വ.ഭ.വ തി. 28.5.2022 സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.6.2.(ബി)(i) വ്യവസ്ഥ.3 പ്രകാരം പരമാവധി 3 വർഷം വരെ പലിശ സബ്സിഡി നൽകാവുന്നതാണ്. അർഹരായ ഗുണഭോക്താക്കൾക്ക് 3 വർഷം വരെ സബ്സിഡി നൽകാവുന്ന പദ്ധതിയായിരിക്കെ ഗുണഭോക്തൃലിസ്റ്റിന് 9 മാസത്തിനുശേഷവും അംഗീകാരം വാങ്ങിയിട്ടില്ല.

2. ത്രിതല പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കാര്യത്തിൽ അടിസ്ഥാനപരമായി ഗ്രാമസഭയാണ് ഗുണഭോക്താക്കളെ കണ്ടെത്തേണ്ടത്.

തെരഞ്ഞെടുക്കപ്പെടുന്ന സംരംഭകർ ജില്ലാ പഞ്ചായത്ത് പരിധിയിൽ താമസിക്കുന്നവരും അതേ ഭൂപരിധിയിൽ സംരംഭം നടത്തുന്നവരും ആയിരിക്കണം എന്നായിരുന്ന നിബന്ധന വെയ്ക്കേണ്ടിയിരുന്നത്. എന്നാൽ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പിന് "കോർപ്പറേഷൻ , മുനിസിപ്പാലിറ്റികൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന സംരംഭകർക്ക് അപേക്ഷിക്കാൻ അർഹതയില്ല" എന്ന് പ്രൊജക്റ്റ് രൂപീകരണ ഫോറത്തിൽ നിബന്ധനയായി ഉൾപ്പെടുത്തിയിരുന്നു. ആയതിനാൽ ഗ്രാമപഞ്ചായത്തുകളിൽ താമസിക്കുന്നവരല്ലാത്ത ഗുണഭോക്താക്കൾക്കും (സംരംഭം ഗ്രാമപഞ്ചായത്ത് പരിധിയിൽ) സബ്സിഡി നൽകിയതായി കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | സംരംഭം, വിലാസം | സബ്സിഡി ശതമാനം | അനുവദിച്ച സബ്സിഡി തുക |
|---|---|---|---|---|
| 1 | ശ്രീ.ഇസ്സാം അഹമ്മദ് കെ.വി, ടി.കെ.ഹൗസ്, കണ്ണംഞ്ചേരി, കല്ലായ് പോസ്റ്റ്, കോഴിക്കോട് | കെ.വി. ട്രേഡേഴ്സ്, വള്ളിക്കുന്നു, 15/448c പെരുമണ്ണ | 6 | 30,000 |
| 2 | ശ്രീ.ജിഷ്ണു.സി, ചെറിയ പൊറ്റമ്മൽ(H), പറമ്പിൽ പി.ഒ, മേരിക്കുന്ന് | പറമ്പിൽ ടയേഴ്സ്, പറമ്പിൽ. | 6 | 30,000 |
| 3 | ശ്രീനിതിൻ രാജ്.ടി.കെ, നിഷ ഭവൻ, തിരുത്തികുന്നത്ത്, മൊകവൂർ, എരഞ്ഞിക്കൽ | കോസ്റ്റർമെൻ കളക്ഷൻസ്, നാസർ സ്ക്വയർ ബിൽഡിംഗ് XVI/945 AW കക്കോടി | 6 | 37,500 |
| 4 | ശ്രീ.ജയദീപ് പി, വൈഷ്ണവം, ചേന്നംകഴിയിൽ പറമ്പ്, വേങ്ങേരി പോസ്റ്റ് | ഗംഗ സ്റ്റോർ, KP16/617A കക്കോടി | 6 | 10,000 |
| 5 | ശ്രീ.ജിജീഷ് എം, കിണറുകുത്തിപറമ്പിൽ, കരുവശ്ശേരി പോസ്റ്റ്, കോഴിക്കോട് | ജെ.കെ.ഡോർസ്, ഫാബ്രിക്കേഷൻസ്, 13/589A കക്കോടിമുക്ക് | 6 | 13,500 |
| | ആകെ | | | 12,10,00 |

3. സംരംഭം ആരംഭിക്കുന്നതിന് ബാങ്ക് നൽകിയ വായ്പ പ്രസ്തുത ആവശ്യത്തിന് തന്നെയാണോ ഉപയോഗപ്പെടുത്തിയതെന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തിയില്ല.

4. സബ്സിഡി നൽകുന്നതിനായി തെരഞ്ഞെടുത്ത ഗുണഭോക്താക്കൾ ലോൺതുക ഉപയോഗിച്ച് പ്രസ്തുത സംരംഭം തുടങ്ങിയിട്ടുണ്ടോയെന്നും, നിലവിലും നടത്തി വരുന്നുണ്ടോയെന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 34/22-23 തി.23.11.2023 ക്ക് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ അല്ലാതെ സബ്സിഡി നൽകിയ 1,21,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഗുണഭോക്തൃലിസ്റ്റ് ഗ്രാമസഭ അംഗീകരിക്കുന്നതുവരെ 4,49,328 രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

## 1-55 ഫാഷൻ ഡിസൈനിംഗ് സെന്റർ മലാപ്പറമ്പ് - അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തതയും മറ്റ് അപാകങ്ങളും.

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | S0616/23, ജി.ഐ.എഫ്.ഡി മലാപ്പറമ്പ് - കോഴിക്കോട്, ഫർണിച്ചറും മെഷീനുകളും കൺസ്യൂമബിൾസും വാങ്ങൽ |
| അടങ്കൽ, ഫണ്ടിനം | 9,70,000/-, സംരക്ഷണ ഗ്രാന്റ് (റോഡിതരം) |
| ചെലവ് | 9,65,199/- |
| ബിൽ നം. | BRN 2216015203030 1185386/ 14.02.2023 – 87,833/- |
| | BRN 22160152030301185393/ 14.02.2023 – 72,865/- |
| | BRN 22160152030301203109/ 17.02.2023 – 59,700/- |

| | |
|---|---|
| | BRN 2216015203030149875 9/ 27.03.2023 – 6,09,200/- |
| | BRN 2216015203030154060 1/ 28.03.2023 – 1,12,235/- |
| | BRN 2216015203030154056 7/ 28.03.2023 – 23,366/- |
| നിർവ്വഹണം | സൂപ്രണ്ട്, ടൈലറിംഗ് & ഗാർമെന്റ് മേക്കിംഗ് സെന്റർ, മലാപ്പറമ്പ് |

അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത – വിദ്യാർത്ഥികൾക്ക് യഥാവിധി പരിശീലനം നൽകുന്നതിൽ പ്രയാസമനുഭവപ്പെടുന്നു.

1971 ൽ TGMT(Tailoring And Garment Making Training) എന്ന നിലയിൽ കുറ്റിച്ചിറയിലെ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനം 2005 ൽ കോഴിക്കോട് മലാപ്പറമ്പിലെ വനിത പോളിടെക്നിക് കോളജ് കോമ്പൗണ്ടിൽ പ്രവർത്തിക്കുകയും 2010 മുതൽ പരിഷ്കരിച്ച സിലബസുമായി ജി.ഐ.എഫ്.ഡി (Goverment Institute Of Fashion Designing) ആയി തുടർന്നു വരികയും ചെയ്യുന്നു. തുടർന്ന് വനിത പോളിടെക്നിക് കോളജിനടുത്തുള്ളതും 15.02.2020ൽ ഉദ്ഘാടനം കഴിഞ്ഞതുമായ ജില്ലാപഞ്ചായത്തിന്റെ സ്വന്തം കെട്ടിടത്തിലേക്ക് പരിശീലന കേന്ദ്രം മാറുകയും ചെയ്തു. രണ്ട് നിലകളിലായി പ്രവർത്തിച്ചു വരുന്ന ഈ കെട്ടിടത്തിന്റെ തറനിലയിൽ രണ്ട് മുറികളിലായി തിയറി ക്ലാസ്സുകളും ഒന്നാം നിലയിലെ രണ്ട് മുറികളിലായി കംപ്യൂട്ടർ ലാബ്, സ്റ്റിച്ചിംഗ് ലാബ് എന്നീ പ്രാക്റ്റിക്കൽ ക്ലാസ്സുകളും ഉൾപ്പെടുന്നതാണ് സ്ഥാപനത്തിന്റെ നിലവിലെ സംവിധാനം. കേരള സാങ്കേതിക വകുപ്പിന്റെ സർട്ടിഫിക്കറ്റ് കോഴ്സിൽ (രണ്ട് വർഷം) രണ്ട് ബാച്ചുകളിലായി ആകെ 60 വിദ്യാർത്ഥികളാണ് ഇവിടെ പരിശീലനം നടത്തുന്നത്.

ക്ലാസ്സ് മുറികളുടെ അഭാവം മൂലം, പാറ്റേൺ കട്ടിംഗിനായി ഉപയോഗിക്കുന്ന 78 ഇഞ്ച് നീളവും 38 ഇഞ്ച് വീതിയുമുള്ള ഏഴ് കട്ടിംഗ് ടേബിളുകൾ വരാന്തയിലാണ് ഇട്ടിരിക്കുന്നത്. ഈ വരാന്തയിൽ നിന്നാണ് കുട്ടികൾ കട്ടിംഗിലും പാറ്റേൺ മേക്കിംഗിനുള്ള പരിശീലനം നേടുന്നത്. ഈ സംവിധാനം പരിശീലന സമയത്തും പരീക്ഷാസമയത്തും ബുദ്ധിമുട്ട് ഉണ്ടാക്കുന്നതാണ്. തറനിലയിലെ സ്ഥല പരിമിതി കാരണം സ്ഥാപനത്തിന്റെ ഓഫീസ് മുറി ഒന്നാം നിലയിൽ ഒരുക്കിയിരിക്കുന്നു. ഇതു കാരണം സന്ദർശകർ വരുന്ന അവസരത്തിലും സ്ഥാപനവുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും പ്രായോഗിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ആയതിനാൽ ഓഫീസ് മുറി തറനിലയിൽത്തന്നെ ഒരുക്കുന്നത് ഉചിതമായിരിക്കും.

വനിത പോളിടെക്നിക് കോളജ് ഹോസ്റ്റലിലെ കിണറിൽ നിന്നാണ് നിലവിൽ ജി.ഐ.എഫ്.ഡി സെന്ററിന് കുടിവെള്ളം ലഭിക്കുന്നത്. കിണർ കുഴിക്കുന്നതിന് സ്ഥലപരിമിതി ഉള്ളതിനാൽ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് ഒരു കുഴൽക്കിണറും പ്യൂരിഫയറും സ്ഥാപിക്കാവുന്നതാണ്. സ്ഥാപനത്തിന്റെ ഗേറ്റ് ശാസ്ത്രീയമായ രീതിയിൽ സ്ഥാപിക്കാത്തതിനാൽ വാഹനങ്ങൾക്ക് സുഗമമായ രീതിയിൽ കോമ്പൗണ്ടിനുള്ളിലേക്ക് കടക്കാൻ പറ്റാത്ത സ്ഥിതിയാണുള്ളത്.

ഏതാണ്ട് 30 വർഷത്തോളം പഴക്കമുള്ള ഉപയോഗയോഗ്യമല്ലാത്ത ഉപകരണങ്ങളും ഫർണിച്ചറും കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങളിലായി കൂട്ടിയിട്ടിരിക്കയാണ്. പുനരുപയോഗിക്കാൻ സാധ്യമല്ലാത്തവ കൈയൊഴിയുന്നതിനും മേൽപറഞ്ഞ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിക്കാവുന്നതാണ്. മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (ഒ.എസ് നം. 01/2022-23/31.07.2023) നിർവ്വഹണോദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയിൽ ഉപയോഗ ശൂന്യമായ ഉപകരണങ്ങളും ഫർണിച്ചറും കൈയൊഴിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-56 ജില്ലാ ഹോമിയോ ആശുപത്രി -പണം മുൻകൂർ അടച്ചെങ്കിലും ഒന്നരവർഷത്തിനു ശേഷവും ഹോംകോയിൽ നിന്ന് മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല.

2022-23 വർഷത്തിൽ സൂപ്രണ്ട്, ജില്ലാ ഹോമിയോ ആശുപത്രി നിർവഹണ ഉദ്യോഗസ്ഥയായി ഗവ. ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങുന്നതിനായി ബിൽ നമ്പർ 9/22-23 പ്രകാരം 13 ലക്ഷം രൂപ മുൻകൂറായി ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ 2,88,808 രൂപയുടെ മരുന്നുകൾ മാത്രമേ ഓഡിറ്റ് തിയ്യതിവരെയും (4.8.2023) ലഭ്യമായിട്ടുള്ളൂ. 2021-22 വാർഷിക പദ്ധതിയുടെ ഭാഗമായി കൈമാറിയ 10,00,000 രൂപയിൽ 2,63,339 രൂപയുടെ മരുന്ന് ഇനിയും ലഭിക്കാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | 2022-23 | 2021-22 |
|---|---|---|
| പ്രോജക്റ്റ് നമ്പർ/ പേര് | S 0558/23 (ജില്ല ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്നും കൺസ്യൂമബിൾസും വാങ്ങൽ) | S 0147/22(ജില്ലാ ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ ) |
| പദ്ധതി അടങ്കൽ | 14,00,000/- (മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ്) | 10,00,000/- (മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ്) |

| | | |
|---|---|---|
| ആകെ ചെലവ് | 13,99,980/-<br>(13 ലക്ഷം രൂപ: മരുന്ന്<br>99,980 രൂപ: കൺസ്യൂമബിൾസ്) | 10,00,000/- |
| ബിൽ നമ്പർ/ തിയ്യതി | 9/22-23, 27.02.2023-13,00,000 | 4/21-22, 04.02.2022- 10,00,000/- |
| ലഭിച്ച മരുന്നിന്റെ വിശദാംശങ്ങൾ | ഇൻവോയ്സ് നമ്പർ LF -816/2.8.22023പ്രകാരം 2,88,808 | ഇൻവോയ്സ് നമ്പർ LF -970 /29.11.2022പ്രകാരം 5,69,252<br>ഇൻവോയ്സ് നമ്പർ LF -2307/31.03.2023 പ്രകാരം 167409 |
| ലഭിക്കാനുള്ളത് | 10,11,192/- | 2,63,339/- |

അഡ്വാൻസായി തുക നൽകി ഒന്നര വർഷം കഴിഞ്ഞിട്ടും ആവശ്യമായ മരുന്നുകൾ പൂർണ്ണമായി ലഭിക്കാത്തതിനാൽ മരുന്നിന് ദൗർലഭ്യം നേരിടുകയും ആശുപത്രിയുടെ പ്രവർത്തനത്തെ ഇത് സാരമായി ബാധിക്കുകയും ചെയ്യുന്നുണ്ട്. മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് HOMCOയുമായി കരാർ ചമയ്ക്കാത്തതിനാൽ സ്ഥാപനത്തിന് വിതരണ ഏജൻസിക്കെതിരെ മറ്റ് നിയമനടപടികൾ സ്വീകരിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. സ.ഉ.(കൈ) നം. 115/2022/ത.സ്വ.ഭ.വ തി.28.05.2022 പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക നമ്പർ 7.6.4(v) പ്രകാരം അനുവദിച്ചിരിക്കുന്ന ഏജൻസിയിൽ നിന്ന് ലഭിക്കാൻ കാലതാമസം നേരിട്ടാൽ ടെണ്ടർ മുഖേന ഗുണമേന്മയുള്ള മരുന്നുകൾ വാങ്ങാവുന്നതാണ്. ഹോംകോയിൽ നിന്ന് മരുന്നുകൾ ലഭ്യമാകുന്നതിന് തുടർച്ചയായി കാലതാമസം നേരിടുന്ന സാഹചര്യത്തിൽ (മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിലെ ബന്ധപ്പെട്ട പരാമർശങ്ങൾ കാണുക) ടെണ്ടർ നടപടികളിലൂടെ മരുന്നുകൾ വാങ്ങാതിരുന്നതിന്റെ കാരണം വ്യക്തമല്ല.

അപാകങ്ങൾക്കുള്ള വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (2/22-23 Dt.16.8.2023)യ്ക്ക് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി (22.8.23 ലെ എ1/99/ ഡി.എച്ച്.കെ നമ്പർ കത്ത്) സമർപ്പിച്ചിട്ടുണ്ട്. മറുപടിയിൽ 2021-22, 2022-23 വർഷങ്ങളിൽ ഇൻഡന്റ് ചെയ്ത മരുന്നുകൾ പൂർണ്ണമായും ലഭ്യമാകാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടെന്നും ആയത് ചൂണ്ടികാണിച്ചുകൊണ്ട് ഹോംകോയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ച് മരുന്നുകൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-57 ലേലം - നടപടികൾ പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമല്ല

ജില്ലാപഞ്ചായത്തിന്റെ വിവിധ വർഷങ്ങളിലെ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി വിവിധ അറ്റകുറ്റപണിയും കെട്ടിടം പൊളിച്ചുമാറ്റലും മരാമത്ത് പ്രവൃത്തികളും നടത്തിയതിനെ തുടർന്ന് ധാരാളം പഴയ മരങ്ങളും കെട്ടിട നിർമ്മാണ വസ്തുക്കളും തുടങ്ങയവ ലേലം ചെയ്യുന്നതിന് ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥനെ ഭരണസമിതി 2022-23 വർഷം ചുമതലപ്പെടുത്തിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | ലേലവസ്തു | ഭരണസമിതി തീരുമാനം | റിമാർക്സ് |
|---|---|---|---|
| 1. | മുറിച്ച മാറ്റിയ മരങ്ങൾ | 45/22(2)/ 08.04.2022 | ആവളക്കുട്ടോത്ത് GVHSS ൽ നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ മുൻവശത്തുള്ള രണ്ട് മരങ്ങൾ മുറിച്ചുമാറ്റിയത്. ലേല നടപടിയെടുക്കാൻ എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. |
| 2. | മുറിച്ച മാറ്റിയ മരങ്ങൾ | 50/22(5)(3)/ 25.05.2022 | മരുതോങ്കര മോഡൽ റസിഡൻഷ്യൽ സ്കൂളിൽ കുളത്തിന്റെ പ്രവൃത്തി നടത്തുന്നതിന്റെ മുന്നോടിയായി മരങ്ങൾ മുറിച്ചുമാറ്റിയത്. ലേല നടപടിയെടുക്കാൻ എസ്.സി.ഡി.ഒ യെ ചുമതലപ്പെടുത്തി. |
| 3. | കെട്ടിടം പൊളിച്ച മാറ്റിയത് | 65/22(19)/ 28.06.2022, | GVHSS താമരശ്ശേരി - പഴയ കെട്ടിടം പൊളിച്ചുമാറ്റിയതിനെ തുടർന്നുണ്ടായ കെട്ടിടാവശിഷ്ടങ്ങൾ പുനർലേലം (മൂന്നാമതും) ചെയ്യുന്നതിന് എക്സിക്യൂട്ടീവ് |

| | | | |
|---|---|---|---|
| | | | എഞ്ചിനീയറെ ചുമതലപ്പെടുത്തി. |
| 4. | മേലനഭവങ്ങൾ | 76/22(5)/ 30.08.2022 | ജില്ലാപഞ്ചായത്തിന്റെ അധീനതയിലുള്ള കാക്കൂർ വില്ലേജിലെ റീ.സ. 10,11 നമ്പറുകളിലുൾപ്പെട്ട5.88 ഏക്കർ ഭൂമിയിലെ മേലനഭവങ്ങൾ. |
| 5. | മണ്ണ് ലേലം | 85/22(5)(1)/ 28.09.2022 | ആവളക്കുട്ടോത്ത് സ്കൂൾ ഗ്രൗണ്ടിനടുത്ത് കൂട്ടിയിട്ട മണ്ണ് ലേലം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കാൻ എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. |
| 6. | മണ്ണ് ലേലം | 86/22(4)(1)/ 28.10.2022 | പുറക്കാട്ടീരി ആയുർവേദ ആശുപത്രിയിലെ വാല്യവേഷൻ (12,56,444/-) ചെയ്ത മണ്ണ് നാലാമത് പ്രാവശ്യം ക്വാട്ട് ചെയ്തതിൽ കൂടിയ വിലയായ 2,70,040 + GST രൂപ അംഗീകരിച്ചു. തുടർ നടപടി സ്വീകരിക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. |
| 7. | മേലനഭവങ്ങൾ | 95/22(12)/ 28.10.2022 | മരുതോങ്കര മോഡൽ റസിഡൻഷ്യൽ സ്കൂൾ കോംമ്പൗണ്ടിലെ ഫലവൃക്ഷാദികളിൽ നിന്നുള്ള ആദായം എടുക്കുന്നതിനുള്ള ലേല നടപടിക്ക് എസ്.സി.ഡി.ഒ യെ ചുമതലപ്പെടുത്തി. |
| 8. | കെട്ടിടം പൊളിച്ചു മാറ്റിയത് | 15/23(9)/ 27.02.2023 | GHS വളയം - പഴയ കെട്ടിടം പൊളിച്ചുമാറ്റിയതിനെ തുടർന്നുണ്ടായ കെട്ടിടാവശിഷ്ടങ്ങൾ 48,600 + GST- 8,748 – 24,300 ചെയ്യുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. |
| 9. | കെട്ടിടം പൊളിച്ചു മാറ്റിയത് | --- | ജില്ലാ കൃഷിത്തോട്ടം, കൂത്താളിയിലെ സ്റ്റാഫ് ക്വാർട്ടേഴ്സ് അറ്റകുറ്റപണി ചെയ്തതിന്റെ ഭാഗമായുള്ള പഴയ സാധനങ്ങൾ |
| 10. | 10 HP പഴയ മോട്ടോർ | | മേപ്പയൂർ ഗവ.ജി.വി.എച്ച്.എസ്.എസ്. ൽ കുടിവെള്ളത്തിനായി പുതിയ മോട്ടോർ സ്ഥാപിച്ചപ്പോൾ പഴയത് 9 മാസമായും വിൽപ്പന നടത്തിയില്ല. |

ജില്ലാപഞ്ചായത്തിന്റെ അധീനതയിലുള്ള സ്കൂളുകളിൽ ഉപയോഗശൂന്യമായ ഫർണിച്ചർ ലേലം ചെയ്യുന്നതിന് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട സ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് കത്തയക്കാൻ ഭരണസമിതി തീരുമാനിച്ചു (നം. 82/22/ 28.09.2022). കത്തയച്ചതിന്റെയോ തുടർ നടപടികളുടെയോ വിവരം ലഭ്യമല്ല. മുറിച്ചു മാറ്റിയ മരങ്ങൾ,പഴയ ഉപകരണങ്ങൾ തുടങ്ങിവയെല്ലാം നിലവിൽ മിച്ചമുള്ള സ്റ്റോറുകളുടെ ഗണത്തിൽ പെടുന്നതാണ്. ഇത്തരത്തിൽ സ്റ്റോറുകൾ സൂക്ഷിക്കുന്നത് കൊണ്ട് പുനർവിൽപ്പനയിൽ വിലകുറവുണ്ടാകും (കേരള സ്റ്റോർ പർച്ചേയ്സ് മാന്വൽ-2013, ഖ.നം.18-4 കാണുക). ഇത് സംബന്ധിച്ച് ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥർക്ക് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (ഒ.എസ് നം. 33 /22-23/25.11.2023) നൽകിയിട്ടുണ്ട്.

## 1-58 ക്ഷീര വികസന വകുപ്പ്- ഡെപ്യൂട്ടി ഡയറക്ടർ നടപ്പിലാക്കിയ പദ്ധതികളിലെ പൊതു അപാകങ്ങൾ

ജില്ലാ ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ 2022-23 സാമ്പത്തിക വർഷത്തിൽ വികസനഫണ്ട് വിനിയോഗിച്ച് താഴെ പറയുന്ന 2 പദ്ധതികകളാണ് നടപ്പിലാക്കിയത്

| പദ്ധതി നം. പേര് | 468/23, പാലിന് സബ്സിഡി (ജനറൽ) | 478/23, കറവപശുക്കൾക്ക് കാലിത്തീറ്റ |
|---|---|---|
| അടങ്കൽ തുക | 2,25,00,000/- ( ജനറൽ) | 80,00,000/- |
| ചെലവ് തുക | 2,25,00,000/- | 80,00,000/- |

പദ്ധതി ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. സ.ഉ.(കൈ) നം 84/2022 ത.സ്വ.ഭ.വ തി. 19.04.2022 പതിനാലാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ ഖണ്ഡിക-3.8.1(3) പ്രകാരം പ്രൊജക്ട് അംഗീകരിക്കുന്ന ഉദ്യോഗസ്ഥനും നിർവഹണം നടത്തുന്ന ഉദ്യോഗസ്ഥനും ഒരാളാകാൻ പാടില്ല. എന്നാൽ ഈ പ്രൊജക്ടിൽ നിർവഹണം നടത്തുന്നതും അംഗീകരിക്കുന്നതും ഒരേ ഉദ്യോഗസ്ഥനാണ്.
2. സംയുക്തപദ്ധതികളായി നടപ്പിലാക്കിയ 2 പ്രൊജക്ടുകളിലും ഗ്രാമപഞ്ചായത്തുകളുടെ റിക്വസിഷൻ അനുസരിച്ച് ഫണ്ട് കൈമാറുക മാത്രമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ചെയതത്. പ്രൊജക്ട് നിർവ്വഹണം ഗ്രാമപഞ്ചായത്തിലെ നിർവഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. സംയുക്ത പദ്ധതികളുടെ കാര്യത്തിൽ പങ്കാളികളായ ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കിയ പദ്ധതികളുടെ പ്രൊജക്ട് നമ്പർ, ഗ്രാമപഞ്ചായത്ത് വിഹിതം, ആകെ ചെലവഴിച്ച തുക, തുക കൈപ്പറ്റിയ ഗുണഭോക്താക്കളുടെ പേരുവിവരം, ബന്ധപ്പെട്ട ക്ഷീര വികസന സംഘങ്ങളുടെ പേരുവിവരം എന്നിവയടങ്ങിയ വിശദമായ വിനിയോഗ സാക്ഷ്യപത്രം ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. എന്നാൽ തൻവർഷം നടപ്പിലാക്കിയ 2 പ്രൊജക്ടിലും ഗ്രാമപഞ്ചായത്തുകളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.
3. പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ ഖണ്ഡിക-3.5.4(5) പ്രകാരം സംയുക്ത പ്രൊജക്ടിൽ പങ്കാളികളാകുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തമ്മിൽ നിർവ്വഹണം ആരംഭിക്കുന്നതിന് മുമ്പ് ഒരു കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ തൻവർഷം നടപ്പിലാക്കിയ 2 പ്രൊജക്ടിലും ഗ്രാമപഞ്ചായത്തുകളുമായി കരാർ ചമച്ചില്ല.
4. സബ്സിഡറി രജിസ്റ്ററിൽ 2022-23 സാമ്പത്തിക വർഷത്തെ പദ്ധതി വരവ് ചെലവ് കണക്കുകൾ എഴുതി സൂക്ഷിച്ചിട്ടില്ല.

5. ക്ഷീരവികസനവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

മേൽ വിവരിച്ച അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.19/2022-23 തി.17.10.2023) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള അപാകങ്ങൾക്ക് മറുപടി നൽകേണ്ടതും 2 പദ്ധതികളിലെയും വിശദമായ വിനിയോഗ വിവരം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഒരേ ചെലവിന് 2 പ്രൊജക്ടുകളിൽ നിന്നും തുക ചെലവഴിച്ചു

2022-23 വർഷത്തിൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി മീറ്റിംഗ് ഹാളിലേയ്ക്കും ഓഡിറ്റോറിയത്തിലേയ്ക്കും പ്രൊജക്ടർ, ലാപ്ടോപ്പ്, വാട്ടർ പ്യൂരിഫൈയർ എന്നിവ വാങ്ങുന്നതിനായി പ്രൊജക്ട് നമ്പർ S0055/23 നടപ്പിലാക്കുകയും ജില്ലാ പഞ്ചായത്ത് ഓഫീസിലേയ്ക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ, കമ്പ്യൂട്ടർ, പ്രിന്റർ, ലാപ്ടോപ്പ് എന്നിവ വാങ്ങുന്നതിനായി പ്രൊജക്ട് നമ്പർ S0058/23 നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. 2 പ്രൊജക്ടിലും സാധനങ്ങൾ വാങ്ങിയത് ജെം പോർട്ടൽ മുഖേനയാണ്. പ്രൊജക്ട് പ്രകാരം വാങ്ങിയ സാധനങ്ങളും ചെലവഴിച്ച തുകയുടെയും വിശദാംശം താഴെ കൊടുക്കുന്നു.

| | | | |
|---|---|---|---|
| പ്രൊജക്ട് നമ്പർ 58/23- ജില്ലാ പഞ്ചായത്ത് ഓഫീസിലേയ്ക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ, കമ്പ്യൂട്ടർ ,പ്രിന്റർ, ലാപ്ടോപ്പ് എന്നിവ വാങ്ങൽ | | | |
| അടങ്കൽ തുക – 1,41,122 /- (തനത്ഫണ്ട്), ചെലവ് തുക – 77,225 (ബിൽ നമ്പർ 137/22-23 Dt.5.9.2022) | | | |
| ക്രമ നം | ഇനം | ചെലവു തുക | ഇൻവോയ്സ് നമ്പർ |
| 1 | ലാപ്ടോപ്പ് Acer I5 | 56,355 | RJE00801/22-23 Dt.30.7.2022 |
| 2 | കമ്പ്യൂട്ടർ SDD | 4,800 | RJE00803/22-23 Dt.30.7.2022 |
| 3 | DDR4 -4GB ലാപ്ടോപ്പ് Ram | 2,870 | RJE00804/22-23 Dt.30.7.2022 |
| 4 | Brother Printer HL | 13,200 | RJE00805/22-23 Dt.30.7.2022 |
| ആകെ | | 77,225 | |

| |
|---|
| പ്രൊജക്ട് നമ്പർ 55/23- ജില്ലാ പഞ്ചായത്ത് മീറ്റിംഗ് ഹാളിലേയ്ക്കും ഓഡിറ്റോറിയത്തിലേയ്ക്കും പ്രൊജക്ടർ, ലാപ്ടോപ്പ്, വാട്ടർ പ്യൂരിഫയർ എന്നിവ വാങ്ങൽ |

അടങ്കൽ തുക – 1,82,000/- (തനത്ഫണ്ട്), ചെലവ് - 97,225/-,

(1) ബിൽ നമ്പർ - 149/2022-23, തീയ്യതി - 12.09.2022 – 53,263/-

(2) ബിൽ നമ്പർ,- 50/2022-23തീയ്യതി - 01.08.2022 – 43,962/-

| ക്രമ നം | ഇനം | ചെലവു തുക | ഇൻവോയ്സ് നമ്പർ |
|---|---|---|---|
| 1 | പ്രൊജക്ടർ | 47,526 | EBS/384/22-23 Dt.6.6.2022 |
| 2 | സ്ക്രീൻ | 5,737 | EBS/383/22-23 Dt.6.6.2022 |
| 3 | ലാപ്ടോപ്പ് Acer I3 | 37,192 | RJE00800/22-23 Dt.30.7.2022 |
| 4 | കമ്പ്യൂട്ടർ SDD | 3,900 | RJE00802/22-23 Dt.30.7.2022 |
| 5 | DDR4 -4GB ലാപ്ടോപ്പ് Ram | 2,870 | RJE00804/22-23 Dt.30.7.2022 |
| ആകെ | | 97,225 | |

1. പട്ടിക-1 ക്രമ നമ്പർ 3 പ്രകാരം ലാപ്ടോപ്പ് RAM വാങ്ങിയ വകയിൽ RJ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന് ഇൻവോയ്സ് RJE00804/22-23 Dt.30.7.2022 പ്രകാരം 2,870/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ പട്ടിക – 2 ലെ ക്രമനമ്പർ 5 പ്രകാരം അതേ ഇൻവോയ്സിന് വീണ്ടും 2,870/- രൂപ അനുവദിച്ചതായി കാണുന്നു. തുക നൽകിയതിൽ ഇരട്ടിപ്പ് ഉണ്ടായിട്ടുണ്ട്. മാത്രമല്ല പട്ടിക 2 പ്രകാരമുള്ള പ്രൊജക്ടിൽ വാങ്ങിയ Ram സ്റ്റോക്കിലെടുത്തതിന്റെ രേഖപ്പെടുത്തലുകൾ ഇൻവോയ്സിലില്ല.
2. 2 പ്രൊജക്ടുകളും ജെം പോർട്ടൽ മുഖേനയാണ് നടപ്പിലാക്കിയത്. 2 പ്രൊജക്ടുകളുടെയും കംപാരിസൺ സ്റ്റേറ്റ്മെന്റ് , സപ്ലൈ ഓർഡർ, പ്രൊഫോർമ ഇൻവോയ്സ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. സ്ഥാപനങ്ങൾ ലഭ്യമാക്കിയ ഇൻവോയ്സിൽ സ്പെസിഫിക്കേഷൻ രേഖപ്പെടുത്താത്തതിനാൽ ഓർഡർ ചെയ്തിട്ടുള്ള ഉപകരണങ്ങൾ തന്നെയാണോ ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമല്ല. ഇൻവോയ്സ് പ്രകാരം വാങ്ങിയ ഉപകരണങ്ങൾ സ്പെസിഫിക്കേഷൻ പ്രകാരമുള്ളതാണെന്ന് ടെക്നിക്കൽ കമ്മിറ്റി ഉറപ്പുവരുത്തിയതായും കാണുന്നില്ല.

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറിയ്ക്ക് (21/2022-23, 17 .10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 2870/- രൂപ തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 എഡ്യുകെയർ -സമഗ്ര വിദ്യാഭ്യാസ പദ്ധതി അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണം | ഡെപ്യൂട്ടി ഡയറക്ടർ, വിദ്യഭ്യാസം |
| പ്രൊജക്ട് നമ്പർ | 613/2022-23 |

| | |
|---|---|
| അടങ്കൽ തുക | 20,00,000/- |
| ഫണ്ട് | വികസനഫണ്ട് (ജനറൽ) |
| ചെലവ് തുക | 11,00,973/- |
| ബിൽ നമ്പർ/ തിയ്യതി-തുക | 1) 735/2.2.2023-11825<br>2) 520/21.12.2023-25000<br>3) 877/13.2.2023-73200<br>4) 1521/24.3.2023-187486<br>5) 1594/25.3.2023-485155<br>6) 1595/26.3.2023-298577<br>7) 1621/26.3.2023-14480<br>8) 1729/28.3.2023-5250 |
| ഫയൽ നമ്പർ | D2/40/22 |

ഡെപ്യൂട്ടി ഡയറക്ടർ, പൊതു വിദ്യാഭ്യാസം നിർവ്വഹണ ഉദ്യോഗസ്ഥനായി ജില്ലാ പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിലെ വിവിധ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് മേൽ തുക ചെലവഴിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന് കീഴിലുള്ള വിദ്യാലയങ്ങളിലെ പഠന പ്രവർത്തനങ്ങളുടെ സമഗ്രമായ വികസനത്തിന് ഊന്നൽ നൽകി രൂപീകരിച്ച പദ്ധതി ആണിത്. സമഗ്ര വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെട്ട 2022-23 വർഷം നടപ്പിലാക്കിയ പദ്ധതികളുടെ വിവരണങ്ങളും അടങ്കലുകളും താഴെ കൊടുക്കുന്നു.

<u>2022-23 ൽ നടപ്പിലാക്കിയ പദ്ധതികളും അടങ്കലുകളും</u>

| ക്രമനമ്പർ | പദ്ധതിയുടെ പേര് | പദ്ധതി പ്രവർത്തനം | അടങ്കൽ തുക |
|---|---|---|---|
| 1 | യാനം | SSLC , +2 തോറ്റവർക്കുള്ള പരീക്ഷാ പരിശീലനവും തൊഴിൽ പരിശീലനവും. ഡി പ്ലസ് കിട്ടാതെ പോയവരെ സേ പരീക്ഷയ്ക്ക് സജ്ജമാക്കലും | 10000 |
| 2 | താരഹാരം | SSLC, +2 പരീക്ഷകളിൽ ഉന്നതവിജയം നേടിയ വിദ്യാർത്ഥികളെ അനുമോദിക്കൽ | 5000 |
| 3 | നാം മുന്നോട്ട് | കോഴിക്കോട് ജില്ലയുടെ SSLC പരീക്ഷകളുടെ മുന്നേറ്റത്തിന് ജില്ലയിലെ മുഴുവൻ വിദ്യാലയങ്ങളെയും ആദരിക്കുന്നു. | 5000 |

| | | | |
|---|---|---|---|
| | | | |
| 4 | പുലർകാലം-പുലർകാലക്കൂട്ടം | വിദ്യാർത്ഥികളുടെ മാനസിക ശാരീരിക ആരോഗ്യ സംസ്ഥിതിയ്ക്കും വളർച്ചയ്ക്കും വേണ്ടി ആവിഷ്കരിക്കുന്ന സവിശേഷ പ്രവർത്തനമാണ് പുലർകാലക്കൂട്ടം. 9 മുതൽ 12 വരെ ക്ലാസുകളിലെ കുട്ടികളെ ഉൾപ്പെടുത്തി മോർണിംഗ് ക്ലബ് രൂപീകരിക്കുന്നു. മാസത്തിൽ ഒരു ക്യാമ്പ് എന്നരീതിയിൽ വർഷത്തിൽ 10 ദിവസം രാവിലെ 6 മുതൽ 9 വരെ നീളുന്ന യോഗ, മെഡിറ്റേഷൻ, എയ്റോബിക്സ് തുടങ്ങി ശാരീരികവും മാനസികവുമായി ഉണർവേകുന്ന പരിശീലനങ്ങൾ. | 450000 |
| 5 | കൃഷിപാഠം | വിദ്യാലയത്തിലും വീട്ടിലും പരമ്പരാഗത അറിവുകൾ അന്വേഷിച്ചറിയുന്ന ഒരു ഗവേഷണാത്മക രീതിയിലാണ് ഈ പ്രവർത്തനം നടക്കേണ്ടത്. വിത്ത് വിതരണം, വീട്ടിലൊരു തോട്ടം ,വിദ്യാലയകൃഷി, കുട്ടി കർഷകൻ തുടങ്ങിയവ ഇതിന്റെ ഭാഗമാകും. | 100000 |
| 6 | ശാസ്ത്രോത്സവം | എല്ലാ വിദ്യാലയങ്ങളിലും ഇന്നവേഷൻ ക്ലാസ്, സ്കൂൾ ശാസ്ത്രോത്സവം, ശാസ്ത്ര പഠനയാത്ര-തെരഞ്ഞെടുക്കുന്ന കുട്ടികൾ ശാസ്ത്ര പഠന കേന്ദ്രങ്ങൾ സന്ദർശിക്കുന്നു, കുട്ടിശാസ്ത്രജ്ഞൻ | 50000 |
| 7 | ഫോട്ടോഫിനിഷ് | 10,12 ക്ലാസ് കുട്ടികൾക്ക് അധിക പഠന പിന്തുണ. പ്രത്യേക പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് അധിക സമയ കോച്ചിംങ്. പഠനകുറിപ്പുകൾ തയ്യാറാക്കി വിദ്യാലയങ്ങൾക്ക് കൈമാറും. | 530000 |
| 8 | റിഫ്ലക്ഷൻ | 11,12 ക്ലാസുകളിലെ കുട്ടികൾക്ക് സെമിനാർ | 250000 |

പദ്ധതിയുടെ ചെലവുകളുടെ വിശദാംശം

| ക്രമ നം. | ട്രഷറി ബിൽ നമ്പർ/തിയതി | തുക | ചെലവിനം |
|---|---|---|---|
| 1 | 520/21.12.2023 | 25000 | ഭക്ഷണചെലവ്. |
| 2 | 735/02.02.2023 | 11825 | ശാസ്ത്രോത്സവം, കൃഷിപാഠം പദ്ധതി നടത്തിപ്പ് ചെലവ് (ബാനർ ,മറ്റു ചെലവുകൾ) |
| 3 | 877/13.02.2023 | 73200 | കൃഷിപാഠം പദ്ധതി ചെലവ് ( വിത്തുകൾ, ട്രേകൾ വാങ്ങിയത്) |
| 4 | 1521/24.03.2023 | 187486 | റിഫ്ലക്ഷൻസ് പദ്ധതി നടത്തിപ്പ് ചെലവ്.(ദേശീയ സെമിനാർ, ഹോണറേറിയം, ടി.എ, താമസചെലവ്, പ്ലാനറ്റേറിയം വാടക, ബാനർ, ഭക്ഷണചെലവ്, ബ്ലോക്ക് തലത്തിൽ നടത്തിയ സെമിനാറിനും ബാനർ, ഭക്ഷണചെലവ്, സെമിനാർ ജഡ്ജുമാരുടെ ഹോണറേറിയം) |

| | | | |
|---|---|---|---|
| | | | |
| 5 | 1594/25.03.2023 | 485155 | ഫോട്ടോഫിനിഷ് (വിദഗ്ദ ക്ലാസുകൾ നൽകിയതിന് അധ്യാപകർക്ക് ഹോണറേറിയം, ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കുള്ള പരീക്ഷ മൊഡ്യൂൾ, ചോദ്യപേപ്പർ വർക്ക്ഷോപ്പ്) |
| 6 | 1595/26.03.2023 | 298577 | പുലർകാലം(യോഗ ട്രയിനിംഗിന് ഹോണറേറിയം, എയ്റോബിക് ട്രയിനിംഗിന് ഹോണറേറിയം) |
| 7 | 1621/26.3.2023 | 14480 | യാനം , താരഹാരം , നാം മുന്നോട്ട് (മൊമെന്റോ , നടത്തിപ്പ് ചെലവ്) |
| 8 | 1729/28.03.2023 | 5250 | കൃഷിപാഠം പദ്ധതിയുടെ അനുമോദന ചെലവ് (മൊമെന്റോ) |
| ആകെ | | 1100973 | |

പ്രോജക്ട് നിർവഹണത്തിൽ താഴെ ചേർത്ത അപാകങ്ങൾ കാണുന്നു.

1) സബ്സിഡി മാർഗരേഖ സ.ഉ (കൈ) 115/2022/ തസ്വഭവ തി: 28.05.22 നമ്പർ ഉത്തരവിലെ ഖണ്ഡിക 7.6.5ൽ യോഗപരിശീലനത്തിന്റെ വ്യവസ്ഥകൾ വ്യക്തമാക്കിയിട്ടുണ്ട്. ആയത് പ്രകാരം ആയുഷുമായി ചേർന്ന് ഒരു സെഷന് 400 രൂപ ക്രമത്തിൽ ഒരു മാസം പരമാവധി 12000 രൂപ പരിശീലകന് നൽകാമെന്നും പരിശീലകർ അംഗീകൃത സർവ്വകലാശാലയിൽ നിന്ന് BNYS (Bachelor Of Naturopathy And Yogic Sciences) ബിരുദമോ തത്തുല്യ യോഗ്യതയുള്ളവരോ യോഗ അസോസിയേഷൻ/ സ്പോർട്സ് കൗൺസിലിന്റെ അംഗീകാരം ഉള്ളവരോ ആകണമെന്ന് നിഷ്കർഷിക്കുന്നു. സമഗ്ര വിദ്യാഭ്യാസ പരിപാടിയിൽ പുലർകാലം എന്ന പദ്ധതിയുടെ ഭാഗമായി യോഗ ട്രയിനിംഗും എയ്റോബിക്സ് ട്രയിനിംഗും നൽകിയിട്ടുണ്ട്. മാർഗ്ഗരേഖയിലെ വ്യവസ്ഥകളിൽ നിന്നും വ്യത്യസ്തമായി യോഗയ്ക്ക് 1500, 2000 നിരക്കിലാണ് ഹോണറേറിയം നൽകിയത്. എയ്റോബിക്സ് പരിശീലനത്തിന് 1400, 1200, 1000 എന്നീ നിരക്കുകളിൽ ഹോണറേറിയം നൽകിയിട്ടുണ്ട്. യോഗ പരിശീലനത്തിനും എയ്റോബിക്സ് പരിശീലനത്തിനും പരിശീലകർക്ക് വ്യത്യസ്ത സ്കൂളുകളിൽ വ്യത്യസ്ത നിരക്കിലാണ് ഹോണറേറിയം നൽകിയത്. പുലർകാല പരിശീലനത്തിന്റെ ഭാഗമായി 52 സ്കൂളുകളിൽ ഒരു സെഷൻ യോഗപരിശീലനവും 53 സ്കൂളുകളിൽ ഒരു സെഷൻ എയ്റോബിക്സ് പരിശീലനവും നടത്തിയിട്ടുണ്ട്. യോഗ പരിശീലനത്തിന് ആകെ 102500 രൂപയും എയ്റോബിക്സ് പരിശീലനത്തിന് 66200 രൂപയും ഹോണറേറിയം ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. സർക്കാറിന്റെ അനുമതി കൂടാതെ ശമ്പളമോ ഹോണറേറിയമോ നൽകാൻ പാടില്ല എന്ന് സബ്സിഡി മാർഗ്ഗരേഖയിൽ ഖണ്ഡിക നമ്പർ 8.6 വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2) പുലർകാലം പദ്ധതിയുടെ ഭാഗമായി അധ്യാപകർക്ക് ശില്പശാല സംഘടിപ്പിച്ചിട്ടുണ്ട്. ആയതിന്റെ ചെലവ് വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| ശില്പശാലയിൽ പങ്കെടുത്ത അധ്യാപകർക്ക് യാത്രാബത്ത | 14500 |
| ഹാൾ വാടക, ഭക്ഷണം, താമസം | 65524 |
| ഡി.ടി.പി. ബാനർ, പേന, ഡയറി | 8997 |
| പരിശീലനം നൽകിയവർക്കുള്ള ഹോണറേറിയം | 9750 |

പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ)84/2022/ത.സ്വ.ഭ.വ തി 19.4.2022 ഖണ്ഡിക 8.6 (5) പ്രകാരം ഗവേഷണം, പരിശീലനം നടത്തുക മുതലായവ എസ്.എസ്.കെ, വിദ്യാഭ്യാസ വകുപ്പ് എന്നിവ നടത്തുന്ന പരിപാടിയുടെ ആവർത്തനം അല്ല എന്നുറപ്പ് വരുത്തേണ്ടതുണ്ട്. എന്നാൽ ശില്പശാലയിൽ നടന്നത് എസ്.എസ്.കെ/വിദ്യാഭ്യാസവകുപ്പ് പരിപാടികളുടെ ആവർത്തനമല്ല എന്നുറപ്പുവരുത്തിയതായി ഫയലിൽ വ്യക്തമല്ല. വകുപ്പിന്റെയും എസ്.എസ്.കെയുടെയും പരിശീലനത്തിനുപരി അധ്യാപകർക്ക് പ്രത്യേക പരിശീലനത്തിന്റെ ആവശ്യകത വ്യക്തമാക്കിയിട്ടില്ല. പദ്ധതി മാർഗ്ഗരേഖ 8.6 (2) പ്രകാരം തദ്ദേശസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് ആകണം മുൻഗണന നൽകേണ്ടത്. എന്നാൽ സ്കൂളുകൾക്ക് മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടോയെന്ന് ഉറപ്പുവരുത്തിയതായി കാണുന്നില്ല.

3) പദ്ധതി ചെലവുകളുടെ വിശദാംശത്തിൽ ക്രമനമ്പർ 1 പ്രകാരം ഭക്ഷണചെലവ് ഇനത്തിൽ ദേശാഭിമാനി കാന്റീന് 25000 രൂപ കൈമാറിയിട്ടുണ്ട്. (ദേശാഭിമാനി കാന്റീൻ ബിൽ നമ്പർ -527/തിയ്യതി ഇല്ല). ഓഡിറ്റിന് ലഭ്യമാക്കിയ ബില്ലിനോടൊപ്പമുള്ള പ്രൊസീഡിംഗ്സിൽ "ശാസ്ത്രവഴി" പരിപാടിയുടെ ഭക്ഷണചെലവിനത്തിലാണ് മേൽ തുക ചെലവഴിച്ചിരിക്കുന്നത്. എന്നാൽ സമഗ്രവിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി "ശാസ്ത്രവഴി" എന്ന പദ്ധതി രൂപീകരിച്ചതായോ 2022-23 ൽ നടപ്പിലാക്കിയ പദ്ധതികളിൽ “ശാസ്ത്രവഴി” ഉൾപ്പെട്ടതായോ കാണുന്നില്ല. ട്രഷറി ബില്ലിനോടൊപ്പമുള്ള വൗച്ചറിൽ ദേശാഭിമാനി കാന്റീനിന്റെ തിയ്യതി രേഖപ്പെടുത്താത്ത ബില്ലാണ് (200 പേർക്കുള്ള ഒരു ദിവസത്തെ ഭക്ഷണചെലവ്) ഉൾപ്പെടുത്തിയത്. എന്നാൽ പങ്കെടുത്തവരുടെ ലിസ്റ്റോ പരിപാടിയുടെ അനുബന്ധവിവരങ്ങളോ ഫയലിൽ ലഭ്യമല്ല. ചെലവുരേഖകളുടെ അഭാവത്തിൽ 25000/-രൂപ നിരാകരിക്കുന്നു.

4) പട്ടിക 2 ക്രമനമ്പർ 5 പ്രകാരം 485155 രൂപ ,പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വിദഗ്ദ ക്ലാസുകൾ നൽകിയ അധ്യാപകർക്ക് ഹോണറേറിയം നൽകാനും ഹയർ സെക്കന്ററി രണ്ടാം വർഷ പരീക്ഷ പരിശീലനത്തിനായി മൊഡ്യൂൾ, മോഡൽ ചോദ്യപേപ്പർ തയ്യാറാക്കിയ അധ്യാപകർക്ക് ഹോണറേറിയം നൽകുവാനുമാണ് ഉപയോഗിച്ചിരിക്കുന്നത്. സർക്കാറിന്റെ അനുമതി കൂടാതെ ശമ്പളമോ ഓണറേറിയമോ നൽകാൻ പാടില്ല എന്ന് സബ്സിഡി മാർഗരേഖയായ സ.ഉ (കൈ) 115/2022/ തസ്വഭവ തി: 28.05.22 നമ്പർ ഉത്തരവിലെ ഖണ്ഡിക 8.6 ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേരള സർക്കാറിന്റെ ഹയർ സെക്കന്ററി ഇവാല്യുവേഷൻ പോർട്ടലിൽ വിവിധ ജില്ലകളിലെ അധ്യാപകരുടെ ജില്ലാ തല ക്ലസ്റ്റർ ടീം തയ്യാറാക്കിയ എല്ലാ വിഷയങ്ങളുടെയും മോഡൽ

ചോദ്യപേപ്പറുകൾ ലഭ്യമാണ്. ആയത് ലഭ്യമായിരിക്കെ 8 വിഷയങ്ങളിലുള്ള മൊഡ്യൂളും വിവിധ വിഷയങ്ങളിലെ 18 ചോദ്യപേപ്പറുകളും തയ്യാറാക്കുന്നതിന് പ്രത്യേക വർക്ക്ഷോപ്പ് നടത്തേണ്ട ആവശ്യകത വ്യക്തമല്ല. മാത്രമല്ല ചോദ്യപേപ്പർ തയ്യാറാക്കുന്നതിന് ഒരു വിഷയത്തിൽ 1 മുതൽ 4 വരെ അധ്യാപകരെ ഉൾപ്പെടുത്തിയിട്ടുണ്ട്. ബോട്ടണി ചോദ്യപേപ്പർ തയ്യാറാക്കുന്നതിന് ഒരാളെയും പൊളിറ്റിക്കൽ സയൻസിൽ 4 പേരെയുമാണ് ഉൾപ്പെടുത്തിയത്. ഇവാല്യുവേഷൻ പോർട്ടലിൽ ലഭ്യമാക്കിയ ഓരോ ചോദ്യപേപ്പറും 8 മുതൽ 12 വരെ അധ്യാപകർ ചേർന്ന് തയ്യാറാക്കിയതാണ്. ബോട്ടണി വിഷയത്തിൽ മാത്രം 64 ചോദ്യപേപ്പറുകൾ പോർട്ടലിൽ ലഭ്യമാണ്. കൂടാതെ ഓഡിറ്റിന് ലഭ്യമാക്കിയ മോഡ്യൂൾ , ചോദ്യപേപ്പർ എന്നിവയിൽ ബോട്ടണിയിലെ ചോദ്യപേപ്പർ പരിശോധിച്ചതിൽ അതിലെ ചോദ്യങ്ങൾ ഇവാല്യുവേഷൻ പോർട്ടലിലുള്ളവയ്ക്ക് സമാനമാണെന്ന് കണ്ടു. ഇവാല്യുവേഷൻ പോർട്ടലിലെ ചോദ്യപേപ്പറുകൾ ആർക്കും ലഭ്യമായിരിക്കുകയും പഠനത്തിന് ഉപയോഗപ്പെടുത്താമെന്നുമിരിക്കെ പ്രത്യേക ശില്പശാല സംഘടിപ്പിച്ച് ചോദ്യപേപ്പറുകൾ തയ്യാറാക്കിയതിന്റെ ആവശ്യകത വ്യക്തമല്ല.

ഹയർ സെക്കന്ററി വിഭാഗത്തിലെ 8 വിഷയങ്ങൾക്കാണ് ചോദ്യപേപ്പർ തയ്യാറാക്കിയിരിക്കുന്നത്. 8 വിഷയങ്ങൾ മാത്രം തെരഞ്ഞെടുത്തത് എന്തുകൊണ്ടെന്ന് വ്യക്തമല്ല. അധ്യാപകർ തയ്യാറാക്കിയ ചോദ്യപേപ്പറുകളുടെ എണ്ണവും ഇവാല്യുവേഷൻ പോർട്ടലിൽ ലഭ്യമായ ചോദ്യപേപ്പറുകളും താഴെ കൊടുക്കുന്നു.

| വിഷയം | പോർട്ടലിൽ ലഭ്യമായ ചോദ്യപേപ്പറുകളുടെ എണ്ണം | ശില്പശാലയിൽ തയ്യാറാക്കിയ ചോദ്യപേപ്പറുകളുടെ എണ്ണം |
|---|---|---|
| ഹിസ്റ്ററി | 41 | 1 |
| ഇംഗ്ലീഷ് | 117 | 2 |
| ഫിസിക്സ് | 109 | 2 |
| ഇക്കണോമിക്സ് | 76 | 4 |
| ബോട്ടണി | 64 | 1 |
| സുവോളജി | 53 | 1 |
| പൊളിറ്റിക്സ് | 41 | 2 |

(* പോർട്ടലിൽ ലഭ്യമായ മുഴുവൻ വിഷയങ്ങളും ഉൾപ്പെടുത്തിയിട്ടില്ല ).

ധാരാളം ചോദ്യപേപ്പറുകളും അവയുടെ ഉത്തരങ്ങളും ഇവാല്യുവേഷൻ പോർട്ടലിൽ തന്നെ നിലവിൽ ലഭ്യമായിരിക്കെ 13 ചോദ്യപേപ്പർ തയ്യാറാക്കാനേ ശില്പശാല ഉപകരിച്ചുള്ളൂ എന്ന് കാണുന്നു. പോർട്ടലിൽ സംസ്ഥാനത്തെ അധ്യാപകർ ചേർന്ന് തയ്യാറാക്കിയ ചോദ്യപേപ്പർ ഉണ്ടായിരിക്കെ പ്രത്യേക ചോദ്യപേപ്പർ തയ്യാറാക്കിയതിന്റെ സാംഗത്യം മനസിലാകുന്നില്ല. ആയത് എപ്രകാരം ഉപയോഗപ്പെടുത്തിയെന്നും വ്യക്തമല്ല. സമഗ്ര വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി ഫോട്ടോഫിനിഷ് എന്ന പദ്ധതി നടപ്പിലാക്കിയിരുന്നു. ആയതിൽ വിദഗ്ധ അധ്യാപകരുടെ ക്ലാസുകളും കുട്ടികൾക്ക് നൽകിയിട്ടുണ്ട്. ശില്പശാല വഴി തയ്യാറാക്കിയ ചോദ്യങ്ങൾ എപ്രകാരം ഉപയോഗപ്പെടുത്തിയെന്ന് ഫയലിൽ വ്യക്തമല്ല. അധ്യാപക പരിശീലനം, അധ്യാപക ശില്പശാല എന്നിവ എസ്.എസ്.എ, വകുപ്പ് / RMSA എന്നിവയുടെ പ്രവർത്തനങ്ങൾ ആയിരിക്കേ ജില്ലാ പഞ്ചായത്ത്ഫണ്ട് ഉപയോഗിച്ച് സമാന്തരമായ പദ്ധതികൾ ഏറ്റെടുത്ത് നടത്തേണ്ട ആവശ്യകത വ്യക്തമല്ല.

6) സ്കൂൾ വിദ്യാർത്ഥികൾക്കായി വിത്തുകളും തൈകളും കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്നുണ്ട്. കൃഷിവകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് സമാന്തരമായി ജില്ലാപഞ്ചായത്ത് കൃഷിപാഠം പദ്ധതി നടത്തേണ്ട ആവശ്യകത വ്യക്തമല്ല.

മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (52/2022-23, 13.12.2023) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ നിരാകരിച്ച തുക 25000/- രൂപ കിഴിച്ച് 10,75,973 തടസ്സപ്പെടുത്തുന്നു.

3-3 പ്രവാസി സംരംഭങ്ങൾക്ക് ധനസഹായം- പദ്ധതി നിർവഹണത്തിലെ അപാകതകൾ

പ്രൊജക്ട് നമ്പർ- S0560/2022-23

പ്രൊജക്ടിന്റെ പേര്- പ്രവാസി സംരംഭകർക്ക് ധനസഹായം

അടങ്കൽ തുക - 10,00,000/- (വികസനഫണ്ട്-ജനറൽ)

ചെലവ് തുക - 5,70,328/- ബിൽ നമ്പർ- BRN-22160152026301257856/16.2.2023

നിർവഹണം- മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം

ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 31.03.2022 ന ശേഷം വായ്പ എടുത്ത് ആരംഭിച്ച് പഞ്ചായത്ത് പ്രദേശങ്ങളിലെ പ്രവാസികളായ ചെറുകിട സംരംഭകരുടെ വായ്പയുടെ പലിശക്ക് സബ്സിഡി നൽകുന്നതിനാണ് മേൽ പദ്ധതി രൂപീകരിച്ച് നടപ്പാക്കിയത്. സംരംഭകരെ വായ്പയുടെ പലിശ ഭാരത്തിൽ നിന്നും മുക്തരാക്കുക, പ്രവർത്തനമൂലധനത്തിന്റെ അഭാവം പരിഹരിക്കുക, സംരംഭകരെ സാമ്പത്തികമായി ശക്തരാക്കുക, ബാങ്ക് വായ്പ കുടിശ്ശിക പരമാവധി ഇല്ലാതാക്കുക, സംരംഭകരുടെ CIBIL സ്കോർ നിലനിർത്തുക എന്നിവയാണ് പദ്ധതി ലക്ഷ്യങ്ങൾ. ധനകാര്യസ്ഥാപനങ്ങളിൽ നിന്നും സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുന്ന മുറയ്ക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി അർഹമായ പലിശ സബ്സിഡി, സംരംഭകന്റെ ബാങ്ക് അക്കൗണ്ടിലേക്കു നൽകുന്നു. പരമാവധി 10 ലക്ഷം രൂപവരെയുള്ള തുകയ്ക്ക് മാത്രമാണ് പലിശ സബ്സിഡി നൽകുന്നത്. സംരംഭകൻ വായ്പയും പലിശയും ധനകാര്യസ്ഥാപനത്തിൽ മുടക്കം കൂടാതെ തിരിച്ചടച്ചുകൊണ്ടിരിക്കണം. പ്രവാസി സംരംഭങ്ങളുടെ അഭാവത്തിൽ മറ്റു വിഭാഗത്തിലുള്ള സംരഭകരെയും പദ്ധതിയ്ക്കായി പരിഗണിക്കുന്നതാണ്. സംരഭകർ ഉദ്യം (UDYAM) രജിസ്ട്രേഷൻ എടുത്തിരിക്കേണ്ടതും, സംസ്ഥാന സർക്കാരിന്റെ "ഒരു ലക്ഷം സംരംഭം" എന്ന വിഭാഗത്തിൽ ഉൾപ്പെട്ടവരുമായിരിക്കണം. പൊതു വിഭാഗം സംരംഭകർക്ക് പരമാവധി 6% വരെയും പട്ടിക ജാതി പട്ടിക വർഗ്ഗ സംരംഭകർക്കും വനിത സംരംഭകർക്കും 8% വരെയും പലിശ സബ്സിഡി മാനദണ്ഡങ്ങൾക്ക് വിധേയമായി അനുവദിക്കുന്നതാണ്.

"പ്രവാസി സംരംഭകർക്ക് ധനസഹായം"- പ്രവാസികൾ ആരംഭിച്ച യൂണിറ്റുകൾ- ടെക്നോളജി അപ്ഗ്രഡേഷൻ നടത്തുന്നതിന് ധനസഹായം എന്നതാണ് ആദ്യം രൂപീകരിച്ച പദ്ധതി. മേൽ പദ്ധതി നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ് എന്ന് 115/2022 ത.സ്വ.ഭ.വ തി. 28.05.2022 സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക നമ്പർ 6.5 (Ii) (B) (3) രേഖപ്പെടുത്തിയതിനാലും നാളിതുവരെ ഇക്കാര്യത്തിൽ പ്രത്യേക മാർഗ്ഗരേഖ പുറപ്പെടുവിക്കാത്തതിനാലും പദ്ധതിയ്ക്ക് വെറ്റിംഗ് നടത്താത്തതിനാലും പ്രവാസികൾക്ക് മുൻഗണന നൽകി സംരംഭകർ എടുക്കുന്ന വായ്പകളുള്ള പലിശ സബ്സിഡി നൽകുന്ന തരത്തിൽ പദ്ധതി ഭേദഗതി വരുത്തി. (ഭരണസമിതി തീരുമാനം- 51/22 തി.04.11.2022 ). പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ കാലതാമസം വരുമെന്നതിനാൽ പത്രപരസ്യം ചെയ്തു ഗുണഭോക്താക്കളെ ക്ഷണിക്കുന്നതിനും ലഭ്യമായ അപേക്ഷകൾ പ്രകാരമുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമപഞ്ചായത്തുകളുടെ അംഗീകാരം ലഭ്യമാക്കി നിർവഹണം നടത്തുവാൻ നിർവഹണ ഉദ്യോഗസ്ഥൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും ജില്ലാ പഞ്ചായത്ത് ഭരണസമിതി 25.11.2022 ന് അനുമതി നൽകി. [തീരുമാനം നമ്പർ 103/22(10)]. തുടർന്ന് ഗുണഭോക്തൃ തിരഞ്ഞെടുപ്പിനായി പത്രപരസ്യവും എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും, കോഴിക്കോട്, വടകര, കൊയിലാണ്ടി ഉപജില്ലാ വ്യവസായ ഓഫീസർമാർക്കും, ജില്ലാ ഇൻഫർമേഷൻ ഓഫീസർക്കും, ലീഡ് ബാങ്ക് മാനേജർക്കും (കനറാബാങ്ക്) കത്ത് നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ 33 അപേക്ഷകരുടെ അർഹത പരിഗണിച്ച് ജില്ലാപഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരത്തിനായി ഗുണഭോക്തൃലിസ്റ്റ് അയച്ചു. 12.01.2023 ലെ 1/23(2)(2) ഭരണസമിതി തീരുമാനപ്രകാരം ലിസ്റ്റ് അംഗീകരിക്കുകയും ചെയ്തു. ജില്ലാ വ്യവസായ കേന്ദ്രം മാനേജരുടെ 22.02.2023 ലെ DICKKD/1743/2022-P2 നമ്പർ കത്തിലൂടെ ഗുണഭോക്തൃ ലിസ്റ്റിന് ഗ്രാമപഞ്ചായത്തിന്റെ സാധൂകരണം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുവാൻ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയോട് അപേക്ഷിച്ചു. ജില്ലാ പഞ്ചായത്തിലെ പി.2-158/23 തി.16.01.2023 നം. കത്ത് മുഖേന സെക്രട്ടറി സാധൂകരണത്തിനായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് കത്ത് നൽകുകയും ചെയ്തു.

പ്രൊജക്ട് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെചേർക്കുന്നു.

1) 02.09.1998 ലെ (പി)നം.181/98/ത.സ്വ.ഭ., 09.07.1999ലെ (പി) നം.138/99/ത.സ്വ.ഭ.വ ഗുണഭോക്തൃതിരഞ്ഞെടുപ്പ് മാർഗ്ഗരേഖ, 19.04.2022 ലെ(കൈ) 84/2022 ത.സ്വ.ഭ.വ നമ്പർ പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക12.3.1 എന്നിവ പ്രകാരം ജില്ലാപഞ്ചായത്തുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പ്രൊജക്ടുകളിൽ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി നൽകേണ്ടത് ഗ്രാമപഞ്ചായത്തുകൾ വിളിച്ചു കൂട്ടുന്ന ഗ്രാമസഭകളാണ്. അത്തരത്തിൽ ഗ്രാമസഭ അംഗീകരിച്ച മുൻഗണനാലിസ്റ്റ് ജില്ലാപഞ്ചായത്തിന് കൈമാറി ഭരണസമിതി അംഗീകരിച്ച് നിർവഹണ ഉദ്യോഗസ്ഥന് നൽകണം. മേൽ മാർഗ്ഗരേഖയിലെ ഖണ്ഡിക നമ്പർ 12(3).(16) പ്രകാരം ഏതെങ്കിലും സാഹചര്യത്തിൽ ലിസ്റ്റിൽ മാറ്റം ആവശ്യമാണെന്ന് കരുതുന്നുവെങ്കിൽ അക്കാര്യം വസ്തുതകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ പരിശോധന നടത്തിയശേഷം മുൻഗണനാക്രമത്തിൽ മാറ്റം വരുത്തുകയോ അനർഹരെ ഒഴിവാക്കുകയോ അർഹരായവരെ കൂട്ടിചേർക്കുകയോ ചെയ്യാവുന്നതാണ്. അനർഹരെ ഒഴിവാക്കിയ വിവരം അടുത്ത ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതും അർഹരെ കൂട്ടിചേർക്കുന്നത് ഗ്രാമസഭയുടെ അംഗീകാരത്തോടെയുമാവണം. എന്നാൽ മേൽ പദ്ധതിയുടെ ഗുണഭോക്താക്കളെ നാളിതു വരെ അതത് ഗ്രാമസഭകൾ അംഗീകരിച്ചതായി കാണുന്നില്ല. 115/2022 ത.സ്വ.ഭ.വ തി. 28.5.2022 സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.6.2. (ബി)(i) വ്യവസ്ഥ.3 പ്രകാരം പരമാവധി 3 വർഷം വരെ പലിശ സബ്സിഡി നൽകാവുന്നതാണ്. അർഹരായ ഗുണഭോക്താക്കൾക്ക് 3 വർഷം വരെ സബ്സിഡി നൽകാവുന്ന പദ്ധതിയായിരിക്കെ ഗുണഭോക്തൃലിസ്റ്റിന് 9 മാസത്തിനുശേഷവും അംഗീകാരം വാങ്ങിയിട്ടില്ല.

2. ത്രിതല പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കാര്യത്തിൽ അടിസ്ഥാനപരമായി ഗ്രാമസഭയാണ് ഗുണഭോക്താക്കളെ കണ്ടെത്തേണ്ടത്. തെരഞ്ഞെടുക്കപ്പെടുന്ന സംരംഭകർ ജില്ലാ പഞ്ചായത്ത് പരിധിയിൽ താമസിക്കുന്നവരും അതേ ഭൂപരിധിയിൽ സംരംഭം നടത്തുന്നവരും ആയിരിക്കണം എന്നായിരുന്നു നിബന്ധന വെയ്ക്കേണ്ടിയിരുന്നത്. എന്നാൽ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പിന് "കോർപ്പറേഷൻ , മുനിസിപ്പാലിറ്റികൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന സംരംഭകർക്ക് അപേക്ഷിക്കാൻ അർഹതയില്ല" എന്ന് പ്രൊജക്ട് രൂപീകരണ ഫോറത്തിൽ നിബന്ധനയായി ഉൾപ്പെടുത്തിയിരുന്നു. ആയതിനാൽ ഗ്രാമപഞ്ചായത്തുകളിൽ താമസിക്കുന്നവരല്ലാത്ത ഗുണഭോക്താക്കൾക്കും (സംരംഭം ഗ്രാമപഞ്ചായത്ത് പരിധിയിൽ) സബ്സിഡി നൽകിയതായി കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ

കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | സംരംഭം, വിലാസം | സബ്സിഡി ശതമാനം | അനുവദിച്ച സബ്സിഡി തുക |
|---|---|---|---|---|
| 1 | ശ്രീ.ഇസ്സാം അഹമ്മദ് കെ.വി, ടി.കെ.ഹൗസ്, കണ്ണംഞ്ചേരി, കല്ലായ് പോസ്റ്റ്, കോഴിക്കോട് | കെ.വി. ട്രേഡേഴ്സ്, വള്ളിക്കുന്നു, 15/448c പെരുമണ്ണ | 6 | 30,000 |
| 2 | ശ്രീ.ജിഷ്ണു.സി, ചെറിയ പൊറ്റമ്മൽ(H), പറമ്പിൽ പി.ഒ, മേരിക്കുന്ന് | പറമ്പിൽ ടയേഴ്സ്, പറമ്പിൽ. | 6 | 30,000 |
| 3 | ശ്രീനിതിൻ രാജ്.ടി.കെ, നിഷ ഭവൻ, തിരുത്തികുന്നത്ത്, മൊകവൂർ, എരഞ്ഞിക്കൽ | കോസ്റ്റർമെൻ കളക്ഷൻസ്, നാസർ സ്ക്വയർ ബിൽഡിംഗ് XVI/945 AW കക്കോടി | 6 | 37,500 |
| 4 | ശ്രീ.ജയദീപ് പി, വൈഷ്ണവം, ചേന്നംകുഴിയിൽ പറമ്പ്, വേങ്ങേരി പോസ്റ്റ് | ഗംഗ സ്റ്റോർ, KP16/617A കക്കോടി | 6 | 10,000 |
| 5 | ശ്രീ.ജിജീഷ് എം, കിണറുകുത്തിപറമ്പിൽ, കരുവശ്ശേരി പോസ്റ്റ്, കോഴിക്കോട് | ജെ.കെ.ഡോർസ്, ഫാബ്രിക്കേഷൻസ്, 13/589A കക്കോടിമുക്ക് | 6 | 13,500 |
| | ആകെ | | | 12,10,00 |

3. സംരംഭം ആരംഭിക്കുന്നതിന് ബാങ്ക് നൽകിയ വായ്പ പ്രസ്തുത ആവശ്യത്തിന് തന്നെയാണോ ഉപയോഗപ്പെടുത്തിയതെന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തിയില്ല.

4. സബ്സിഡി നൽകുന്നതിനായി തെരഞ്ഞെടുത്ത ഗുണഭോക്താക്കൾ ലോൺതുക ഉപയോഗിച്ച് പ്രസ്തുത സംരംഭം തുടങ്ങിയിട്ടുണ്ടോയെന്നും, നിലവിലും നടത്തി വരുന്നുണ്ടോയെന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 34/22-23 തി.23.11.2023 ക്ക് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ അല്ലാതെ സബ്സിഡി നൽകിയ 1,21,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഗുണഭോക്തൃലിസ്റ്റ് ഗ്രാമസഭ അംഗീകരിക്കുന്നതുവരെ 4,49,328 രൂപയുടെ ചെലവ് തുക തടസ്സപെടുത്തുകയും ചെയ്യുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തിയ്യതി | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് | നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 31.3.2023 | 9,50,000 | എ.ബി.സി പ്രോഗ്രാം | 0 | 950000 | സ്പിൽ ഓവറായി തുടരുന്നു |
| ഗ്രാമപഞ്ചായത്ത് | 31.3.2023 | 3,00,000 | സ്പന്ദനം | 0 | 300000 | സ്പിൽ ഓവറായി തുടരുന്നു. |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കുറ്റ്യാടി ഇറിഗേഷൻ പ്രൊജക്ട് | മരുതേരി കനാൽപാലം നിർമ്മാണം- പേരാമ്പ്ര | 1856/22-23 തി.28.03.2023 | 0 | 17,00,000 | 0 |
| | 887/23-മുണ്ടന്നൂർ കനാൽ പാലം-മണിയൂർ | 1136/22-23 തി. 09.03.2023 | 0 | 15,00,000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ /വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 (എ)ചാർജ്ജ് നടപടികളുടെ വിവരം

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തര വാദി ആയ ഉദ്യോഗസ്ഥൻ, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രശീത് നം., തിയ്യതി) | റവന്യൂ റിക്കവറി നടപടി കളിലൂടെ ഈടാക്കിയ തുക (രൂ) | കോടതി വ്യവഹാരങ്ങളിൽ | ആകെ ലഭ്യ മായ തുക (രൂ) | അവശേഷിക്കുന്ന തുക / ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നം/ തിയ്യതി | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക (രൂ) | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1. | 1997-1998 | 43 ഭാഗികം | ജെ.രാധാകൃഷ്ണൻ സെക്രട്ടറി | Lf/ 9695/Spl. Cell/sc4/200 Dd.01.11.02 | 13,895 | 16.962 രൂ രശീത് നമ്പർ- 91/16955/03 Dtd.30.07.03 | | | | | |
| 2. | 1999 | 65(3), (4),(6), 26 | കെ.പി പ്രസന്നൻ. ഡയറക്ടർ | Lf16197/sp. Cell/sc/5/03 Dtd.23.11.05, | | | | | | | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | ഫുഡ് പ്രോസസ്സിങ് ആൻഡ് ന്യൂട്രീഷൻ സെന്റർ. ബാലുശ്ശേരി. ഇ.എ.കൃഷ്ണൻ, അസിസ്റ്റന്റ് സെക്രട്ടറി | Dtd.28.08.06, Dtd.26.12.06 | | | | | | | | |

## 4-7 (ബി) സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വിവരം

| ക്രമ നമ്പർ | ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | | | 1999-00 | IV.57.1(A) | സോളാർ ഫെൻസിങ് | എൽ.എഫ്. എ.സി യുടെ 2004-06 പത്താമത് റിപ്പോർട്ടിൽ ഖണ്ഡിക 21, 22, 23, 24 ആയി ഉൾപ്പെട്ടു . |
| 2 | | | | IV.57.1(B) | മത്സ്യബന്ധനം | എൽ.എഫ്. എ.സിയുടെ 2004-06 പത്താമത് റിപ്പോർട്ടിൽ ഖണ്ഡിക 27, 28. ധന വിനിയോഗ റിപ്പോർട്ട് ഓഡിറ്റിന് കൈമാറണം. |
| 3 | | | 1999-00 | IV.57.1(C) | മലബാറി ആട് സംരക്ഷണം | എൽ.എഫ്. എ.സിയുടെ 2004-06 പത്താമത് റിപ്പോർട്ടിൽ ഖണ്ഡിക 34 |
| 4 | | | | IV.57.1(D) | മിനി വ്യവസായ എസ്റ്റേറ്റ് | എൽ.എഫ്. എ.സിയുടെ 2004-06 പത്താമത് റിപ്പോർട്ടിൽ ഖണ്ഡിക 57 . വ്യവസായ എസ്റ്റേറ്റ് പുരോഗതി സമിതിയെ അറിയിക്കണം . |
| 5 | | | | IV.57.1(E) | അടുപ്പ് മോൾഡ് നിർമ്മാണ യൂണിറ്റ് . | എൽ.എഫ്. എ.സിയുടെ 2004-06 പത്താമത് റിപ്പോർട്ടിൽ ഖണ്ഡിക 61 |
| 6 | | | | IV.57.1(F) | പൊയിൽ ക്കാവ്- കാഞ്ഞിലശ്ശേരി റോഡ്. | എൽ.എഫ്. എ.സിയുടെ 2004-06 പത്താമത് റിപ്പോർട്ടിൽ ഖണ്ഡിക |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | 66,67. വകുപ്പ് തല നടപടിക്ക് ശുപാർശ |
| 7 | | | | IV.57.1(G) | ലേബർ കോൺട്രാക്റ്റ് കോ.ഓപ്പറേറ്റീവ് സൊസൈറ്റിക്ക് സഹായം. | എൽ.എഫ്. എ.സിയുടെ 2004-06 പത്താമത് റിപ്പോർട്ടിൽ ഖണ്ഡിക 75. തൃപ്തികരമായ വിശദീകര ണത്തിന്റെ അടിസ്ഥാ നത്തിൽ ഒഴിവാക്കാ വുന്നതാണ് . |
| 8 | | | | IV.57.1(H) | റിട്ടയർ ചെയ്ത എഞ്ചിനീയർ മാരുടെ നിയമനം | എൽ.എഫ്. എ.സിയുടെ 2004-06 പത്താമത് റിപ്പോർട്ടിൽ ഖണ്ഡിക 79. കരാർ അടിസ്ഥാ നത്തിൽ നിയമിക്കാൻ ശുപാർശ . |
| 9 | 1998-99 | | 2000-01 | IV.96(I) | റോഡ് പണി തൃപ്തികരമല്ല. ബിൽ നല്കി. | എൽ.എഫ്. എ.സിയുടെ 2004-06 പത്താമത് റിപ്പോർട്ടിൽ ഖണ്ഡിക 83 . സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാന്റെ അനുമതി യോടെ നടപടി സ്വീകരിക്കേ ണ്ടതായിരുന്നു. |
| 10 | 1999-00 | 31 | 2001-02 | 11.15.1 | നാടകപഠന കളരി | |
| 11 | 1999-00 | 65 | 2001-02 | 11.15.2 | മാനവീയം സാംസ്കാരിക മിഷൻ | |
| 12 | 1999-00 | 71 | 2001-02 | 11.15.3 | ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ പുനരധിവാസം | |
| 13 | 2002-03 | 2-26 | 2006-07 | 3.79.18.21 | അങ്കണവാടി പൂർത്തീ കരിച്ചില്ല. | എൽ.എഫ്. എ.സിയുടെ (2021-23) പന്ത്രണ്ടാമത് റിപ്പോർട്ടിൽ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെട്ടു. |
| 14 | 2002-03 | 2-30 | 2006-07 | 3.79.18.22 | ഭവന നിർമ്മാണം പൂർത്തീ കരിച്ചില്ല. | എൽ.എഫ്. എ.സിയുടെ (2021-23) പന്ത്രണ്ടാമത് റിപ്പോർട്ടിൽ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെട്ടു. |
| 15 | 2002-03 | 2-31 | 2006-07 | 3.79.18.23 | വ്യവസായ എസ്റ്റേറ്റ് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ. | എൽ.എഫ്. എ.സിയുടെ (2021-23) പന്ത്രണ്ടാമത് റിപ്പോർട്ടിൽ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെട്ടു. |
| 16 | 2002-03 | 2-40 | 2006-07 | 3.79.18.24 | എസ്.ജി. ആർ.വൈ പദ്ധതി. | എൽ.എഫ്. എ.സിയുടെ (2021-23) പന്ത്രണ്ടാമത് റിപ്പോർട്ടിൽ പൂർത്തീകരണരേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടു. |
| 17 | 2002-03 | 2-24.2 | 2006-07 | പൊതു പരാമർശം | വടക്കുതല ജലസേചന പദ്ധതി-അധികനിരക്ക് | എൽ.എഫ്. എ.സിയുടെ (2021-23) പന്ത്രണ്ടാമത് റിപ്പോർട്ടിൽ സർക്കാർ സാധൂകരണം വാങ്ങി റിപ്പോർട്ട് നൽകാൻ നിർദ്ദേശിച്ചു. |
| 18 | | | 2012-13 (പ്രവർത്തന ക്ഷമതാ | 3.2.6.1 | ആസ്തി സംരക്ഷ ണത്തിൽ വീഴ്ച – കുത്താളി ഫാം | |

| | | | | | | |
|---|---|---|---|---|---|---|
| | | | റിപ്പോർട്ട് ) | | | |
| 19 | | | 2012-13 (പ്രവർത്തന ക്ഷമത റിപ്പോർട്ട് ) | 3.2.6.2 | ഫാം കൃഷി ഭൂമികൾ ഫലപ്രദമായി വിനിയോഗി ക്കുന്നില്ല - തിക്കോടി | |
| 20 | | | 2012-13 (പ്രവർത്തന ക്ഷമത റിപ്പോർട്ട് ) | 3.2.6.3 | കെട്ടിട സൌകര്യങ്ങൾ അപര്യാപ്തത – കൂത്താളി , തിക്കോടി | |
| 21 | | | 2012-13 (പ്രവർത്തന ക്ഷമത റിപ്പോർട്ട് ) | 3.2.6.4 | തൊഴിലാ ളികളുടെ അഭാവം- തിക്കോടി , കൂത്താളി | |
| 22 | | | 2012-13 (പ്രവർത്തന ക്ഷമത റിപ്പോർട്ട് ) | 3.2.6.6 | കാർഷിക യന്ത്രവല്ക്കരണം പരാജയം - കൂത്താളി | |
| 23 | | | 2012-13 (പ്രവർത്തന ക്ഷമത റിപ്പോർട്ട് ) | 3.2.6.10 | സാമ്പത്തിക ഇടപാടു കളിലെ പോരായ്മ- തിക്കോടി | |
| 24 | | | 2012-13 (പ്രവർത്തന ക്ഷമത റിപ്പോർട്ട് ) | 3.2.6.11 | ഫാം കൌൺസിൽ പ്രവർത്തനം കാര്യക്ഷമമല്ല- കൂത്താളി | |
| 25 | | | 2012-13 (പ്രവർത്തന ക്ഷമത റിപ്പോർട്ട് ) | 3.2.6.14 | ഫാമുകളുടെ നടത്തിപ്പ് | |
| 26 | | | 2013-14 (പ്രവർത്തന ക്ഷമത റിപ്പോർട്ട് ) | 5.3.5.16 | സബ്സിഡി മാർഗ്ഗരേഖാ ലംഘനം | |
| 27 | | | 2014-15 (പ്രവർത്തന ക്ഷമത റിപ്പോർട്ട് ) | 4.1.8 | ആസ്തികൾ കാടു പിടിച്ചു കിടക്കുന്നു. | |
| 28 | | | 2014-15 (പ്രവർത്തന ക്ഷമത റിപ്പോർട്ട് ) | 5-എ,5-2 | കോഴി വളർത്തൽ കേന്ദ്രങ്ങൾ, ചാത്തമംഗലം | |
| 29 | | | 2014-15 (പ്രവർത്തന ക്ഷമത റിപ്പോർട്ട് ) | 5-എ.7 | യന്ത്രങ്ങൾ ഉപയോ ഗിക്കുന്നില്ല | |
| 30 | | | 2014-15 (പ്രവർത്തന | 5-എ.9 | ആവശ്യാ നുസരണം ഉല്പാദിപ്പിച്ച് വിതരണം | |

| | | | | | | |
|---|---|---|---|---|---|---|
| | | | ക്ഷമത റിപ്പോർട്ട് ) | | നടത്താ നാവുന്നില്ല . | |
| 31 | | | 2014-15 (പ്രവർത്തന ക്ഷമത റിപ്പോർട്ട് ) | 5-എ.11 | പദ്ധതി നടത്തിപ്പ് – ചാത്ത മംഗലം ഫാം | |
| 32 | സ്പെ ഷ്യൽ ഓഡിറ്റ് റിപ്പോർട്ട് | | 2017-18 | 2-5 | റോഡുകളുടെ ചുമതലാ വിഭജനം | |
| 33 | | | 2017-18 | 2.4.4a അനുബന്ധം 1 | വ്യവസായ എസ്റ്റേറ്റു കളുടെ പ്രവർത്തന ക്ഷമത | |
| 34 | | | 2017-18 | 2.4.4b അനുബന്ധം 2 | വ്യവസായ എസ്റ്റേറ്റു കളുടെ പ്രവർത്തന ക്ഷമത | |
| 35 | | | 2017-18 | 2.4.4c അനുബന്ധം 3 | വ്യവസായ എസ്റ്റേറ്റു കളുടെ പ്രവർത്തന ക്ഷമത | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരുപ്പ് | 6,86,02,935 |
| വരവ് | 134,88,76,484 |
| ആകെ | 141,74,79,419 |
| ചെലവ് | 126,24,32,548 |
| നീക്കിയിരുപ്പ് | 15,50,46,871 |
| വരവിനങ്ങളിലെ നഷ്ടം | 0 |
| ചെലവിനങ്ങളിലെ നഷ്ടം | 1,48,870 |
| ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,48,870 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5,17,70,079 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | ----- | 2,870 | ശ്രീ. ടി. അഹമ്മദ് കബീർ, ജില്ലാപഞ്ചായത്ത് സെക്രട്ടറി |
| 3-2 | ----- | 25,000 | ശ്രീ. മനോജ്കുമാർ സി, ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ |
| 3-3 | ----- | 1,21,000 | ശ്രീ. ആനന്ദകുമാർ കെ.ടി, ജില്ലാ വ്യവസായകേന്ദ്രം മാനേജർ |

| | | | |
|---|---|---|---|
| ആകെ | | 1,48,870 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 8,00,000 | ശ്രീ. ടി. അഹമ്മദ് കബീർ, ജില്ലാപഞ്ചായത്ത് സെക്രട്ടറി |
| 1-13 | 5,00,000 | ശ്രീ. ടി. അഹമ്മദ് കബീർ, ജില്ലാപഞ്ചായത്ത് സെക്രട്ടറി |
| 1-15 | 43,100 | ശ്രീ. ചന്ദ്രൻ.സി, (എക്സിക്യൂട്ടിവ് എഞ്ചിനീയർ ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ അധിക ചുമതല) |
| 1-17 | 5,00,000 | ശ്രീമതി. മീന ടി.ഡി. കൃഷി ഡപ്യൂട്ടി ഡയറക്ടർ |
| 1-18 | 56,06,816 | ശ്രീമതി. മീന ടി.ഡി. കൃഷി ഡപ്യൂട്ടി ഡയറക്ടർ |
| 1-19 | 3,28,400 | ശ്രീമതി. മീന ടി.ഡി. കൃഷി ഡപ്യൂട്ടി ഡയറക്ടർ |
| 1-20 | 14,32,480 | ശ്രീമതി. മീന ടി.ഡി. കൃഷി ഡപ്യൂട്ടി ഡയറക്ടർ |
| 1-21 | 19,99,975 | ശ്രീ. മനോജ്കുമാർ സി, ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ |
| 1-22 | 5,25,000 | ശ്രീ. മനോജ്കുമാർ സി, ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ |
| 1-23 | 10,75,973 | ശ്രീ. മനോജ്കുമാർ സി, ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ |
| 1-25 | 4,83,982 | ശ്രീ. മനോജ്കുമാർ സി, ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ |
| 1-26 | 40,68,735 | ശ്രീ. ഷൈജു ടി.കെ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-28 | 2,85,694 | ശ്രീ. അഷറഫ് കാവിൽ, ജില്ലാ സാമൂഹ്യനീതി ഓഫീസർ |
| 1-29 | 1,93,824 | ഡോ. ദിനേശ്കുമാർ എ.പി, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) |
| 1-30 | 59,68,628 | ശ്രീമതി. സബീന ബീഗം, ജില്ലാ |

| | | |
|---|---|---|
| | | വനിതാശിശു വികസന ഓഫീസർ |
| 1-32 | 2,44,960 | ശ്രീമതി. സബീന ബീഗം, ജില്ലാ വനിതാശിശു വികസന ഓഫീസർ |
| 1-33 | 12,59,695 | ഡോ. ജെസ്സി. പി.സി, സൂപ്രണ്ട്, ജില്ലാ ആയുർവേദ ആശുപത്രി |
| 1-37 | 8,07,240 | ഡോ. ദിനേശ്കുമാർ എ.പി, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) |
| 1-38 | 5,00,000 | ഡോ. ജെസ്സി. പി.സി, സൂപ്രണ്ട്, ജില്ലാ ആയുർവേദ ആശുപത്രി |
| 1-39 | 10,00,000 | ഡോ. സരളനായർ, സൂപ്രണ്ട്, വടകര ജില്ലാ ആശുപത്രി |
| 1-41 | 1,68,709 | ശ്രീമതി. സബീന ബീഗം, ജില്ലാ വനിതാശിശു വികസന ഓഫീസർ |
| 1-46 | 1,84,340 | ശ്രീ. സായിറാം ഹരിദാസ്, ജില്ലാ കൃഷിത്തോട്ടം, കൂത്താളി |
| 1-52 | 8,43,200 | ശ്രീമതി. ഷിബി.കെ, ജില്ലാ ഖാദി പ്രോജക്ട് ഓഫീസർ |
| 1-54 | 4,49,328 | ശ്രീ. ആനന്ദകുമാർ കെ.ടി, ജില്ലാ വ്യവസായകേന്ദ്രം മാനേജർ |
| 1-58 | 2,25,00,000 | ശ്രീമതി. രശ്മി ആർ, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഡയറീസ് |
| ആകെ | 5,17,70,079 | |

(സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽ വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ടി. അഹമ്മദ് കബീർ, ജില്ലാപഞ്ചായത്ത് സെക്രട്ടറി | അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി, പൊതുമരാമത്ത് ടൂറിസം വകുപ്പ് | 'ആമിന' ഫറൂഖ്കോളേജ്, അഴിഞ്ഞിലം പി ഒ, പിൻകോഡ് -673632 |

| | | |
|---|---|---|
| ശ്രീ. മനോജ്കുമാർ സി, ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ | ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ | തണൽ വീട്, മണിയൂർ പി.ഒ, വടകര, കോഴിക്കോട് |
| ശ്രീ. ആനന്ദകുമാർ കെ.ടി, ജില്ലാ വ്യവസായകേന്ദ്രം മാനേജർ | ജില്ലാ വ്യവസായകേന്ദ്രം, മാനേജർ | കുഴിപ്പള്ളി തിരുനെല്ലി, പന്തീരംകാവ് പി, ഒ |
| ശ്രീ. ചന്ദ്രൻ.സി, എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ. ചന്ദ്രൻ. സി, അസിസ്റ്റന്റ് എക്സി എഞ്ചിനീയർ | അഭരതം, പനയിങ്ങൽ, മേരിക്കുന്ന് |
| ശ്രീമതി. മീന ടി.ഡി. കൃഷി ഡപ്യൂട്ടി ഡയറക്ടർ | ഡെപ്യൂട്ടി ഡയറക്ടർ (കൃഷി), കോഴിക്കോട് | ജനിതകം, പൊറ്റശ്ശേരി, മണാശ്ശേരി പി ഒ, മുക്കം, കോഴിക്കോട്, 673602 |
| ശ്രീ. ഷൈജു ടി.കെ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (LID&EW) | കാർത്തിക, താഴേകോലേരി, ചേവരമ്പലം, കോഴിക്കോട് |
| ശ്രീ. കെ.ടി. അഷറഫ് , ജില്ലാ സാമൂഹ്യനീതി ഓഫീസർ | ജില്ലാ സാമൂഹ്യനീതി ഓഫീസർ, കോഴിക്കോട് | കട്ടയാട്ട് ഹൗസ്, കാവിൽ പി.ഒ, നടുവണ്ണൂർ |
| ഡോ. ദിനേശ്കുമാർ എ.പി, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) | അഡീഷണൽ ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം) | അആഷിയാന, അന്നൂർ, തളിപ്പറമ്പ്, കണ്ണൂർ, വെള്ളൂർ വില്ലേജ് |
| ശ്രീമതി. സബീന ബീഗം, ജില്ലാ വനിതാശിശു വികസന ഓഫീസർ | ജില്ലാ വനിതാശിശു വികസന ഓഫീസർ, കോഴിക്കോട് | അൽനൂർ, കണ്ണൂർ, മഞ്ഞമല, ആറ്റിങ്ങൽ, തിരുവനന്തപുരം |
| ഡോ. ജെസ്സി. പി.സി, സൂപ്രണ്ട്, ജില്ലാ ആയുർവേദ ആശുപത്രി | സൂപ്രണ്ട്, ജില്ലാ ആയുർവേദ ആശുപത്രി, കോഴിക്കോട് | മാളികമംഗലം, മലാപ്പറമ്പ്, കോഴിക്കോട് |
| ഡോ. സരളനായർ, സൂപ്രണ്ട്, വടകര ജില്ലാ ആശുപത്രി | സൂപ്രണ്ട്, വടകര ജില്ലാ ആശുപത്രി | ശ്രീഹരി, കുതിരവട്ടം, കോഴിക്കോട് |
| ശ്രീ. സായിറാം ഹരിദാസ്, ജില്ലാ കൃഷിത്തോട്ടം, കൂത്താളി | സൂപ്രണ്ട്, ജില്ലാ കൃഷിത്തോട്ടം, കൂത്താളി | സായികൃപ, പണിക്കർ റോഡ്, കോഴിക്കോട് |
| ശ്രീമതി. ഷിബി.കെ, ജില്ലാ | ജില്ലാ ഖാദി പ്രൊജക്ട് ഓഫീസർ, | മേലേടത്ത് ഹൗസ്, |

| | | |
|---|---|---|
| ഖാദി പ്രോജക്ട് ഓഫീസർ | കോഴിക്കോട് | കാരന്തൂർ പി.ഒ, കോഴിക്കോട് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | കെ.എസ്.എകെ.കെ.ഡി/ഡി.പി/ എ2/253/22(1) തിയ്യതി 08.06.2023 | 16 | 7, 17, 19, 20, 28, 32, 43, 44, 45, 46, 50, 51(3), 56, 57, 58, 59 |
| 1998-99 | കെ.എസ്.എകെ.കെ.ഡി/ഡി.പി/ എ2/253/22(2) തിയ്യതി 08.06.2023 | 11 | 9,35(എ,ബി,ഡി),46,47,48,49,52,52,54,55,56 |
| 1999-00 | കെ.എസ്.എകെ.കെ.ഡി/ഡി.പി/ എ2/253/22(3) തിയ്യതി 08.06.2023 | 17 | 26, 29, 31, 44, 54, 55, 59, 64, 65, 69, 70, 71, 75, 76, 77, 78, 81 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി/ പി8/1563/2012 തിയ്യതി 12.03.2013 | 31 | 4, 6, 9, 10, 11, 12, 12A, 13, 15, 19, 20, 21, 25, 27, 28, 30, 32, 34, 35, 36, 37, 38, 39, 40, 41, 42, 43, 44, 45, 51, 60, |
| 2001-02 | കെ.എസ്.എകെ.കെ.ഡി/ഡി.പി/ എ2/253/22(4) തിയ്യതി 08.06.2023 | 19 | 2-1, 2-6, 2-9, 2-10, 2-12, 2-13, 2-14, 2-15, 2-16, 2-17, 2-18, 2-20, 2-21, 2-22, 2-23, 2-24, 2-32, 2-33, 2-34 |
| 2002-03 ചെലവ് | കെ.എസ്.എ.ഡി.പി. കെ.കെ.ഡി/ എ2/ 251/22/(1) തിയ്യതി 13.9.2022 | 25 | 2-2 ഡി, 2-7, 2-8, 2-13, 2-17, 2-19, 2-21, 2-22, 2-24, 2-25, 2-26, 2-30, 2-31, 2-32, 2-35, 2-36, 2-37, 2-38, 2-39, 2-40, 2-41, 2-43, 2-48, 2-49, 2-50(2) |
| 2002-03 വരവ് | എൽ.എഫ്.കെ.കെ.ഡി/ പി7/ 866/09 തീയതി.10.9.2009 | 6 | 1A, 1C, 4-1, 4-4, 4-6, 4-8 |
| 2003-04 | കെ.എസ്.എകെ.കെ.ഡി/ഡി.പി/ എ2/253/22(5) തിയ്യതി 08.06.2023 | 9 | 2-9, 2-16, 2-17, 2-18, 2-20, 2-23, 2-29(2), 2-30, 2-35 |

| | | | |
|---|---|---|---|
| 2004-05 | എൽ.എഫ്.കെ.കെ.ഡി/ പി8/ 954/10/(4) തിയ്യതി 07.08.2010 | 23 | 2-2(a), 2-4(3,4,5), 2-5, 2-6(1), 2-7, 2-9, 2-10(2,3) , 2-11a, 2-13, 2-14, 2-15, 2-16(2), 2-17, 2-18, 2-19, 2-21, 2-22, 2-25(2), 2-26, 2-27(1,2), 2-28, 2-29, 2-30 |
| 2004-05 വരവ് | എൽ.എഫ്.കെ.കെ.ഡി/ പി7/ 1392/08 തിയ്യതി 02.12.09 | 10 | 1-2, 2-1(2,3) 2-2(1), 3-3(9), 2-2(5,6), 2-3(3), 4-6, 2-3-5(എ, ബി, സി, ഇ), 4-7 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/ പി7/ 551/09 തിയ്യതി 01.07.2010 | 5 | 2-6, 2-14എ, 2-15, 2-16 എ, ബി |
| 2005-06 വരവ് | എൽ.എഫ്.കെ.കെ.ഡി/ പി7/ 865/09 തിയ്യതി 30.06.2009 | 17 | 1-1, 1-2, 1-3, 1-4, 2-1(2), 2-1(3), 2-1(4), 2-2(3), 2-2(4), 2-2(5), 4-1(4), 4-1(5), 4-1(6), 4-1(10), 4-4, 4-6, 4-8 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/ പി8/ 250/11 തിയ്യതി 13.07.2011 | 14 | 2-5, 2-7, 2-8, 2-12, 2-16, 2-24, 2-27, 2-31, 2-33, 2-35, 2-36, 2-43, 2-44, 2-45 |
| 2006-07 വരവ് | എൽ.എഫ്.കെ.കെ.ഡി/ പി8/ 04/11 തിയ്യതി 26.04.11 | 3 | 2-3, 4-1(7), 4-5 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/ പി8/196/10 തിയ്യതി 01.07.2010 | 24 | 3 എ V, (2)(4)(5), 3ബി(1), 3എ Iv, 3ബി(5), 3ബി(14), 3 ബി (18), 19, 22, 23(1) (3), 26, 28,(2), 29(2), (3), 30(1) (2), 34(4), 37, 38,(1)(3), 39, 40, 41, 46, 47, 48, 50, 51 |
| 2008-09 | കെ.എസ്.എ.ഡി.പി. കെ.കെ.ഡി/ എ2/ 251/22/(2) തിയ്യതി 13.9.2022 | 43 | 2-1, 2-3(1), (6), (9), (10), (11), 2-6, 2-7(1), (2), (3), (4), (5), (6), 3-4(1),(3),(4),(5),(6),3-5(2),(3), 3-6, 3-7(1,2,3,4,5), 3-8(1,3), 3-8(2), 3-9 (1, 3 (2എ, ബി) , 3-10 (1, 3,4, 5), 3-11 (2, 3, 6), 3-12(1,2), 3-16(1), 3-17(1), 3-18(1), 3-19(1,2), 3-20(1), 3-21(1,2,3), 3-22(2), 3-23, 3-24, 3-25, 3-26, 3-27, 3-28(1,2), 3-29, 3-32, 3-33, 3-34(1,2), 3-35(1), 3-36, 3-39(1,2,3), 3-40(1,3,4), 3-41, 3-42, 3-43(1,2), 3-44, 3-45, 4-3, 4-5, 4-6 |
| 2009-10 | കെ.എസ്.എ.ഡി.പി. കെ.കെ.ഡി/ എ2/ 251/22/(3) തിയ്യതി 13.9.2022 | 40 | 2-2, 2-3, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-20, 3-21, 3-23, 3-24, 3-26, 3-27, 3-28, 3-29, 3-31, 3-33, 3-34, 3-36, 3-37, 3-38, 3-39, 3-40, 3-41, 3-42, 3-43, 3-44, 3-45, 3-46, 3-47, 3-48 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി/ പി12/2038/19 തിയ്യതി 12.06.2020 | 14 | 2-2, 3-4(1), 3-6, 3-7(1), (2), 3-8, 3-9, 3-10, 3-13, 3-15, 3-16, 3-17, 3-20, 4-3, 4-7 |
| 2011-12 | കെ.എസ്.എകെ.കെ.ഡി/ഡി.പി/ എ2/253/22(6) തിയ്യതി 14.06.2023 | 14 | 2-1(1), (2), 2-4, 3-4, 3-5, 3-9, 3-14(2), 3-16, 3-19, 3-21, 3-22, 3-27, 3-28, 3-31, 4-5 |
| 2012-13 | കെ.എസ്.എകെ.കെ.ഡി/ഡി.പി/ എ2/253/22(7) തിയ്യതി 14.06.2023 | 24 | 2-3, 2-5, 3-1, 3-2, 3-3, 3-4, 3-5, 3-7, 3-8, 3-9, 3-10, 3-12, 3-13, 3-14, 3-17, 3-18, 3-19, 3-20, 3-21, 3-22, 3-24, 3-26, 3-27, 3-28 |
| 2013-14 | കെ.എസ്.എകെ.കെ.ഡി/ഡി.പി/ എ2/253/22(8) തിയ്യതി 14.06.2023 | 25 | 2-1, 2-2, 2-4, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-14, 3-15, 3-17, 3-22, 3-23, 3-24, 3-26, 3-27, 3-28, 3-30, 3-31, 4-1 |
| 2014-15 | കെ.എസ്.എകെ.കെ.ഡി/ഡി.പി/ എ2/253/22(9) തിയ്യതി 14.06.2023 | 22 | 2(1), 2(2), 3(4), 3(6), 3(8), 3(9), 3(11), 3(13), 3(14), 3(15), 3(18), 3(19), 3(20), 3(21), 3(22), 3(23), 3(24), 3(25), 3(27), 3(28), 3(30), 3(31) |
| 2015-16 | കെ.എസ്.എകെ.കെ.ഡി/ഡി.പി/ എ2/253/22(10) തിയ്യതി 14.06.2023 | 27 | 2(3)II, III, 2-6, 3-2, 3-3, 3-5, 3-6, 3-11, 3-12, 3-13, 3-15, 3-19, 3-20, 3-21, 3-22, 3-24, 3-27, 3-28, 3-29, 3-30, 3-33, 3-34, 3-37, 3-38 , 3-41, 3-42, 3-43, 3-45 |

| | | | |
|---|---|---|---|
| 2016-17 | കെ.എസ്.എകെ.കെ.ഡി/ഡി.പി/ എ2/253/22(11) തിയ്യതി 14.06.2023 | 34 | 2-1, 2-2, 3-1, 3-2, 3-3, 3-4, 3-5, 3-7, 3-13, 3-14, 3-17, 3-18, 3-19, 3-20, 3-21, 3-22, 3-23, 3-24, 3-25, 3-26, 3-27, 3-28, 3-29, 3-30, 3-31, 3-32, 3-35, 3-36, 3-37(A), 3-38, 3-39, 3-41, 3-42, 3-43 |
| 2017-18 | കെ.എസ്.എകെ.കെ.ഡി/ഡി.പി/ എ2/253/22(12) തിയ്യതി 14.06.2023 | 55 | 1-12(2), 2-1, 2-2(1), (2), 2-4, 2-6, 2-7, 3-1, 3-3 മുതൽ 3-14വരെ ,3-16 മുതൽ 3-21 വരെ , 3-23 മുതൽ 3-30വരെ ,3-31, 3-32 , 3-34 , 3-35, 3-36, 3-37, 3-39(2), 3-40-(4) , 3-41 , 3-45 , 3-46 , 3-47 , 3-48 , 3-50, 3-51, 3-52, 3-53, 3-55-I-(1), 3-55(II)(2), 3-55(III), 3-56(1), 3-56(3), 3-56 (4), 3-57, 3-58, 3-60, 4-10 |
| 2018-19 | കെ.എസ്.എകെ.കെ.ഡി/ഡി.പി/ എ2/176/2023 തിയ്യതി 30.06.2023 | 29 | 1-7, 1-9(1) (2) (3) (4) (5) (6) (7) (9),1-10 (1) (2) (3)(4)(5 (1, 2, 3)), 1-10-6 (1,2), 1-10-7(1, 4, 7), 1-11(1) (2) (3) (5), 1-12(1), 1-13(1)(2), 1-14(1)(3)(4), 1-15, 1-16, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-29, 1-30, 1-31, 1-32, 1-35, 1-38(1) (2) (3)(4)(5),1-39,1-40,1-45,3-1, 4-10, 4-11 |
| 2019-20 | കെ.എസ്.എകെ.കെ.ഡി/ഡി.പി/ എ2/112/23 തിയ്യതി 03.05.2023 | 23 | 1-9 (Ii, Iii, Iv, V. Vi, Ix), 1-12, 1-14, 1-16 (1, 2), 1-17, 1-18 (ഭാഗികം), 1-19, 1-20, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-29, 1-30, 1-31, 1-34, 1-35, 1-41, 1-42, 1-43, 3-2 |
| 2020-21 | കെ.എസ്.എ/ഡി.പി/ കെ.കെ.ഡി/എ2/310/2023 തിയ്യതി 1.11.2023 | 81 | 1-7, 1-10(1,2,3,4,6,7,8,9), 1-11,1-12, 1-13, 1-14(4,5), 1-15(1,3,5), 1-16, 1-18(3,7), 1-20, 1-22, 1-23, 1-24, 1-26, 1-27, 1-28, 1-30, 1-33, 1-34, 1-39, 1-41, 1-42, 1-43, 1-45, 1-46, 1-48, 1-49, 1-50, 1-51, 1-52, 1-53, 1-54, 1-55, 1-56, 1-57, 1-58, 1-59(1,2,6,7,8), 1-60, 1-62(1,2), 1-63, 1-64, 1-65, 1-66, 1-67, 1-71, 1-73, 1-74, 1-75, 1-76, 1-77, 1-78, 1-79, 1-80, 1-81, 1-82, 1-83, 1-84, 1-85, 1-86, 1-87, 1-88(4,5,6,7,8,9,10,11), 1-89(1,3), 1-90(1,2,4,6,7), 1-91, 1-93, 1-95, 1-96, 1-97, 1-98, 1-99, 1-100, 1-101, 1-102, 1-103, 1-104, 1-105, 1-106, 1-107, 3-1(4,5,6,7,8,9,10,11), 4-2, 4-10 |
| 2021-22 | | | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കോഴിക്കോട് ജില്ലാ പഞ്ചായത്ത്

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 3/1 dated 25-07-2023 and submitted on 25-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Kozhikode Concurrent District Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kozhikode Concurrent District Panchayat for the year 2022-2023

Date: 30/12/2023

Senior Deputy Director
Kozhikode District Panchayat
Kerala State Audit Department

## Audit Report appended to the Audit Certificate of Kozhikode Concurrent District Panchayat for the Year 2022-2023 .

**1.Major Observations**

nil

**2.Other Observations**

1) Mandatory financial statements prescribed in Accounting Rules such as Basic Ratios, Notes on Accounts are not included with AFS
2) Assets created by using Maintenance G rant and Own Fund were not included under the Head Fixed Assets.
3) Amount received fron Central Govt. as Nirmal Grama Puraskar remains unexpended.
4) Lapsed Deposit not forfeited to Own fund
5) Details regarding the value of closing stock not produced .
6) The amount received under the Head E.M.D , Tender fee not reflected in the AFS

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ പഞ്ചായത്ത് & ജില്ലാ കുടുംബശ്രീ ഓഡിറ്റ് കാര്യാലയം,
കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

3

## അനുബന്ധം

സ്കൂളുകളുടെ വൈദ്യുതി ചാർജ്ജ് ജില്ലാ പഞ്ചായത്ത് അടച്ചതിന്റെ വിവരം/ സ്കൂളുകൾ ജില്ലാപഞ്ചായത്തിന് കൈമാറിയ തുകയുടെ വിവരം കാണിക്കുന്ന പട്ടിക

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | വൈദ്യുതി ചാർജ്ജിനത്തിൽ ജില്ലാ പഞ്ചായത്ത് കെ.എസ്.ഇ.ബി യിൽ അടച്ച തുക | | സ്കൂൾ ജില്ലാ പഞ്ചായത്തിന് കൈമാറിയ തുക (മിച്ച വൈദ്യുതി) | | |
|---|---|---|---|---|---|---|
| | | 2021-22 | 2022-23 | 2020-21 | 2021-22 | 2022-23 |
| 1 | GVHSS മേപ്പയൂർ | 38759 | 252864 | | | |
| 2 | GHSS കല്ലാച്ചി | 11140 | 27453 | | | |
| 3 | GHSS നായർകുഴി | 14941 | 26103 | | | |
| 4 | GHSS ശിവപുരം | 11558 | 27752 | | | |
| 5 | GHSS നരിക്കുനി | | 62905 | | 20718 | 25240 |
| 6 | GHSS പയ്യോളി | | 39713 | | | |
| 7 | GHSS മടപ്പള്ളി | | 193996 | | | 9593 |
| 8 | GHSS പെരിങ്ങളം | | 34912 | | | 19824 |
| 9 | GMSS രാരോത്ത് | 27457 | 8300 | | 13681 | 20600 |
| 10 | GHSS കുറ്റ്യാടി | 6234 | 147382 | | | |
| 11 | GHSS താമരശ്ശേരി | 113603 | 129446 | | | |
| 12 | GHSS കക്കോടി | | 31077 | | | |
| 13 | GHSS പയിമ്പ്ര | 35689 | 91503 | 7840 | | |
| 14 | GHSS അഴിയൂർ | 24239 | 48865 | | | |
| 15 | GHSS കൊളത്തൂർ | | 10477 | | | 5955 |
| 16 | GHSS വളയം | | 4845 | | | |
| 17 | GHSS പെരുമണ്ണ | | 27241 | | | 26852, 27942 |
| 18 | GHSS പുതുപ്പാടി | 26781 | 42217 | | | |
| 19 | GGHSS ബാലുശ്ശേരി | 18920 | 74796 | | | |
| 20 | GHSS കുറ്റിക്കാട്ടൂർ | | 91250 | | | |
| 21 | GHSS ചാത്തമംഗലം | | 45048 | | | |
| 22 | GHSS ഓർക്കാട്ടേരി | | 19660 | | | |
| 23 | GHSS ഇരിങ്ങല്ലൂർ | | 46118 | | | |
| 24 | GHSS പന്നൂർ | 29311 | 27500 | | | |
| 25 | GHSS വെങ്ങപ്പറ്റ | 20927 | 14222 | | 29455 | 45168 |

| | | | | | | |
|---|---|---|---|---|---|---|
| 26 | GHSS ചോറോട് | | 73356 | | | |
| 27 | GHSS പൂനൂർ | | 74711 | | | |
| 28 | GHSS വെള്ളിയോട് | | 7502 | 7247 | | 26942 |
| 29 | Unknown | | 18469 | | | |
| 30 | GHSS വന്മുഖം | 25536 | | | 19804 | |
| 31 | GHSS മാവൂർ | | | | 28300 | |
| 32 | GHSS ആവളകുട്ടോത്ത് | | | 10570 | | |
| 33 | GHSS അവിടനല്ലൂർ | | | | 26956 | |
| 34 | GHSS പറമ്പിൽ | | | | | 19487 |
| 35 | GVHSS താമരശ്ശേരി | 44247 | | | | |
| ആകെ | | 449342 | 1699683 | 25657 | 138914 | 227603 |

## 4

## അനുബന്ധം

സോളാർ വൈദ്യുത നിലയം- പ്രൊജക്ട് നിർവഹണം- നാൾവഴികൾ (ഖണ്ഡിക: 1-10 കാണുക)

| ക്രമ നമ്പർ | കത്ത്/ നടപടികൾ | തിയ്യതി | വിശദാംശം |
|---|---|---|---|
| 1 | നമ്പർ . സി.ഇ(ആർ.ഇ.ഇ.എസ്) ഗവ.ഇൻസ്റ്റിറ്റ്യൂഷൻസ്-ആർ.ടി/എഇഇ9 /2019-20/1966 (കെ.എസ്.ഇ.ബി ചീഫ് എഞ്ചിനീയർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് അയച്ച കത്ത്) | 7.2.2020 | ജില്ലാ പഞ്ചായത്തുൾപ്പെടെ ആകെ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ 300 കിലോ വാട്ട് പീക്ക് സ്ഥാപിത ശേഷിയുള്ള പ്ലാന്റ് സ്ഥാപിക്കാൻ ഏകദേശം 185 ലക്ഷം രൂപ എസ്റ്റിമേറ്റ് കണക്കാക്കുന്നതായി ചീഫ് എഞ്ചിനീയർ അറിയിച്ചു. |
| 2 | നമ്പർ. പി.ഇ.2-391/2020 എ (സെക്രട്ടറി ചീഫ് എഞ്ചിനീയർക്ക് അയച്ച കത്ത്) | 4.5.2020 | സ്കൂളുകളിൽ സോളാർപ്ലാന്റ് സ്ഥാപിക്കുന്നതിനായി 5600000/- രൂപ വകയിരുത്തിയതായി അറിയിച്ച കത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകാൻ കെ.എസ്.ഇ.ബി യോട് ആവശ്യപ്പെട്ടു. |
| 3 | നമ്പർ. സി.ഇ(ആർ.ഇ.ഇ.എസ്) ഗവ.ഇൻസ്റ്റിറ്റ്യൂഷൻസ്-ആർ.ടി/എഇഇ9 /2020-21/97 (കെ.എസ്.ഇ.ബി ചീഫ് എഞ്ചിനീയർ സെക്രട്ടറിയ്ക്ക് അയച്ച കത്ത്) | 12.5.2020 | 5600000/- രൂപ ഉപയോഗപ്പെടുത്തി 96 കിലോവാട്ട് പീക്ക് സ്ഥാപിതശേഷിയുള്ള പ്ലാന്റ് 8 സ്കൂളുകളിൽ സ്ഥാപിക്കുവാൻ സാധിക്കുമെന്നും ആയതിന്റെ കോസ്റ്റ് എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ ലഭ്യമാക്കുകയും ചെയ്തു. |
| 4 | നമ്പർ. പി.ഇ 2/1765/2020 (സെക്രട്ടറി ചീഫ് എഞ്ചിനീയർക്ക് അയച്ച കത്ത്) | 10.12.2020 | ഘടകസ്ഥാപനങ്ങളിൽ സോളാർ സ്ഥാപിക്കാൻ |

| | | | |
|---|---|---|---|
| | | | 2020-21 വർഷം പദ്ധതിയ്ക്കായി വകയിരുത്തിയത് 96,55,057 രൂപയാണെന്നും ആയതിൽ പരിമിതപ്പെടുത്തി റീവൈസ്ഡ് എസ്റ്റിമേറ്റ് ലഭ്യമാക്കാൻ സെക്രട്ടറി അഭ്യർത്ഥിച്ചു. |
| 5 | നമ്പർ. പി.ഇ2-391/2020( എ) (സെക്രട്ടറി ചീഫ് എഞ്ചിനീയർക്ക് അയച്ച കത്ത്) | 10.12.2020 | ഡി.പി.ആർ സമർപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ കെ.എസ്.ഇ.ബിയോട് അഭ്യർത്ഥിച്ചു. |
| 6 | എഗ്രിമെന്റ് 43/2021 dt. 17.2.2021 (Rs. 96,55,057)<br>എഗ്രിമെന്റ് 44/2021 dt.17.2.2021 (Rs. 56,00,000) | 17.2.2021 | പ്രവൃത്തി നടപ്പിലാക്കുന്നതിന് ജില്ലാപഞ്ചായത്തും കെ.എസ്.ഇ.ബി യുമായി കരാർ വെയ്ക്കുന്നു. കരാറിലെ II(n) വ്യവസ്ഥ പ്രകാരം പ്രവൃത്തി സൈറ്റ് കൈമാറിയതിനുശേഷം 8 മാസത്തിനകം പ്രവൃത്തി പൂർത്തിയാക്കണമെന്നും 5 വർഷത്തേയ്ക്കുള്ള പ്ലാന്റിന്റെ പരിപാലന ചെലവ് ജില്ലാ പഞ്ചായത്ത് നിക്ഷേപിച്ച തുകയിൽ നിന്നും KSEB തിരിച്ചുനൽകുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| 7 | ബിൽ നമ്പർ- BRN 20160152000401431839/29.3.21- 96,55,057<br>ബിൽ നമ്പർ- BRN 20160152000401431837/29.3.21- 56,00,000 | 29.3.2021 | തുക കെ.എസ്.ഇ.ബിയുടെ അക്കൗണ്ടിലേയ്ക്ക് കൈമാറി |
| 8 | 27.7.2021 ലെ ഭരണസമിതിയോഗം തീരുമാനം നമ്പർ -53/21(4) | 27.7.21 | ഡി.പി.ആർ അംഗീകരിക്കുന്നതിനും പ്രവൃത്തി എത്രയും വേഗം ആരംഭിക്കാൻ കെ.എസ്.ഇ.ബി യോട് ആവശ്യപ്പെടുന്നതിനും തീരുമാനിച്ചു. DPR പ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 6 മാസമാണ്. |
| 9 | നമ്പർ. പി.ഇ.2-1765/2020 തി.12.8.2021 (സെക്രട്ടറി ചീഫ് എഞ്ചിനീയർക്ക് അയച്ച കത്ത്) | 12.8.2021 | പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കെ.എസ്.ഇ.ബിയോട് അഭ്യർത്ഥിച്ചു. |
| 10 | ഭരണസമിതി തീരുമാനം 2/2022 തി.19.1.2022 | 19.1.2022 | ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള സ്കൂളുകളിലും മറ്റ് സ്ഥാപനങ്ങളിലും സോളാർ പാനൽ സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി |

| | | | |
|---|---|---|---|
| | | | ഡെപ്പോസിറ്റ് വർക്ക് 75,00,000 വകയിരുത്തി. |
| 11 | നമ്പർ. പി.ഇ.2-558/2022 തി.16.02.2022 (സെക്രട്ടറി ചീഫ് എഞ്ചിനീയർക്ക് അയച്ച കത്ത്) | 16.2.2022 | സ്കൂളുകളിലും അനുബന്ധസ്ഥാപനങ്ങളിലും സോളാർപാനൽ സ്ഥാപിക്കുന്നതിന് 75,00,000/- രൂപ വകയിരുത്തിയിട്ടുണ്ടെന്നും ഡി.പി.ആർ ലഭ്യമാക്കണമെന്നും കെ.എസ്.ഇ.ബി യോട് ആവശ്യപ്പെട്ടു. |
| 12 | നമ്പർ. സി.ഇ(ആർ.ഇ.ഇ.എസ്) ഗവ.ഇൻസ്റ്റിറ്റ്യൂഷൻസ്-ആർ.ടി/എഇഇ9 /2021-22/2410 (കെ.എസ്.ഇ.ബി ചീഫ് എഞ്ചിനീയർ സെക്രട്ടറിയ്ക്ക് അയച്ച കത്ത്) | 16.3.2022 | ജില്ലാ പഞ്ചായത്തിന്റെ 11കെട്ടിടങ്ങളിലായി മൊത്തം 150 കിലോ വാട്ട് പീക്ക് സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കാൻ സാധിക്കുമെന്നും 75,00,000/- രൂപയുടെ എസ്റ്റിമേറ്റും ലഭ്യമാക്കുകയും പദ്ധതി തുക കൈമാറാനും നിർദ്ദേശിച്ചു. |
| 13 | 26.3.2022 ലെ ധാരണാപത്ര പ്രകാരം | 26.3.3022 | 26.3.2022 ന് ജില്ലാ പഞ്ചായത്തും കെ.എസ്.ഇ.ബി യും കരാറിലേർപ്പെട്ടു. |
| 14 | ബിൽ നമ്പർ-1475/2021-22 തി.30.03.2022 തുക-75,00,000/- | 30.3.2022 | തുക കെ.എസ്.ഇ.ബിയുടെ അക്കൗണ്ടിലേയ്ക്ക് കൈമാറി. |
| 15 | നമ്പർ. പി.ഇ-2-558/2022 (സെക്രട്ടറി ചീഫ് എഞ്ചിനീയർക്ക് അയച്ച കത്ത്) | 19.5.2022 | 75,00,000 രൂപ കൈമാറിയതായും 2020-21 വർഷത്തിലെ ഡെപ്പോസിറ്റ് വർക്കിന്റെ വിശദമായ റിപ്പോർട്ടും ആവശ്യപ്പെട്ടു. |
| 16 | നമ്പർ. സി.ഇ(ആർ.ഇ.ഇ.എസ്)ഗവ.ഇൻസ്റ്റിറ്റ്യൂഷൻസ്-ആർ.ടി/എഇഇ9/2022-23/318 (കെ.എസ്.ഇ.ബി ചീഫ് എഞ്ചിനീയർ സെക്രട്ടറിയ്ക്ക് അയച്ച കത്ത്) | 3.6.2022 | 2020-21 വർഷത്തിൽ ആകെ നിക്ഷേപിച്ച 1,52,55,057 രൂപയുടെ പ്രവൃത്തി 15.11.2021 ന് ടെണ്ടർ ചെയ്യുകയും ഒരു ബിഡ്ഡർ മാത്രമായതിനാൽ ടെണ്ടർ ക്യാൻസൽ ചെയ്ത് 12.4.2022 ന് റീ ടെണ്ടർ ചെയ്യുകയും ഒരു ബിഡ്ഡർ പങ്കെടുത്തതായും നെഗോസിയേഷൻ നടത്തിയതിൽ ആകെ പ്രവൃത്തിതുക 2,44,47,202 ആണെന്നും പ്രവൃത്തി നടത്തുന്നതിലേയ്ക്കുള്ള അധികതുക 92,00,000/- കൈമാറാനും നിർദ്ദേശിച്ചു. |
| 17 | ഭരണസമിതി തീരുമാനം നമ്പർ -61/22(13) തി.21.6.2022 | 21.6.2022 | മേൽ കത്ത് യോഗത്തിൽ ചർച്ച ചെയ്യുകയും കരാർ പ്രകാരം എസ്റ്റിമേറ്റ് നിരക്കിൽ പ്രവർത്തി |

| | | | |
|---|---|---|---|
| | | | പൂർത്തീകരിക്കുക എന്നത് കെ.എസ്.ഇ.ബി യുടെ ഉത്തരവാദിത്തമാണെന്നും 2020-21 ൽ കൈമാറിയ 1,52,55,057 രൂപയും 2021-22 ൽ കൈമാറിയ 75,00,000 രൂപയും നിയമാനുസൃതപലിശ സഹിതം ജില്ലാ പഞ്ചായത്തിന് തിരിച്ചുനൽകുന്നതിന് കെ.എസ്.ഇ.ബി യ്ക്ക് കത്ത് നൽകാൻ തീരുമാനിച്ചു. |
| 18 | നമ്പർ. പി.ഇ2-1765/2020 (സെക്രട്ടറി ചീഫ് എഞ്ചിനീയർക്ക് അയച്ച കത്ത്) | 11.7.2022 | അധിക തുക നൽകാൻ നിർവാഹമില്ലെന്നും എഗ്രിമെന്റ് പ്രകാരം സോളാർ പാനൽ സ്ഥാപിക്കുകയോ അല്ലെങ്കിൽ 1,52,55,057 രൂപ തിരിച്ചുനൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും ആവശ്യപ്പെട്ടു. 2021-22 വർഷത്തിൽ ഡെപ്പോസിറ്റ് ചെയ്ത 75,00,000/- രൂപ തിരിച്ചുനൽകാനും ആവശ്യപ്പെട്ടു. |